പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

നാൽപത്തിയെട്ടാമത് റിപ്പോർട്ട്
(2024 ജൂൺ മാസം 27-ാം തിയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3.3-ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

നാൽപത്തിയെട്ടാമത് റിപ്പോർട്ട്
(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3.3-ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

ഉള്ളടക്കം

	പേജ്
സമിതിയുടെ ഘടന	:
മുഖവുര	:
റിപ്പോർട്ട്	:
അനുബന്ധം I	
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:
അനുബന്ധം II	
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ നാല്പത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3.3-ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ജൂൺ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ജൂൺ 27

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3.3 ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

ആരോഗ്യമുള്ള ജനത ഒരു ദേശത്തിന്റെയും, അതിലൂടെ ഒരു രാഷ്ട്രത്തിന്റെയും സമ്പത്തും പ്രതീക്ഷയുമാണ്. ആരോഗ്യമേഖലയിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരളം. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ് കേരളത്തിലെ ആരോഗ്യമേഖലയും അതിന്റെ ക്രിയാത്മകവും സജീവവുമായ പ്രവർത്തനങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങളും. കേരളത്തിൽ ആരോഗ്യ സൂചകങ്ങളിൽ വിജയമുണ്ടായതിന്റെ ഫലമായി ഗണനീയവും ഏകീകൃതമായതുമായ ഒരു പ്രാഥമിക ആരോഗ്യ പരിചരണ സമ്പ്രദായം ഉണ്ടായി. എന്നിരുന്നാലും ആധുനിക രോഗങ്ങളുടെ വ്യാപനവും രോഗസംക്രമണത്തിന്റെ വൈജാത്യവും കേരളത്തിൽ പ്രധാന പ്രതിസന്ധിയായി മാറിയിരിക്കുകയാണ്. ജീവിതശൈലി രോഗങ്ങൾ, വാർദ്ധക്യ സഹജരോഗങ്ങൾ, സാമൂഹ്യ ശുചിത്വ പ്രശ്നങ്ങൾ, മലിനീകരണം, പരിസരവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ പ്രചാരം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സാംക്രമിക രോഗങ്ങളുടെ വ്യാപനം എന്നിവയാണ് കേരളത്തിലെ ആരോഗ്യ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

2011 വർഷത്തെ കേരളത്തിലെ അടിസ്ഥാന ആരോഗ്യ സൂചകങ്ങൾ

1.	ജനനനിരക്ക് (1000 ജനസംഖ്യയിൽ)	14.7
2.	മരണനിരക്ക് (1000 ജനസംഖ്യയിൽ)	6.8
3.	ശിശുമരണ നിരക്ക് (1000 ജനസംഖ്യയിൽ)	12
4.	മാതൃമരണ നിരക്ക് (ഒരു ലക്ഷത്തിന്)	81
5.	ആയുർദൈർഘ്യം (പുരുഷൻമാർ)	71.4
6.	ആയുർദൈർഘ്യം (സ്ത്രീകൾ)	76.3

മെച്ചപ്പെട്ട പൊതുജനാരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത്. 11-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ, ആരോഗ്യ മേഖലയിൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. സാമൂഹ്യാധിഷ്ഠിത വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനുള്ള പദ്ധതികൾ, രോഗ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, പുതിയ പാശ്ചാത്തല സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പദ്ധതികൾ, മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ വർക്കിംഗ് ഗ്രൂപ്പും മാനേജ്മെന്റ് കമ്മിറ്റിയുമായി ചേർന്ന് തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. അതുപോലെ തന്നെ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതിലുപരി ആശുപത്രി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം എന്ന സമീപനത്തിന് ഊന്നൽ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ സമഗ്രമായൊരു കാഴ്ചപ്പാടോടെയല്ല ആരോഗ്യമേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി എന്നിവയുടെ ഈ രംഗത്തുള്ള പ്രവർത്തനം ആശാവഹമല്ല. വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവരുന്ന പദ്ധതി നിർദ്ദേശങ്ങൾ മിക്കപ്പോഴും പദ്ധതികളായി പരിണമിക്കുന്നില്ല. ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും പ്രാദേശിക ഭരണകൂടങ്ങളുടെ നിഷ്ക്രിയാവസ്ഥയും ആരോഗ്യ മേഖലയുടെ ദിശാബോധം നഷ്ടപ്പെടുത്തുന്നതിന് കാരണമാകുന്നു. ഇത് ആരോഗ്യപൂർണ്ണമായ സമൂഹ സൃഷ്ടിയെന്ന ക്രിയാത്മക ലക്ഷ്യത്തെ തടസ്സപ്പെടുത്തുന്നു.

1995 ഒക്ടോബർ 2 മുതൽ പ്രാബല്യത്തോടെ സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി 18.09.1995 ൽ 189/95/തസ്വഭവ നമ്പറായി സർക്കാർ ഉത്തരവായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട നിയമങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പ് 3-ാം പട്ടിക

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ

- സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക
- രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക

മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

- ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
- മാതൃ - ശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക
- രോഗവിമുക്തിയും മറ്റു പ്രതിരോധ നടപടികളും നടത്തുക.
- കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക
- ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പ് 4-ാം പട്ടിക

ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

- ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173(1)-ാം വകുപ്പ് 5-ാം പട്ടിക

ജില്ലാപഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

- എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികളും നിയന്ത്രിക്കുക.
- പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടേയും മാനസിക രോഗികളുടേയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- കേന്ദ്ര സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് 1-ാം പട്ടിക

മുനിസിപ്പാലിറ്റികളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

- ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
- ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃസംരക്ഷണ ഭവനങ്ങളും നടത്തുക
- കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക
- ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക
- മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

കേരളത്തിലെ ആരോഗ്യ/ആയുർവേദ/ഹോമിയോ വകുപ്പുകളുടെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ആരോഗ്യ വകുപ്പ്		ആയുർവേദ വകുപ്പ്		ഹോമിയോ വകുപ്പ്	
സ്ഥാപനങ്ങൾ	എണ്ണം	സ്ഥാപനങ്ങൾ	എണ്ണം	സ്ഥാപനങ്ങൾ	എണ്ണം
പ്രാഥമിക ആരോഗ്യകേന്ദ്രം	835	ആയുർവേദ ആശുപത്രികൾ	119	ഹോമിയോ ആശുപത്രികൾ	30
സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ	230	ആയുർവേദ ഡിസ്പെൻസറികൾ	745	ജില്ലാ ആശുപത്രികൾ- 13 താലൂക്ക് ആശുപത്രികൾ- 17	
താലൂക്ക് /ജില്ല/സ്ത്രീകൾക്കും ഉള്ള ആശുപത്രികൾ	103	സ്പെഷ്യാലിറ്റി ആശുപത്രികൾ	10	ഹോമിയോ ഡിസ്പെൻസറികൾ ജനറൽ- 486 എസ്.സി.പി-42 ടി.എസ്.പി.- 23	551
ഡിസ്പെൻസറികൾ	25				
റ്റി.ബി. ക്ലിനിക്ക് /സെന്ററുകൾ	17				
ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ	29				
കുഷ്ഠരോഗ നിയന്ത്രണ യൂണിറ്റുകൾ	3				
സബ്സെന്ററുകൾ	5403				

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 1226 അലോപ്പതി മെഡിക്കൽ സ്ഥാപനങ്ങളിൽ 938 പ്രൈമറി ഹെൽത്ത് സെന്ററുകളും 105

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 63 ഗവൺമെന്റ് ആശുപത്രികളും 41 താലൂക്ക് ആശുപത്രികളും 11 ജില്ലാ ആശുപത്രികളും ഉൾപ്പെടുന്നു.

കൈമാറിയ 792 ആയുർവേദ മെഡിക്കൽ സ്ഥാപനങ്ങളിൽ 679 ഡിസ്പെൻസറികളും 113 ആശുപത്രികളും ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ 575 ഹോമിയോ മെഡിക്കൽ സ്ഥാപനങ്ങളിൽ 544 ഡിസ്പെൻസറികളും 31 ആശുപത്രികളും ഉൾപ്പെടുന്നു. ആകെ 2593 സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത്.

ആരോഗ്യസ്ഥാപനങ്ങൾ	എണ്ണം
അലോപ്പതി	1226
ആയുർവേദ	792
ഹോമിയോപ്പതി	575
ആകെ	2593

ഇവ കൂടാതെ 21 യുനാനി ആശുപത്രികളും, 28 സിദ്ധ ആശുപത്രികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യവും അനുബന്ധസേവനങ്ങൾക്കും അനുവദിച്ച പദ്ധതി വിഹിതത്തിന്റെ 59% തുക 2010-11 ലും 69% തുക 2011-12 ലും ചെലവഴിക്കപ്പെട്ടു.

2010-11 (തുക കോടിയിൽ)		
പദ്ധതി ഫണ്ട് വിഹിതം	അനുവദിച്ച തുക	ചെലവഴിച്ച തുക
ആകെ	2885.6029	1918.2869
സേവനമേഖല	970.911	571.068
ആരോഗ്യവും അനുബന്ധ മേഖലകളും	185.971	109.725

2011-12 (തുക കോടിയിൽ)		
പദ്ധതി ഫണ്ട് വിഹിതം	അനുവദിച്ച തുക	ചെലവഴിച്ച തുക
ആകെ	2817.768	2180.522
സേവനമേഖല	1330.986	947.769
ആരോഗ്യവും അനുബന്ധ മേഖലകളും	312.303	215.789

ആകെ വാർഷിക പദ്ധതി ചെലവിൽ 2010-11, 2011-12 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലയ്ക്കായി ചെലവഴിച്ച തുകയുടെ വിശകലനം അനുബന്ധം 7 ൽ ചേർത്തിരിക്കുന്നു.

ഓഡിറ്റ് ലക്ഷ്യങ്ങൾ

1. ആരോഗ്യ മേഖലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന പ്രാധാന്യവും മേഖലയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ എന്നിവ നിർവ്വഹിക്കുന്നതിൽ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുക.
2. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത പദ്ധതികൾ, അവയുടെ നിർവ്വഹണം, അവയ്ക്കായി ചെലവഴിച്ച ഫണ്ടുകൾ, പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ എന്നിവയുടെ പരിശോധന.
3. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കർമ്മസമിതി എന്നിവയുടെ പ്രവർത്തനം വിലയിരുത്തൽ.

4. ആശുപത്രി നിർവ്വഹണസമിതിയുടെ രൂപീകരണം, പ്രവർത്തനം എന്നിവ പരിശോധിക്കുക.
5. ആതുര ശുശ്രൂഷാരംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാൻ ഉദ്ദേശിച്ച് ദേശീയതലത്തിൽ നടപ്പാക്കി വരുന്ന ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കേരളത്തിലെ പുരോഗതിയുടെ വിശകലനം.
6. രോഗപ്രതിരോധ നടപടികൾ, സാന്ത്വന ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ നിർദ്ദേശം എത്രമാത്രം പാലിച്ചുവെന്നതിന്റെ പരിശോധന.
7. ആരോഗ്യകേന്ദ്രങ്ങളിൽ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ പരിശോധന.

ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം നിക്ഷിപ്തമായ ചുമതലകൾ.

2. 1994 ലെ കേരള മുനിസിപ്പൽ ആക്ട് 30(1) വകുപ്പ് 1-ാം പട്ടിക പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ.

3. സ.ഉ.(പി) 189/95/തസ്വഭവ തീയതി 18.09.95 പ്രകാരം അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ചുമതലകളും സ്ഥാപനങ്ങളേയും ജീവനക്കാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടുള്ള ഉത്തരവ്.

4. സ.ഉ(പി) 566/95/ആരോഗ്യകുടുംബക്ഷേമവകുപ്പ് തീയതി 23.12.95 ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ.

5. ജി.ഒ(എം.എസ്) 128/07/തസ്വഭവ തീയതി 14.05.2007 11-ാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ.

6. 12.04.06 ലെ സ.ഉ.(പി) 177/06/ധനവിനിയോഗ മാർഗ്ഗരേഖ.

7.സർക്കുലർ നമ്പർ 66373/ഡി.എ.1/2009/തസ്വഭവ തീയതി 02.11.09 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ.

8. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ.

9. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ/ സർക്കുലറുകൾ.

ഓഡിറ്റ് അധികാരം

1994 ലെ കേരള ലോക്കൽ ഫണ്ട് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(3)

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ

എന്നിവ അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ഓഡിറ്റർ.

ഓഡിറ്റിന്റെ രീതി, വ്യാപ്തി

2012 ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ ഓഡിറ്റിനോടനുബന്ധിച്ച് 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളുടെ

പ്രവർത്തനാവലോകനം നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം - 6 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റിന് വിധേയമാക്കിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരശേഖരണം, അനുബന്ധ ഫയലുകളുടെ പരിശോധന, ആരോഗ്യ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന തുടങ്ങിയവയിലൂടെ ലഭിച്ച വിവരങ്ങൾ പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1, 3.3.2, 3.3.3, 3.3.4, 3.3.5)

1. ഓഡിറ്റ് ഖണ്ഡിക 3.3.1 മുതൽ 3.3.5 വരെയുള്ളവ സമിതി പരിഗണിക്കുകയും അവയിൽ പ്രത്യേക ഓഡിറ്റ് പരാമർശങ്ങളില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് ഖണ്ഡിക

ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

പൊതുജനാരോഗ്യ സേവനത്തിന്റെ അടിസ്ഥാന യൂണിറ്റുകളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ. രോഗപ്രതിരോധ പ്രവർത്തനം, പ്രതിരോധ കുത്തിവെയ്പുകൾ, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയ നിരവധി സേവനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ജനങ്ങളുടെ അടുത്തേയ്ക്ക് ചെന്ന് ആരോഗ്യസേവനം ചെയ്യേണ്ട സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്നവയാണ് സബ് സെന്ററുകൾ. വാക്സിനേഷൻ, ഗർഭിണികളുടെ പരിശോധന, കുടുംബക്ഷേമ മാർഗ്ഗങ്ങൾ എന്നിവ സബ്സെന്ററുകൾ വഴി ലഭ്യമാക്കുന്നു.

ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയവയ്ക്ക് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫ് പാറ്റേൺ തുടങ്ങിയവ സംബന്ധിച്ച് വിശദമായ ഉത്തരവ് ജി.ഒ(ആർ.റ്റി) 568/08/ആ.കു.വ. പ്രകാരം ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുവാൻ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ

- മിക്ക ആരോഗ്യ കേന്ദ്രങ്ങൾക്കും സൗകര്യപ്രദമായ കെട്ടിടമില്ല
- ഭൂരിഭാഗം ആരോഗ്യകേന്ദ്രങ്ങളിലും മരുന്ന് സൂക്ഷിക്കുവാനുള്ള സൗകര്യം പരിമിതമാണ്.
- കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആരോഗ്യകേന്ദ്രങ്ങൾ വിരളമാണ്.
- ആരോഗ്യകേന്ദ്രങ്ങളിൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ പര്യാപ്തമല്ല.
- ഭൂരിഭാഗം ആരോഗ്യകേന്ദ്രങ്ങൾക്കും സ്വന്തമായി വാഹനമില്ല
- ഡോക്ടർമാർക്കും ജീവനക്കാർക്കും റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടില്ല.

പരിശോധനാ വിധേയമാക്കിയ 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ അനുബന്ധം 8 ൽ ചേർത്തിരിക്കുന്നു.

അപാകങ്ങൾ

ആരോഗ്യ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ ഏറ്റെടുത്തതും പൂർത്തിയാകാത്തതുമായ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ നടപടിയെടുക്കേണ്ടതുമാണെന്ന് 22.05.09 ലെ സർക്കുലർ നമ്പർ 22725/ഡി.ബി.2/09/തസ്വഭവ. ൽ വ്യക്തമാക്കിയിരുന്നു. എങ്കിലും ആരോഗ്യ-സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

നാശോന്മുഖമായ ഒ. പി. കെട്ടിടം

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഒ.പി.വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം 1997 ജൂണിൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചതാണ്. കെട്ടിടത്തിന്റെ ടെറസ് പായൽ പിടിച്ച് വെള്ളം കെട്ടി നിൽക്കുകയും മഴ സമയങ്ങളിൽ കെട്ടിടം ചോർന്നൊലിക്കുകയുമാണ്. ഇരുപത് കിടക്കകൾ ഉള്ള കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി (85 ലക്ഷം രൂപ അടങ്കൽ) 05.05.09 ൽ ഐ.എസ്.എം. ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചിരുന്നു. ഇതുകൂടാതെ ആശുപത്രിയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന് 02.06.2011 ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ തുടർ നടപടികൾ ഉണ്ടായിട്ടില്ല.

ഉപയോഗശൂന്യമായ പേവാർഡ് കെട്ടിടം

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ കുറ്റിവെട്ടം ആയുർവേദാശുപത്രിക്കുവേണ്ടി 7,08,000/- രൂപ ചെലവിൽ എം.പി.ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പേവാർഡ് കെട്ടിടം 2010 ജൂൺ 22-ന് നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണവൈകല്യം മൂലം കെട്ടിടം നാളിതുവരെ ഉപയോഗയോഗ്യമാക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

പണിപൂർത്തീകരിക്കാത്ത ഐ.പി. ബ്ലോക്ക്

ആലപ്പുഴ ജില്ലയിലെ ചേർത്തല ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം 2006-07 വർഷം ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തിയാക്കപ്പെടാത്ത ഈ കെട്ടിടത്തിന്റെ ഉദ്ഘാടനം 04.09.2010-ൽ നിർവ്വഹിക്കപ്പെട്ടു. തുടർന്ന് രണ്ടു വർഷം കഴിഞ്ഞെങ്കിലും കെട്ടിടം ഇപ്പോഴും പ്രവർത്തനസജ്ജമല്ല.

ഇരുപത് രോഗികളെ മാത്രം കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയിൽ ഏകദേശം 35 രോഗികൾ വരാന്തയിലും ഇടനാഴിയിലും തിങ്ങിനിറഞ്ഞ് കിടക്കുന്ന അവസ്ഥയാണുള്ളത്. 2011-12 വർഷം ഈ കെട്ടിടത്തിന്റെ പൂർത്തിയായ ഭാഗത്തിന്റെ വൈദ്യുതീകരണത്തിനും മറ്റുമായി 1,36,975/- രൂപ ചെലവഴിച്ചു. വികസന ഫണ്ടിൽ നിന്നും 1,47,69,123/- രൂപ ചെലവഴിക്കപ്പെടാതെ അവശേഷിച്ചിരുന്നിട്ടും ആയുർവേദാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാത്തത്, ആരോഗ്യ മേഖലയുടെ വികസനത്തിന് നഗരസഭയുടെ താൽപ്പര്യക്കുറവിലേക്ക് വിരൽ ചൂണ്ടുന്നു.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2009-10 വർഷത്തിൽ പൂർത്തീകരിച്ച മാതൃ-ശിശു വാർഡ് കെട്ടിടത്തിനുവേണ്ടി പദ്ധതി വിഹിതത്തിൽ നിന്നും ആകെ 25.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2009-10 വർഷത്തിൽ 40 സെറ്റ് കട്ടിൽ, ബെഡ്ഡ്, മെഡിക്കൽ ബോക്സ് കം ടേബിൾ, അലമാരകൾ എന്നിവ 2,64,557/- രൂപയ്ക്ക്

വാങ്ങിയിട്ടുണ്ട്. പക്ഷേ വാർഡ് ഇപ്പോഴും ഉപയോഗയോഗ്യമാക്കിയിട്ടില്ല. അതുപോലെ തന്നെയാണ് ആശുപത്രിക്കായി വാങ്ങിയ ഫർണിച്ചറുകളും.

പ്രവർത്തനം നിലച്ച രോഗനിർണ്ണയ കേന്ദ്രം

കോഴിക്കോട് നഗരസഭയിൽ 1999-ൽ പ്രവർത്തനം ആരംഭിച്ച കൊയപ്പത്തൊടി ഡിസ്പെൻസറിയുടെ കെട്ടിടത്തിന്റെ സ്ഥിതി ശോചനീയമാണ്. ഈ കെട്ടിടത്തിൽ രോഗികളെ പരിശോധിക്കുവാൻ കഴിയാത്തതു കൊണ്ട് സമീപത്തുള്ള ടി.ബി.ക്ലിനിക്കിലാണ് ഡോക്ടർ പരിശോധന നടത്തുന്നത്. സ്റ്റാഫ് റൂം, മരുന്ന് ഗോഡൗൺ എന്നിവയ്ക്കാണ് നിലവിൽ ഈ കെട്ടിടം ഉപയോഗിക്കുന്നത്. നഗരസഭയിലെ എല്ലാ അർബൻ ഹെൽത്ത് ഡിസ്പെൻസറികളിലേയ്ക്കും മരുന്ന് ഇഷ്യൂ ചെയ്യുന്ന സ്റ്റോർ ഇവിടെയാണ് പ്രവർത്തിക്കുന്നത്. കാറ്റും ഈർപ്പവുമുള്ള മുറിയിലാണ് മരുന്നുകൾ സൂക്ഷിക്കുന്നത്. അലമാരകളോ റാക്കുകളോ ഇല്ലാത്തതിനാൽ മരുന്നിന്റെ പെട്ടികൾ നിലത്ത് അട്ടിയിട്ടിരിക്കുകയാണ്.

ഡിസ്പെൻസറിയുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന മുൻകൂട്ടി രോഗനിർണ്ണയം നടത്താനുള്ള കേന്ദ്രം (Early Disease Detection Centre) 22.12.1992-ൽ ഉദ്ഘാടനം കഴിഞ്ഞെങ്കിലും 2 വർഷത്തിനകം തന്നെ പ്രവർത്തനം നിലച്ചു. ഫ്രിഡ്ജും ലാബ് ഉപകരണങ്ങളും അലമാരകളും മറ്റ് ഫർണിച്ചറുകളും അടഞ്ഞ കെട്ടിടത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണ്.

ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല

വിവിധ വാർഡുകളിലായി ചേർത്തല നഗരസഭയുടെ അധീനതയിൽ 4 ഉപകേന്ദ്രങ്ങൾ ഉണ്ട്. എന്നാൽ ഇവയിലൊന്നിലും ഇപ്പോൾ ആരോഗ്യ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇവയിൽ ഒന്ന് ഭിന്നശേഷിയുള്ള കുട്ടികളുടെ അധ്യയനത്തിനുള്ള 'ആർദ്ര' സ്കൂളായി പ്രവർത്തിക്കുന്നു. മറ്റൊന്നിൽ അംഗൻവാടി പ്രവർത്തിക്കുന്നു. മറ്റ് രണ്ട് കെട്ടിടങ്ങൾ യാതൊരു പ്രവർത്തനവുമില്ലാതെ പൂട്ടിയിട്ടിരിക്കുന്ന അവസ്ഥയാണ്.

ആലുവ മാതൃക

ആലുവ താലൂക്ക് ആശുപത്രിയിൽ അത്യാഹിതവിഭാഗം, ഐ.സി. യൂണിറ്റ് ബയോ കെമിസ്ട്രി ലാബ്, ഐ.എം.എ.യുടെ നേതൃത്വത്തിലുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ലഭ്യമായ ബ്ലഡ് ബാങ്ക്, ഹോം നഴ്സിംഗ് സെന്റർ, ഡയാലിസിസ് സെന്റർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. 9 മുറികളുള്ള പേ വാർഡ് നഗരസഭ പണികഴിപ്പിച്ചതാണ്. ഒരു അർബൻ ലെപ്രസി സെന്ററും, റ്റി.ബി. ക്ലിനിക്കും ഇവിടെ പ്രവർത്തിക്കുന്നു. കുടുംബക്ഷേമ പദ്ധതിക്കായി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിൽ ശസ്ത്രക്രിയയ്ക്കായി മാത്രം പ്രത്യേകമായി ഒരു വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ വികസനസമിതി, ഐ.എം.എ. എന്നിവ വളരെ കാര്യക്ഷമമായ പ്രവർത്തനം നടത്തിവരുന്നു.

വൈറൽ രോഗങ്ങളും മറ്റ് ജലജന്യരോഗങ്ങളും പടർന്നുപിടിക്കാൻ സാധ്യത കൂടുതലുള്ള നഗരസഭാ പ്രദേശത്ത് ജനങ്ങളുടെ ആരോഗ്യസംരക്ഷണം എന്ന പ്രത്യേക ഉദ്ദേശ്യത്തോടെ സ്ഥാപിതമായ സ്ഥാപനങ്ങൾ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രത്യേക സ്കൂളായി പ്രവർത്തിച്ചു വരുന്നു. അങ്കണവാടിയായി പ്രവർത്തിച്ചു വരുന്ന ആരോഗ്യ ഉപകേന്ദ്രത്തിന്റെ കെട്ടിടം ശോചനീയമായ അവസ്ഥയിലാണ്. ഇടിഞ്ഞു വീഴാറായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കുട്ടികളുടെ ജീവന് തന്നെ ഭീഷണിയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

2. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ ഒ.പി. വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത കെട്ടിടം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് റൂഫിംഗ് ചെയ്ത് നവീകരിച്ചിട്ടുണ്ടെന്നും നിലവിൽ അതിന്റെ അപാകത പരിഹരിച്ച് നല്ല രീതിയിൽ ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നുവെന്നും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ മറുപടി നൽകി.

3. വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും അപാകത പരിഹരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

4. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ കുറ്റിവെട്ടം ആയുർവേദ ആശുപത്രിക്ക് വാഹന സൗകര്യവും ഡോക്ടർമാർക്ക് റെസിഡൻഷ്യൽ ക്വാർട്ടേഴ്സും ഇല്ലായിരുന്നുവെന്നും വാഹനത്തിന്റെ ആവശ്യമില്ല എന്നാണ് പഞ്ചായത്ത് അറിയിച്ചിരുന്നതെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. കുറ്റിവെട്ടം ആയുർവേദാശുപത്രിക്കുവേണ്ടി 7,08,000/- രൂപ ചെലവിൽ എം.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച പേവാർഡ് കെട്ടിടം നിർമ്മാണത്തിലെ അപാകതമൂലം ഉപയോഗയോഗ്യമാക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞു. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചത് എം.പി. ഫണ്ട് ശരിയായി വിനിയോഗിച്ചല്ല മറിച്ച് പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചാണ് എന്നതും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ചും സമിതി ആരാഞ്ഞു. കുറ്റിവെട്ടം ആയുർവേദാശുപത്രിക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ ഐ.പി., ഒ.പി. എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കെട്ടിടത്തിന്റെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും 2015 ആഗസ്റ്റ് മാസം മുതൽ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പേവാർഡ് പ്രവർത്തിച്ചുവരുന്നുണ്ടെന്നും കുറ്റിവെട്ടം ആയുർവേദ ആശുപത്രിക്കുവേണ്ടി 7,08,000/- രൂപ ചെലവിൽ എം.പി. ഫണ്ട് വിനിയോഗിച്ച് പണിത കെട്ടിടത്തിലെ ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന അപാകത പരിഹരിച്ചിട്ടുള്ളതായി പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

5. എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ അപാകത പരിഹരിക്കാൻ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത് ശരിയായ നടപടിയല്ലെന്ന് വിലയിരുത്തിയ സമിതി 2010-ൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് വൈകല്യം വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കോൺട്രാക്ടർക്കെതിരെ

നടപടിയെടുക്കണമെന്നും കെട്ടിടത്തിന്റെ അപാകത പരിഹരിച്ചത് 2015 ആഗസ്റ്റ് മാസത്തിൽ മാത്രമാണെന്നും പ്രസ്തുത അപാകത പരിഹരിക്കുന്നതിന് ഏതാണ്ട് 5 വർഷക്കാലം വേണ്ടിവന്നുവെന്നും അഭിപ്രായപ്പെട്ടു.

6. എം.പി. ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയത് ബ്ലോക്ക് പഞ്ചായത്താണെന്ന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

7. 2015 മുതൽ കെട്ടിടം ഉപയോഗപ്രദമാണെന്ന് വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും അപാകത പരിഹരിച്ചിട്ടുണ്ടെന്നും പേവാർഡ് കെട്ടിടം പ്രവർത്തനം നടത്തിവരുന്നുണ്ടെന്നുമുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

8. ആലപ്പുഴ ജില്ലയിലെ ചേർത്തല ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം 2006-07 വർഷം ആരംഭിച്ചെങ്കിലും പൂർത്തീകരിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഒ.പി. യിൽ പ്രതിദിനം ഏകദേശം 250-ഉം ഐ.പി.യിൽ 30-ഉം രോഗികൾ എത്തുന്നുണ്ടെന്നും ചേർത്തല നഗരസഭാ സെക്രട്ടറി വിശദീകരണം നൽകി.

9. വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

10. വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

11. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിലെ കൊയപ്പത്തൊടി ഡിസ്പെൻസറി കെട്ടിടം, രോഗനിർണ്ണയ കേന്ദ്രം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

12. ചേർത്തല നഗരസഭയുടെ അധീനതയിൽ വിവിധ വാർഡുകളിലായി ഉണ്ടായിരുന്ന നാല് ഉപകേന്ദ്രങ്ങളിൽ ഒന്നുരണ്ട് കേന്ദ്രങ്ങൾ വിരമിച്ച ഡോക്ടർമാരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലപ്രദമായില്ലെന്നും നാല് കേന്ദ്രങ്ങളിൽ ഒരെണ്ണം അർബൻ പി.എച്ച്.സി. യായും മറ്റൊന്ന് വയോമിത്രം പദ്ധതിയുടെ ഓഫീസായും പ്രവർത്തിക്കുന്നുണ്ടെന്നും മറ്റൊരു കേന്ദ്രത്തിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ അധ്യയനത്തിനുള്ള ആർദ്ര സ്പെഷ്യൽ സ്കൂളും മറ്റൊന്നിൽ അങ്കണവാടിയും പ്രവർത്തിക്കുന്നുണ്ടെന്നും രണ്ടെണ്ണമൊഴികെയുള്ളവ ആരോഗ്യ കാര്യങ്ങൾക്കായി തന്നെ ഉപയോഗിക്കുന്നുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ ഹെൽത്ത് ഗ്രാന്റിൽ നിന്നുള്ള തുക വിനിയോഗിച്ച് നിലവിൽ മൂന്ന് അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ടെന്നും അതിൽ സ്ഥിര ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കാനുള്ള വ്യവസ്ഥയുണ്ടെന്നും രാവിലെ മുതൽ വൈകുന്നേരം വരെ തുടർച്ചയായി പ്രവർത്തിക്കുന്നവയാണെന്നും പ്രസ്തുത കേന്ദ്രങ്ങൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ചേർത്തല നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

13. നാല് ഉപകേന്ദ്രങ്ങൾ ഉണ്ടായിരുന്നതിൽ രണ്ടെണ്ണം നിർത്തിവയ്ക്കുകയും രണ്ടെണ്ണം മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്ത സാഹചര്യത്തിൽ വീണ്ടും കേന്ദ്ര സർക്കാർ ഫണ്ട് വിനിയോഗിച്ച് കെട്ടിടം പണിത് ഉപകേന്ദ്രങ്ങളായി പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടോയെന്നും രണ്ട് കേന്ദ്രങ്ങൾ പൂട്ടിയിട്ടിരിക്കുന്ന സാഹചര്യമുണ്ടായതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന്, ഉപകേന്ദ്രങ്ങളിൽ നേരത്തെ സ്ഥിരം ഡോക്ടർമാർ ഉണ്ടായിരുന്നില്ലെന്നും അപ്പോൾ അവ താലൂക്ക് ആശുപത്രിയുടെയോ പി.എച്ച്.സി. യുടെയോ ഉപകേന്ദ്രങ്ങൾ ആയിരുന്നില്ലെന്നും താലൂക്ക് ആശുപത്രിയുടെ സമീപമായിരുന്നതിനാൽ രോഗികൾ കുറവായതുകൊണ്ട്

ആഴ്ചയിൽ ഒരു ദിവസം മാത്രമേ പ്രവർത്തിച്ചിരുന്നുള്ളുവെന്നും പിന്നീട് രോഗികൾ വരാതെയായെന്നും ഡോക്ടർമാരെ ലഭിക്കാതെയായതിനാൽ വിരമിച്ച ഡോക്ടർമാരെ ഉൾപ്പെടുത്തി താല്ക്കാലികമായി പ്രവർത്തിപ്പിക്കാൻ ശ്രമിച്ചിരുന്നുവെന്നും നിലവിൽ അവ നഗരസഭയുടെ നേരിട്ടുള്ള ഉപകേന്ദ്രങ്ങളായാണ് പ്രവർത്തിക്കുന്നതെന്നും ഉപയോഗശൂന്യമായ കെട്ടിടങ്ങൾ നിലവിലില്ലെന്നും അർബൻ പി.എച്ച്.സി.യിൽ നിലവിൽ സ്ഥിരം ഡോക്ടർമാരുള്ളതിനാൽ എല്ലാ ദിവസവും പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നും പ്രസ്തുത കെട്ടിടം അടിയന്തരമായി ഉദ്ഘാടനം ചെയ്യാൻ പോകുകയാണെന്നും മറ്റ് മൂന്നെണ്ണം കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ഹെൽത്ത് ആന്റ് വെൽനസ് സെന്ററായി വീണ്ടും പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും പുതിയ പദ്ധതി പ്രകാരം എല്ലാ ദിവസവും ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാക്കുമെന്നും ആയതിൻ പ്രകാരം സേവനങ്ങൾ കൂടുതൽ ഫലപ്രദമായി നൽകുന്നതിന് സാധിക്കുമെന്നും ചേർത്തല നഗരസഭാ സെക്രട്ടറി കൂട്ടിച്ചേർത്തു.

14. നഗരസഭാ സെക്രട്ടറി സമിതിക്ക് നൽകിയ മറുപടി ഓഡിറ്റിന്റെ പരിശോധനയ്ക്കായി നൽകിയിരുന്നില്ലെന്നും വകുപ്പിൽ നിന്നും ആദ്യം ലഭിച്ച മറുപടിയും ഇപ്പോൾ പറഞ്ഞതും തമ്മിൽ വൈരുദ്ധ്യം ഉണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

15. നാല് ഉപകേന്ദ്രങ്ങൾക്കും സമാനമായ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസിൽ ലഭ്യമാക്കാമെന്നും ചേർത്തല നഗരസഭാ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

16. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

17. ആലുവ മാതൃക എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച വകുപ്പിന്റെ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

18. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ ഒ.പി. വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകത പരിഹരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

19. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ കുറ്റിവെട്ടം ആയുർവേദ ആശുപത്രിയെ സംബന്ധിക്കുന്ന ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും അപാകത പരിഹരിച്ച് പേവാർഡ് കെട്ടിടം പ്രവർത്തിക്കുന്നുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

20. ആലപ്പുഴ ജില്ലയിലെ ചേർത്തല ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

21. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

22. കോഴിക്കോട് നഗരസഭയിലെ കൊയപ്പത്തൊടി ഡിസ്പെൻസറി കെട്ടിടം, രോഗനിർണ്ണയ കേന്ദ്രം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ്

നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

23. ചേർത്തല നഗരസഭയുടെ അധീനതയിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ആലുവ മാതൃക സംബന്ധിച്ച വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ

കോഴിക്കോട് നഗരസഭയിൽ ക്ഷയരോഗചികിത്സയ്ക്കായി 1936-ൽ സ്ഥാപിതമായ ഇടിയങ്ങര ടി.ബി.ക്ലിനിക്കിൽ 10 വർഷത്തിലധികമായി ടി.ബി. സ്പെഷ്യലിസ്റ്റ്, മെഡിക്കൽ ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ക്ഷയരോഗാശുപത്രി എന്ന നിലയിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല. എട്ട് അർബൻ ഹെൽത്ത് ഡിസ്പെൻസറികളും രണ്ട് ആയുർവേദ ആശുപത്രികളുമാണ് കോഴിക്കോട് കോർപ്പറേഷന്റെ കീഴിലുള്ളത്. രണ്ട് ആയുർവേദ ആശുപത്രികളിലും ഡോക്ടർമാരില്ല. വർഷങ്ങളായി എട്ട് ഡിസ്പെൻസറികളിലും കൂടി രണ്ട് സ്ഥിരം ഡോക്ടർമാരും ഒരു താൽക്കാലിക ഡോക്ടറുമാണ് ഉള്ളത്. ഏഴ് ഡിസ്പെൻസറികളിൽ ചികിത്സ നടത്തുന്നത് മൂന്ന് ഡോക്ടർമാരാണ്. ചില ഡിസ്പെൻസറികളിൽ ആഴ്ചയിൽ 2 ദിവസവും മറ്റുള്ളവയിൽ ആഴ്ചയിൽ മൂന്ന് ദിവസവുമാണ് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നത്. ആരോഗ്യസേവന രംഗത്തെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നുള്ള വഴിമാറ്റത്തിന് ഉദാഹരണങ്ങളാണ് ഇത്തരം പ്രവർത്തനങ്ങൾ.

കോഴിക്കോട് നഗരസഭയിലെ അർബൻ ഹെൽത്ത് ഡിസ്പെൻസറികളുടെ ജീവനക്കാരുടെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ആരോഗ്യ സ്ഥാപനം	തസ്തികയുടെ പേര്	അനുവദിച്ച തസ്തിക	ഒഴിവ്
1.	കൊയപ്പത്തൊടി ഡിസ്പെൻസറി	മെഡിക്കൽ ഓഫീസർ	1	1
		ഫാർമസിസ്റ്റ്	2	1
		നഴ്സിംഗ് അസിസ്റ്റന്റ്	2	2
		സ്വീപ്പർ	1	1
2.	പള്ളിക്കണ്ടി ഡിസ്പെൻസറി	മെഡിക്കൽ ഓഫീസർ	1	1
3.	റ്റി.ബി. ക്ലിനിക്ക്, ഇടിയങ്ങര	റ്റി.ബി.സ്പെഷ്യലിസ്റ്റ്	1	1
		മെഡിക്കൽ ഓഫീസർ	1	1
		റേഡിയോഗ്രാഫർ	1	1
		ലാബ് ടെക്നീഷ്യൻ	1	1
		സ്റ്റാഫ് നഴ്സ്	1	1
		എക്സ്റേ അറ്റൻഡർ	1	1
4.	വെള്ളയിൽ ഡിസ്പെൻസറി	മെഡിക്കൽ ഓഫീസർ	1	1
5.	അർബൻ ഹെൽത്ത് സെന്റർ, വെസ്റ്റ്ഹിൽ	മെഡിക്കൽ ഓഫീസർ	1	1
6.	അർബൻ ഹെൽത്ത് സെന്റർ, മാങ്കാവ്	ഫാർമസിസ്റ്റ്	2	2
7.	ആയുർവേദ ഡിസ്പെൻസറി, വെസ്റ്റ്ഹിൽ	മെഡിക്കൽ ഓഫീസർ	1	1
		ഫാർമസിസ്റ്റ്	1	1

കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ആയുർവേദാശുപത്രിയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ രണ്ടു വർഷമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. 2010-11 വർഷം അറ്റകുറ്റപ്പണികൾക്കും ഫർണിച്ചർ വാങ്ങുന്നതിനുമുള്ള 2,50,000/- രൂപ ചെലവഴിച്ചു. എന്നാൽ ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടികളുണ്ടായില്ല. ആവശ്യമായ കെട്ടിട സൗകര്യവും കട്ടിലും കിടക്കയും ഉപയോഗശൂന്യമാണ്.

ക്ലിനിക്കൽ ലബോറട്ടറിയുടെ ശോച്യാവസ്ഥ

ചേർത്തല നഗരസഭയുടെ കീഴിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ലാബോറട്ടറിയുടെ അവസ്ഥ വളരെ ശോചനീയമാണെന്ന് കണ്ടു. രോഗ നിർണ്ണയത്തിന് വേണ്ടി ശേഖരിച്ച രക്തം, കഫം തുടങ്ങിയവയുടെ പരിശോധനയ്ക്കു ശേഷം അവശേഷിച്ചവ ശരിയായി സംസ്കരിക്കപ്പെടാതെ ലബോറട്ടറിക്കു ചുറ്റും ഒഴുകിപരന്ന് കിടക്കുന്ന സ്ഥിതിയാണ്.

വിവിധ സാംക്രമിക രോഗ ഹേതുക്കളായ രോഗാണുക്കൾ നിറഞ്ഞ മാലിന്യം ചുറ്റുപാടുകളിലേയ്ക്ക് വ്യാപിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു.

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വകുപ്പിൽ നിന്നും പഞ്ചായത്തിൽ നിന്നുമായി ലഭ്യമാകുന്ന മരുന്നുകൾ സൂക്ഷിക്കുവാൻ ഡിസ്പെൻസറിയിൽ സംവിധാനമില്ല

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. കോഴിക്കോട് നഗരസഭ അർബൻ ഡിസ്പെൻസറികളിൽ അനുവദിച്ച 6 മെഡിക്കൽ ഓഫീസർ തസ്തികകളിൽ 5 എണ്ണം പി.എസ്.സി. മുഖേനയും ഒരെണ്ണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ആണ് നിയമനം നടത്തിയിരുന്നതെന്നും ആയുർവേദ മെഡിക്കൽ ഓഫീസറുടെ രണ്ട് ഒഴിവുകളും നികത്തിയിട്ടില്ലെന്നും ലേഡി മെഡിക്കൽ ഓഫീസറുടെ ഒരു ഒഴിവും ആയുർവേദ ഫാർമസിസ്റ്റിന്റെ രണ്ട് ഒഴിവും നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തിയിട്ടുണ്ടെന്നും 10 ഒഴിവുള്ള ഫാർമസിസ്റ്റ് (അലോപ്പതി) തസ്തികയിൽ നിലവിൽ പി.എസ്.സി. വഴി 7 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 3 പേരും സേവനമനുഷ്ഠിച്ച് വരുന്നുവെന്നും ഒഴിവുള്ള റേഡിയോഗ്രാഫർ തസ്തികയിൽ ഒരാളെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ടെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. റേഡിയോഗ്രാഫറായി നിയമിച്ച

ഉദ്യോഗസ്ഥൻ സ്റ്റേഡിയം ജനസേവകേന്ദ്രത്തിലെ പണപ്പിരിവുൾപ്പെടെയുള്ള നഗരസഭയിലെ മറ്റ് ജോലികളാണ് ചെയ്യുന്നതെന്ന ഓഡിറ്റ് പരാമർശത്തിന്റെ നിജസ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ റേഡിയോഗ്രാഫറായി പി.എസ്.സി. മുഖേന ഒരാൾ സേവനമനുഷ്ഠിക്കുന്നുണ്ടെങ്കിലും പ്രസ്തുത തസ്തിക ആവശ്യമില്ലെന്ന കൗൺസിലിന്റെ തീരുമാനം സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

26. കൗൺസിൽ അത്തരമൊരു തീരുമാനം എടുക്കുവാനുള്ള കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് നഗരസഭയുടെ കീഴിലുള്ള ടി.ബി. ഹോസ്പിറ്റലിൽ 2010-ലാണ് ഒരു റേഡിയോഗ്രാഫറെ നിയമിച്ചതെന്നും ടി.ബി. സ്പെഷ്യലിസ്റ്റിന്റെ തസ്തിക 2008 മുതൽ ഒഴിഞ്ഞുകിടക്കുകയായിരുന്നുവെന്നും കഴിഞ്ഞ സർക്കാർ ക്യാബിനറ്റ് തീരുമാനപ്രകാരം പ്രസ്തുത തസ്തിക ഒഴിവാക്കിയെന്നും കൂടാതെ അവിടെ എക്സ്റേ മെഷീനില്ലെന്നും നഗരസഭ ശമ്പളം കൊടുക്കുന്നതിനാൽ പ്രസ്തുത റേഡിയോഗ്രാഫറെക്കൊണ്ട് മറ്റ് ജോലികളാണ് ചെയ്യിക്കുന്നതെന്നും ടി.ബി. സ്പെഷ്യലിസ്റ്റ് ഇല്ലാത്തതുകൊണ്ട് റേഡിയോഗ്രാഫർക്ക് ജോലിയില്ലാതായി എന്നതാണ് അടിസ്ഥാനപരമായ കാരണമെന്നും റേഡിയോഗ്രാഫറുടെ സേവനം അവിടെ ആവശ്യമില്ലാത്തതിനാൽ ആവശ്യമുള്ള മറ്റെവിടെയെങ്കിലും ഇദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതായിരിക്കും ഉചിതമെന്നും തിരുവനന്തപുരം നഗരസഭാ ഹെൽത്ത് ഓഫീസർ അറിയിച്ചു. കോഴിക്കോട് നഗരസഭയുടെ കീഴിലുള്ള ഏതെങ്കിലും ആശുപത്രിയിൽ പ്രസ്തുത റേഡിയോഗ്രാഫറുടെ സേവനം പ്രയോജനപ്പെടുത്താനാകില്ലെയെന്ന് സമിതി ആരാഞ്ഞതിന്, കോഴിക്കോട് നഗരസഭയുടെ കീഴിൽ ആറ് അർബൻ ഹെൽത്ത് സെന്ററുകളും ഒരു ടി.ബി. ഹോസ്പിറ്റലുമുണ്ടായിരുന്നതിൽ ടി.ബി. ഹോസ്പിറ്റൽ മാത്രം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും പ്രസ്തുത ഹോസ്പിറ്റൽ കെട്ടിടത്തിൽ ഒരു അർബൻ ഹെൽത്ത് സെന്ററാണ് പ്രവർത്തിക്കുന്നതെന്നും ഹെൽത്ത് ഓഫീസർ അറിയിച്ചു അവിടെയൊരു റേഡിയോഗ്രാഫറുടെ സേവനം ആവശ്യമില്ലെന്നും ഇടിക്കര ടി.ബി. ക്ലിനിക്കിൽ ടി.ബി. സ്പെഷ്യലിസ്റ്റ്, റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരെല്ലാം ഉള്ളതായാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടതിന്, റേഡിയോഗ്രാഫർ മാത്രമാണ് അവിടെ

നിലനിൽക്കുന്നതെന്നും മറ്റ് സ്റ്റാഫുകളൊന്നും അവിടെയില്ലെന്നും തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് ഓഫീസർ ബോധിപ്പിച്ചു

27. സേവനം ലഭിക്കാൻ ബുദ്ധിമുട്ടുള്ള ഒരു വിഭാഗമാണ് റേഡിയോഗ്രാഫർ എന്നതിനാൽ അവരുടെ സേവനം ആവശ്യമില്ലെങ്കിൽ അക്കാര്യം റിപ്പോർട്ട് ചെയ്ത് ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

28. പ്രസ്തുത തസ്തിക ആവശ്യമില്ലെന്ന് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് കോഴിക്കോട് നഗരസഭാ സെക്രട്ടറി വെളിപ്പെടുത്തിയതിന് പ്രസ്തുത റിപ്പോർട്ട് എന്നാണ് നൽകിയത് എന്നതുൾപ്പെടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

29. കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ആയുർവ്വേദാശുപത്രിയിലെ അടിസ്ഥാന സൗകര്യം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

30. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചേർത്തല നഗരസഭയുടെ കീഴിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

31. കോഴിക്കോട് നഗരസഭയുടെ കീഴിലുള്ള വിവിധ ചികിത്സാലയങ്ങളിലെ ടി.ബി. സ്പെഷ്യലിസ്റ്റ്, റേഡിയോഗ്രാഫർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ആയുർവേദാശുപത്രിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

33. ചേർത്തല നഗരസഭയുടെ കീഴിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കണ്ണൂർ ജില്ലയിലെ വേങ്ങാട് സർക്കാർ ഹോമിയോ ഡിസ്പെൻസറി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അടിസ്ഥാന സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല

ഏറ്റവും മെച്ചപ്പെട്ട രീതിയിലുള്ള കെട്ടിട സൗകര്യമുള്ള പ്രൈമറി ഹെൽത്ത് സെന്ററാണ് എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്ത് പി.എച്ച്.സി. കുട്ടികളുടെ വാർഡ്, ലേബർ വാർഡ്, മെയിൻ വാർഡ്, സ്ത്രീകളുടെ വാർഡ്, സർജിക്കൽ വാർഡ് എന്നിങ്ങനെ 5 വാർഡുകളിലായി 20 കിടക്കകൾ സ്ഥാപിച്ച് ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കാൻ തക്ക സൗകര്യം കെട്ടിടത്തിനുണ്ട്. എന്നാൽ ഈ വാർഡുകളൊന്നും തന്നെ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ചില വാർഡുകൾ ആശുപത്രിയിലെ പഴയ സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂമുകളായി ഉപയോഗിക്കുകയും ബാക്കിയുള്ളവ അടച്ചുപൂട്ടിയിടുകയുമാണ്. പുതുതായി നിർമ്മിച്ച ഒ.പി. ടിക്കറ്റ് കൗണ്ടർ, പ്രാഥമിക ശുശ്രൂഷ നൽകുവാനുള്ള മുറി എന്നിങ്ങനെ പശ്ചാത്തലസൗകര്യങ്ങൾ എല്ലാമുണ്ടായിട്ടും അതൊന്നും പ്രയോജനപ്പെടുത്താതെ ഔട്ട് പേഷ്യന്റ് വിഭാഗം മാത്രം പ്രവർത്തിക്കുന്ന ഒരു പി.എച്ച്.സി.യാക്കി നിലനിർത്തുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള അലംഭാവമാണ്. വാഴക്കുളം പി.എച്ച്.സി.ക്ക് സ്വന്തമായി ആംബുലൻസുണ്ട്. രണ്ട് മെഡിക്കൽ ഓഫീസർമാർ

ഉൾപ്പെടെ 26 ജീവനക്കാരാണ് വാഴക്കുളം പി.എച്ച്.സി.യിലുള്ളത്. 3 സ്റ്റാഫ് നഴ്സുമാർ, 2 നഴ്സിംഗ് അസിസ്റ്റന്റുമാർ, 6 ഹെൽത്ത് ഇൻസ്പെക്ടർമാർ, 6 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ തുടങ്ങി ആരോഗ്യമേഖലയിൽ വൈദഗ്ധ്യമുള്ള ജീവനക്കാരാണ് പി.എച്ച്.സി. യിലുള്ളത്. തദ്ദേശീയരുടെയും അന്യ സംസ്ഥാന തൊഴിലാളികളുടെയും ആരോഗ്യസുരക്ഷാ പദ്ധതിയോ പ്രോജക്ടോ (പെയിൻ & പാലിയേറ്റീവ് പ്രോജക്ട് ഒഴികെ) ഗ്രാമപഞ്ചായത്തോ പി.എച്ച്.സി.യോ നടത്തി കാണുന്നില്ല. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പൊതുജനാരോഗ്യം സംരക്ഷിക്കാൻ ആരംഭിച്ച സർക്കാർ സംവിധാനങ്ങൾ തകർക്കപ്പെടുന്നതിന്റെ നേർകാഴ്ചയാണ് ഇവിടെ.

നിർമ്മാണം പൂർത്തിയാക്കിയ വാർഡ് കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ മേപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ട് പ്രകാരം 1991-ൽ നിർമ്മാണം പൂർത്തീകരിച്ചതും ഏകദേശം 200 ചതുരശ്രമീറ്റർ വിസ്തീർണമുള്ളതുമായ ലാബ് കെട്ടിടം ഇതുവരെ ഉപയോഗിക്കാനായിട്ടില്ല. കെട്ടിടത്തിലേക്ക് കടന്നുചെല്ലാനുള്ള വഴി സൗകര്യം ഇല്ലാത്തതാണ് ഇതിനു കാരണം. ശരിയായി ആസൂത്രണം ഇല്ലാതെ നിർമ്മിച്ചതിനാൽ ലക്ഷക്കണക്കിന് രൂപയുടെ ചെലവ് പാഴായിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

ആശുപത്രി ഭൂമി സ്വകാര്യ വ്യക്തി കയ്യേറി; ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിലെ ചാത്തല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിന് സൗജന്യമായി ലഭിച്ച ഭൂമിയിൽ 1997-ൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു വേണ്ടി കെട്ടിടം നിർമ്മിച്ചു.

ആശുപ്രതി ഭൂമിയുടെ ഒരു ഭാഗം സ്വകാര്യ വ്യക്തികൾ കൈയേറിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 11.02.2008-ൽ മെഡിക്കൽ ഓഫീസർ ഏറനാട് താലൂക്ക് തഹസീൽദാർക്ക് ഭൂമിയുടെ അതിരുകൾ തിരിച്ച് അടയാളപ്പെടുത്തുന്നതിന് അപേക്ഷിച്ചെങ്കിലും നടപടിയുണ്ടായില്ല. 16.02.2011-ലെ ആശുപത്രി മാനേജിംഗ്

കമ്മിറ്റി തീരുമാനപ്രകാരം 22.02.2011 മെഡിക്കൽ ഓഫീസർ വീണ്ടും അപേക്ഷിച്ചതിനെ തുടർന്ന് ഭൂമി അളന്നു സ്കെച്ച് ലഭ്യമാക്കുകയും അതിരുകൾ അടയാളപ്പെടുത്തുകയുമുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിന് ചുറ്റുമതിൽ കെട്ടാൻ സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാമെന്ന് 14.03.2005-ലെ 12245/പി.1/05/തസ്വഭവ. ഗവൺമെന്റ് സർക്കുലർ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ അതിരുകൾ അടയാളപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ നിർമ്മിച്ച് ആശുപത്രിയുടെ ആസ്തി സംരക്ഷിക്കാൻ ഫലപ്രദമായ നടപടി ഉണ്ടായിട്ടില്ല. ഭൂമിയുടെ ഒരു ഭാഗത്ത് ചുറ്റുമതിൽ നിർമ്മിക്കാനുള്ള അസ്തിവാരമിട്ടത് അതേപടി നിലനിൽക്കുന്നുണ്ട്. സ്വകാര്യവ്യക്തി കയ്യേറി നടത്തിയ നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുകയോ ഈ ഭാഗത്ത് ചുറ്റുമതിൽ കെട്ടാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മാതൃക പി.എച്ച്.സി.

പത്തനംതിട്ട ജില്ലയിലെ ഏറ്റത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ശോച്യാവസ്ഥയിലായ കെട്ടിടവും ശുദ്ധജലക്ഷാമവും സ്ഥിരം ഡോക്ടറില്ലാത്തതും മൂലം നിത്യേന ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം 40-ൽ താഴെ മാത്രമായിരുന്നു. യാത്രാസൗകര്യങ്ങൾ പരിമിതമായ ഇവിടെ നിന്ന് ജനങ്ങൾ 7 കിലോമീറ്റർ അകലെയുള്ള അടൂർ ജനറൽ ആശുപതിയെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ 2009 ജൂണിൽ പുതുതായി ചാർജെടുത്ത മെഡിക്കൽ ഓഫീസറുടെയും ടീമിന്റെയും ചിട്ടയായ പ്രവർത്തനത്തെ തുടർന്ന് ഈ അവസ്ഥയ്ക്ക് വലിയ മാറ്റമുണ്ടായി. ലഭിച്ച ഫണ്ടുകൾ മുഴുവൻ വിനിയോഗിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കി ആശുപത്രിയുടെ നിലവാരമുയർത്തി. ശോച്യാവസ്ഥയിലായ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുകയും ഓരോ വർഷത്തെയും ഫണ്ടുപയോഗിച്ച് പി.എച്ച്.സി.ക്ക് അത്യാവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി. ഇപ്പോൾ ശരാശരി 100 പേർ ദിനംപ്രതി ഒ.പി.യിൽ എത്തുന്നുണ്ട്.

ഒ.പി.യിൽ വന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധന

വർഷം	രോഗികളുടെ എണ്ണം
2008-09	13423
2009-10	16902
2010-11	19853
2011-12	25318

ആരോഗ്യപരിപാലനരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് പി.എച്ച്.സി.ക്ക് കഴിഞ്ഞിട്ടുണ്ട്. 250-ൽ അധികം പ്രമേഹരോഗികൾ എൻ.സി.ഡി. (NCD-Non Communicable Diseases) ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലയിൽ ഏറ്റവും മാതൃകാപരമായി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയത് ഏറത്ത് പഞ്ചായത്താണ്. പകർച്ചാവ്യാധി നിയന്ത്രണ പരിപാടികളും സ്കൂൾ ഹെൽത്ത് പ്രോഗ്രാമും കാര്യക്ഷമമായി നടപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2012 വർഷം പൗരാവകാശരേഖ, ആരോഗ്യസന്ദേശങ്ങളടങ്ങിയ കലണ്ടർ, സാന്ത്വന പരിചരണവും ജീവിത ശൈലീരോഗനിയന്ത്രണവും - കൈപുസ്തകം എന്നിവയും പുറത്തിറക്കി PHC മാതൃക കാട്ടി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഒരേസമയം പല ഡോക്ടർമാർക്ക് രോഗികളെ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. 20 കിടക്കകളുള്ള വാഴക്കുളം പി.എച്ച്.സി.യിൽ ഐ.പി. വിഭാഗം പ്രവർത്തിപ്പിക്കാത്തതിന് കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് മറുപടി ലഭ്യമാക്കാമെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ മറുപടി നൽകി.

35. പി.എച്ച്.സി. യിൽ ഒ.പി. മാത്രമേയുള്ളുവെന്നും ഐ.പി. വിഭാഗം പ്രവർത്തിക്കുന്നില്ലെന്നും 30 സ്റ്റാഫുള്ള പ്രസ്തുത പി.എച്ച്.സി.യിൽ മൂന്ന് ഡോക്ടർമാരാണുള്ളതെന്നും എല്ലാ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ടെന്നും മൂന്ന് ഡോക്ടർമാരെ വച്ച് കിടത്തി ചികിത്സ പ്രായോഗികമല്ലെന്നും നിലവിൽ രാവിലെയും വൈകുന്നേരവും ഒ.പി. പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് വ്യക്തമാക്കി.

36. സാധാരണ ഗതിയിൽ കിടത്തി ചികിത്സയുള്ള പി.എച്ച്.സി.കളിൽ അത് തുടരുകയാണ് പതിവെന്ന് അഭിപ്രായപ്പെട്ട സമിതി, 20 കിടക്കകളുള്ള ആശുപത്രി പണികഴിപ്പിച്ചത് എന്തിനാണെന്ന് ആരാഞ്ഞതിന്, ആശുപത്രി കെട്ടിടം നേരത്തെ പണിതതാണെന്നും ഐ.പി. വിഭാഗം പ്രവർത്തിക്കുന്നില്ലെങ്കിലും പി.എച്ച്.സി, കളിലെ മറ്റ് സർവ്വീസുകൾ മുടക്കം കൂടാതെ നടന്നുവരുന്നുണ്ടെന്നും മുൻകാലങ്ങളിൽ കിടത്തി ചികിത്സയുണ്ടായിരുന്ന ആശുപത്രികൾ നിർത്തലാക്കിയിട്ടുണ്ടെന്നും നിലവിൽ സ്റ്റാന്റേർഡനുസരിച്ചുള്ള പാറ്റേണിലെ അഡ്മിഷനുകളിലാണ് കിടത്തി ചികിത്സയുള്ളതെന്നും ചില സി.എച്ച്.സി.കളിൽ കിടത്തി ചികിത്സ സൗകര്യമുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

37. ഡിമാന്റ് അനുസരിച്ചല്ലാതെ കെട്ടിടം നിർമ്മിക്കുന്നതിൽ പൊതുവേ അപാകത കണ്ടുവരുന്നുണ്ടെന്ന് സൂചിപ്പിച്ച സമിതി, ആരോഗ്യ വകുപ്പിന്റെ കീഴിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതിന്റെ സാധ്യതകളെക്കുറിച്ച് മുൻകൂട്ടി കൃത്യമായ ധാരണയില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നതിനാൽ ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു.

38. അന്യസംസ്ഥാനത്തൊഴിലാളികൾക്കായി മൈഗ്രന്റ് വർക്കേഴ്സ് മലേറിയ പ്രോഗ്രാം നടത്തുന്നുണ്ടെന്നും എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കുടിയേറ്റക്കാരുള്ളതെന്നും സുസ്ഥിര വികസനലക്ഷ്യങ്ങളുടെ ഭാഗമായി മലമ്പനി, മന്തുരോഗം, കാലാ അസർ, ടി.ബി., എച്ച്.ഐ.വി., എന്നീ രോഗങ്ങൾ നിവാരണം ചെയ്യാനായി ലക്ഷ്യമിട്ടിട്ടുണ്ടെന്നും അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഇതര

സംസ്ഥാന തൊഴിലാളികൾക്ക് സ്ക്രീനിംഗ് നടത്തുന്നുണ്ടെന്നും തൊഴിൽ വകുപ്പുമായി ചേർന്ന് ജില്ലകളിൽ മലമ്പനി ഉൾപ്പെടെയുള്ള രോഗങ്ങളുടെ പരിശോധന നടത്താറുണ്ടെന്നും വാഴക്കുളം പി.എച്ച്.സി.യിലും അത്തരം പരിശോധന നടത്തുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് ബോധിപ്പിച്ചു. വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

39. മേപ്പാടി ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി. സംബന്ധിച്ച ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

40. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം എടവണ്ണ ഗ്രാമപഞ്ചായത്തിലെ ചാത്തല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

41. പത്തനംതിട്ട ജില്ലയിലെ ഏറത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തെ സംബന്ധിച്ച ഖണ്ഡിക സമിതി പരിഗണിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

42. എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

43. വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

44. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം എടവണ്ണ ഗ്രാമപഞ്ചായത്തിലെ ചാത്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രവുമായി

ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പദ്ധതി നടത്തിപ്പിലെ അപാകതകൾ

11-ാം പദ്ധതി കാലയളവിൽ ആരോഗ്യമേഖലയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഊന്നൽ നൽകാൻ 14.05.07-ലെ ജി.ഒ(എം.എസ്)128/07/തസ്വഭവ (പദ്ധതി മാർഗ്ഗരേഖ) ഉത്തരവിൽ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

1. സാമൂഹാധിഷ്ഠിത വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനുള്ള പ്രോജക്ടുകൾ
2. രോഗചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ
3. സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ മാനേജ്മെന്റിനും സ്ഥാപനാടിസ്ഥാനത്തിൽ സേവന പ്രദാന പദ്ധതി
4. പുതിയ പശ്ചാത്തല സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പ്രോജക്ട്
5. മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെയും സാമഗ്രികളുടെയും മേന്മ വർദ്ധിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ

ആരോഗ്യമേഖലയിലെ കൃത്യമായ സ്ഥിതി വിവരകണക്കുകളോ, ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.

ആരോഗ്യമേഖലയിൽ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കുവാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രോജക്ടുകൾക്ക് രൂപം നൽകുകയുണ്ടായി. ഗ്രാമ/വാർഡ് സഭകളിലും മറ്റ് ജനകീയ വേദികളിലും ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ നിന്ന് മുൻഗണന പ്രകാരമാണ് ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളും തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടി തയ്യാറാക്കുന്ന പദ്ധതികളിൽ പലതും നടപ്പിലാക്കപ്പെടുന്നില്ല.

11-ാം പദ്ധതി കാലയളവിൽ ആവിഷ്കരിച്ച നടപ്പാക്കിയ പ്രോജക്ടുകളുടെ വിശകലനത്തിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയിൽ മാതൃകാപരമായ പ്രോജക്ടുകൾ രൂപം നൽകി നടപ്പാക്കിയിട്ടില്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ മേഖലയിലെ പദ്ധതികളുടെ അവലോകനം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2010-11 വർഷം പദ്ധതി ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റിൽ നിന്നോ തുക ചെലവഴിച്ചിട്ടില്ല. 2011-12 വർഷം ആകെ ചെലവ് 10,000/- രൂപ മാത്രമാണ്.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് 2010-11, 2011-12 വർഷങ്ങളിൽ അലോപ്പതി മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ആരോഗ്യം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. മയ്യനാട് ഗ്രാമപഞ്ചായത്തിൽ അലോപ്പതി മേഖലയിൽ 2010-11 വർഷം 13000/- രൂപ ചെലവഴിച്ച് ' ആരോഗ്യ പരിരക്ഷ' എന്ന പദ്ധതി മാത്രമാണ് നടപ്പാക്കിയത്. ആയുർവേദ മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയില്ല. 2011-12-ൽ 2,10,000/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് ആരോഗ്യ മേഖലയിൽ ചെലവഴിച്ചത്.

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ഒരു കർമ്മ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിച്ചതിലെ ഒരു പ്രധാന ഘടകം ചികിത്സയായിരുന്നു. എന്നാൽ പദ്ധതി കാലയളവ് അവസാനിച്ചപ്പോഴും ഈ ഇനത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. തുടർന്ന് 2011-12 വർഷം പുതുക്കിയ കർമ്മ പദ്ധതി പ്രകാരം ചികിത്സയ്ക്ക് നൽകുന്നതിന് 3,64,800/- രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വേ നടത്തി കണ്ടെത്തിയ രോഗികൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കാതിരുന്നത് പദ്ധതി നടത്തിപ്പിലെ പാളിച്ചയാണ് കാണിക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വരുന്ന പദ്ധതി നിർദ്ദേശങ്ങൾ മിക്കപ്പോഴും പദ്ധതികളായി പരിണമിക്കുന്നില്ല. സേവന മേഖലയിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുകയിൽ നാമമാത്രമായ വിഹിതം മാത്രമാണ് ആരോഗ്യ മേഖലയ്ക്ക് നീക്കിവയ്ക്കുന്നത്. 2010-11, 2011-12 വർഷങ്ങളിൽ ഇത് യഥാക്രമം 8% ഉം 5% ഉം മാത്രമാണ്. ഇത് ആവശ്യവുമായി തുലനം ചെയ്യുമ്പോൾ തുച്ഛമാണ്. ആരോഗ്യ മേഖലയ്ക്ക് വകയിരുത്തുന്ന വികസന ഫണ്ട് അപര്യാപ്തമായതിനാൽ പദ്ധതികൾ നടപ്പാക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. ഉദാഹരണമായി 'പ്രമേഹ രക്തസമ്മർദ്ദ രോഗങ്ങൾക്ക്' എന്ന പദ്ധതി 2011-12 വർഷം മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഫണ്ടില്ലാത്തതിനാൽ നടപ്പാക്കിയില്ല. പ്രസ്തുത വർഷം ' സന്ധിവാത ക്ലിനിക് ' എന്ന പേരിൽ ഒരു പദ്ധതിക്ക് അംഗീകാരം വാങ്ങിയിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞില്ല. ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിൽ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് പട്ടിക 3 പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾക്ക് അർഹിക്കുന്ന പരിഗണന 11-ാം പദ്ധതി കാലത്ത് ഗ്രാമപഞ്ചായത്തുകൾ നൽകിയിട്ടില്ല.

ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള വളരെക്കുറച്ച് പദ്ധതികൾ മാത്രമേ പെരുമ്പാവൂർ നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളൂ. വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനും സാധിച്ചിട്ടില്ല. 2010-11 വകയിരുത്തലിന്റെ 81%ഉം 2011-12-ൽ 41%വുമാണ് ചെലവഴിച്ചത്.

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ നല്ലൂർനാട് സി.എച്ച്.സി.യിൽ ഓപ്പറേഷൻ തീയറ്റർ, എക്സ്റേ എന്നീ സജ്ജീകരണങ്ങൾ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാൻ പറ്റുന്നില്ല. 2004-ൽ പണിത കുട്ടികളുടെ വാർഡ് നാളിതുവരെയായി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വിപുലമായ അടിസ്ഥാന സൗകര്യങ്ങളുള്ള നല്ലൂർനാട് സി.എച്ച്.സി. പദ്ധതികളുടെ

ആസൂത്രണത്തിലെ അപാകം നിമിത്തം രോഗികൾക്ക് പ്രയോജനപ്പെടാത്ത സ്ഥിതിയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.3.6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

46. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന, മയ്യനാട് ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

47. പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിലെ അഗതികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി 2011-12 വർഷം വകയിരുത്തിയ 3,64,800/- രൂപ പ്രത്യേക സാഹചര്യം നിമിത്തം ചെലവഴിക്കാൻ സാധിച്ചില്ലെന്നും തുടർ വർഷങ്ങളിൽ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി അഗതികളുടെ ചികിത്സയ്ക്കായി തുക വകയിരുത്തുകയും 2022-23-ൽ 69,51,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

48. പദ്ധതി യഥാസമയം നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിലും നിലവിൽ ഭംഗിയായി നടത്തുന്നുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

49. 25 ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തി കർമ്മ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചതിലെ പ്രധാന ഘടകം ചികിത്സയായിരുന്നുവെന്നും പഞ്ചായത്തിലെ അഗതികളുടെ എണ്ണം കൃത്യമായി കണ്ടെത്തി പദ്ധതി തയ്യാറാക്കാതെ വരുമ്പോഴാണ് പ്രസ്തുത വിഭാഗക്കാർക്ക് സേവനം ലഭ്യമാകാതെ വരുന്നതെന്നും പദ്ധതി

നിർവ്വഹണത്തിലെ അപാകതയാണ് കാരണമെന്നും ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഡേറ്റാബേസില്ലാതെ പദ്ധതികളാവിഷ്കരിക്കുന്നതുമൂലം ലക്ഷ്യം പൂർത്തീകരിക്കാതെ പണം വെറുതെ ചെലവഴിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

50. സമിതിയുടെ ശിപാർശ പ്രകാരം വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുന്നുണ്ടെന്നും ബഡ്ജറ്റ് പ്രക്രിയയെ ഡേറ്റയുമായി ലിങ്ക് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളോ അതിനുള്ള സാങ്കേതിക സാദ്ധ്യതകളോ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നത് കൃത്യമായി പരിഗണിക്കുന്നുണ്ടെന്നും ബഡ്ജറ്റ് കോഡിന് അനുബന്ധമായി ഡേറ്റാബേസിനെ തിരിച്ചറിയാൻ കഴിയുന്ന ഡേറ്റ സെൻട്രിക് സിസ്റ്റം ആണ് നിർദ്ദേശിക്കുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പൊതുവായി നിർദ്ദേശം നൽകുമ്പോൾ യഥാർത്ഥ ഗുണഭോക്താവിന് പ്രയോജനം ലഭിക്കാത്ത സാഹചര്യമുണ്ടെന്നും അതിന് മാറ്റം വരുത്താൻ കഴിയുമോയെന്നും സമിതി ആരാഞ്ഞതിന് മാർഗ്ഗരേഖയ്ക്ക് പുറമെ ചട്ടമുണ്ടാക്കി സ്വയംഭരണത്തിന്റെ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറാനുള്ള സംവിധാനം 25 വർഷത്തിനിടയിൽ ശക്തിപ്പെട്ടിട്ടില്ലെന്നും വ്യത്യസ്ത സ്ഥലങ്ങളിൽ ഒരേ രീതിയിലുള്ള പദ്ധതി ക്രമീകരണങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നത് പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ പ്രാദേശിക തലത്തിൽ ആവശ്യങ്ങളെ വസ്തുനിഷ്ഠമായി പരിഗണിക്കുന്ന അളവിൽ ബഡ്ജറ്റിന് സ്വാതന്ത്ര്യം കൊടുക്കാൻ കഴിയുന്ന മറ്റൊരു ക്രമീകരണം കൊണ്ടുവരേണ്ടതുണ്ടെന്നും നിലവിൽ അത്തരം സംവിധാനമില്ലാത്തതിനാൽ പൊതുനിർദ്ദേശമനുസരിച്ച് എല്ലാവരും പ്രവർത്തിക്കുവാൻ നിർബന്ധിതരാകുകയാണെന്നും വ്യക്തിഗത സ്വയംഭരണം സാദ്ധ്യമാകുന്ന രീതിയിലേയ്ക്ക് സംവിധാനത്തെ രൂപപ്പെടുത്തിക്കൊണ്ടുവരേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

51. അധികാരവികേന്ദ്രീകരണം നടത്തുമ്പോൾ ഫണ്ട് വിഭജനത്തിന് മാനദണ്ഡം ഉണ്ടാവേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

52. വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

53. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട-ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

54. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെരുമ്പാവൂർ നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

55. വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ ജില്ലാ കാൻസർ സെന്ററായി പ്രവർത്തിച്ചുവരുന്ന നല്ലൂർനാട് സി.എച്ച്.സി. 2007 വരെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കൈവശമായിരുന്നുവെന്നും 2007-ൽ ഗ്രാമപഞ്ചായത്തിന് സി.എച്ച്.സി.യായി കൈമാറിയിട്ടുള്ളതാണെന്നും ജില്ലാ ആശുപത്രിക്ക് വേണ്ട സ്റ്റാഫ് പാറ്റേണോ മറ്റ് സൗകര്യങ്ങളോ ഇല്ലെന്നും പുതിയ കെട്ടിട നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ പി.എം.ജെ.വി.കെ പദ്ധതിയിലുൾപ്പെടുത്താൻ ശിപാർശ ചെയ്തത് സംസ്ഥാന തലത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും നിലവിൽ കുട്ടികളുടെ വാർഡ് പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഓപ്പറേഷൻ തീയേറ്ററിൽ ജീവനക്കാരെ കൂടാതെ ട്രാൻസ്ഫോർമർ കൂടി ആവശ്യമായിരുന്നുവെന്നും ആയതിന്റെ പ്രവൃത്തി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ടെന്നും 25 ലക്ഷം രൂപ വച്ച് ട്രാൻസ്ഫോർമർ അനുവദിക്കാൻ എം.പി. ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും നിലവിൽ ടെക്നീഷ്യൻ തസ്തികയില്ലെങ്കിലും പദ്ധതി പ്രകാരം താൽക്കാലികമായി നിയമിക്കാവുന്നതാണെന്നും മാനന്തവാടി മുനിസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

56. കോഴിക്കോട് ജില്ലയിൽ നഗരസഭയുടെ ടി.ബി. ഹോസ്പിറ്റലിൽ റേഡിയോഗ്രാഫറുടെ ആവശ്യമില്ലെന്നും മാനന്തവാടി സി.എച്ച്.സി.യിൽ ടെക്നീഷ്യന്റെ കുറവുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടതിനാൽ, പ്രസ്തുത തസ്തികകൾ പരസ്പരം മാറ്റാവുന്നതാണോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത തസ്തികകൾ തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വ്യത്യസ്ത വകുപ്പുകളുടെ കീഴിലാണെന്ന് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

57. ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് സമിതി ആരാഞ്ഞതിന് ബ്ലോക്ക് പഞ്ചായത്ത് ടെക്നീഷ്യൻ

തസ്തികയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും ടെക്നീഷ്യനെ താൽക്കാലികമായി അടുത്ത പദ്ധതിയിൽ നിയമിക്കുന്നതാണെന്നും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

58. മുൻ മാസം സി.എച്ച്.സി. സന്ദർശിച്ചപ്പോൾ പീഡിയാട്രീഷ്യനെയും റേഡിയോ തെറാപ്പിസ്റ്റിനെയും നിയമിച്ചിട്ടുണ്ടെന്നും കാൻസർ തുടർ ചികിത്സ മികച്ച രീതിയിൽ നടക്കുന്നതുകാരണം ഐ.പി. ഉൾപ്പെടെ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും സൂപ്രണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്നും എന്നാൽ റേഡിയോഗ്രാഫറുടെ തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

59. പി.എസ്.സി. വഴി നിയമിതനായ നിശ്ചിത യോഗ്യതയുള്ള ഒരു വ്യക്തി ആ ജോലിയ്ക്കുവേണ്ട ക്രമീകരണങ്ങളില്ലാത്തതിനാൽ നിലവിൽ എൽ.എസ്.ജി.ഡി.യിൽ മറ്റൊരു തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സാഹചര്യം ഉണ്ടെന്നും പ്രസ്തുത വ്യക്തിയുടെ സേവനം പ്രയോജനപ്പെടുത്താമെന്നും ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി.യുടെ കീഴിലായതിനാൽ തസ്തിക സൃഷ്ടിക്കാതെ തന്നെ തസ്തികകൾ പരസ്പരം ക്രമീകരിക്കാവുന്നതാണോ എന്നാണ് പരിശോധിക്കേണ്ടതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

60. ഇത്തരം സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് അവരുടെ പങ്ക് കൂടി വഹിക്കുന്നതിന് വേണ്ടിയാണെന്നും ബ്ലോക്ക് പഞ്ചായത്ത് മുൻകൈയ്യെടുത്താൽ കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും അവരുടെ ഫണ്ടുപയോഗിച്ച് ജനങ്ങളുടെ സഹകരണത്തോടെ നല്ല സംവിധാനങ്ങളേർപ്പെടുത്തിയ സംസ്ഥാനത്തെ വിവിധ ആശുപത്രികൾ മാതൃകയാക്കാവുന്നതാണെന്നും സമിതി ചൂണ്ടിക്കാട്ടി. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് എക്സ്റേ യൂണിറ്റും ട്രാൻസ്ഫോർമറും സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

61. കോഴിക്കോട് നഗരസഭയുടെ കീഴിലുള്ള ടി.ബി. ഹോസ്പിറ്റലിൽ ആവശ്യമില്ലാത്ത റേഡിയോഗ്രാഫർ തസ്തിക മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ

നല്ലൂർനാട് സി.എച്ച്.സി. യിലേക്ക് മാറ്റുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

62. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

63. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന, മയ്യനാട് ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

64. പത്തനംതിട്ട ഏറത്ത് ഗ്രാമപഞ്ചായത്തിലെ അഗതി പുനരധിവാസ പദ്ധതി നടത്തിപ്പിൽ അഗതികളുടെ എണ്ണം കൃത്യമായി കണ്ടെത്താതെ പദ്ധതി തയ്യാറാക്കതിയത് കൊണ്ടാണ് പ്രസ്തുത വിഭാഗക്കാർക്ക് സേവനം ലഭ്യമാകാതെ വന്നതെന്നും ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ഭാവിയിൽ വരാതെ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ അധികാരവികേന്ദ്രീകരണം നടത്തുമ്പോൾ ഫണ്ട് വിഭജനത്തിന് മാനദണ്ഡം ഉണ്ടാവേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഏറത്ത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

65. ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

66. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെരുമ്പാവൂർ നഗരസഭയെ

സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

67. കോഴിക്കോട് നഗരസഭയുടെ കീഴിലുള്ള ടി.ബി. ഹോസ്പിറ്റലിൽ ആവശ്യമില്ലാത്ത റേഡിയോഗ്രാഫർ തസ്തിക മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ നല്ലൂർനാട് സി.എച്ച്.സി.യിലേക്ക് മാറ്റുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ - ദീർഘവീക്ഷണത്തിന്റെ അഭാവം

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന് ആരോഗ്യ മേഖലയിൽ മാതൃകാപരമായ പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പാലിയേറ്റീവ് പരിചരണത്തിനുള്ള 'പരിരക്ഷ' പദ്ധതി മാത്രമാണ് വേറിട്ട് നിൽക്കുന്നത്. ആരോഗ്യ മേഖലയ്ക്ക് വകയിരുത്തിയ തുക ചെലവഴിച്ച് പ്രോജക്ട് ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ജാഗ്രത പുലർത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകളാണ് ലക്ഷ്യം കാണാതെ പോയതിൽ മിക്കതും. ആയുർവേദാശുപത്രി അടിസ്ഥാന സൗകര്യങ്ങളുടെ കുറവിൽ പ്രയാസപ്പെടുന്നതിന് പ്രധാന കാരണം ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കാത്തതാണ്. വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും, പെർഫോമൻസ് ഗ്രാന്റും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല.

ചികിത്സയുടെ ഭാഗമല്ലാതെയുള്ള മരുന്നു വിതരണം

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ 2009-10, 2010-11, 2011-12 വർഷങ്ങളിൽ വൈദ്യശാഖകൾ മുഖേന ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കും വിധമാണ്.

വർഷം	അലോപ്പതി	ഹോമിയോ	ആയുർവേദം	ആകെ
2009-10	160000	-	1340000	1500000
2010-11	199442	30000	1500000	1729442
2011-12	192137	100000	850000	1142137
	551579	**130000**	**3690000**	**4371579**

ഈ മൂന്നു വർഷങ്ങളിലായി ആകെ ചെലവഴിച്ച 43,71,579/- രൂപയുടെ 85%ഉം ആയുർവേദ മേഖലയിലാണ് ചെലവഴിച്ചത്. ഇതിൽ തന്നെ ഓരോ വർഷവും ആയുർവേദ ഡിസ്പെൻസറിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കു നൽകാനുള്ള മരുന്നിനുള്ള ചെലവ് വളരെ കുറവാണ്. കരുണ, സ്വാസ്ഥ്യ, ഉണർവ് എന്നീ പേരുകളിൽ പ്രോജക്ടുകൾ തയ്യാറാക്കി യാതൊരു രോഗ നിർണ്ണയവും നടത്താതെ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനാണ് ഭൂരിഭാഗം തുകയും ചെലവഴിച്ചിരിക്കുന്നത്. വൃദ്ധർ, സ്ത്രീകൾ എന്നിവർക്ക് പ്രോജക്ടുകൾ വഴി വിതരണം ചെയ്യാനായി ഈ വർഷങ്ങളിൽ വാങ്ങിയ മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

വർഷം	ആശുപത്രിയിലെ ആവശ്യത്തിനുവേണ്ടി വാങ്ങിയ മരുന്നിന്റെ വില	പ്രോജക്ട് പ്രകാരം വിതരണം ചെയ്യാൻ വാങ്ങിയ മരുന്നിന്റെ വില	ആകെ
2009-10	290000	1050000	1340000
2010-11	200000	1300000	1500000
2011-12	250000	600000	850000
	740000	**2950000**	**3690000**

രോഗികളായി ചികിത്സ തേടി ആശുപത്രിയിലെത്തുന്നവർക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രാധാന്യം കുറച്ച് വിവിധ പ്രോജക്ടുകളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നവർക്ക് ആവശ്യകത പരിഗണിക്കാതെ ചുരുങ്ങിയ ദിവസം കൊണ്ട് ഔഷധങ്ങൾ വിതരണം ചെയ്യാനുള്ള പ്രോജക്ട് ആവിഷ്കരിച്ചതും അലോപ്പതി ഹോമിയോ ഡിസ്പെൻസറികളുടെ നടത്തിപ്പിന് ആനുപാതികമായി വിഹിതം നീക്കിവെക്കാതിരുന്നതും പദ്ധതി ആസൂത്രണത്തിൽ വന്ന പിഴവാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം നിർണ്ണയിച്ച പഞ്ചായത്തിന്റെ അനിവാര്യവും പൊതുവായിട്ടുള്ളതുമായ ചുമതലകളിൽ ആരോഗ്യം പുഷ്ടിപ്പെടുത്തുന്നതിനായുള്ള ഔഷധങ്ങളുടെ വിതരണം ഉൾപ്പെടുന്നില്ല ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖകളിലും ഇപ്രകാരം വൻതോതിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നില്ല ഇക്കാര്യങ്ങൾ പരിഗണിക്കാതെയാണ് പ്രോജക്ടിനായി ഈ വർഷങ്ങളിൽ 2950000/- രൂപ ചെലവഴിച്ചത്.

സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി - കൈമാറിയത് ഒരു കോടി ; നഗരസഭയ്ക്ക് അലംഭാവം

തിരുവനന്തപുരം നഗരസഭ, റീജിയണൽ ക്യാൻസർ സെന്റർ, സാക്ഷരതാ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 2007-08 മുതൽ നടത്തി വരുന്ന സാന്ത്വനം സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി നഗരസഭാ പരിധിയിലുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള, ക്യാൻസറിന് മുന്നോടിയായ അസുഖങ്ങൾ ബാധിച്ച കഴിയുന്നവരെ കണ്ടെത്തി ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. നഗരസഭ പ്രദേശത്തെ തെരഞ്ഞെടുത്ത 20 കേന്ദ്രങ്ങളിൽ വച്ച് ക്യാൻസർ ബോധവൽക്കരണ പരിപാടികളും രോഗനിർണ്ണയ ക്യാമ്പുകളും നടത്തുന്നു. ക്യാമ്പുകളുടെ സംഘാടനം, പ്രചരണം എന്നിവയെല്ലാം ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിലാണ് നടത്തുന്നത്. ക്യാമ്പുകളിൽ വരുന്നവർക്ക് പരിശോധനയും, ചികിത്സാ ആവശ്യമായി വരുന്നുവെങ്കിൽ വരുമാന പരിധി തെളിയിക്കുന്നതിനനുസരിച്ച് സൗജന്യ പരിശോധന ആർ.സി.സി. നടത്തി കൊടുക്കുകയും ക്യാൻസർ രോഗികളാണെങ്കിൽ 10000/- രൂപ ചികിത്സാ ധനസഹായം നൽകുകയും ചെയ്യുന്നു.

പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 30-ാം തീയതിക്കകവും, ചെലവു തുകയുടെ വിശദവിവരവും കണക്കുകളും മൂന്ന് മാസത്തിലൊരിക്കലും RCC നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ മാസത്തിലൊരിക്കൽ RCC യിലെ കോ-ഓർഡിനേറ്റിംഗ് ഓഫീസർ/പ്രതിനിധി, കോർപ്പറേഷൻ അധികാരികൾ എന്നിവർ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

30.03.12-ലെ സ.ഉ(സാധാ) നമ്പർ 988/2012 ത.സ്വ.ഭ.വ പ്രകാരം നഗരസഭയുടെ 2011-12-ലെ ക്യാൻസർ നിയന്ത്രണ പദ്ധതി (ജനറൽ -പ്രോജക്ട് നമ്പർ

113/12) നടപ്പാക്കുന്നതിന് 10 ലക്ഷം രൂപയും, വനിതകൾക്കായുള്ള പദ്ധതിയ്ക്ക് (പ്രോജക്ട് നം.181/12) 52,50,000/- രൂപയും RCC ഡയറക്ടറുടെ പേരിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി. 31.03.12-ൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 62.50 ലക്ഷം രൂപ RCC ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

ചികിത്സാ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അംഗീകരിച്ച് RCC ക്ക് അയയ്ക്കുന്നുവെങ്കിലും പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ ചെലവ് വിവരവും നഗരസഭയ്ക്ക് ലഭിക്കുന്നില്ല. നഗരസഭയും RCC യും ചേർന്ന് മാസത്തിലൊരിക്കൽ നടത്തേണ്ടുന്ന പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടക്കുന്നില്ല.

2007-08 ൽ പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം.155/08 പ്രകാരം 37,22,085/- രൂപയും 76/08-ാം നമ്പർ പ്രോജക്ട് പ്രകാരം 18.10.07-ൽ 5 ലക്ഷവും നിക്ഷേപിച്ചിരുന്നു. (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.15). ടി തുകയുടെ വിനിയോഗം, RCC പക്കൽ നിലനിൽക്കുന്ന ബാക്കി തുക എന്നതിനെപ്പറ്റിയുള്ള ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. കണക്കുകൾ ലഭ്യമാക്കുന്നതിനായി RCC യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്. ഇതിൽ നിന്നും 42,22,085/- രൂപ നൽകി അഞ്ചു വർഷങ്ങൾക്കു ശേഷവും, തുകയുടെ വിനിയോഗം, ബാലൻസ് തുക എന്നതിനെപ്പറ്റി നഗരസഭയ്ക്ക് യാതൊരു അറിവുമില്ല എന്നു വ്യക്തമാകുന്നു. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതിയുടെ മോണിട്ടറിംഗ് നടത്തേണ്ടത്.

ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് നിയന്ത്രണമില്ലാത്ത അവസ്ഥയാണുള്ളത്. വലിയൊരു തുക RCC യ്ക്ക് കൈമാറുക എന്ന പ്രവർത്തനം മാത്രമേ നഗരസഭ നടത്തിയിട്ടുള്ളൂ. പദ്ധതി നഗരസഭാ പ്രദേശത്തുള്ള അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനമാകുന്നുണ്ടോ എന്നുറപ്പു വരുത്താൻ നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരു നടപടികളുമുണ്ടാകുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.3.6.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം എടവണ്ണ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

69. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

70. തിരുവനന്തപുരം നഗരസഭയിൽ രണ്ട് വർഷങ്ങളിലായി കൊടുത്ത നാല് പദ്ധതികൾക്കാണ് ഒബ്ജക്ഷൻ വന്നിരുന്നതെന്നും വിനിയോഗ സാക്ഷ്യപത്രം ആർ.സി.സി.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല എന്നുള്ളതായിരുന്നു പരാതിയെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മറുപടി നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭാ ഹെൽത്ത് ഓഫീസർ സമിതിയെ അറിയിച്ചു.

71. മറുപടി ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന് ഓഡിറ്റ് പരാമർശിച്ചിരിക്കുന്ന രണ്ട് പദ്ധതികളുടെയും 2017-18 മുതൽ 2022 വരെയുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം 20.06.2022-ൽ നഗരസഭയ്ക്ക് കൊടുത്തിട്ടുള്ളതാണെന്നും ആയതിന് കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ടെന്നും ഏതാനും ദിവസം മുൻപ് നഗരസഭയിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും കത്തുകൾ ലഭിച്ചപ്പോഴാണ് ഓഡിറ്റ് പരാമർശത്തെക്കുറിച്ച് അറിയുന്നതെന്നും തുടർന്ന് 20.06.2022-ൽ അയച്ച റിപ്പോർട്ട് വീണ്ടും അയച്ചുകൊടുത്തുവെന്നും എല്ലാ വർഷവും കൃത്യമായി റിപ്പോർട്ടും കത്തുകൾക്ക് മറുപടിയും നൽകുന്നുണ്ടെങ്കിലും കത്ത് ലഭിച്ചില്ലെന്നാണ് നഗരസഭ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും നഗരസഭയിൽ നിന്ന് ലഭിച്ച കത്തിൽ 21.06.2022 ലെ കത്ത് പ്രകാരമുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിച്ചിരിക്കുന്നതെന്നും റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ സമിതിക്ക് വിശദീകരണം നൽകി.

72. 20.06.2022 ൽ കത്ത് മുഖേന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതാണെന്നും അതിന് മുമ്പുള്ള മറുപടികൾ ഫയലിലില്ലെന്നും തിരുവനന്തപുരം നഗരസഭാ ഹെൽത്ത് ഓഫീസർ സമിതിക്ക് മറുപടി നൽകിയപ്പോൾ ആശയക്കുഴപ്പങ്ങൾക്ക് കാരണം സംവിധാനത്തിലെ

അപാകമാണെന്നും ഒരു പദ്ധതി വർഷമാണ് ഫണ്ടിന്റെ യൂട്ടിലൈസേഷൻ നോക്കുന്നത് എന്നും ഫണ്ടിന്റെ മുഴുവൻ വിനിയോഗവും പൂർത്തീകരിച്ചശേഷം പ്രസ്തുത വിവരം കൊടുത്തിട്ടുണ്ടാകുമെന്നും അതത് വർഷം തന്നെ റിപ്പോർട്ട് കൊടുക്കാത്തതുകൊണ്ടുണ്ടായ പരാമർശമാണിതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

73. റീജിയണൽ കാൻസർ സെന്ററിൽ നിന്നും യഥാസമയം വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ലെന്ന് നഗരസഭ സൂചിപ്പിച്ചത് പരിശോധിക്കണമെന്ന് നിർദ്ദേശിച്ച സമിതി, 20.06.2022 ലെ മറുപടി നേരത്തേ ലഭിച്ചിരുന്നുവെങ്കിൽ പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടി.

74. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

75. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

76. കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

77. തിരുവനന്തപുരം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ റീജിയണൽ കാൻസർ സെന്ററിൽ നിന്നും യഥാസമം വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ലെന്ന നഗരസഭയുടെ മറുപടി പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നടപ്പിലാക്കാത്ത പദ്ധതികൾ

വാർഷിക പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. 2010-11 വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി 70648/- രൂപയും മൊബൈൽ മോർച്ചറിക്കായി 25000/- രൂപയും പഞ്ചായത്ത് ഡിസ്പെൻസറിയിലെ ലബോറട്ടറി ഉപകരണങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയിരുന്നെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കൊല്ലം നഗരസഭ ആരോഗ്യ മേഖലയിൽ ആസൂത്രണം ചെയ്തിട്ടും നടപ്പിലാക്കാത്ത പദ്ധതികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട്	2010-11 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയത്	2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയത്
1	പാലത്തറ, ശക്തികുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുന്ന പ്രവൃത്തി	2 കോടി	2 കോടി
2.	വടക്കേവിള ഹോമിയോ ആശുപത്രിക്ക് സ്ഥലം വാങ്ങി കെട്ടിടം പണി	3 ലക്ഷം	25 ലക്ഷം
3.	സ്ത്രീകൾക്കായി തിരക്കേറിയ സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ	15 ലക്ഷം	15 ലക്ഷം
4.	ഡയാലിസിസ് ഉപകരണം സ്ഥാപിക്കൽ	20 ലക്ഷം	20 ലക്ഷം
5.	ഫോഗിംഗ് മെഷീൻ	14 ലക്ഷം	14 ലക്ഷം

വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന തുക വിനിയോഗിക്കുന്നില്ല

ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്ന തുകകൾ കാര്യക്ഷമമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ആശുപത്രി വികസന സമിതിയുടെയും കടമയാണ്.

കേരളം സമർപ്പിച്ച 557 കോടിയുടെ ആരോഗ്യ പദ്ധതികൾക്ക് 2012-13 വർഷത്തിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിരുന്നു. മാതൃശിശു ആരോഗ്യം, ശിശുമരണ നിരക്ക് കുറയ്ക്കൽ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന വിപുലമായ പദ്ധതികളാണ് എൻ.ആർ.എച്ച്.എം. ഈ വർഷം സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ളത്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, രക്ത ബാങ്കുകൾ സ്ഥാപിക്കൽ തുടങ്ങിയവയും ലക്ഷ്യമിടുന്നു.

പകർച്ചവ്യാധി പ്രതിരോധത്തിനും, ക്ഷയരോഗം, അന്ധത, കുഷ്ഠരോഗം തുടങ്ങിയവയുടെ നിവാരണത്തിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പുകയില, മദ്യം എന്നിവയുടെ ഉപഭോഗത്തിനെതിരെ ബോധവൽക്കരണവും നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. ആയുർവേദത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും പദ്ധതിയുണ്ട്.

ഈ സാഹചര്യത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്കും മറ്റ് ഡിസ്പെൻസറികൾക്കും വിവിധതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ വിഹിതം ലഭ്യമാകും. ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കണമെങ്കിൽ ആവശ്യകത കൃത്യമായി വിലയിരുത്തി സമഗ്രപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

79. കൊല്ലം നഗരസഭ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന പദ്ധതികളിൽ പാലത്തറ, ശക്തികുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, വടക്കേവിള ഹോമിയോ ആശുപത്രിക്ക് സ്ഥലം വാങ്ങിയുള്ള കെട്ടിടം പണി, സ്ത്രീകൾക്കായി തിരക്കേറിയ സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ, ഡയാലിസിസ് ഉപകരണം സ്ഥാപിക്കൽ, ഫോഗിംഗ് മെഷീൻ എന്നീ 5 പ്രവൃത്തികളാണ് ഉപേക്ഷിക്കേണ്ടി വന്നിട്ടുള്ളതെന്നും അതിൽ പാലത്തറ, ശക്തികുളങ്ങര പ്രൈമറി ഹെൽത്ത് സെന്ററുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടിയുള്ള നിർദ്ദേശമാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതെന്നും എന്നാൽ സർക്കാർ തലത്തിൽ അനുമതി പൂർണ്ണമായും ലഭിക്കാത്തതിനാൽ നടപ്പിലാക്കിയിട്ടില്ലെന്നും നിലവിൽ ഫാമിലി ഹെൽത്ത് സെന്ററായി പ്രവർത്തിക്കുകയാണെന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടില്ലെന്നും അനുബന്ധ സൗകര്യങ്ങൾ പിന്നീടാണ് ഇതോടൊപ്പം ചേർത്തിട്ടുള്ളതെന്നും വിശദീകരിച്ച കൊല്ലം നഗരസഭാ സെക്രട്ടറി, ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ നഗരസഭയുടെ തന്നെ കെട്ടിടത്തിൽ പ്രവർത്തിക്കുകയാണെന്നും കോർപ്പറേഷൻ സോണൽ ഓഫീസിന്റെ കെട്ടിടനിർമ്മാണം നടന്നുവരികയാണെന്നും കെട്ടിടം പൂർത്തിയായതിനുശേഷം അതിൽത്തന്നെ ശാശ്വതമായി എഫ്.എച്ച്.സി. പ്രവർത്തിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വനിതകൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതിയായ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് കൃത്യമായി സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും കൂട്ടിച്ചേർത്തു.

80. വടക്കേവിള ഹോമിയോ ആശുപത്രിക്ക് പദ്ധതി രൂപീകരിച്ച സമയത്ത് സ്ഥലം പോലും ലഭ്യമല്ലാതെ ആദ്യം മൂന്ന് ലക്ഷം രൂപയും പിന്നീട് 25 ലക്ഷം രൂപയും അനുവദിച്ചുവെന്നും ഫോഗിംഗ് മെഷീൻ വാങ്ങിയെങ്കിലും ഉപയോഗിച്ചിട്ടില്ലെന്നും

ചൂണ്ടിക്കാണിച്ച സമിതി, പദ്ധതി രൂപീകരിക്കുന്ന വേളയിൽ അതിനുള്ള സ്ഥലലഭ്യത ഉറപ്പാക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. ഫോഗിംഗ് മെഷീൻ വാങ്ങുകയും റിപ്പോർട്ടിൽ അനുസംബന്ധിച്ച് പരാമർശിക്കുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ പതിനാറോളം ഫോഗിംഗ് മെഷീനുകൾ നഗരസഭ ഉപയോഗിച്ചുവരുന്നുണ്ടെന്നും സ്ത്രീകൾക്കുള്ള ടോയ്‌ലറ്റ് നിർമ്മാണം സംബന്ധിച്ച് സുലഭ് ഇന്റർനാഷണൽ ഏജൻസിയുമായി ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന 5 ടോയ്‌ലറ്റുകളിൽ മൂന്നെണ്ണം പൂർത്തിയായിട്ടുണ്ടെന്നും രണ്ടെണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും യഥാർത്ഥത്തിൽ പദ്ധതിയിൽ വച്ചിട്ടുള്ളത് ഡയാലിസിസ് ഉപകരണം സ്ഥാപിക്കുന്നത് സംബന്ധിച്ചാണെന്നും നഗരസഭയുടെ കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ അർബൻ ഹെൽത്ത് സെന്ററോ കേന്ദ്രീകരിച്ച് പ്രവർത്തിക്കാനാണുദ്ദേശിക്കുന്നതെന്നും കൊല്ലം നഗരസഭ പരിധിയിലുള്ള ജില്ലാ ആശുപത്രിയിൽ വളരെ വിപുലമായ ഡയാലിസിസ് സംവിധാനമുണ്ടെന്നും നഗരസഭ പരിധിയിലുള്ളവർക്ക് കൂടി പ്രയോജനപ്പെടുന്നതിനായി ഡി.പി.സി. അംഗീകാരത്തോടുകൂടി കഴിഞ്ഞ വർഷം നാല് ഡയാലിസിസ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകി.

81. പദ്ധതിയുടെ ഫീസിബിലിറ്റിയെക്കുറിച്ച് ധാരണയില്ലാതെയാണ് 20 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതെന്നും 2010-11, 2011-12 കാലഘട്ടങ്ങളിൽ തുടർച്ചയായി ഒരേ പദ്ധതിക്ക് പണം വകയിരുത്തിയെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനം നടത്താതെ ഉപേക്ഷിക്കുകയാണ് ചെയ്തതെന്നും സ്ഥലം പോലും കണ്ടെത്താതെയാണ് തുക നീക്കിവച്ചിട്ടുള്ളതെന്നും വീഴ്ചകൾ ആവർത്തിക്കുകയാണെന്നും സമിതി വിലയിരുത്തി.

82. എച്ച്.ആർ. വളരെയധികം നിയന്ത്രണത്തിലുള്ളതായതിനാൽ താലൂക്കാശുപത്രി മുതലുള്ളവയിൽ മാത്രമേ ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കാവൂയെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുൻകാലങ്ങളിൽ സി.എച്ച്.സി./പി.എച്ച്.സി. കളിൽ പോലും പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും നിലവിൽ അങ്ങനെ ചെയ്യേണ്ട ആവശ്യമില്ലെന്ന് കൃത്യമായ നിർദ്ദേശം സർക്കാരിൽ നിന്നും നൽകിയിട്ടുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് വ്യക്തമാക്കി.

83. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

84. വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന തുക വിനിയോഗിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

85. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

86. കൊല്ലം വടക്കേവിള ഹോമിയോ ആശുപത്രി നിർമ്മാണ പദ്ധതിയുടെ ഫീസിബിലിറ്റിയെക്കുറിച്ച് ധാരണയില്ലാതെയാണ് 20 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതെന്നും 2010-11, 2011-12 കാലഘട്ടങ്ങളിൽ തുടർച്ചയായി ഒരേ പദ്ധതിക്ക് പണം വകയിരുത്തിയെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനം നടത്താതെ ഉപേക്ഷിക്കുകയാണ് ചെയ്തതെന്നും സ്ഥലം പോലും കണ്ടെത്താതെയാണ് തുക നീക്കിവച്ചിട്ടുള്ളതെന്നും വീഴ്ചകൾ ആവർത്തിക്കുകയാണെന്നും കൊല്ലം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാതൃകാ പദ്ധതി-വയോമിത്രം

കേരളത്തിലെ ജനസംഖ്യയുടെ 11% വൃദ്ധ ജനങ്ങളാണ്. വയോജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ആരോഗ്യമാണ് വയോമിത്രം ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ 5 നഗരസഭകളിലും, 35 മുനിസിപ്പാലിറ്റികളിലുമാണ് വയോമിത്രം പദ്ധതി നടപ്പാക്കി വരുന്നത്.

കൊച്ചി നഗരസഭയിൽ ഈ പദ്ധതിക്ക് 07.12.11 ൽ തുടക്കം കുറിച്ചു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും സംയുക്ത സംരംഭമായാണ് ഈ പദ്ധതി ആരംഭിച്ചത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സൗജന്യ വൈദ്യസഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. ഡോക്ടറും നഴ്സും, നഴ്സിംഗ് അറ്റൻഡറും അടങ്ങുന്ന ഈ ക്ലിനിക് തിങ്കൾ മുതൽ വെള്ളി വരെ നഗരസഭയുടെ വിവിധ ഡിവിഷനുകളിൽ ക്യാമ്പ് ചെയ്ത് രോഗികളെ പരിശോധിക്കുന്നു. 2012 മാർച്ച് വരെ 1673 പേർക്ക് ഇതുവഴി സൗജന്യ വൈദ്യസഹായം ലഭ്യമാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് ദൈനംദിന ജീവിതത്തിൽ

ആവശ്യമായി വരുന്ന യാത്ര, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ വയോമിത്രം ഹെൽപ്പ് ഡെസ്കിലൂടെ നൽകി വരുന്നു. നൂറിലധികം ആളുകൾക്ക് ഈ സേവനം നേരിട്ടും ഫോണിലൂടെയും ലഭ്യമാക്കുന്നുവെന്നത് ഇതിന്റെ വിജയമായാണ് കാണുന്നത്. ഇത് കൂടാതെയാണ് പാലിയേറ്റീവ് കെയറും ആബുലൻസിന്റെ സേവനവും നൽകുന്നുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കും തൃശ്ശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള കോട്ടപ്പുറം പഠനോദ്യാനകേന്ദ്രം വിട്ടുകൊടുക്കുകയുണ്ടായി. 55 ഡിവിഷനുകളിലായി 'വയോമിത്രം' പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിൽ 2600 വൃദ്ധജനങ്ങളുണ്ട്. ഇവരുടെ പരിചരണമേൽനോട്ടം 1 വീതം ഡോക്ടർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവരടങ്ങുന്ന മൊബൈൽ ക്ലിനിക് യൂണിറ്റുകൾ സ്ഥാപിച്ച് നിരീക്ഷിച്ചു വരുന്നു. കോർപ്പറേഷന്റെ 55 ഡിവിഷനുകളിലും ഈ സേവനം ലഭ്യമായി വരുന്നു. മാസംതോറും മരുന്നുകൾക്ക് മാത്രമായി 49000/- രൂപ ചെലവഴിച്ചു വരുന്നു. വൃദ്ധജനങ്ങൾ ഇന്ന് അനുഭവിക്കുന്ന ഒറ്റപ്പെടലിനും ദുരിതങ്ങൾക്കും ഒരു വലിയ കൈത്താങ്ങായി ഈ പദ്ധതികൾ മാറിയിട്ടുണ്ട്. അർഹതപ്പെട്ടവരെ ഇതിന്റെ ഗുണഭോക്താക്കളാക്കി മാറ്റുന്നതിന് വയോമിത്രം കാട്ടുന്ന ജാഗ്രത മാതൃകാപരവും പ്രശംസനീയവുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു

<u>ഓഡിറ്റ് ഖണ്ഡിക</u>

ആരോഗ്യ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല

14.05.2007-ലെ ജി.ഒ.(എം.എസ്)128/2007/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ മേഖലകളിൽ വിശദമായ വിലയിരുത്തൽ നടത്തുന്നതിനും പ്രോജക്ട് ആശയങ്ങൾ രൂപവൽക്കരിക്കുന്നതിനും

വർക്കിംഗ് ഗ്രൂപ്പുകൾ നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. സാമൂഹ്യാധിഷ്ഠിത വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനും, രോഗചികിത്സ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ, പുതിയ പശ്ചാത്തല സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പ്രോജക്ടുകൾ എന്നിവ ഉൾക്കൊള്ളിക്കുന്ന വിശദമായ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുമായി ചേർന്ന് പ്രവർത്തനം നടത്തേണ്ടതാണ്. "ആശുപത്രി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം" എന്ന സമീപനത്തിന് ഊന്നൽ നൽകി വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ വിശകലനത്തിൽ ആരോഗ്യ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പലയിടത്തും കാര്യക്ഷമമല്ല എന്നാണ് കാണാൻ കഴിഞ്ഞത്. കർമ്മസമിതിയുടെ പ്രവർത്തനങ്ങൾ ശുഷ്കമായതുകൊണ്ടുതന്നെ ഒരു സമഗ്ര ആരോഗ്യ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലം നഗരസഭയിൽ 2010-11 സാമ്പത്തിക വർഷത്തിൽ 3 ദിവസങ്ങളിൽ മാത്രം യോഗം ചേർന്നെങ്കിൽ 2011-12 വർഷത്തിൽ കർമ്മസമിതി യോഗം ചേർന്നതേയില്ല.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും വിധമുള്ള പ്രവർത്തനങ്ങൾ ആരോഗ്യ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ നിലവിലുള്ള അവസ്ഥാപഠനം, പോരായ്മകൾ കണ്ടെത്തൽ, ലക്ഷ്യം നിശ്ചയിക്കൽ, ലക്ഷ്യത്തിലെത്തിച്ചേരാൻ ലഭ്യമായ മനുഷ്യധനസ്രോതസ്സുകൾ വിനിയോഗിച്ചുകൊണ്ട് പ്രോജക്ടുകൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങൽ, പദ്ധതികളുടെ മോണിറ്ററിംഗ് എന്നീ

ഘട്ടങ്ങളിലൊന്നും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നടന്നിട്ടില്ല എന്ന് മിനിട്ട്സിൽ നിന്ന് വ്യക്തമാകുന്നു. 1996-ൽ തയ്യാറാക്കിയ പദ്ധതി രേഖയിൽ ആരോഗ്യ മേഖലയെക്കുറിച്ച് സമഗ്ര പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടും പോരായ്മകൾ പരിഹരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരുന്നെങ്കിലും പിന്നീട് പുരോഗതിയൊന്നും ഈ മേഖലയിൽ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശുഷ്കമായതുകൊണ്ട് തന്നെ ഒരു സമഗ്ര ആരോഗ്യ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2010-11 വർഷത്തിൽ സേവന മേഖലയിലെ ചെലവിന്റെ 4%ഉം 2011-12-ൽ 4.45%ഉം മാത്രമാണ് ആരോഗ്യ മേഖലയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന ആരോഗ്യ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അർഹിക്കുന്ന പരിഗണന 11-ാം പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്തിന് നൽകാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഉത്തരവാദിത്തം ഒരു പരിധിവരെ ആരോഗ്യ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുമാണെന്ന് വിലയിരുത്തുന്നു.

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിൽ ആരോഗ്യ മേഖല സംബന്ധിച്ച് മുന്നോട്ട് വച്ച എട്ട് (8) നിർദ്ദേശങ്ങളിൽ ആറും (6) ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മരുന്ന് ലഭ്യമാക്കുന്നതിനും ആയിരുന്നു. ട്രൈബൽ കോളനികളിൽ മേൽപറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2009-10 വർഷത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകാൻ വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ കർമ്മസമിതിയുടെ പ്രവർത്തനം തൃപ്തികരമാണ്. ആരോഗ്യ മേഖലയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. തൊളിക്കോട് പി.എച്ച്.സി. യിൽ ഇൻജക്ഷൻ റൂം പണിതതും, ചെട്ടിയാംപാറ ആയുർവേദ ആശുപത്രിക്കും തൊളിക്കോട് ആയുർവേദ ആശുപത്രിക്കും ഫർണിച്ചർ വാങ്ങിയതും പനയ്ക്കോട് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ

ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിന് നിർദ്ദേശം നൽകിയതും മാതൃകാപരമാണ്.

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ, കർമ്മസമിതി സജീവമാണ്. ആരോഗ്യമേഖലയിൽ പുതിയ പദ്ധതികൾ നിർദ്ദേശിക്കുവാനും അടിസ്ഥാന സൗകര്യ വികസനത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും കർമ്മസമിതി ശ്രദ്ധിക്കുന്നുണ്ട്. 2011-12 വർഷത്തിൽ ഇതിന്റെ ഫലമായി ഒട്ടേറെ മാതൃകാപദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുവാനും നടപ്പിലാക്കുവാനും സാധിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ കർമ്മസമിതികൾ രൂപീകരിച്ചിട്ടില്ല

കാസർഗോഡ് ജില്ലയിലെ പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ മേഖലയിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കർമ്മസമിതിയുടെ പ്രധാന പ്രവർത്തനങ്ങളായ മേഖലാ പഠനം, പദ്ധതികളുടെ രൂപീകരണം, മോണിട്ടറിംഗ് തുടങ്ങിയ ഘട്ടങ്ങളിലൊന്നും തന്നെ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. യഥാസമയം ചേരുന്നതിനും കർമ്മസമിതി വീഴ്ച വരുത്തിയിട്ടുണ്ട്. സമിതിയുടെ മിനിട്സ് പ്രകാരം 10.12.10 ന് ശേഷം 16.07.12 ന മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

പ്രോജക്ടുകൾ നിരീക്ഷിക്കുന്നതിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ പരാജയപ്പെടുന്നതാണ് ആരോഗ്യ മേഖലയിലെ സമഗ്ര വികസനത്തിന് വിഘാതമാകുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

88. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

89. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

90. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം വന്നതിനുശേഷം വിദഗ്ധരെ ഉൾപ്പെടുത്തി കർമ്മസമിതി രൂപീകരിച്ചിട്ടുണ്ടെന്നും പിന്നീടുള്ള കാലഘട്ടങ്ങളിലും കർമ്മസമിതികൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും കർമ്മസമിതിയിൽ വിദഗ്ധരായ അംഗങ്ങൾ ഉണ്ടെന്നാണ് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും എടവണ്ണ പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുണ്ടെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

91. കോളനികളിലെ ആരോഗ്യ സേവനത്തിനാവശ്യമായ പദ്ധതികൾ മതിയായ തോതിൽ നടപ്പിലാക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശം നിലനിൽക്കുകയാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

92. വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിച്ചിട്ടും പ്രോജക്ടിൽ ട്രൈബൽ കോളനികളിലേയ്ക്കുള്ള പദ്ധതികൾ വച്ചത് കഴിഞ്ഞ വർഷം മാത്രമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, മുൻ വർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ചും മുൻകാലങ്ങളിൽ ട്രൈബൽ വിഭാഗങ്ങൾക്കുവേണ്ടി പദ്ധതികൾ നടപ്പാക്കാത്തത് സംബന്ധിച്ചും ആരാഞ്ഞതിന്, പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശമാണ് രേഖയുള്ളതെന്നും മേൽ വിഷയങ്ങളിൽ വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റ് വിഭാഗത്തിന് നൽകാമെന്നും മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ആദിവാസി വിഭാഗങ്ങൾക്കുമാത്രമായി പ്രത്യേകം ബ്ലോക്ക് പ്രവർത്തിച്ചു വരുന്നുണ്ടെന്നും കൂടാതെ ആദിവാസി വിഭാഗങ്ങൾ താമസിച്ചുവരുന്ന കാളികാവ്, കരിവാരക്കുണ്ട്, എടക്കര, ചാലിയാർ, വഴിക്കടവ് പഞ്ചായത്തുകളിൽ എസ്.സി. പ്രൊമോട്ടർമാർ വഴി സേവനങ്ങൾ ചെയ്യുന്നുണ്ടെന്നും ഇവരുടെ വികസനത്തിനാവശ്യമായ പദ്ധതികൾ വരുംകാലങ്ങളിൽ ഉൾപ്പെടുത്താമെന്ന്

പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കാത്തത് സംബന്ധിച്ച വിവരം നിലവിൽ ശേഖരിച്ചിട്ടില്ലെന്നും ആയത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കാമെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

93. പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

94. തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

95. പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

96. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

97. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

98. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

99. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

100. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ ആദിവാസി വിഭാഗങ്ങൾക്കായി പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

101. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

102. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 173 എ പ്രകാരം സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാനുൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. 2000-ൽ ഇതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2010-ൽ ചട്ടം പുതുക്കി പുറപ്പെടുവിച്ചു. 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ശരിയായ പരിപാലനം, ആസൂത്രിത

വികസനം, മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നിവയാണ് ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കുറയാത്ത മാനേജിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ ധനകാര്യ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർ, അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളായിരിക്കേണ്ടതാണ്.

ഭൗതിക സൗകര്യങ്ങളും സേവനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഭരണചുമതലയുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശിപാർശകൾ നൽകുക, പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച് പഞ്ചവൽസര വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കുക തുടങ്ങിയ അധികാരങ്ങളും മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങൾ, രോഗ നിർണ്ണയ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക, പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തങ്ങളും ഉറപ്പിക്കുക തുടങ്ങി ഒട്ടേറെ ചുമതലകളും മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. മാനേജിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ രൂപവൽക്കരിക്കുന്ന ആശുപത്രി വികസനഫണ്ടിന്റെ സൂക്ഷിപ്പിന് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വിവിധ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ മേൽപ്പറഞ്ഞ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ വികസന സമിതി 11.10.1988-ൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടണമെന്ന സർക്കാർ നിർദ്ദേശം വികസനസമിതി പാലിക്കുന്നില്ല. 2004-05 മുതലുള്ള മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 15.11.08, 03.11.09, 03.11.11 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നതിന് യാതൊരു ശ്രമവും ഉണ്ടായിട്ടില്ല.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ആശുപത്രികളിലെ മാനേജിംഗ് കമ്മിറ്റികൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ആയുർവേദ ആശുപത്രിയിൽ 25.02.03 നുശേഷം സമിതി യോഗം ചേർന്നിട്ടില്ല. ഹോമിയോ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 02.12.2011 നു ശേഷം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. സമിതിയുടെ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചും ആശുപത്രിയുടെ സമഗ്രമായ വികസനം സംബന്ധിച്ചും സമിതി ശിപാർശകളൊന്നും നൽകിയിട്ടില്ല. വിവിധ മാർഗ്ഗങ്ങളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിലും ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ചാത്തല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 2010-ലെ പഞ്ചായത്ത് രാജ് പൊതുജനാരോഗ്യകേന്ദ്രം മാനേജിംഗ് കമ്മിറ്റി ചട്ടപ്രകാരമുള്ള കമ്മിറ്റി രൂപവൽക്കരിച്ചിട്ടില്ല. 16.06.07-ൽ രൂപവൽക്കരിച്ച ആശുപത്രി വികസന സമിതിയാണ് ഇപ്പോഴും നിലവിലുള്ളത്. 2010 നവംബറിൽ ഗ്രാമപഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നെങ്കിലും ആശുപത്രി മാനേജിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടില്ല. നിലവിലുള്ള വികസനസമിതിയുടെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് ബാങ്ക് അക്കൗണ്ട് തുറക്കുകയോ, ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വരവ്-ചെലവ്, നീക്കിയിരുപ്പ് എന്നിവ ആശുപത്രിയിലെ ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ രണ്ട് ആയുർവേദാശുപത്രികളിൽ ഉദയപുരത്തുള്ള ആയുർവേദ ആശുപത്രിയിൽ മാത്രമേ നിലവിൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളൂ. 06.01.05-ലെ യോഗത്തിനുശേഷം പ്രസ്തുത കമ്മിറ്റി 7 വർഷത്തിനുശേഷം 24.07.12-ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മാനേജിംഗ് കമ്മിറ്റികൾ നിലവിൽ പ്രവർത്തനരഹിതമാണ്.

പെരുമ്പാവൂർ നഗരസഭയിൽ ആശുപത്രി നിർവ്വഹണസമിതി രൂപീകരിച്ച് ആദ്യമായി യോഗം ചേർന്നത് 30.06.07 നാണ്. സമിതിയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി ചേരുന്നുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ മാസത്തിലൊരിക്കലും ചിലപ്പോൾ മാസത്തിൽ രണ്ടും യോഗങ്ങൾ ചേരുന്നുണ്ട്. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ വിലയിരുത്തുകയും പരാതികളെക്കുറിച്ച് അന്വേഷിക്കുകയും കണക്കുകൾ പാസ്സാക്കുകയും ചെയ്യുന്നതാണ് സമിതിയുടെ യോഗങ്ങളിലെ സ്ഥിരം കാര്യപരിപാടി. മിനിട്ട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ക്രിയാത്മക നിർദ്ദേശം, എം.പി.യുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനും ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം തുടങ്ങുവാനുമാണ്.

കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിൽ 08.02.11 ലാണ് നിലവിലുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചത്. ഇതിനകം 6 യോഗങ്ങൾ ചേർന്നു. ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യോഗങ്ങളിൽ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു. എച്ച്.എം.സി.യുടെ കീഴിൽ ലാബ്, ഫാർമസി, എക്സ്റേ യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. എക്സ്റേ യൂണിറ്റിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത്.

പരിശോധനയ്ക്ക് വിധേയമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വിശദാംശങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

ജില്ല	തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ	ആരോഗ്യകേന്ദ്രം	HMC രൂപീകരിച്ച തീയതി	HMC യുടെ കീഴിൽ പ്രവർത്തിക്കുന്ന medl. shop, lab എന്നിവയുടെ വിവരം	വരവ് ചെലവ് കണക്ക് ഓഡിറ്റ് ഹാജരാക്കുന്നത്	HMC പ്രവർത്തനം
കൊല്ലം	പന്മന ഗ്രാമ പ.	ഗവ.ആയുർവേദ ആശുപത്രി കുറ്റിവട്ടം ഗ്രാമ. പ.	05.06.08	ലാബ്, ഫാർമസി, എക്സറേ യൂണിറ്റ്	ഇല്ല	05.08.10 വരെ 5 യോഗങ്ങൾ. HMC പുന:സംഘടിപ്പിച്ചിട്ടില്ല
	മയ്യനാട് ഗ്രാമ പ.	സി. കേശവൻ സ്മാരക CHC, ആയൂർ ഡിസ്പെൻസറി	08.02.11		ഇല്ല	6 യോഗങ്ങൾ ചേർന്നു, ആശുപത്രി വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്തു നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്.
പത്തനംതിട്ട	ഓമല്ലൂർ ഗ്രാമ. പ.	ഗവ. ആയുർവേദ ആശുപത്രി	11.10.98	മെഡിക്കൽ ഷോപ്പ്	-	സർക്കാർ നിർദ്ദേശത്തിനനുസരിച്ച് യോഗം ചേരുന്നില്ല, മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല.
	തിരുവല്ല നഗരസഭ	ഗവ. താലൂക്ക് ആശുപത്രി, പ്രാഥമിക ആരോഗ്യകേന്ദ്രം ഓമല്ലൂർ	31.01.08		2009-10 വരെയുള്ള കണക്കുകൾ ഹജരാക്കി	പ്രവർത്തനം കാര്യക്ഷമമല്ല.
ആലപ്പുഴ	ചേർത്തല നഗരസഭ	താലൂക്ക് ആയുർവേദ ആശുപത്രി, ചേർത്തല			ഇല്ല	സർക്കാർ നിർദ്ദേശാനുസരണം യോഗം കൂടുന്നില്ല
കോട്ടയം	മാഞ്ഞൂർ ഗ്രാമ പ.	പ്രൈമറി ഹെൽത്ത് സെന്റർ കുറുപ്പന്തറ, ആയുർവേദ ഹോസ്പിറ്റൽ, ഹോമിയോ ആശുപത്രി	28.06.05 01.03.10 രൂപീകരിച്ചിട്ടില്ല			18.11.11 ന് ശേഷം യോഗം ചേർന്നിട്ടില്ല
	മുനിസിപ്പാലിറ്റി കോട്ടയം	ഗവ. PHC നാട്ടകം	2001	ഇല്ല		മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു. ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കാറുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.3.6.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3684 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ 987 എണ്ണം മാത്രമാണ് 2021-22 കാലയളവുവരെ അക്കൗണ്ട്സ് സമർപ്പിച്ചിട്ടുള്ളതെന്നും അതിൽ ഓഡിറ്റ് പരിശോധന നടന്നിട്ടുള്ളത് 601 എണ്ണത്തിന് മാത്രമാണെന്നും 1200-ൽപ്പരം എച്ച്.എം.സി.കളുടെ അക്കൗണ്ട്സ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും എച്ച്.എം.സി.കൾ കൃത്യമായി കണക്കുകൾ ഓഡിറ്റ് വിഭാഗത്തിന് നൽകുന്നില്ലെന്ന പരാതി ഉയർന്നുവന്നിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ഏകോപനമില്ലെന്നത് വസ്തുതയാണെന്നും എല്ലാ എച്ച്.എം.സി.കളും കൃത്യമായ വിവരം നൽകേണ്ടതാണെന്നും സമിതി വിശദമാക്കി.

104. ആരോഗ്യ വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് ടീം മൂന്ന് റീജിയണായി പ്രവർത്തിക്കുന്നുണ്ടെന്നും അവർ ഓഡിറ്റ് ചെയ്ത് റിപ്പോർട്ടുകൾ അതത് സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്ത് ഒരു മാസത്തിനുള്ളിൽ കൃത്യമായ റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശം നൽകുന്നുണ്ടന്നും നിലവിൽ ഓഡിറ്റ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും വ്യക്തമാക്കിയ ആരോഗ്യ വകുപ്പ് ഡയറക്ടർ സമിതി പരാമർശിച്ച വിഷയങ്ങളെപ്പറ്റി പരിശോധിക്കാമെന്ന് ഉറപ്പ് നൽകി.

105. എച്ച്.ഡി.എസ്.കളുടെയും എച്ച്.എം.സി.കളുടെയും ഓഡിറ്റ് നടത്താനായി സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആശുപത്രി വികസന സമിതികളുടെ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയും ആയത് ഓഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്നാണ് നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും എച്ച്.എം.സി.കൾ കൃത്യസമയത്ത് കണക്കുകൾ സമർപ്പിക്കുന്നില്ലെന്നുള്ളതാണ് പരാമർശമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

106. കൂടാതെ എച്ച്.എം.സി.കൾക്ക് വാർഷിക അക്കൗണ്ട്സ് തയ്യാറാക്കണമെന്ന പൊതുനിർദ്ദേശത്തിന്മേൽ ഒരു ഏകോപനം ഉണ്ടാവുന്നത് ഉചിതമായിരിക്കുമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ നിയമപ്രകാരം അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനെതിരെ നിയമ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ടെന്നും അത് പ്രായോഗിക തലത്തിൽ പ്രയാസമുണ്ടാക്കുന്ന കാര്യമായതുകൊണ്ടാണ് വകുപ്പുതലത്തിൽ ഏകോപനത്തിനാവശ്യപ്പെടുന്നതെന്നും എച്ച്.എം.സി. കളുടെ വാർഷിക കണക്കുകൾ ഓഡിറ്റ് വകുപ്പിന് ലഭിച്ചവയും ലഭിക്കാത്തവയും സംബന്ധിച്ച വിവരം ആരോഗ്യ വകുപ്പിന് നൽകാമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

107. എച്ച്.എം.സി.കളുടെ വാർഷിക അക്കൗണ്ട്സ് തയ്യാറാക്കുന്നതിൽ ഏകോപനം ഉണ്ടാവണമെന്ന നിർദ്ദേശം എല്ലാ എച്ച്.എം.സി.കൾക്കും ഡി.എച്ച്.എസ്. മുഖേന നൽകുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിക്ക് ഉറപ്പു നൽകി.

108. കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് കൃത്യമായി നൽകണമെന്ന് എല്ലാ എച്ച്.എം.സി.കൾക്കും നിർദ്ദേശം നൽകണമെന്നും അവ ഉറപ്പ് വരുത്തണമെന്നും വ്യക്തമാക്കിയ സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

109. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ സർക്കാർ ആയുർവേദ ആശുപത്രിയുടെ മാനേജ്മെന്റ് കമ്മിറ്റി തീരുമാനങ്ങൾ ഏറെക്കുറെ നടപ്പിലാക്കുന്നുണ്ടെന്നാണ് ഓമല്ലൂർ പഞ്ചായത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുള്ളതെന്നും ഇത്തരത്തിൽ കൃത്യതയില്ലാത്ത മറുപടി നിയമസഭാ സമിതിക്ക് നൽകുന്നത് ഉചിതമല്ലെന്നും വളരെ ഉറപ്പായ മറുപടിയാണ് സമിതിക്ക് നൽകേണ്ടതെന്നും എച്ച്.എം.സി.കൾ എടുക്കുന്ന തീരുമാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോയെന്നാണ് അറിയേണ്ടതെന്നും സമിതി വ്യക്തമാക്കി. ആയതിന്, എച്ച്.എം.സി.കൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്നും മൂന്ന് മാസം കൂടുമ്പോൾ അവ ആദ്യ യോഗം ചേരുന്നുണ്ടെന്നും ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

110. ഓഡിറ്റ് വിഭാഗത്തിന് കൃത്യമായ കണക്ക് കൊടുക്കുന്നില്ലെന്ന പരാതി ഉയർന്നിട്ടുണ്ടെന്നും മേലിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്നും സൂചിപ്പിച്ച സമിതി, വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

111. ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ നിലവിലില്ലെന്ന റിപ്പോർട്ടാണ് നൽകിയിരിക്കുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

112. പഞ്ചായത്തിൽ ഹോമിയോ, ആയുർവേദ ആശുപത്രികളിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ യോഗം ചേരുന്നുണ്ടെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. എച്ച്.എം.സി.കളുടെ വാർഷിക അക്കൗണ്ട്സ് തയ്യാറാക്കി ഓഡിറ്റ് വിംഗിന് നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആയത് സംബന്ധിച്ച് വ്യക്തതയില്ലെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എച്ച്.എം.സി.കളുടെ വാർഷിക കണക്കുകൾ കൃത്യമായി ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

113. ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുകയോ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഡി.എം.ഒ. മാർ ഓൺലൈൻ മുഖാന്തരം യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്നും അവർ ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുവരുത്താമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് മറുപടി നൽകി.

114. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരണമെന്നും വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

115. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

116. എച്ച്.ഡി.എസ്.ന്റെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് സംബന്ധിച്ച പരാമർശം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും മേൽ പ്രശ്നം നിലനിൽക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയ ഓഡിറ്റ് വകുപ്പ് ഡയറക്ടർ, കോഴിക്കോട് എച്ച്.ഡി.എസ്.ന്റെ അക്കൗണ്ട്സ് മാത്രമേ ഓഡിറ്റിനായി ലഭ്യമായിട്ടുള്ളൂവെന്നും അതിന്റെ വിശദവിവരം കളക്ടറേറ്റിൽ ലഭ്യമാണെന്നും അറിയിച്ചു.

117. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

118. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിക്കവേ ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും ഏത് തലത്തിലുള്ള ആശുപത്രികളിലാണ് ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കുന്നതെന്നും സമിതി ആരാഞ്ഞു. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിങ്ങനെയുള്ള പ്രധാന ആശുപത്രികളിലാണ് ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കുന്നതെന്നും സി.എച്ച്.സി.കളിലും താലൂക്ക് ആശുപത്രികളിലും സംഭരണ സൗകര്യം മാത്രമേ ഉണ്ടാവുകയുള്ളൂവെന്നും ബ്ലഡ് ബാങ്ക് ഉള്ള ആശുപത്രികളിൽ ഒരു മെഡിക്കൽ സ്പെഷ്യലിസ്റ്റിന്റെ സേവനം ലഭ്യമായിരിക്കണമെന്നും കൂടാതെ അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ്ജ് മറുപടി നൽകി.

119. പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ എം.പി.യുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് തുടങ്ങാനും ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്,

പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ടെന്ന് പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

120. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

121. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശവും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മയ്യനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവും ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

122. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശവും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവല്ല നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശവും ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

123. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

124. കോട്ടയം ജില്ലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ എച്ച്.എം.സി.യുടെ കണക്കുകളിൽ പിശകുകൾ വരുത്തിയിട്ടുള്ള സൂപ്രണ്ടുമാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ്ജ് സമിതിയെ ബോധിപ്പിച്ചു.

125. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം മുനിസിപ്പാലിറ്റി എന്നിവ സംബന്ധിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

126. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് കൃത്യമായി നൽകണമെന്ന് എല്ലാ എച്ച്.എം.സി.കൾക്കും നിർദ്ദേശം നൽകണമെന്നും നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

127. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ സർക്കാർ ആയുർവേദ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഓഡിറ്റ് വിഭാഗത്തിന് കൃത്യമായ കണക്ക് കൊടുക്കുന്നില്ലെന്ന പരാതി ഉയർന്നിട്ടുണ്ടെന്നും മേലിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

128. പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

129. മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ കൃത്യമായി ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

130. ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേരണമെന്നും വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

131. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

132. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

133. പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

134. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും മയ്യനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

135. ചേർത്തല നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

136. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം മുനിസിപ്പാലിറ്റി എന്നിവ സംബന്ധിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം

ആതുര ശുശ്രൂഷാരംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനുദ്ദേശിച്ച് ദേശീയതലത്തിൽ നടപ്പാക്കി വരുന്ന കർമ്മ പരിപാടിയാണ് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം.). കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗ്രാമീണ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി

2005-06 മുതൽ കേരളത്തിൽ നടപ്പാക്കി വരുന്നു. പദ്ധതിയുടെ ആദ്യഘട്ടം 2011-12 സാമ്പത്തികവർഷം അവസാനിച്ചു. രണ്ടാംഘട്ടം 2012-2013 സാമ്പത്തിക വർഷം മുതൽ കേരളത്തിൽ സമഗ്രമായി നടപ്പിലാക്കി വരുന്നു. കേരളത്തിൽ പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സൊസൈറ്റി (ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി) രൂപീകരിക്കുകയും അവയ്ക്ക് 'ആരോഗ്യ കേരളം' എന്ന് പേര് നൽകുകയും ചെയ്തു.

2005 ഏപ്രിലിൽ ആരംഭിച്ച ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ഗ്രാമങ്ങളിലെ ദരിദ്രർക്ക് എളുപ്പത്തിൽ കുറഞ്ഞ ചെലവിൽ ഉത്തരവാദിത്തത്തോടെ ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ നൽകാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ലക്ഷ്യങ്ങളിൽ ശിശു മാതൃ മരണ നിരക്കുകൾ കുറയ്ക്കൽ, പൊതുജനാരോഗ്യ സേവനങ്ങളുടെ സാർവ്വത്രിക ലഭ്യത ഉറപ്പാക്കൽ, പകർച്ചവ്യാധികളുടെയും മറ്റ് രോഗങ്ങളുടെയും പ്രതിരോധവും നിയന്ത്രണവും, ജനസംഖ്യ വർദ്ധനവ് തടയൽ, പ്രാദേശിക ആരോഗ്യ പൈതൃകത്തിന്റെ പുനരുജ്ജീവനം, ആയുഷ് (AYUSH) പ്രവർത്തനം മുഖ്യധാരയിലേക്ക് എത്തിക്കൽ, ആരോഗ്യകരമായ ജീവിത ശൈലിയുടെ പ്രോത്സാഹനം എന്നിവ ഉൾപ്പെടുന്നു. എല്ലാതലങ്ങളിലും അന്തർമേഖലാ സംയോജനത്തോടുകൂടിയതും പൂർണ്ണവും പ്രവർത്തനക്ഷമവും സമൂഹാധീശത്വമുള്ളതും വികേന്ദ്രീകൃതവുമായ ആരോഗ്യസേവന സംവിധാനം സ്ഥാപിക്കുന്നതിനാണ് ദൗത്യം ഊന്നൽ നൽകുന്നത്. രോഗ കേന്ദ്രീകൃത സമീപനത്തിൽ നിന്നും പ്രവർത്തനാധിഷ്ഠിത ആരോഗ്യസംവിധാനത്തിലേക്കുള്ള മാറ്റത്തിനു വേണ്ടിയാണ് എൻ.ആർ.എച്ച്.എം. ശ്രമിക്കുന്നത്.

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പരിപാടിയുടെ നടത്തിപ്പിനായുള്ള ധനസഹായം ലഭിക്കുന്നത് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്കാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പലതും മാതൃശിശു പ്രവർത്തനങ്ങൾക്ക് എൻ.ആർ.എച്ച്.എം. ഫണ്ടാണ് ഉപയോഗിക്കുന്നത്. മാതൃ ശിശു പരിപാലനത്തിന്റെ ഭാഗമായുള്ള പോഷകാഹാര

വിതരണം, പ്രതിരോധ മരുന്ന് വിതരണം, ശുചിത്വപരിപാലനം തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് എൻ.ആർ.എച്ച്.എം. വഴി നടക്കുന്നത്. ഫണ്ട് ഫലവത്തായി വിനിയോഗിച്ചതിലൂടെ സർക്കാർ ആശുപത്രികളുടെ സേവനം കൂടുതൽ മെച്ചപ്പെട്ടു ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി വഴി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ

- ജനനി സുരക്ഷാ യോജന
- ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ
- അർബൻ ആർ.സി.എച്ച്.
- ട്രൈബൽ ഹെൽത്ത്
- വിദ്യാലയാരോഗ്യ പദ്ധതി
- സിസ്റ്റം അഡ്മിനിസ്ട്രേഷൻ
- ആശാ പദ്ധതി
- ഭൂമിക
- സമഗ്ര ആരോഗ്യ പദ്ധതി
- പാലിയേറ്റീവ് പരിചരണ പദ്ധതി

സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 204/06/ആകുവ, തീയതി 22 സെപ്റ്റംബർ 2006 പ്രകാരം സംസ്ഥാന സൊസൈറ്റി ഗവേണിംഗ് ബോഡിയുടെ ചെയർപേഴ്സൺ ആരോഗ്യമന്ത്രിയും, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർപേഴ്സൺ ആരോഗ്യ വകുപ്പ് സെക്രട്ടറിയുമാണ്. ഇതു കൂടാതെ സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അധ്യക്ഷനായുള്ള സംസ്ഥാന ആരോഗ്യ മിഷനും നിലവിലുണ്ട്. സംസ്ഥാന എൻ.ആർ.എച്ച്.എം. പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയിട്ടാണ് ധനസഹായം സംസ്ഥാന സൊസൈറ്റിക്ക് നൽകുന്നത്. ജില്ലകളിലെ പ്രവർത്തനം നടപ്പിലാക്കാൻ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.



<u>ആയുഷ് പ്രോജക്ട് ആശുപത്രിയുമായി ഏകോപിച്ച് പ്രവർത്തിക്കുന്നില്ല</u>

ആയുർവേദ, യോഗ, യുനാനി, സിദ്ധ, ഹോമിയോ എന്നീ ചികിത്സാ മേഖലകളെ മുഖ്യധാരയിലെത്തിക്കുക എന്നത് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ മുഖ്യപരിപാടികളിലൊന്നാണ്. ഇതിനായി എൻ.ആർ.എച്ച്.എം.ന്റെ ഭാഗമായി നടപ്പാക്കി വരുന്ന പ്രോജക്ടാണ് ആയുഷ്. പ്രോജക്ട് മുഖേന 30 ലക്ഷം രൂപ വകയിരുത്തി പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ

ആശുപത്രി കെട്ടിടം നിർമ്മിക്കുന്ന പദ്ധതിക്ക് അനുമതി ലഭിച്ചിരുന്നു. ഇത്തരം ഒരു പദ്ധതി യഥാർത്ഥത്തിൽ നിലവിലുണ്ടോയെന്നും എപ്രകാരമാണ് പദ്ധതി നടപ്പാക്കുന്നതെന്നുമുള്ള വിശദാംശങ്ങളൊന്നും തന്നെ ആയുർവേദാശുപത്രി അധികൃതർക്കോ, ISM ജില്ലാ ഓഫീസിനോ ഗ്രാമപഞ്ചായത്തിനോ ലഭിച്ചിട്ടില്ല. ആയുഷ് പദ്ധതിക്ക് ഗ്രാമപഞ്ചായത്തുമായി ഏകോപനമില്ലാത്തതിനാൽ പദ്ധതിയുടെ ഗുണഫലം ആശുപത്രിക്ക് ലഭ്യമായിട്ടില്ല.

ആലുവ നഗരസഭയിൽ സർക്കാർ ആയുർവേദ ആശുപത്രി വളപ്പിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചാണ് ബി-ബ്ലോക്ക് കെട്ടിടം പണികഴിപ്പിച്ചത്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തന്നെ 4 തെറാപ്പിസ്റ്റുകളെ നിയമിച്ച് അവരുടെ സേവനം ആശുപത്രിയിൽ പ്രയോജനപ്പെടുത്തിവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

137. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

138. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ ആരോഗ്യ പദ്ധതി

സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രമായ ആരോഗ്യപരിപാലനം മുഖ്യലക്ഷ്യമാക്കി ആരോഗ്യ കേരളം രൂപകൽപ്പന ചെയ്ത നവീന സംരംഭമാണ് സ്കൂൾ ആരോഗ്യ പദ്ധതി. ആരോഗ്യ-വിദ്യാഭ്യാസ-കായിക തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിലൂടെ എൽ.കെ.ജി. മുതൽ ഹയർ സെക്കണ്ടറിവരെയുള്ള വിദ്യാർത്ഥികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നു. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ സഹകരണം ഈ പദ്ധതിക്കുണ്ട്. 2008 ലാണ് സ്കൂൾ ആരോഗ്യ പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യരേഖ എന്ന നിലയ്ക്ക് സ്കൂൾ ടി.സി.യും ഹെൽത്ത് റെക്കോർഡും സംയോജിപ്പിച്ചുകൊണ്ടുള്ള നൂതന സംരംഭം വിദ്യാലയാരോഗ്യ പരിപാടിയുടെ മുഖ്യ ആകർഷണമാണ്. കുട്ടിയുടെ ആരോഗ്യം സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ റെക്കോർഡിൽ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർത്ഥികളുടെ ഒരു സമഗ്ര ആരോഗ്യ രേഖയായി ഈ ഹെൽത്ത് കാർഡ് മാറും. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 1150 സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് ഈ പദ്ധതി വിജയകരമായി നടപ്പാക്കിയത്. പി.എച്ച്.സി. സേവനങ്ങൾ, ആരോഗ്യ ബോധവൽക്കരണം, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം, കൗൺസിലിംഗ് സൗകര്യം തുടങ്ങിയ സേവനങ്ങൾ വിദ്യാലയ ആരോഗ്യ പരിപാടിയിലൂടെ ലഭ്യമാകുന്നു.

ചികിത്സ സേവനം, പ്രതിരോധ പ്രവർത്തനം, ആരോഗ്യ വിദ്യാഭ്യാസം, സ്കൂൾ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, വിവരശേഖരണം, ഹൈസ്കൂൾ-ഹയർ സെക്കഡറി സ്കൂൾ കുട്ടികളെ സംഘടിപ്പിച്ച കൊണ്ടുള്ള വീഡിയോ ഫെസ്റ്റിവൽ എന്നിവയും പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. രോഗവിമുക്തരായ വിദ്യാർത്ഥികളിലൂടെ ആരോഗ്യ പൂർണ്ണമായ സമൂഹത്തെ സൃഷ്ടിക്കുകയാണ് ലക്ഷ്യം

ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുത്ത 10% ത്തോളം (1156 സ്കൂളുകൾ) സ്കൂളുകളിൽ 2008 ൽ നടപ്പിലാക്കി തുടങ്ങിയ ആരോഗ്യ പദ്ധതി ഘട്ടം

ഘട്ടമായി കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2011-12 ൽ 25% (3337 സ്കൂളുകൾ) സ്കൂളുകളിൽ നടപ്പാക്കി.

ശിശുക്ഷേമ മെഡിക്കൽ ക്യാമ്പ്

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ, എയ്ഡഡ് മേഖലയിലെ എൽ.പി., യു.പി. സ്കൂളുകളിലെ കുട്ടികളെ സ്കൂളിൽവച്ച് വിദഗ്ധ ഡോക്ടർമാർ പരിശോധിക്കുകയും, ഔഷധം ആവശ്യമുള്ള കുട്ടികൾക്ക് അവ ആയുർവേദ ആശുപത്രിയിൽ വച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന ഈ പദ്ധതി വിജയകരമായി പ്രവർത്തിക്കുന്നു. സ്കൂൾ അധികൃതരുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഓരോ കുട്ടിയ്ക്കും ഹെൽത്ത് കാർഡ് നൽകുകയും, ഔഷധ സേവയുടെ വിശദാംശങ്ങൾ ഇതിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികളിലെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാനും, രോഗങ്ങൾ ശൈശവാവസ്ഥയിൽ തന്നെ കണ്ടെത്തുവാനും ചില പഠനവൈകല്യങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുവാനും ഇതുമൂലം സാധിക്കും. ഇതുവരെ 262 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഈ പദ്ധതി സഹായകമാകും. രൂപ 1,76,330/- ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

ആയുർമുകളം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിലെ എൽ.പി. സ്കൂൾ വിദ്യാർത്ഥികളുടെ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ നൽകുന്നതിന് പഞ്ചായത്ത് വിഭാവനം ചെയ്ത പ്രത്യേക ആരോഗ്യ പരിപാടിയാണ് ആയുർമുകളം പദ്ധതി. ഈ പരിപാടിയിലേക്കായി ഒരു ലക്ഷം രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയെങ്കിലും നാളിതുവരെയായി പദ്ധതി നടപ്പാക്കിയിട്ടില്ല. വാങ്ങിയ മരുന്നുകൾ ആയുർവേദാശുപത്രിയിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. എന്നാൽ ആശുപത്രിയിൽ മരുന്നുകൾ ശാസ്ത്രീയമായി സൂക്ഷിക്കാൻ സംവിധാനമില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും ഭാവനാശൂന്യമായ കാഴ്ചപ്പാടുകളാണ് ഇത്തരം പദ്ധതികളെ പരാജയത്തിലെത്തിക്കുന്നത്.

ഏറത്ത് ഗ്രാമപഞ്ചായത്തിലെ മാതൃകാപ്രവർത്തനങ്ങൾ

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.യുടെ ആഭിമുഖ്യത്തിൽ കാര്യക്ഷമമായി നടപ്പാക്കിയ പദ്ധതിയാണ് സ്കൂൾ ഹെൽത്ത് പ്രോഗ്രാം. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 12 സ്കൂളുകളാണ് ഉള്ളത്. ചൂരക്കോട് എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിൽ എല്ലാ ആഴ്ചയും സ്പെഷ്യൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ വടക്കടത്തുകാവ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും ആഴ്ചയിൽ ഒരു ദിവസം ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ നേതൃത്വത്തിലുള്ള ടീം സന്ദർശിക്കുന്നുണ്ട്. ബാക്കി എല്ലാ സ്കൂളുകളിലും മാസത്തിൽ ഒരു പ്രാവശ്യം വീതം പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. ഡോക്ടറുടെ നേതൃത്വത്തിലുള്ള പരിശോധന പ്രതിമാസം ശരാശരി 2 സ്കൂളുകളിലെങ്കിലും നടക്കുന്നു. ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്ന പി.എച്ച്.സി.കളിൽ ഒന്നാണ് ഏറത്ത് പ്രാഥമികാരോഗ്യകേന്ദ്രം.

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഹൈസ്കൂളിൽ എൻ.ആർ.എച്ച്.എം.ന്റെ നേതൃത്വത്തിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടത്തി വരുന്നു. സ്ക്രീനിംഗ് ക്യാമ്പ്, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ് എന്നിവ നടത്തുന്നു. ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

സ്കൂൾ ആരോഗ്യപദ്ധതി - പൂർണ്ണ പരാജയം

ആയുർവേദ വകുപ്പ് മുഖേന 2011-12 വർഷം പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ സ്കൂൾ ആരോഗ്യപദ്ധതി പൂർണ്ണ പരാജയമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളിലേക്ക് വാങ്ങിയ മരുന്ന് വിതരണം ചെയ്യാതെ ഇപ്പോഴും ISM ജില്ലാ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്കൂൾ വിദ്യാർത്ഥികളുടെ പോഷക കുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് സഹായകമാകുമായിരുന്ന പദ്ധതി തദ്ദേശ സ്ഥാപനവും വകുപ്പും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവത്തിൽ പരാജയപ്പെട്ടു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

139. സ്കൂൾ ആരോഗ്യ പദ്ധതി എന്ന പേരിൽ തുടർ വർഷങ്ങളിൽ പഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി.

140. കുട്ടികൾക്ക് ഹെൽത്ത് കാർഡ് കൊടുക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സ്കൂളുകളിൽ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുകയും കുട്ടികളെ പരിശോധിച്ച് ചെറിയ അസുഖങ്ങൾക്ക് ചികിത്സ നൽകുകയും ചെയ്തിരുന്നുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ അത് കൃത്യമായി നടത്താൻ സാധിച്ചിരുന്നില്ലെന്നും നിലവിൽ അനീമിയ പ്രതിരോധിക്കുന്നതിനായി സ്കൂളുകളിൽ അയൺ ഫോളിക് ആസിഡ് വിതരണം ചെയ്യുന്നുണ്ടെന്നും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് മറുപടി നൽകി.

141. കോവിഡാനന്തര പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് ഹെൽത്ത് കാർഡ് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി, ഒന്നാം ക്ലാസ് മുതൽ കുട്ടികളുടെ ആരോഗ്യ സ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നോൺ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ഹെൽത്ത് കാർഡ് നടപ്പാക്കിക്കഴിഞ്ഞുവെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ആയതിന് മറുപടി നൽകി.

142. സംസ്ഥാനത്ത് കോവിഡിനുശേഷം ആരോഗ്യപരമായ ധാരാളം പ്രശ്നങ്ങളുണ്ടാകുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, കുട്ടികളുടെ കായികക്ഷമതയെയും പ്രതിരോധ ശക്തിയെയും സംബന്ധിച്ച് വ്യക്തമായ ധാരണയില്ലെന്നും സ്പോൺസർമാരെ കണ്ടെത്തിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ സർക്കാർ മുൻകയ്യെടുത്ത് സ്കൂളുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുമോയെന്ന് ആലോചിക്കണമെന്നും അറിയിച്ചു. ആയതിന് നിലവിൽ നഴ്സുമാരുടെ സേവനം സ്കൂളുകളിൽ ലഭ്യമാണെന്ന് അറിയിച്ച ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് നിലവിൽ ഡോക്ടർമാരുടെ എണ്ണം കുറവാണെന്നും പുതിയ ഡോക്ടർമാരുടെ നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ സേവനം സ്കൂളുകളിൽ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാമെന്നും വ്യക്തമാക്കി. രക്ഷകർത്താക്കൾക്ക് വ്യക്തമായ ധാരണയില്ലാത്തതിനാൽ കുട്ടികളുടെ പഠന വൈകല്യം, ഓട്ടിസം തുടങ്ങിയവ കണ്ടെത്തുന്നത് വളരെ വൈകിയാണെന്നും നേരത്തെ കണ്ടെത്തിയാൽ ഒരു പരിധി വരെ പ്രശ്നങ്ങൾ നിയന്ത്രിക്കാൻ സാധിക്കുമെന്നും വളരെ വൈകി കണ്ടെത്തുന്നതുമൂലം പരിഹാരമുണ്ടാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നുണ്ടെന്നും അതിന് ഫലപ്രദമായ ഒരു സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ടെന്നും ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ (ബി.ആർ.സി.) കൂടുതൽ സജീവമാക്കാൻ കഴിയണമെന്നും ബി.ആർ.സി. കളുടെ ഈ രംഗത്തുള്ള പ്രവർത്തനം നിലവിൽ തൃപ്തികരമല്ലെന്നും അവയുടെ പ്രവർത്തനം കുറേക്കൂടി സജീവമാക്കുവാൻ കഴിയണമെന്നും സമിതി അഭിപ്രായപ്പെട്ടു.

143. സംസ്ഥാനത്ത് എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും 2008-09 മുതൽ നടപ്പിലാക്കി വരുന്ന സ്കൂൾ ആരോഗ്യ പദ്ധതിയിൽ എൽ.കെ.ജി. മുതൽ പ്ലസ് ടു വരെയുള്ള കുട്ടികളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് ഒരു ബുക്കായി രേഖപ്പെടുത്തുന്നുണ്ടെന്നും അതിന് നിയോഗിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാർ ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടവരായിരുന്നുവെന്നും എന്നാൽ 2013-ൽ ദേശീയ തലത്തിൽ പ്രസ്തുത

നയത്തിന് മാറ്റം വരികയും ആറ് വയസിൽ താഴെയുള്ള കുട്ടികൾക്ക് പ്രാധാന്യം നൽകി വൈകല്യങ്ങളുണ്ടെങ്കിൽ നേരത്തേ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) എന്ന പദ്ധതിയിലേയ്ക്ക് മാറുകയും ചെയ്തുവെന്നും തത്ഫലമായി, സ്കൂളുകളിൽനിന്നും അങ്കണവാടി തലത്തിലേയ്ക്കും പ്രീപ്രൈമറി സ്കൂളുകളിലേയ്ക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടൊപ്പം കേരളം പ്രത്യേക താല്പര്യമെടുത്ത് സ്കൂളുകളിൽ അവരെ നിലനിർത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നിലവിലുണ്ടെന്നും വിവരങ്ങളെല്ലാം ഡിജിറ്റൽ റിപ്പോർട്ടായി സൂക്ഷിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ഒരു ഡിജിറ്റൽ ഫോം തയ്യാറാക്കിയിട്ടുണ്ടെന്നും കുട്ടികളുടെ യൂണിക് ഐ.ഡി. അടിസ്ഥാനമാക്കി ഇതുവരെ ഏതാണ്ട് 24 ലക്ഷം കുട്ടികളുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും ആഴ്ചയിൽ മൂന്ന് ദിവസം സ്ക്രീനിംഗ് നടക്കുന്നുവെന്നും കൂടാതെ, ദേശീയതലത്തിൽ ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം എന്ന പുതിയ പദ്ധതി നിലവിൽ വന്നിട്ടുണ്ടെന്നും സംസ്ഥാനത്ത് ഇതിന്റെ ഭാഗമായി നോഡൽ ടീച്ചർമാരുടെ ട്രെയിനിംഗ് ആരംഭിക്കുന്നതാണെന്നും പ്രസ്തുത പദ്ധതി, തുടർന്നുവരുന്ന അദ്ധ്യയന വർഷം മുതൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ബോധിപ്പിച്ചു.

144. കൂടാതെ പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും ജനിക്കുന്ന കുട്ടികളുടെ സ്ക്രീനിംഗ് (New born screening) നടത്തുന്നുണ്ടെന്നും തൈറോയിഡ്, ഹൈപ്പോതൈറോയ്ഡിസം, ഗാലക്ടോസീമിയ തുടങ്ങി കുട്ടികളുടെ ബൗദ്ധികമായ വളർച്ചയെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തി ചികിത്സ നൽകിവരുന്നുണ്ടെന്നും ജില്ലാ ഇന്റർവെൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം കുട്ടികളെ കണ്ടെത്തി അവർക്കുവേണ്ട ചികിത്സയും രക്ഷാകർത്താക്കൾക്ക് കൗൺസിലിംഗും നൽകുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ്ജ് അറിയിച്ചു.

145. ഇത്തരം രോഗങ്ങളുള്ള കുട്ടികൾക്ക് കൂടുതൽ ശ്രദ്ധകൊടുക്കേണ്ടതിനാൽ ഇവരുടെ മാതാപിതാക്കൾക്ക് ജോലിക്കുപോകാൻ സാധിക്കില്ലെന്നും മാതാപിതാക്കൾ കുട്ടികളോടൊപ്പം താമസിക്കുന്ന ഗ്രാമം പോലുള്ള പദ്ധതി നിലവിലുണ്ടെങ്കിലും കേരളം പ്രസ്തുത മേഖലയിൽ ഇനിയും ഒരുപാട് മുന്നേറാനുണ്ടെന്നും അവരുടെ പുനരധിവാസം വലിയ പ്രശ്നമാണെന്നും സമിതി വിലയിരുത്തി.

146. ഇത്തരത്തിലുള്ള കുട്ടികൾക്കുവേണ്ടി ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആരോഗ്യ വകുപ്പിനോടൊപ്പം വനിതാ ശിശുക്ഷേമം, സാമൂഹ്യനീതി വകുപ്പുകളും ഇക്കാര്യത്തിൽ നല്ല രീതിയിൽ ഇടപെടുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് മറുപടി നൽകി.

147. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

148. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

149. വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ആയുർമുകളം പദ്ധതിക്കുവേണ്ടി മരുന്നുകൾ സൂക്ഷിക്കുന്ന ഡിസ്പെൻസറി കെട്ടിടത്തിന്റെ ഒരു ഭാഗം നിലവിൽ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണെന്നും ഡിസ്പെൻസറിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഡിസ്പെൻസറിയിലെ ഡോക്ടറുമായി ബന്ധപ്പെട്ട വിഷയം സമിതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മാനന്തവാടി മുനിസിപ്പൽ സെക്രട്ടറി വെളിപ്പെടുത്തുകയും 2012-13 ന് ശേഷം പ്രസ്തുത കെട്ടിടത്തിൽ മാറ്റം വരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിക്കായി ഫർണിച്ചറുകൾ നൽകുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും വിശദമാക്കുകയും ചെയ്തു.

150. സ്ഥലസന്ദർശനം നടത്തി പരിശോധന നടത്തിയതിൽ നിന്നും ഡിസ്പെൻസറി കെട്ടിടത്തിന്റെ ഒരു ഭാഗം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിൽ തന്നെയാണെന്നും മരുന്നുകൾ സൂക്ഷിക്കാനുള്ള സൗകര്യം നിലവിലും ലഭ്യമല്ലെന്നും മനസ്സിലാക്കാൻ സാധിച്ചുവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

151. ഡിസ്പെൻസറി കെട്ടിടം പ്രവർത്തനക്ഷമമാണെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ പ്രസ്താവനയ്ക്ക് വിരുദ്ധമാണ് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, പരിശോധിച്ച് ഉറപ്പുവരുത്തിയ കാര്യങ്ങൾ മാത്രമാണ് സമിതി മുമ്പാകെ നൽകേണ്ടതെന്നും വസ്തുതാപരമല്ലാത്ത കാര്യങ്ങൾ സമിതിക്കു മുമ്പാകെ വിശദീകരിക്കരുതെന്നും താക്കീത് നൽകി. നിയമസഭയുടെ ചെറിയ രൂപമായ നിയമസഭാ സമിതി മുമ്പാകെ സഭയിൽ പറയുന്ന അതേ ഗൗരവത്തോടും വസ്തുനിഷ്ഠാപരവുമായാണ് കാര്യങ്ങൾ വിശദീകരിക്കേണ്ടതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി ചെയ്യാത്തിടത്തോളം ഓഡിറ്റ് പരാമർശം നിലനിൽക്കുമെന്നതിനാൽ, പ്രസ്തുത പ്രവൃത്തി നടത്തി ഓഡിറ്റ് വിഭാഗത്തെ അറിയിക്കണമെന്നും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാമെന്നും തീരുമാനിച്ചു.

152. ഏറത്ത് ഗ്രാമപഞ്ചായത്തിലെ സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

153. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

154. വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ആയുർമുകളം പദ്ധതിക്കുവേണ്ടി മരുന്നുകൾ സൂക്ഷിക്കുന്ന ഡിസ്പെൻസറി

കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തെ അറിയിക്കണമെന്നും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

155. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്കൂൾ ആരോഗ്യപദ്ധതിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പാലിയേറ്റീവ് പരിചരണം

ക്യാൻസർ രോഗികൾ, ഹൃദയ - ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലുള്ള കാരണങ്ങളാൽ ശരീരം തളർന്നു കിടപ്പിലായവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ/ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് 15.04.08 ലെ സ.ഉ(പി) 109/2008/ആ.ക.ക്ഷേ.വ. പ്രകാരമുള്ള പാലിയേറ്റീവ് പരിചരണനയം ലക്ഷ്യമിടുന്നത്. ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങളാണ് നയം വിഭാവനം ചെയ്യുന്നത്.

രോഗിയേയും കുടുംബത്തേയും സന്നദ്ധപ്രവർത്തകരേയും ബന്ധപ്പെടുത്തിക്കൊണ്ട് രോഗിയുടെ വീട്ടിൽ വച്ചുതന്നെ മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനുദ്ദേശിച്ച ഒരു ഗൃഹ കേന്ദ്രീകൃത പരിചരണ സംവിധാനം (Home Care) ഓരോ പ്രദേശത്തും രൂപപ്പെടേണ്ടതുണ്ട്. ബഹുജന പങ്കാളിത്തത്തോടെ

ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. പാലിയേറ്റീവ് പരിചരണ നയത്തിന് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കുലർ നമ്പർ 66373/ഡി.എ.1/2009/തസ്വഭവ തീയതി 02.11.09 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആരോഗ്യവകുപ്പിലെ ഡോക്ടർ, നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ഫാർമസിസ്റ്റ്, ഫീൽഡ് പ്രവർത്തകർ എന്നിവർക്കുള്ള ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും നടന്നു വരുന്നു. ഇതിന്റെ ഫലമായി കേരളത്തിൽ 250 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ സ്ഥാപനങ്ങളുമായി ചേർന്ന് രോഗികളുടെ വീട്ടിൽ എത്തി പരിചരണം നൽകുന്ന ഹോം കെയർ സംവിധാനം വിജയകരമായി നടപ്പിലാക്കി വരുന്നു.

NRHM ന്റെ സാന്ത്വനപരിചരണ പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് 422 ൽ അധികം സാന്ത്വന പരിചരണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2012-13 ൽ NRHM പദ്ധതി പ്രകാരം ഈ പദ്ധതിക്കായി 435.51 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജീവിതാന്ത്യത്തിൽ കഠിനമായി ദുരിതം അനുഭവിക്കുന്ന രോഗികളുടെ ജീവിതം കുറേക്കൂടി മെച്ചപ്പെട്ടതാക്കുക എന്നതാണ് സാന്ത്വനപരിചരണം കൊണ്ടുദ്ദേശിക്കുന്നത്.

ആരോഗ്യവകുപ്പ് നൽകി വരുന്ന സാന്ത്വന ചികിത്സ മൂന്ന് തലങ്ങളിലായിട്ടാണ് നടത്തി വരുന്നത്

പ്രാഥമികതലം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാഥമികരോഗ്യ സ്ഥാപനങ്ങളുടെയും പിന്തുണയോടെ ഭവനങ്ങൾ അടിസ്ഥാനമാക്കി നൽകിവരുന്ന ആരോഗ്യ പരിചരണങ്ങൾ.

ദ്വിതീയതലം - താലൂക്ക്തല ആശുപത്രികളുടെയും സാമൂഹിക പങ്കാളിത്തത്തോടെയും ആശുപത്രികളിൽ നൽകി വരുന്ന ആരോഗ്യ പരിചരണങ്ങൾ

തൃതീയതലം - മെഡിക്കൽ കോളേജുകളുടെയും സാമൂഹിക പങ്കാളിത്തോടെയും നടപ്പിലാക്കി വരുന്ന ആരോഗ്യ പരിചരണങ്ങൾ

ഇന്ത്യയിൽ ഇന്നുള്ള 900 ത്തോളം സാന്ത്വന പരിചരണ സംവിധാനങ്ങളിൽ 90% വും ജനസംഖ്യയുടെ 3% മാത്രം വരുന്ന കേരളത്തിലാണ് നടക്കുന്നത്. ആരോഗ്യമേഖലയിലെ ജനപങ്കാളിത്തമാണ് കേരളത്തിലെ സാന്ത്വന പരിചരണ രംഗത്തെ വികസനത്തിന് കാരണം. 2008 ൽ കേരള സർക്കാർ പ്രഖ്യാപിച്ച പാലിയേറ്റീവ് പരിചരണനയം ഈ രംഗത്തെ വഴിത്തിരിവായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ സംവിധാനങ്ങൾക്കും സാമൂഹ്യപങ്കാളിത്തത്തോടെ സാന്ത്വന പരിചരണ സംവിധാനങ്ങൾ ആവിഷ്കരിക്കാൻ പാലിയേറ്റീവ് പരിചരണനയം വഴിതുറന്നു. ത്രിതല പഞ്ചായത്തിൻ കീഴിൽ 650 ഓളം സാന്ത്വന പരിചരണ സംവിധാനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

ഒരു പ്രദേശത്തെ പരിചരണം ആവശ്യമായ രോഗികളെ കുറിച്ചുള്ള വിവരശേഖരണം മുതൽ സേവന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതു വരെയുള്ള നേതൃത്വപരമായ ഇടപെടൽ നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ഇന്ന് പാലിയേറ്റീവ് കെയർ രംഗത്ത് പരിശീലനം നേടി സജീവമായി പ്രവർത്തനരംഗത്ത് മൊത്തം ജനസംഖ്യയുടെ 0.1% പോലുമില്ല. ഇവരുടെ സാന്നിദ്ധ്യം ഉയരേണ്ടത് അനിവാര്യമാണ്.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അനിവാര്യമായി നടപ്പാക്കേണ്ട ഒരു പദ്ധതിയാണ് പാലിയേറ്റീവ് പരിചരണം.

സംസ്ഥാനത്ത് പകുതിയിലധികം തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പദ്ധതി പരാജയപ്പെട്ട പഞ്ചായത്തുകളുടെ ഉദാഹരണങ്ങൾ താഴെ പറയുന്നു.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം സാന്ത്വനസ്പർശം എന്ന പേരിലുള്ള പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 2,00,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കുകയുണ്ടായില്ല. 2012-13 ലും തുക വകയിരുത്തിയെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. മയ്യനാട് ഗ്രാമപഞ്ചായത്തിലും രണ്ടു വർഷങ്ങളിലും തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ, പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 2011-12 വർഷം വകയിരുത്തിയ 5,00,000/- രൂപയിൽ, സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിന് 5,000/- രൂപ ചെലവഴിക്കുകയും, പദ്ധതിക്കായി കമ്മ്യൂണിറ്റി നഴ്സിംഗ് പരിശീലനം നൽകുന്നതിന് കുടുംബശ്രീ ജില്ലാമിഷനെ നിയോഗിക്കുകയും ചെയ്തതൊഴികെ യാതൊരു തുടർ പ്രവർത്തനവും നടന്നിട്ടില്ല.

ചേർത്തല നഗരസഭയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ, 2010-11 കാലയളവ് വരെ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. 2011-12 സാമ്പത്തിക വർഷം ഇതിനുവേണ്ടി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഒരു പദ്ധതി രൂപീകരിച്ച് 40,000/- രൂപയുടെ ഔഷധങ്ങൾ (അലോപ്പതി) വാങ്ങി സൂക്ഷിച്ചതൊഴിച്ചാൽ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രവർത്തനവും നഗരസഭയിൽ നാളിതുവരെ നടത്തിയിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് 2010-11 സമ്പത്തിക വർഷം പാലിയേറ്റീവ് പരിചരണ പദ്ധതി ആരംഭിച്ചു. പദ്ധതിയിൽ 131 രോഗികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാൻസർ രോഗികൾ, കിഡ്നി സംബന്ധമായ രോഗമുള്ളവർ, ഹൃദയസംബന്ധമായ രോഗമുള്ളവർ, മാനസിക രോഗമുള്ളവർ

എന്നിങ്ങനെ 87 പേർക്ക് നിലവിൽ പരിചരണം നൽകുന്നുണ്ട്. രോഗികൾക്ക് വാട്ടർ ബെഡ് പോലെയുള്ള ഉപകരണങ്ങൾ നൽകി വരുന്നു.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിലാണ് പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി ആരംഭിച്ചത്. മരുന്നുകൾ, വാട്ടർബെഡ്, പരിചരണത്തിനുള്ള വാഹന ചെലവ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 1 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും 80,340/- രൂപ ചെലവഴിക്കുകയും ചെയ്തു. അഗതി ആശ്രയ പദ്ധതി റിപ്പോർട്ട് അടിസ്ഥാനമാക്കാതെയും മാർഗ്ഗരേഖയിൽ അനുശാസിക്കും വിധം അയൽക്കൂട്ടങ്ങൾ വഴി ഗുണഭോക്താക്കളുടെ പ്രാഥമിക ലിസ്റ്റ് ശേഖരിക്കാതെയും തയ്യാറാക്കിയ ലിസ്റ്റിൽ 62 ഗുണഭോക്താക്കളാണുള്ളത്. ദീർഘകാല രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവരുടെയും മാറാരോഗികളുടെയും പ്രശ്നങ്ങളും അവർക്ക് ആവശ്യമായ പരിചരണ പ്രവർത്തനങ്ങൾ, അവയുടെ ഏകോപനം എന്നീ പ്രവർത്തനങ്ങൾക്കായി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെയും പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരുടെയും യോഗം വിളിച്ചു ചേർക്കണമെന്ന് പദ്ധതി നിർദ്ദേശിച്ചിരുന്നു. ഈ യോഗത്തിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹോം കെയർ സംവിധാനം നടപ്പിലാക്കാൻ താൽപ്പര്യമുള്ളവരെ ഉൾപ്പെടുത്തി ഒരു ടീമിനെ തെഞ്ഞെടുക്കണമെന്നുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പദ്ധതിയുടെ കാര്യത്തിൽ നടന്നിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന പ്രോജക്ട് മാനേജ്മന്റ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിമാസം 3000/- രൂപ വേതനത്തിൽ ഹോം കെയർ നഴ്സിനെ പി.എച്ച്.സി.യിൽ നിയമിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായ പ്രോജക്ട് തയ്യാറാക്കൽ, നിരന്തര ശുശ്രൂഷ ആവശ്യമായ രോഗികളുടെ വീട് സന്ദർശനം, പി.എച്ച്.സി.യിലൂടെ മരുന്ന് വിതരണം, പദ്ധതി മോണിട്ടറിംഗ്, വ്യക്തികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ

നിന്നും പരമാവധി ധനസമാഹരണം നടത്തൽ തുടങ്ങിയ വിവിധ മേഖലകളിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്തിലെ പെയിൻ & പാലിയേറ്റീവ് കെയർ സംവിധാനം നടത്തിയിട്ടില്ല.

ചെറുവത്തൂരിലെ വേറിട്ട പ്രവർത്തനങ്ങൾ

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സർവ്വേ നടത്തി കണ്ടെത്തിയ 182 രോഗികൾക്ക് ആവശ്യമായ മരുന്ന്, വാട്ടർബെഡ്, വീൽ ചെയർ, വാക്കർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് കെയറിൽ 3 മാസത്തെ പരിശീലനം കഴിഞ്ഞ ഒരു നഴ്സിനെ നിയമിച്ചു. ആശുപത്രി മാനേജിംഗ് കമ്മിറ്റി മാസം തോറും പാലിയേറ്റീവ് പദ്ധതികളുടെ പ്രവർത്തനം, മോണിട്ടറിംഗ് തുടങ്ങിയ കാര്യങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും, കുടുംബശ്രീ അംഗങ്ങളിൽ നിന്നും സാന്ത്വന ചികിത്സ പദ്ധതിയ്ക്കായി 1,12,000/- രൂപ സ്വരൂപിച്ചിരുന്നു. വ്യാപാരികൾ, സന്നദ്ധ സംഘടനകൾ, ഫണ്ട് കിട്ടാൻ സാധ്യതയുള്ള മറ്റ് മേഖലകൾ എന്നിവയിൽ നിന്ന് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിലെ പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം ഹോം കെയർ സംവിധാനത്തിനായി 1 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിന് അംഗീകാരം വാങ്ങിയെങ്കിലും ബോധവൽക്കരണ ക്ലാസ്സ് മാത്രം നടത്തി 5000/- രൂപ ചെലവഴിച്ചതല്ലാതെ മറ്റൊരു പ്രവർത്തനവും നടത്തിയിട്ടില്ല.

ചാത്തമംഗലത്തെ പ്രവർത്തന മികവ്

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ 2009 ൽ രൂപം കൊണ്ട പെയിൻ & പാലിയേറ്റീവ് കെയർ സംവിധാനം പ്രശംസനീയമായ

പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഇടയ്ക്ക് വെച്ച് പദ്ധതി പ്രവർത്തനം നിലച്ചുപോയെങ്കിലും 2010-11 പഞ്ചായത്ത് വാർഷിക പദ്ധതിയിൽപ്പെടുത്തി ധനസഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുനരാരംഭിച്ച സംവിധാനം നിലവിൽ 80-ഓളം രോഗികൾക്ക് സേവനം നൽകുന്നുണ്ട്. പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു. വോളണ്ടിയർമാരും പി.എച്ച്.സി. ജീവനക്കാരും ഹോം കെയർ നഴ്സും ഉൾപ്പെട്ട ഹോം കെയർ യൂണിറ്റ് പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. പ്രതിവാരം രണ്ടു ദിവസത്തെ ഹോം കെയറും ഒരു ദിവസത്തെ സ്പെഷ്യൽ ഒ.പി.യും നടത്തി വരുന്നു. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ എമർജൻസി കെയറും നൽകി വരുന്നു. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനം പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തനം ഗ്രാമപഞ്ചായത്ത് കാഴ്ചവയ്ക്കുന്നു.

സാന്ത്വനപരിചരണം - മാതൃകാസ്ഥാപനങ്ങൾ

1. **താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി - കുന്നത്തുകാട്, പെരുമ്പാവൂർ**

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുവേണ്ടി 2 പാലിയേറ്റീവ് കെയർ നഴ്സ്, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മുഖ്യമായും ഹോം കെയർ ആണ് നൽകുന്നത്. ഹോസ്പിറ്റൽ കെയർ ആവശ്യമുള്ള രോഗികളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നു. ആവശ്യമുള്ള രോഗികൾക്ക് വീൽ ചെയർ, വാട്ടർ ബെഡ് എന്നിവയും നൽകുന്നു.

ജീവിത ശൈലീ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി ആഴ്ചയിലൊരിക്കൽ NCD (Non Communicable Disease) ക്ലിനിക്കിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. ജീവിത ശൈലീ രോഗനിർണ്ണയത്തിനും തുടർ മാർഗ്ഗ

നിർദ്ദേശത്തിനുമായി ആശുപത്രിയുടെ മേൽനോട്ടത്തിൽ ഒരു മെഡിസിൻ ക്ലാസ് 2011-12 വർഷം നടത്തിയിരുന്നു.

കൗമാരക്കാരുടെ ആരോഗ്യസംരക്ഷണത്തിനും മാർഗ്ഗനിർദ്ദേശം, കൗൺസിലിംഗ് എന്നിവയ്ക്കുമായി എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചകളിൽ കൗമാര ക്ലിനിക് പ്രവർത്തിക്കുന്നു.

വളരെയധികം പരിമിതികളുണ്ടെങ്കിലും ഉള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ആശുപത്രി നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്.

2. അകത്തേത്തറ

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ 24.12.2009 ൽ സാന്ത്വന പരിചരണം ആരംഭിക്കുകയും 18.02.2010 ൽ അകത്തേത്തറ പി.എച്ച്.സി.യിൽ പാലിയേറ്റീവ് ഒ.പി.ക്ലിനിക് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 105 രോഗികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. ഒരു ഹോം കെയർ നഴ്സ്, 2 ആശാവർക്കർമാർ, ഒരു അങ്കണവാടി വർക്കർ, പി.എച്ച്.സി. ജീവനക്കാരൻ, പഞ്ചായത്ത് മെമ്പർ എന്നിവർ ഉൾപ്പെടെ ടീം എല്ലാ തിങ്കളാഴ്ചയും ഹോം കെയർ നടത്തി വരുന്നുണ്ട്. എല്ലാ ബുധനാഴ്ചകളിലും പാലിയേറ്റീവ് ഒ.പി. നടത്തുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി മരുന്നുകൾ നൽകുകയും ചെയ്യുന്നുണ്ട്. രോഗികൾക്ക് ട്രൈ സൈക്കിൾ, വീൽ ചെയർ, വാട്ടർ ബെഡ് എന്നിവയും ആവശ്യമായ മറ്റ് സാമഗ്രികളും വിതരണം ചെയ്തു വരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി ആവശ്യമായ തുക അനുവദിക്കുന്നുണ്ട്.

3. എടവണ്ണ

മാറാരോഗികൾക്കും, ദുരിതമനുഭിക്കുന്നവർക്കും മെച്ചപ്പെട്ട പരിചരണം നൽകുന്നതിനായി നൂറിലധികം സന്നദ്ധ സേവകർക്ക് പരിശീലനം നൽകി ഹോം

കെയർ സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ പാലിയേറ്റീവ് പരിചരണത്തിന് രജിസ്റ്റർ ചെയ്ത 335 രോഗികളിൽ 100 രോഗികൾക്ക് ഹോം കെയർ പരിചരണം ലഭ്യമാക്കുന്നുണ്ട്. ഹോം കെയർ സംവിധാനത്തിന്റെ നടത്തിപ്പിന് വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും എല്ലാ മാസവും അവലോകന യോഗങ്ങൾ ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ പാലയേറ്റീവ് പരിചരണം അനിവാര്യമായും നടപ്പാക്കേണ്ടതിനാൽ ഇതുവരെയും പദ്ധതി ആരംഭിക്കാത്ത ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 2012-13 മുതൽ അവ നടപ്പാക്കുകയും ഇതിനുള്ള പ്രോജക്ട് നിർബന്ധമായും വാർഷിക പദ്ധതിയിലുൾപ്പെടുത്തേണ്ടതാണെന്നും പദ്ധതി ആരംഭിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും തുടർ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണെന്നും (എം.എസ്.) നമ്പർ 228/2012/തസ്വഭവ തീയതി 23.08.12 സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

156. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, ചേർത്തല

നഗരസഭ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

157. സാന്ത്വന പരിചരണം - മാതൃകാ സ്ഥാപനങ്ങൾ എന്ന ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

158. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, ചേർത്തല നഗരസഭ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പകർച്ചവ്യാധികളും രോഗപ്രതിരോധ നടപടികളും

കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ആത്മാർത്ഥമായ ശ്രമങ്ങളിലൂടെയും ആരോഗ്യ രംഗത്ത് കേരളം നേടിയ ശ്ലാഘനീയമായ നേട്ടങ്ങളിൽപ്പെട്ടതാണ് മലേറിയ പോലുള്ള രോഗങ്ങളുടെ നിർമ്മാർജ്ജനം. എല്ലാ വർഷവും മഴക്കാലം വന്നെത്തുന്നതോടെ വിവിധ തരത്തിലുള്ള പകർച്ചവ്യാധികൾക്ക് കേരളം വേദിയാകുന്നു. കേരളം നേരിടുന്ന എക്കാലത്തെയും വലിയ വെല്ലുവിളിയാണ് ശുചിത്വമില്ലായ്മ. വ്യക്തി ജീവിതത്തിൽ ശുചിത്വം പാലിക്കുന്നവരെങ്കിലും

പരിസരശുചിത്വം പാലിക്കുന്നതിൽ ലോകത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ പട്ടികയിലേയ്ക്കാണ് കേരളം നീങ്ങുന്നത്. തന്മൂലം മന്ത്, മലേറിയ, കോളറ തുടങ്ങി മുൻകാലങ്ങളിൽ വ്യാപകമായിരുന്ന പലരോഗങ്ങളും തിരിച്ചെത്തുന്ന സാഹചര്യമാണുള്ളത്. മലിനീകരണത്തിനെതിരെയും രോഗപ്രതിരോധ പ്രവർത്തനങ്ങളേയും കുറിച്ച് വിപുലമായ പ്രചാരണങ്ങൾ നടത്തുന്നുണ്ടെങ്കിലും അത് പൂർണ്ണവിജയത്തിലേക്കെത്തിക്കാൻ അധികൃതർക്ക് കഴിയുന്നില്ല. സമഗ്രവും ശാസ്ത്രീയവുമായ കൂട്ടായ സമീപനം കൊണ്ട് മാത്രമേ സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവുമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ കഴിയൂ.

ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യംമൂലം പൊട്ടിപ്പുറപ്പെടുന്ന ജല/ജന്തുജന്യ രോഗങ്ങൾ, മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ നടത്തിപ്പിലുള്ള അഭാവം മൂലം കേരളത്തിലെ മാലിന്യ കൂമ്പാരങ്ങൾ, കൊതുക് ജന്യരോഗങ്ങളുടെയും ജലജന്യരോഗങ്ങളുടെയും ആധിക്യം, ജീവിതശൈലികളിൽ വന്നു ചേർന്നിട്ടുള്ള അനാരോഗ്യകരമായ പ്രവണത തുടങ്ങിയ നിരവധി പ്രശ്നങ്ങളാണ് കേരള ജനത ഇന്ന് അഭിമുഖീകരിക്കുന്നത്. വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളും പൊതുജനാരോഗ്യമേഖല നേരിടുന്ന വെല്ലുവിളിയാണ്.

ആരോഗ്യ വിഭാഗം ജീവനക്കാരും ശുചീകരണ ജീവനക്കാരും പരിസര ശുചീകരണത്തിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ടെങ്കിലും സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനായി ലക്ഷ്യബോധത്തോടെ പദ്ധതികൾ വിഭാവനം ചെയ്യാത്തതിന്റെ അപാകങ്ങൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് പകർച്ചവ്യാധികളുടെ മൂലകാരണം കണ്ടെത്താനുള്ള പരിശീലനം നൽകുന്നില്ല. മാലിന്യ സംസ്ക്കരണ മേഖലയിൽ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മാലിന്യങ്ങൾ കേന്ദ്രീകൃതമായും സ്രോതസ്സിൽ തന്നെയും സംസ്കരിക്കാൻ നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ ആരോഗ്യ പ്രശ്നമായി നിലനിൽക്കുന്നു.

ആരോഗ്യ മേഖലയുടെ സർവ്വോന്മുഖമായ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി, നിലവിലുള്ള ആരോഗ്യ പരിപാടികളുടെ ഏകീകരണവും ശാക്തീകരണവും കൂടുതൽ

കാര്യക്ഷമമായ പ്രവർത്തനവുമാണ് ലക്ഷ്യമിടുന്നത്. ആരോഗ്യമിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനമായതിൽ ചിലത് മലമ്പനി, മന്ത്, ഡങ്കിപ്പനി, എലിപ്പനി, മസ്തിഷ്കജ്വരം തുടങ്ങിയ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുക, ആശ/ലിങ്ക് വർക്കേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തി കുടിവെള്ളം, ശുചിത്വം, പോഷണം എന്നീ അടിസ്ഥാന പ്രശ്നങ്ങൾക്ക് സാമൂഹ്യതലത്തിൽ പരിഹാരം കാണുക എന്നിവയാണ്.

കേരളത്തിൽ സാധാരണ കണ്ടുവരുന്ന പകർച്ചവ്യാധികൾ

പകർച്ചവ്യാധി	2006	2007	2008	2009	2010
മലേറിയ	2101	1927	1804	2046	2199
ഡെങ്കു	959	677	733	1425	2597
ചിക്കുൻഗുനിയ	66619	24052	24685	13349	1531
ഹെപ്പറ്റൈറ്റിസ് എ	6285	5350	6963	7844	5181
ലെപ്റ്റോപൈറോസിസ്	1821	1359	1305	1237	1016
എച്ച്.1 എൻ.1				1578	1534

അവലംബം: ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ്

കൊല്ലം ജില്ലയിലെ മയ്യനാട് സി. കേശവൻ സ്മാരക സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐ.പി. വാർഡിലെ ടൊയ്‌ലെറ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നുള്ള മലിനജലം ആശുപത്രി വളപ്പിലെ ഓടകളിൽ കെട്ടി നിൽക്കുന്നതായി കണ്ടു. ദുർഗന്ധം വമിക്കുന്ന ഈ ഓടകൾ കൊതുകകളുടെയും രോഗാണുക്കളുടെയും കേന്ദ്രങ്ങളാണ്. മഴക്കാലത്ത് ഓടകൾ നിറഞ്ഞ് കവിയുകയും മലിനജലം ആശുപത്രി വളപ്പിൽ കെട്ടിനിൽക്കുകയും ചെയ്യുന്നു. പകർച്ചാവ്യാധികൾ ഉൾപ്പെടെ പലതരം രോഗങ്ങളുമായി ദൈനംദിനം ഇവിടെ നിരവധി പേർ എത്തുന്ന സാഹചര്യത്തിൽ മലിനജലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പന്മന ഗ്രാമപഞ്ചായത്ത് രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുമായി സഹകരിക്കുകയും ചെലവ് വിഹിതം നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ മന്ത്രരോഗ സമൂഹ ചികിത്സാ പരിപാടിയുടെ ഭാഗമായി ബോധവൽക്കരണത്തിനായും പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് വേണ്ടിയും നോട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചിക്കൻപോക്സും മഞ്ഞപ്പിത്തവും (ഹെപ്പറ്റൈറ്റിസ്-എ) വ്യാപകമായി കണ്ടുവരുന്നു. മയ്യനാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 103 പേർ ചിക്കൻപോക്സിനും 50 പേർ മഞ്ഞപ്പിത്തത്തിനും (ഹെപ്പറ്റൈറ്റിസ്-എ) ചികിത്സയ്ക്കും വിധേയരായി. ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിയിലെ രേഖകളിൽ നിന്നും 2012 സെപ്തംബർ മാസം ചില പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം പടർന്നു പിടിച്ചതായി വ്യക്തമാകുന്നു. ഈ കാലയളവിൽ മൂന്ന് ചികിത്സാ വിഭാഗങ്ങളിൽ നിന്നുമുള്ള മെഡിക്കൽ സംഘങ്ങൾ രോഗബാധിതരുടെ വീടുകൾ സന്ദർശിക്കുകയും ഇരുന്നൂറോളം പേർക്ക് മരുന്നു നൽകുകയും ചെയ്തു. കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് പ്രതിരോധ മരുന്നും നൽകി. കൊല്ലം നഗരസഭാ പരിധിയിൽ ജലജന്യരോഗങ്ങളായ ഡയേറിയ, ഹെപ്പറ്റൈറ്റിസ്, ഡെങ്കി, ലെപ്റ്റോസ്പൈറോസിസ് (എലിപ്പനി) തുടങ്ങിയ രോഗങ്ങളുടെ എണ്ണം മുൻവർഷങ്ങളിലേതിനേക്കാൾ വർദ്ധിച്ചിരിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

കൊല്ലം കോർപ്പറേഷൻ പരിധിയിലെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും മലേറിയ, ഹെപ്പറ്റൈറ്റിസ്. ഡെങ്കിപ്പനി, എലിപ്പനി, എച്ച് വൺ എൻ വൺ മുതലായ രോഗങ്ങൾ ആശങ്കാവഹമായ രീതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിൽ അപൂർവ്വമായി കാണുന്ന മലേറിയ രോഗം കോർപ്പറേഷൻ ശക്തികുളങ്ങര സോൺ പരിധിയിലുള്ള കാവനാട്ടും വടക്കേവിള സോണിലുള്ള പാലക്കര പി.എച്ച്.സി.യിലും റിപ്പോർട്ട് ചെയ്തതായി ആശുപത്രി രേഖകൾ വ്യക്തമാക്കുന്നു. കോർപ്പറേഷൻ പരിധിയിലെ ഓടകൾ തകർന്ന് മലിനജലം

കെട്ടിക്കിടക്കുന്ന അവസ്ഥയിലാണ്. ഇത് കൊതുകുകളുടെ വംശവർദ്ധനവിനും അതുവഴി മലേറിയ രോഗം പടരുന്നതിനും കാരണമാകുന്നു. രോഗനിർമ്മാർജ്ജനത്തിന് ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ

- മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, എലിപ്പനി, എന്നീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് നോട്ടീസുകൾ വഴിയും വർഷാവർഷം ബോധവൽക്കരണ പരിപാടികൾ
- മഴക്കാലത്തിന് മുമ്പ് കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ
- സബ് സെന്ററുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രതിരോധ കുത്തിവെയ്പ്
- കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംഗ്, ക്ലോറിനേഷൻ, ഓട ക്ലീനിംഗ്, കാട് വെട്ടൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ
- ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളിൽ പരിശോധന
- ഡ്രൈ ഡേ ആചരണം, സ്റ്റഡി പ്രവർത്തനങ്ങൾ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

159. കൊല്ലം ജില്ലയിലെ മയ്യനാട് സി. കേശവൻ സ്മാരക സാമൂഹികാരോഗ്യ കേന്ദ്രം, കൊല്ലം നഗരസഭ എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ വകുപ്പിന്റെ

മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

160. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയെ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

161. കൊല്ലം ജില്ലയിലെ മയ്യനാട് സി. കേശവൻ സ്മാരക സാമൂഹികാരോഗ്യ കേന്ദ്രം, കൊല്ലം നഗരസഭ എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

162. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അന്യ സംസ്ഥാന തൊഴിലാളികളും ആരോഗ്യപ്രശ്നങ്ങളും

44 വർഷം മുമ്പ് മലേറിയ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട രാജ്യത്തെ ഏകപ്രദേശമാണ് കേരളം. മലേറിയ വ്യാപകമായ ഉത്തരേന്ത്യയിൽ നിന്നുള്ള തൊഴിലാളികളുടെ കടന്നുവരവോടെ ഭാവിയിൽ ഈ രോഗം വലിയ പ്രതിസന്ധിയായി മാറുമോയെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ അധിവസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്ന് കരുതിയിരുന്ന പല രോഗങ്ങളും അന്യസംസ്ഥാന തൊഴിലാളികൾ വഴി വീണ്ടും പ്രത്യക്ഷപ്പെടുന്നതായി വ്യക്തമായിട്ടുണ്ട്. കേരളത്തിലേക്കുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ ഒഴുക്ക്

വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത് ഗൗരവമായി കാണേണ്ട വിഷയമാണ്. അന്യ സംസ്ഥാന തൊഴിലാളികളെ കണ്ടെത്തി ഹെൽത്ത് ചെക്കപ്പും, ഹെൽത്ത് കാർഡും നിർബന്ധതമാക്കാൻ യാതൊരു പ്രവർത്തനവും നടക്കുന്നില്ല.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ 2011-12 -ൽ രണ്ടുപേർക്ക് മലേറിയ ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് രണ്ടും അന്യസംസ്ഥാന തൊഴിലാളികളായിരുന്നു. രോഗബാധിതരാകുന്ന അന്യസംസ്ഥാന തൊഴിലാളികൾ താൽക്കാലിക ചികിത്സ തേടിയ ശേഷം സ്വന്തം നാടുകളിലേക്ക് മടങ്ങുന്നതായാണ് വിവരം.

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധാരാളം മറുനാടൻ തൊഴിലാളികൾ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിൽ താമസിക്കുന്നു. താൽക്കാലികമായി തയ്യാറാക്കിയ ടിൻ ഷീറ്റ് ടെന്റുകളിലാണ് ഇവർ കഴിയുന്നത്. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് ഇവരുടെ ടെന്റുകളുള്ളതെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സ്ത്രീകളും കുട്ടികളുമടക്കം താമസിക്കുന്ന ഈ പ്രദേശത്ത് ആരോഗ്യകേന്ദ്രം ജീവനക്കാരുടെ നേതൃത്വത്തിൽ ചികിത്സാക്യാമ്പുകളും രോഗപ്രതിരോധ നടപടികളും സ്വീകരിച്ചു വരുന്നു. പകർച്ചവ്യാധികളും കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും വ്യാപിക്കാതിരിക്കാൻ മറുനാടൻ തൊഴിലാളികൾ തമ്പടിച്ചുകഴിയുന്ന ഇടങ്ങളിൽ പ്രത്യേക ആരോഗ്യസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. വൃത്തിഹീനമായ ചുറ്റുപാടിൽ ജീവിക്കാൻ വിധിക്കപ്പെട്ട ഇത്തരക്കാരുടെ മനുഷ്യാവകാശങ്ങളെ മുൻനിർത്തിക്കൊണ്ടും ഗ്രാമപഞ്ചായത്തിലെ മൊത്തം ജനതയുടെ ആരോഗ്യത്തെ മുന്നിൽ കണ്ടുകൊണ്ടും വാസയോഗ്യമായ ചുറ്റുപാട് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

മരണം വരുന്ന വഴികൾ

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ സാധാരണ ജനങ്ങൾക്ക് എളുപ്പം മനസ്സിലാകുന്ന ഭാഷയിൽ ആവിഷ്കരിച്ച മാലിന്യനിർമ്മാർജ്ജനം, പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി 'മരണം വരുന്ന വഴികൾ' എന്ന ഡോക്യുഫിക്ഷൻ നിർമ്മിക്കുകയുണ്ടായി. കേരളത്തിലാദ്യമായി ആരോഗ്യമേഖലകൾക്കുവേണ്ടി ഒരു ഗ്രാമപഞ്ചായത്തിന്റെ സംരംഭമായ പ്രസ്തുത ഡോക്യുഫിക്ഷൻ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളിലും തൃശ്ശൂർ കിലയിലും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.3.6.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

163. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

164. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

165. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് എന്നിവയിലെ അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ

വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം

കേരള ജനത ഇന്ന് രോഗാതുരമായ സമൂഹമായി മാറുകയാണ്. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, ഉയർന്ന കൊളസ്ട്രോൾ നില, അമിത വണ്ണം, മാനസിക സമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ ജീവിതശൈലിയുമായി ബന്ധപ്പെട്ട് ഇന്ന് വ്യാപകമാണ്. ജീവിതശൈലീ രോഗങ്ങളുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് രോഗനിയന്ത്രണത്തിനുള്ള തുടർ ചികിത്സ നൽകുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. NRHM ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ NCD(Non Communicable Disease) ക്ലിനിക്കുകൾ നടക്കുന്നുണ്ടെങ്കിലും തുടർ ചികിത്സ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ സംവിധാനമില്ല.

ബയോകെമിസ്ട്രി ലാബിന്റെ ആവശ്യകത

രോഗനിർണ്ണയത്തിനുള്ള ലാബ് സൗകര്യം ഇല്ലാത്തത് പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിലുള്ള പരിമിതിയാണ്. ജീവിതശൈലീരോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയവയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കും ലബോറട്ടറികൾ അത്യന്താപേക്ഷിതമാണ്. സർക്കാർ മേഖലയിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഇ.സി.ജി., എക്സ്റേ, മറ്റ് ലബോറട്ടറി പരിശോധനകൾ ഇല്ലാത്തതിനാൽ സ്വകാര്യ സ്ഥാപനങ്ങളിൽ വർദ്ധിച്ച ചെലവിൽ പരിശോധന നടത്തേണ്ട സാഹചര്യമാണുള്ളത്. ബയോകെമിസ്ട്രി ലാബ് പി.എച്ച്.സി.ക്ക് അനുബന്ധമായി ആരംഭിക്കുന്നതും അതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതും പി.എച്ച്.സി.കളുടെ പ്രവർത്തനത്തിന് അഭിലഷണീയമാണ്.

മഴക്കാല പൂർവ്വശുചീകരണം

തിരുവനന്തപുരം നഗരസഭയിൽ 2008, 2009, 2010 വർഷങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണയജ്ഞം- 2010 തുടങ്ങിയ പദ്ധതികൾക്കായി അച്ചടിച്ച ബ്രോഷറുകൾ നല്ലൊരു പങ്കും വിതരണം ചെയ്തിട്ടില്ല. മഴക്കാല പൂർവ്വശുചീകരണം, പകർച്ചവ്യാധി തടയൽ തുടങ്ങിയ നിർദ്ദേശങ്ങൾ പലപ്പോഴും മഴക്കാലം കഴിഞ്ഞും കാർഡുകളിൽ മാത്രമൊതുങ്ങുന്നു. നഗരസഭാ ഫണ്ടിൽ നിന്നും ലക്ഷങ്ങൾ പാഴാകുന്നതല്ലാതെ 'ശുചിത്വനഗരം' വെറും സങ്കൽപ്പം മാത്രമാകുന്നു.

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 'മഴയെത്തും മുമ്പേ' എന്ന പേരിൽ ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ നോട്ടീസ് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും നൽകുന്നുണ്ട്. ആശാപ്രവർത്തകരെ ഉപയോഗപ്പെടുത്തി സോഴ്സ് റിഡക്ഷൻ, വെക്ടർ സ്റ്റഡി, ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം എന്നിവ നടത്തുന്നുണ്ട്. കൂടാതെ വകുപ്പിൽ നിന്ന് ലഭിക്കുന്ന പോസ്റ്ററുകൾ ആശുപത്രിയിലും സബ്സെന്ററുകളിലും പ്രദർശിപ്പിക്കുന്നു.

വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വശുചീകരണത്തിനായി 2010-11 ൽ 42,234/- രൂപയും 2011-12 ൽ 46,445/- രൂപയും വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ നഗരസഭയിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പകർച്ചപ്പനി, സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയൽ എന്നിവ നടപ്പാക്കുന്നതിന് നഗരഭരണാധികാരികൾ, വിവിധ വകുപ്പ് മേധാവികൾ, ആരോഗ്യ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്ത യോഗ തീരുമാനപ്രകാരം മുഴുവൻ വാർഡുകളിലും വി.പി. യൂണിറ്റ്, JHI, JPHN എന്നിവരടങ്ങുന്ന ശുചിത്വ കമ്മിറ്റി

വീടുകൾ തോറും കയറി ബോധവൽക്കരണം നടത്താനും ആഴ്ചയിലൊരിക്കൽ 'ഡ്രൈ ഡേ' ആചരിക്കുന്നതിനും ഓടകൾ വൃത്തിയാക്കുന്നതിനും, ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനും, കെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കി വിടുന്നതിനും കിണറുകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും കൊതുക് നിവാരണം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുകയും നഗരമാലിന്യം യഥാസമയം, നീക്കം ചെയ്ത് ശുചിയാക്കുന്നതിന് 'മഴക്കാലപൂർവ്വശുചീകരണം' എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

പെരുമ്പാവൂർ നഗരസഭയിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന് ആശുപത്രിയിൽ നിന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങളും റസിഡന്റ്സ് അസോസിയേഷനുകളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നുണ്ട്.

പകർച്ചവ്യാധികളെ ചെറുക്കണമെങ്കിൽ രോഗങ്ങളെക്കുറിച്ച് കൃത്യമായി പഠിക്കണം. വിവര ശേഖരണം നടത്തണം. പകർച്ചവ്യാധികൾക്ക് കാരണമാകുന്ന രോഗാണുക്കൾ, രോഗപകർച്ചാ സ്വഭാവം, കാലാവസ്ഥ തുടങ്ങിയ പ്രശ്നങ്ങൾ പഠന വിഷയമാക്കേണ്ടതാണ്. രോഗമെന്നാൽ ചികിത്സ മാത്രമായി ചുരുങ്ങേണ്ടതല്ല. പകർച്ചാവ്യാധികളെ നിയന്ത്രിക്കാൻ വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്. തുടർപഠനവും ശാസ്ത്രീയ സമീപനവും ഇക്കാര്യത്തിൽ അടിയന്തരമായി നടത്തേണ്ടിയിരിക്കുന്നു.

മാതൃകയായൊരു ശുചിത്വഹർത്താൽ- ചെറുവത്തൂർ ക്ലീൻ

മഴക്കാല രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ ചെറുവത്തൂർ സാമൂഹിക ആരോഗ്യകേന്ദ്രവും, ഗ്രാമപഞ്ചായത്തും സംയുക്തമായി ഒരു ശുചീകരണ ഹർത്താൽ 2012 ജൂൺ 12-ാം തീയതി സംഘടിപ്പിച്ചു. രാവിലെ 8 മണി

മുതൽ 11.30 വരെ പഞ്ചായത്തിലെ ജീവനക്കാരും ഓട്ടോ ടാക്സി സർവ്വീസ് നിർത്തിയും വ്യാപാരികൾ കടകളടച്ചും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കൂടാതെ പൊതുജനാരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, തുടങ്ങിയവരും ഹർത്താലിൽ പങ്കെടുത്ത് വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ചു. വളരെ ശ്ലാഘനീയമായ ഈ പ്രവർത്തനരീതി അഭിനന്ദനാർഹവും മാതൃകാപരവുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.15)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

166. ജീവിതശൈലി രോഗങ്ങളുടെ വ്യാപനം, ബയോകെമിസ്ട്രി ലാബിന്റെ ആവശ്യകത എന്നീ ഓഡിറ്റ് പരാമർശങ്ങൾ സമിതി പരിഗണിച്ചു.

167. 2008, 2009, 2010 വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി അച്ചടിച്ച ബ്രോഷറുകളിൽ നല്ലൊരുപങ്കും വിതരണം ചെയ്തിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അത്തരം സാഹചര്യം നിലവിലില്ലെന്നും നോട്ടീസുകളെല്ലാം വിതരണം ചെയ്യുന്നുണ്ടെന്നും നിലവിൽ അതത് വാർഡ് ജെ.എച്ച്.ഐ. മാരുടെയും വാർഡ് കൗൺസിലർമാരുടെയും അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്താണ് കാര്യങ്ങൾ നടത്തുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) ജോയിന്റ് ഡയറക്ടർ ഹെൽത്ത് ബോധിപ്പിച്ചു.

168. 2019, 2020, 2021 വർഷങ്ങളിലെ പദ്ധതികളുടെ പ്രവർത്തനത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, അതുസംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ലെന്ന് അറിയിച്ചു. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

169. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ശുചീകരണ ഹർത്താൽ സംബന്ധിച്ച പരാമർശം സമിതി പരിഗണിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

170. തിരുവനന്തപുരം നഗരസഭയിലെ മഴക്കാല പൂർവ്വശുചീകരണം സംബന്ധിച്ച 2019, 2020, 2021 വർഷങ്ങളിലെ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

രോഗ പ്രതിരോധ കുത്തിവെയ്പ് ശ്രദ്ധേയമായ നേട്ടം

ആരോഗ്യരംഗത്ത് കേരളം ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങൾക്കും മാതൃകയാണെങ്കിലും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ കുറവുമൂലം നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുകയും പൊതുജനാരോഗ്യത്തിന് ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുകയും ചെയ്യുന്നുണ്ട്.

വാക്സിനേഷൻ രംഗത്ത് കേരളത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ ചിട്ടയായ പ്രവർത്തനം മൂലം തിരുവാലി ഗ്രാമപഞ്ചായത്ത് 100% വാക്സിനേഷൻ എന്ന ലക്ഷ്യത്തോട് വളരെ അടുത്ത് എത്തിയിരിക്കുകയാണ്.

രോഗപ്രതിരോധവുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന പരിപാടികൾ ഊർജ്ജിതമായി പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരും സന്നദ്ധസേവകരും വിവിധ പരിപാടികളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഇത്തരം പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടും അനുവദിക്കുന്നുണ്ട്. ദേശീയ പൾസ് പോളിയോ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി 2010-11 വർഷത്തിൽ 2699 കുട്ടികൾക്കും 2011-12 വർഷം 2584 കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് നൽകി. ദേശീയ മന്ത്രരോഗ നിവാരണ പരിപാടിയുടെ ഭാഗമായി 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 24518 പേർക്കും, 23657 പേർക്കും ഡി.ഇ.സി., ആൽബൻഡെസോൾ ഗുളികകൾ വിതരണം ചെയ്തു.

കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ 2011-12 വർഷം രോഗപ്രതിരോധത്തിനും പ്രത്യേക പ്രോജക്ടുകൾ ഉണ്ടാക്കി പ്രശംസനീയമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഈഡിസ് സർവ്വേ നടത്തി ഈഡിസ് കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിന് 7139 വീടുകൾ സന്ദർശിച്ച് 423 ഉറവിടങ്ങൾ നശിപ്പിച്ചു. ഇതിലേയ്ക്കായി 1989 വീടുകളിൽ ഗപ്പി മത്സ്യങ്ങളെ വിതരണം ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പകർച്ചവ്യാധികൾക്കെതിരെ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

ക്രമ നം.	തദ്ദേശ സ്വയംഭരണ സ്ഥാപനം	പകർച്ചവ്യാധി	രോഗികളുടെ എണ്ണം	റിപ്പോർട്ട് ചെയ്ത വർഷം	തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി
1	അകത്തേത്തറ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല	എലിപ്പനി, ഡെങ്കിപ്പനി	2 1	2010-11 2011-12	വിവിധ പ്രദേശങ്ങളിൽ സർവ്വേ നടത്തി ആവശ്യമായ മരുന്നു നൽകി രോഗം നിയന്ത്രണ വിധേയമാക്കി
2	പുറപ്പുഴ ഗ്രാമപഞ്ചായത്ത്, ഇടുക്കി	മലേറിയ	5	2011-12	ആരോഗ്യ പ്രവർത്തകരുടെയും തദ്ദേശസ്വയംഭരണ

					സ്ഥാപനങ്ങളുടെയും ശ്രമഫലമായി രോഗം പടരുന്നത് തടയാൻ കഴിഞ്ഞു.
3	വാഴക്കുളം ഗ്രാമപഞ്ചായത്ത്, എറണാകുളം	മലമ്പനി	1		പി.എച്ച്.സി.യുടെ നേതൃത്വത്തിൽ മാസ്മിയർ കളക്ഷൻ, ബോധവൽക്കരണ ക്ലാസ്, കോൺടാക്ട് സ്മിയർ കളക്ഷൻ, ഫോഗിംഗ്, സ്പ്രെയിംഗ് എന്നിവ നടത്തി.
4	വടകര നഗരസഭ	ചിക്കൻഗുനിയ ഡങ്കിപ്പനി മലേറിയ മഞ്ഞപ്പിത്തം ടൈഫോയ്ഡ് എലിപ്പനി മുണ്ടിനീര് അഞ്ചാം പനി	കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനായി ഫോഗിംഗ്, സ്പ്രെയിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. എലിപ്പനി തടയുന്നതിനായി ബോധവൽക്കരണ ക്ലാസ്സ് നടത്തി. മുണ്ടിനീര്, അഞ്ചാംപനി എന്നിവ തടയുന്നതിന് രോഗപ്രതിരോധ കുത്തിവെയ്പ്പും ഊർജ്ജിതമാക്കിയിട്ടുണ്ട്. മന്ത് രോഗം, പോളിയോ നിർമ്മാർജ്ജനം എന്നിവയ്ക്കായി ഊർജ്ജിതമാക്കിയിട്ടുണ്ട്.		
5	മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം	എലിപ്പനി ഡെങ്കിപ്പനി മഞ്ഞപ്പിത്തം ചിക്കൻപോക്സ് ക്ഷയം അഞ്ചാം പനി മലേറിയ	2011-12	കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 103 പേർ ചിക്കൻപോക്സിനും 50 പേർ മഞ്ഞപ്പിത്തത്തിനും (ഹെപ്പറ്റൈറ്റിസ്-എ) ചികിത്സയ്ക്ക് വിധേയമായി. 2012 സെപ്തംബർ മാസം ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം പടർന്നു പിടിച്ചിരുന്നു ഈ കാലയളവിൽ മൂന്ന് ചികിത്സാ വിഭാഗങ്ങളിൽ നിന്നുള്ള മെഡിക്കൽ സംഘങ്ങൾ രോഗബാധിതരുടെ വീടുകൾ സന്ദർശിക്കുകയും 200-ഓളം പേർക്ക് മരുന്ന് നൽകുകയും ഉണ്ടായി.		

6	പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം	മലേറിയ	2	2011-12	പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു
7	കോട്ടയം നഗരസഭ	മലേറിയ	1		സമയോചിതമായ ചികിത്സ മറ്റ് പ്രതിരോധ നടപടികളും മൂലം രോഗത്തിന്റെ വ്യാപനം തടയാൻ സാധിച്ചു
8	ചങ്ങനാശ്ശേരി നഗരസഭ	മലേറിയ	5		മന്ത്, പോളിയോ നിർമ്മാർജ്ജന പരിപാടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
9	എടവണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം	മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ്-എ)	36	2011	പി.എച്ച്.സി.യുടെ നേതൃത്വത്തിൽ ഈ പ്രദേശത്ത് ബോധവൽക്കരണം നടത്തുകയും മുഴുവൻ കിണറുകളും ശുചീകരിക്കുകയും ഉണ്ടായി.
10	ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്	മഞ്ഞപ്പിത്തം മലമ്പനി ചിക്കൻപോക്സ്	25 16 2 2 33 20	2011 2012 2011 2012 2011 2012	അംഗൻവാടികളും സ്കൂളുകളും കേന്ദ്രീകരിച്ചും നോട്ടീസുകൾ വഴിയും ബോധവൽക്കരണം നടത്തുന്നു. കുടിവെള്ള സാമ്പിളുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.3.6.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

171. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

172. വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റികൾ

2000 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ഓരോ മേഖലയിലും രൂപീകൃതമാകുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം, കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിലും സമയത്തും പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. ആരോഗ്യ മേഖലയ്ക്കായി രൂപീകരിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവ നടത്തേണ്ടതാണ്. പരിശോധന നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തന അവലോകനം - ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

കൊല്ലം നഗരസഭയിൽ 2010-11 വർഷത്തിൽ കമ്മിറ്റി കൃത്യമായി യോഗം ചേരുകയും ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുടെ അവലോകനവും വിലയിരുത്തലുകളും ഏറെക്കുറെ ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2011-12 വർഷത്തിൽ ആരോഗ്യമേഖലയിലെ പ്രവർത്തനം തൃപ്തികരമല്ല. അടിയന്തിര പ്രാധാന്യമുള്ള പല അജണ്ടകളും വേണ്ടത്ര ചർച്ച നടത്താതെ മാറ്റി വച്ചു. ഉദാഹരണമായി ബി.ഡിവിഷൻ പരിധിയിലുള്ള റെയിൽവേ സ്റ്റേഷന് മുന്നിലൂടെയുള്ള ഓട ആ പരിസരത്തുള്ള ഹോട്ടലുകളിൽ നിന്നുള്ള മലിനജലം ഒഴുകി ദുർഗന്ധം പരത്തുന്നു എന്ന വിഷയം കൗൺസിൽ അജണ്ടയിൽ പലപ്രാവശ്യം വന്നുവെങ്കിലും ഈ വിഷയത്തിൽ ഫലപ്രദമായ തീരുമാനമെടുക്കുന്നതിനോ ഹോട്ടലുകളുടെ ലൈസൻസ് റദ്ദാക്കുന്നതിനോ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല. കരിപ്പുഴചണ്ടി ഡിപ്പോയിലെ മാലിന്യ സംസ്കരണം

സംബന്ധിച്ച പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ പ്രതിവിധി കണ്ടെത്തി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും മറ്റുമുള്ള ചർച്ചകൾ നടത്തുന്നതിനെക്കുറിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒരു തീരുമാനവും എടുത്തതായി കാണുന്നില്ല. പേവിഷം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചർച്ചയും, പ്ലാസ്റ്റിക് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തിയെങ്കിലും ചർച്ച ചെയ്യുകയോ മറ്റ് തീരുമാനങ്ങൾ എടുക്കുകയോ ചെയ്തിട്ടില്ല.

കോട്ടയം മുനിസിപ്പാലിറ്റിയിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൂടി ഉൾപ്പെട്ട ഹോട്ടൽ വെയ്സ്റ്റ് മാനേജ്മെന്റ് കമ്മിറ്റി ഹോട്ടലുകളിലെ വെയ്സ്റ്റ് ശേഖരണത്തിനായി രൂപീകരിച്ചിട്ടുള്ളതാണ്. ഹോട്ടലുകൾ, ക്യാന്റീനുകൾ, ബാറുകൾ തുടങ്ങിയവയ്ക്ക് ഓരോ ക്ലാസ്സ് നിശ്ചയിക്കുകയും ഓരോ ക്ലാസ്സിനും നിശ്ചിത നിരക്കിൽ പ്രതിമാസ ഫീസ് നിശ്ചയിച്ച് ഇപ്രകാരം ലഭിക്കുന്ന തുക പ്രത്യേക അക്കൗണ്ടിലൂടെ വിനിമയം നടത്തുകയും ചെയ്യുന്നു. അടിസ്ഥാന ലക്ഷ്യം മാലിന്യ സംസ്കരണമാണെങ്കിലും ഇതുവരെയും കമ്മിറ്റിയുടെ നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് മാലിന്യശേഖരണത്തിനുവേണ്ടി ഒരു ലോറി വാങ്ങാൻ സാധിച്ചുവെന്നത് നേട്ടമാണ്. ഹോട്ടലുകളിൽ റെയ്ഡ് നടത്തി പഴകിയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുക്കുന്നതിലും സ്ഥാപന ഉടമകൾക്കെതിരെ പിഴ ഈടാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാപരമായ ഇത്തരം നടപടികൾ തുടർന്നു കൊണ്ട് പോകേണ്ടതും അത്യാവശ്യമാണ്.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഒരു തവണ യോഗം ചേരുന്നുണ്ടെങ്കിലും കാലികമായി ഉയർന്നുവരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും അതിനു താൽക്കാലിക പരിഹാര

മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതിൽ മാത്രം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഒതുങ്ങി നിൽക്കുന്നു. ആരോഗ്യപൂർണ്ണമായ സമൂഹത്തിന് ആധാരമായി വർത്തിക്കേണ്ട വിവിധ മേഖലകളെ അപഗ്രഥിക്കാനോ കണ്ടെത്തുന്ന പ്രശ്നങ്ങൾ സുസ്ഥിരമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനോ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ലെന്ന് യോഗ മിനിട്ട്സ് വ്യക്തമാക്കുന്നു. ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനവും മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങളും ഗൗരവതരമായി കാണാതിരുന്നത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

വടകര നഗരസഭയിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഒരു തവണ യോഗം ചേരുന്നുണ്ട്. എന്നാൽ നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയുന്നില്ല എന്ന് കമ്മിറ്റി മിനിട്ട്സ് വ്യക്തമാക്കുന്നു. നഗരസഭയിൽ തത്സമയം ഉയരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആയതിന് പരിഹാരം കാണുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

വയനാട് മാനന്തവാടി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിററിയിലും കർമ്മ സമിതിയിലും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു തവണ എല്ലാ മാസവും യോഗം ചേരുന്നുണ്ട്. എന്നാൽ നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിയുന്നില്ല എന്ന് കമ്മിറ്റി മിനിട്സ് വ്യക്തമാക്കുന്നു. നഗരസഭയിൽ തത്സമയം ഉയരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആയതിന് പരിഹാരം കാണുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.3.6.17)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

173. കൊല്ലം നഗരസഭ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

174. വടകര നഗരസഭയിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, നിലവിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസത്തിൽ രണ്ടുതവണ ചേരുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിഗണിക്കുകയും അതിന്മേൽ നിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ടെന്നും നഗരസഭ സമിതിയുടെ മിനിറ്റ്സ് പരിശോധനയിൽ അത്തരം വിഷയങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ സമയത്ത് ഇക്കാര്യങ്ങളൊന്നും മിനിറ്റ്സിൽ വിശദമായി രേഖപ്പെടുത്താറില്ലായിരുന്നുവെന്നും നിലവിൽ ഇതെല്ലാം വിശദമായി മിനിറ്റ്സിൽ രേഖപ്പെടുത്തുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മിറ്റി ചേർന്നയുടൻ തന്നെ മിനിറ്റ്സ് രേഖപ്പെടുത്താറുണ്ടെന്നും വടകര നഗരസഭാ സെക്രട്ടറി മറുപടി നൽകി.

175. കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന് മിനിറ്റ്സ് ലഭിച്ചിട്ടില്ലെന്നും നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേരുന്നതിലും നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിലും കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലെന്നാണ് നിലവിലും റിപ്പോർട്ട് വന്നിരിക്കുന്നതെന്നും ഓഡിറ്റിനോട് ഇക്കാര്യം ഒരിക്കൽക്കൂടി പരിശോധിക്കാൻ ആവശ്യപ്പെടാമെന്നും തലശ്ശേരി നഗരസഭയിലേതുപോലുള്ള മികച്ച പ്രവർത്തനം വടകര നഗരസഭയിൽ നടക്കുന്നില്ലെന്നും അജണ്ടയിൽ പരാമശിച്ചിരിക്കുന്നതുപോലുള്ള ഗുണപരമായ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തുന്നില്ലെന്ന് വ്യക്തമാണെങ്കിലും സാങ്കേതികമായി വകുപ്പിന്റെ മറുപടി അംഗീകരിക്കുന്നുവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

176. വകുപ്പ് നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

177. വയനാട് മാനന്തവാടി ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലെന്ന പരാമർശം സംബന്ധിച്ച് എന്താണ് വിശദീകരിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി വിപുലമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും നിലവിൽ ഇതിലുൾപ്പെടുത്തിയാണ് ശുചിത്വമേഖലയിലും ഖരമാലിന്യ സംസ്കരണത്തിലും പ്ലാൻ തയ്യാറാക്കുന്നതെന്നും ഇതെല്ലാം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മിനിട്ട്സ് തയ്യാറാക്കുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും മാനന്തവാടി മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി.

178. ആരോഗ്യ മേഖലയിലെ ഭരണപരമായ പ്രവർത്തനങ്ങളുടെ അവലോകനം സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയിട്ടുണ്ടാകാമെങ്കിലും അവ മിനിട്സിലും അജണ്ടയിലും രേഖപ്പെടുത്താത്ത സാഹചര്യമുണ്ടാകുന്നതിനാൽ പുറമേയുള്ള ഏജൻസിക്ക് മനസ്സിലാക്കാൻ സാധിക്കാത്തതാണ് ഓഡിറ്റ് പരാമർശങ്ങൾക്ക് കാരണമാകുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും അംഗങ്ങൾക്കും കിലയിൽ നിന്നും നൽകുന്ന പ്രത്യേക പരിശീലനത്തിന്റെ ഫലപ്രാപ്തി ഉണ്ടാകാത്തതിന് കാരണം സമിതി ആരാഞ്ഞതിന്, ആരോഗ്യ മേഖലയിലെ ഉദ്യോഗസ്ഥർക്ക് വിവരവിനിമയത്തിനായി പ്രത്യേക മാനേജ്മെന്റ് കമ്മിറ്റിയുണ്ടെന്നും പ്രസ്തുത കമ്മിറ്റിയിലെയും സ്റ്റാൻഡിംഗ് കമ്മിറ്റിയിലെയും വിവരവിനിമയ ക്രമീകരണങ്ങളും ഓർഗനൈസേഷൻ സ്ട്രക്ച്ചറും രണ്ട് രീതിയിലാണെന്നും മാസത്തിൽ രണ്ടു പ്രാവശ്യം സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേരുന്നുണ്ടെന്നാണ് ആരോഗ്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും പ്രസ്തുത കമ്മിറ്റി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഭരണവിവര സംവിധാനം ഉദ്യോഗസ്ഥ തലങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നതിനാൽ യോഗം ചേരാറുണ്ടാകുമെന്നും എന്നാൽ അടുത്ത മൂന്നു

മാസത്തേക്ക് നഗരസഭ എറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച വിവരം ഇല്ലാത്തതിനാലാണ് തീരുമാനങ്ങൾ സംബന്ധിച്ച മിനിറ്റ്സ് ശുഷ്കമായിപ്പോകുന്നതെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ ഇടപെടൽ തെളിയിക്കാൻ നിലവിലെ മിനിറ്റ്സ് പര്യാപ്തമല്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

179. ചില നഗരസഭകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി കൂടുകയോ മിനിറ്റ്സ് രേഖപ്പെടുത്തുകയോ ചെയ്യാറില്ലെന്നും സാധാരണഗതിയിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയുള്ള ക്ലർക്കാണ് റിപ്പോർട്ട് രേഖപ്പെടുത്തുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

180. സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി കൂടുകയും പൊതുവായ വിഷയങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതും ഭാവിയിൽ ഗുണം ചെയ്യുമെന്ന് വിലയിരുത്തിയ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഏതൊക്കെ കാര്യങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്ന ഫോർമാറ്റില്ലെന്നും കൃത്യമായ ഫോർമാറ്റ് കൊടുത്താൽ അത്രയും വിശദാംശം റിപ്പോർട്ടിനുള്ളിൽ വരുമെന്നാണ് ഓഡിറ്റ് വകുപ്പ് പറഞ്ഞിട്ടുള്ളതെന്നും ചൂണ്ടിക്കാട്ടി.

181. ആരോഗ്യം, സാമൂഹ്യക്ഷേമം ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്ന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പ്രശ്നങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടെ ശരാശരി 40 നിർദ്ദേശങ്ങൾ വരെ ഒരു മാസക്കാലയളവിനുള്ളിൽ ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും തലശ്ശേരിയിലെ റിപ്പോർട്ട് പരിശോധിച്ചതിൽ 40 നിർദ്ദേശങ്ങളിൽ രണ്ടെണ്ണം പോലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും സ്ഥാപനത്തിൽ ആയത് സ്വീകരിച്ചിട്ടുണ്ടെന്നും സംസ്ഥാന തലത്തിൽ ആരോഗ്യമേഖലയിലെ പോളിസി നിർദ്ദേശങ്ങൾ പോലും

അജണ്ടയിൽ ഉൾപ്പെടുന്നതിനുള്ള ക്രമീകരണം നിലവിലില്ലെന്നും ചില സ്ഥലങ്ങളിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ക്രിയാത്മകമായ ഇടപെടൽ നിമിത്തം സ്റ്റാന്റിംഗ് കമ്മിറ്റി ഗുണപരമായി പ്രവർത്തിക്കുന്നുവെന്നല്ലാതെ എല്ലാ സ്ഥലങ്ങളിലും ഏകോപിതമായി പ്രതീക്ഷിക്കാവുന്ന നിലയുണ്ടായിട്ടില്ലെന്നും ഉള്ളടക്കമനുസരിച്ച് അജണ്ടയുടെ കുറിപ്പ് തയ്യാറാക്കുന്നതിൽ സിസ്റ്റത്തിന്റെ പിന്തുണ കൃത്യമായി ഉറപ്പാക്കിയാൽ സംവിധാനം മെച്ചപ്പെടുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദീകരിച്ചു

182. സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും മിനിട്ട്സ് തയ്യാറാക്കുകയും ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവായ നിർദ്ദേശം നൽകണമെന്നും കൂടാതെ പ്രസ്തുത മിനിട്ട്സ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു

183. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രവർത്തനം സംബന്ധിച്ച് ആകട്ടിൽ കൃത്യമായി പറയുന്നുണ്ടെന്നും ആലപ്പുഴയിലും പാലക്കാടും തിരുവനന്തപുരം കോർപ്പറേഷനിലും കൃത്യമായി യോഗം കൂടാറുണ്ടായിരുന്നുവെന്നും രാവിലെ ആരംഭിക്കുന്ന യോഗം വൈകുന്നേരമാണ് അവസാനിച്ചിരുന്നതെന്നും രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സമയത്തും യോഗം ചേർന്ന് ദീർഘ സമയം ചർച്ച നടത്തിയിരുന്നുവെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സുകൾ കൗൺസിലിലേയ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടെന്നും മറ്റെവിടെയെങ്കിലും കുറവുവന്നിട്ടുണ്ടെങ്കിൽ ഇടപെടൽ നടത്താമെന്നും ഇതുസംബന്ധിച്ച് ആകട്ടിൽ കൃത്യമായി പറയുന്നതിനാൽ ഏകോപിപ്പിക്കേണ്ട കാര്യമില്ലെന്നും ആക്ടും റൂളും അനുസരിച്ചാണ് തദ്ദേശ സ്ഥാപനങ്ങൾ ഇതെല്ലാം നടത്തുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ അഫയേഴ്സ്) ജോയിന്റ് ഡയറക്ടർ (ആരോഗ്യം) അറിയിച്ചു.

184. പ്രസ്തുത പരാമർശത്തിന്മേൽ സമിതി പൊതുവായി നൽകിയ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

185. കൊല്ലം നഗരസഭ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

186. വകുപ്പ് നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വടകര നഗരസഭയിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

187. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും യോഗനടപടിക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവായ നിർദ്ദേശം നൽകണമെന്നും കൂടാതെ പ്രസ്തുത യോഗനടപടിക്കുറിപ്പ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

188. മാനന്തവാടി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെന്നുള്ള സർക്കാർ മറുപടി സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ

14.08.2009 ലെ 39286/3/09 തസ്വഭവ സർക്കുലർ പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി വർഷത്തിൽ ഒരിക്കൽ ഈ

വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിയുടെയും കുടുംബങ്ങളിൽ നിന്ന് ഒരാൾ എന്ന ക്രമത്തിൽ പ്രതിനിധികളെ ഉൾപ്പെടുത്തി ആസൂത്രണ ഗ്രാമസഭ ചേരുന്നതിന് മുമ്പായി സ്പെഷ്യൽ പൊതുസഭ കൂടുന്നതിനും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു.

കൊല്ലം നഗരസഭ ഈ വിഭാഗത്തിൽ വരുന്നവരുടെ ഉന്നമനത്തെ ലക്ഷ്യമിട്ടുകൊണ്ട് വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. എന്നിരുന്നാലും ഈ വിഭാഗത്തിലുള്ള വ്യക്തികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും ഇവരെ മുഖ്യധാരയിലേയ്ക്ക് ഒരു പരിധിവരെയെങ്കിലും ഉയർത്തിക്കൊണ്ടുവരുന്നതിനും അവരുടെ പങ്കാളിത്തം പദ്ധതി രൂപീകരണ വേളയിൽ ഉറപ്പാക്കുന്നതിനുമായി സ്പെഷ്യൽ പൊതുസഭ വിളിച്ചു ചേർക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ നിർദ്ദേശങ്ങൾക്കായി കൂടിയ ഏതാനും ചില ഗ്രാമസഭായോഗങ്ങളിൽ വികലാംഗർക്കുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചെങ്കിലും പ്രസ്തുത വിഭാഗക്കാർക്കായി യാതൊരു പദ്ധതിയും പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. 2011-12 വർഷം പൊതുസഭ വിളിച്ച് ചേർത്തിട്ടില്ല. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ആദ്യമായി 12.08.12 നാണ് ഇത്തരത്തിലുള്ള പൊതുസഭ വിളിച്ചു ചേർത്തിട്ടുള്ളത്. 2012-17 പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി വികലാംഗക്ഷേമ കാര്യത്തിനുവേണ്ടി 5% ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. തൊഴിൽ ചെയ്യാൻ തയ്യാറായവരെ തെരഞ്ഞെടുക്കുക, കുട്ടികളുടെ പഠനത്തിന് സഹായ തുക വർദ്ധിപ്പിക്കുക, കാഴ്ചശക്തി ഇല്ലാത്തവർക്ക് ചികിത്സക്കും ശസ്ത്രക്രിയയ്ക്കുമായി ധനസഹായം നൽകുക, വികലാംഗർക്ക് മരുന്നു വാങ്ങുന്നതിന് സഹായം നൽകുക എന്നിവ പദ്ധതി നിർദ്ദേശങ്ങളാണ്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ ഉൾപ്പെടുത്തി 2011-12 വർഷം 07.07.12-ന് 132 പേർ പങ്കെടുത്ത പ്രത്യേക വാർഡ്സഭ കൂടുകയും പങ്കെടുത്തവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്ത് തലശ്ശേരി നഗരസഭ മാതൃക കാട്ടി.

മാതൃകാ പരിപാടികൾ

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരങ്ങളിലെ പുകയില ഉൾപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെയുള്ള നടപടികൾ, ആശുപത്രി മാലിന്യങ്ങൾ പഞ്ചായത്ത് പ്രദേശത്ത് മറവു ചെയ്തതിനെതിരെയുള്ള നടപടികൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. പെരുമ്പാവൂർ നഗരസഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

189. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ പ്രതിനിധിയായി ഒരു കുടുംബാംഗം പങ്കെടുക്കണമെന്നാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാക്കിയ സമിതി കൊല്ലം നഗരസഭയിൽ പ്രത്യേക ഗ്രാമസഭകൾ കൃത്യമായി കൂടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടോയെന്ന് ആരാഞ്ഞു. ആയത് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും കൃത്യമായി യോഗം ചേരാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ

വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

190. തുടർന്നും മുന്നേറേണ്ട മേഖലയെന്ന നിലയിൽ ഭിന്നശേഷിക്കാർക്കായി ഫണ്ട് മാറ്റി വയ്ക്കുകയും ഗ്രാമസഭകൾ കൂടുകയും ചെയ്യുന്നു എന്നത് അംഗീകരിക്കുമ്പോഴും പ്രസ്തുത വിഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ഇടപെടലുണ്ടാകേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും ബി.ആർ.സി.കൾ കൂടുതൽ മെച്ചപ്പെടേണ്ടതായിട്ടുണ്ടെന്നും ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്ന മേഖലയാണിതെന്നും സമിതി വിലയിരുത്തി.

191. ഭിന്നശേഷി വിഭാഗത്തിന് കൂടുതൽ മുൻഗണന നൽകുന്നത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്യാമെന്നും പ്രത്യേക ഗ്രാമസഭകളുടെ സംഘാടനത്തിൽ പിഴവോ പോരായ്മകളോ ഉണ്ടെങ്കിൽ ആവശ്യമായ പൊതുനിർദ്ദേശം വകുപ്പിൽ നിന്നും നൽകാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

192. വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി കൊല്ലം നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കാൻ തീരുമാനിച്ചു.

193. ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവും വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശവും ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

മാതൃകാ പരിപാടികൾ

194. പ്രസ്തുത ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

195. കൊല്ലം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

196. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവും വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശവും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പൊതു ശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും

1998-ലെ കേരള പഞ്ചായത്ത് രാജ് (പൊതു കക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങൾ പ്രകാരം ജനസാന്ദ്രതയുള്ള പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്നതായ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യാർത്ഥം പൊതു മൂത്രപ്പുരകളും പൊതു കുളിസ്ഥലങ്ങളും സ്ഥാപിക്കേണ്ടതും അവ ദിവസവും വൃത്തിയാക്കുകയും ശരിയായ നിലയിൽ സൂക്ഷിക്കേണ്ടതുമാണ്. പൊതു കുളിസ്ഥലങ്ങൾക്കും മൂത്രപ്പുരകൾക്കും ആവശ്യമുള്ള ശുദ്ധജലം പഞ്ചായത്ത് ലഭ്യമാക്കേണ്ടതും മലിനജലം ഒഴുക്കി കളയുന്നതിനാവശ്യമായ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുവാനും ചട്ടം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുശൗചാലയങ്ങളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് ശൗചാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. നിർമ്മൽ പുരസ്കാരമായി 2009-10 വർഷം 5,00,000/- രൂപ ലഭിച്ചെങ്കിലും തുക ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഇ - ടോയ്‌ലറ്റ് ആസൂത്രണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

കൊല്ലം കോർപ്പറേഷന്റെ 2011-12 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ തിരക്കേറിയ ഭാഗങ്ങളിൽ വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'ഇ-ടോയ്‌ലറ്റ് നിർമ്മാണം'. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ഇ-ടോയ്‌ലറ്റുകളാണ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടത്. ഏറം സയന്റിഫിക് സൊല്യൂഷൻസ് (പി) ലിമിറ്റഡ് 'ഡിലൈറ്റ് ഇ-ടൊയ്‌ലറ്റ് ' എന്ന പേരിലാണ് ടോയ്‌ലറ്റ് നിർമ്മിച്ചത്. ഇതിനായി വികസന ഫണ്ടിൽ നിന്നും 10,47,910/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ചിന്നക്കടയിലെ 2 ടോയ്‌ലറ്റുകളുടെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഒരാഴ്ചക്കുള്ളിൽ തന്നെ അവ പ്രവർത്തനരഹിതമായി. ഇ-ടോയ്‌ലറ്റുകൾ നന്നാക്കാനുള്ള നടപടികൾ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കൂടാതെ ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതായതിനാൽ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് 'യൂസർ ഫ്രണ്ട്‌ലി ' അല്ല എന്നുള്ളതും ഇതിന്റെ പോരായ്മയാണ്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു പൊതുശൗചാലയം മാത്രമാണുള്ളത്. പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന ശൗചാലയത്തിന്റെ സ്ഥിതി ശോചനീയമാണ്. വേണ്ട മേൽനോട്ടവും സംരക്ഷണവുമില്ലാതെ ഈ ശൗചാലയം അങ്ങേയറ്റം വൃത്തിഹീനവും നാശോന്മുഖവുമായ നിലയിലാണ്. ഇവിടെ പ്രാഥമിക ആവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ഈ ശൗചാലയം ഉപയോഗിക്കാൻ നിർബന്ധിതരാകുകയാണ്. വൃത്തിഹീനമായ ഇത്തരം ശൗചാലയങ്ങൾ രോഗവാഹികളായ അണുക്കളുടെ കേന്ദ്രമായി മാറുകയും രോഗങ്ങൾ പടരുന്നതിന് കാരണമായിത്തീരുകയും ചെയ്യും.

ചങ്ങനാശ്ശേരി നഗരസഭയിൽ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ അവസ്ഥ ശോചനീയമാണ്. ചോർന്നൊലിക്കുന്നതും പൊട്ടിപ്പൊളിഞ്ഞതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ശൗചാലയങ്ങൾ ഭൂരിഭാഗവും ഉപഭോക്താക്കളിൽ നിന്നും പ്രതിഫലം കൈപ്പറ്റി പ്രവർത്തിപ്പിക്കുന്നവയാണെങ്കിലും അവ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകാണുന്നില്ല. നഗരസഭ വക ഫാത്തിമാപുരത്ത് ജനവാസ കേന്ദ്രത്തിലുള്ള കക്കൂസുകളുടെ സെപ്റ്റിക്ക് ടാങ്ക് പൊട്ടിയൊഴുകി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ആവശ്യത്തിന് പൊതുടോയ്‌ലെറ്റുകൾ നഗരത്തിലില്ലാത്ത കൊച്ചി നഗരസഭയിൽ സ്കൂളിലും പൊതുജനങ്ങൾക്കുമായി ബയോ ടോയ്‌ലെറ്റ് സംവിധാനം സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് മാതൃകാപരമാണ്. നിരവധി പരിമിതികളാണ് നഗരസഭയ്ക്ക് മുന്നിൽ ഈ വിഷയവുമായി ബന്ധപ്പെട്ടുള്ളത്. അനുയോജ്യമായ സ്ഥല ലഭ്യതയാണ് ഇതിൽ പ്രധാനം.

കണ്ണൂർ ജില്ലയിലെ വേങ്ങാട് പഞ്ചായത്തിൽ രണ്ട് സ്ഥലത്താണ് പൊതുശൗചാലയങ്ങൾ ഉള്ളത്. ഒന്ന് പഞ്ചായത്തുവക ബസ്സ്സ്റ്റാന്റിലും മറ്റൊന്ന് മമ്പറം ടൗണിലുമാണ് സ്ഥിതി ചെയ്യുന്നത്. ഈ ശൗചാലയങ്ങളുടെ നടത്തിപ്പിനായി പഞ്ചായത്ത് ശരാശരി 2000/- രൂപ പ്രതിമാസം ചെലവ് ചെയ്യുന്നത്. എങ്കിലും ശൗചാലയങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ശൗചാലയങ്ങളും അതിന്റെ പരിസരവും വൃത്തിഹീനമാണ്. ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർമ്മിച്ച ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നശിച്ചുകൊണ്ടിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ രണ്ട് പൊതുശൗചാലയങ്ങളിൽ കൊളപ്പയിലുള്ള ശൗചാലയം പൊതുജനങ്ങൾക്കായി നാളിതുവരെ തുറന്ന് കൊടുത്തിട്ടില്ല. ഈ ശൗചാലയത്തിൽ നിലവിൽ പഞ്ചായത്ത് തെരുവ് വിളക്കുകളും ഉപകരണങ്ങളും സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർമ്മിച്ച ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നശിക്കുന്ന സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്.

കണ്ണൂർ നഗരസഭയിൽ അപര്യാപ്തമായ സ്ഥിതിയിലുള്ള രണ്ട് ശൗചാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ ബി.ഒ.ടി. ബസ് സ്റ്റാന്റിൽ ഒരു ശൗചാലയവുമാണ് പ്രവർത്തിക്കുന്നത്. വളരെയധികം ജനസാന്ദ്രതയുള്ള നഗരസഭയിൽ പൊതുജനങ്ങൾ കേന്ദ്രീകരിക്കുന്ന സ്റ്റേഡിയം കോംപ്ലക്സ്, സ്റ്റേഡിയം പവലിയൻ, മറ്റ് വ്യാപാരകേന്ദ്രങ്ങൾ എന്നിവയിലുണ്ടായിരുന്ന ശൗചാലയങ്ങൾ അടച്ചുപൂട്ടി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 320, 321, 322, 323, 325 വകുപ്പുകൾ പ്രകാരം പൊതുജനങ്ങളുടെ ആരോഗ്യത്തിനും ശുചിത്വത്തിനും നിലകൊള്ളേണ്ട നിയമപരമായ ബാധ്യതയുള്ള നഗരസഭ പൊതു ശൗചാലയങ്ങളുടെ പരിപാലനത്തിന് വേണ്ട ശ്രദ്ധ കൊടുക്കുന്നില്ല. സ്റ്റേഡിയം കോംപ്ലക്സിനടുത്ത് പണമടച്ച് ഉപയോഗിച്ചു കൊണ്ടിരുന്ന ശൗചാലയ കെട്ടിടം ഉപയോഗശൂന്യമായത് നഗരസഭയുടെ കാര്യക്ഷമതക്കുറവാണ് സൂചിപ്പിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ ലക്ഷംവീട് കോളനി, ഉദയനഗർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, പെരിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ 2010-11 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 6,40,000/- രൂപയും, പഞ്ചായത്ത് വിഹിതം 99,249/- രൂപയും കൂടി ആകെ 7,39,249/- രൂപ ചെലവിട്ട് നിർമ്മിച്ച പൊതു ശൗചാലയങ്ങളിൽ ലക്ഷം വീട് കോളനിയിലെ ശൗചാലയം മാത്രമാണ് ഉപയോഗിക്കുന്നത്. പെരിയ കമ്മിറ്റി കമ്മ്യൂണിറ്റി ഹാൾ, ഉദയനഗർ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലെ ശൗചാലയങ്ങൾ വെള്ളം ലഭ്യമാക്കാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.19)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

197. കൊല്ലം നഗരസഭയിൽ കെൽട്രോൺ മുഖേന പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനരഹിതമാണെന്നും കോയിൻ സംവിധാനം യൂസർ ഫ്രണ്ട്‌ലി അല്ലാത്തതിനാൽ സാങ്കേതിക പ്രശ്നമുണ്ടായപ്പോൾ പരിഹരിക്കുന്നതിന് കെൽട്രോണുമായി ബന്ധപ്പെട്ടെങ്കിലും ബാലൻസ് ഫണ്ടും പ്രവർത്തനച്ചെലവും കൈമാറിയാൽ മാത്രമേ തകരാർ പരിഹരിക്കുകയുള്ളൂവെന്ന് അറിയിച്ചുവെന്നും എന്നാൽ പ്രവർത്തനക്ഷമമാക്കിയശേഷം ബാക്കി തുക മുഴുവനും നൽകാമെന്നാണ് പറഞ്ഞതെന്നും 2017-ൽ കെൽട്രോണിന് ലീഗൽ നോട്ടീസ് അയച്ചിട്ടുണ്ടെന്നും കോയിൻ സംവിധാനത്തിൽ പ്രായോഗികമായി തുറക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും കെൽട്രോണുമായുള്ള നിയമനടപടി തുടരുകയാണെന്നും നിലവിലെ സാഹചര്യത്തിൽ തകരാർ പരിഹരിച്ച് പ്രവർത്തിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും 10,47,910/- രൂപയാണ് കെൽട്രോണിന് കൈമാറിയിട്ടുള്ളതെന്നും യഥാസമയം വാർഷിക മെയിന്റനൻസ് നടക്കുന്നില്ലെന്നും നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചു

198. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇ-ടോയ്‌ലറ്റുണ്ടെങ്കിലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണെന്നും കേടായ ഇ-ടോയ്‌ലറ്റുകൾ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നില്ലെന്നും മിക്ക സ്ഥലങ്ങളിലും പ്രസ്തുത സംവിധാനം പരാജയമാണെന്നും സമിതി അഭിപ്രായപ്പെട്ടതിന് യഥാസമയം വാർഷിക മെയിന്റനൻസ് നടക്കാത്തത് പ്രശ്നമാണെന്ന് കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകി

199. ടേക്ക് എ ബ്രേക്ക് സംവിധാനം വന്നതോടുകൂടി ഗ്രാമപ്രദേശങ്ങളിൽ പ്രസ്തുത വിഷയത്തിന് ഏറെക്കുറെ പരിഹാരമായെന്ന് വിലയിരുത്തിയ സമിതി, നഗരങ്ങളിൽ ഇതിന് സാധ്യത കുറവായതിനാൽ കെൽട്രോണല്ലാതെ മറ്റേതെങ്കിലും ഏജൻസിയോ സംവിധാനമോ കൊണ്ടുവരേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചു

200. ലുലു ഹൈപ്പർ മാൾ പോലെയുള്ള വാണിജ്യസ്ഥലങ്ങളിലെ സംവിധാനങ്ങൾക്ക് യാതൊരു പ്രശ്നവും ഉണ്ടാകുന്നില്ലെന്നും അവിടെ റൂമുകൾ പൂട്ടി സൂക്ഷിക്കുകയാണ് പതിവെന്നും അനാഥമായി കിടക്കുന്ന സ്ഥലങ്ങളിലാണ് പ്രശ്നമുണ്ടാകുന്നതെന്നും മെയിന്റനൻസ് ഉറപ്പുവരുത്താത്ത കമ്പനികളെ

കരിമ്പട്ടികയിൽപ്പെടുത്തി ഒഴിവാക്കണമെന്നും ടി വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കരുതലുണ്ടാകണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കിയപ്പോൾ അടിയന്തരമായി പ്രസ്തുത പ്രശ്നം പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇ-ടോയ്‌ലെറ്റ് മാത്രമല്ല ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച് കുറച്ച് മാസങ്ങൾക്കു ശേഷം തകരാറിലാകുന്ന അവസ്ഥയാണെന്നും തെരുവോരങ്ങളിൽ ഇവ സ്ഥാപിക്കുന്നതിനായി ലക്ഷക്കണക്കിന് രൂപയാണ് ഉപയോഗിക്കുന്നതെന്നും എന്നാൽ വീണ്ടും ഹൈമാസ്റ്റ് ലൈറ്റ് വേണമെന്ന ആവശ്യം വരികയാണെന്നും തകരാറിലായത് നന്നാക്കുന്ന പ്രവർത്തനം കാലാനുസൃതവും ഫലപ്രദവുമായി നടത്താൻ കഴിയുന്നില്ലെന്നത് ഗൗരവമായ വിഷയമാണെന്നും സമിതി ചൂണ്ടിക്കാട്ടി.

201. നിയമസഭാംഗങ്ങളുടെ നിർദ്ദേശപ്രകാരം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സർക്കാർ അംഗീകാരമുള്ള ഏജൻസികളാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതെന്നും സ്ഥാപിക്കുന്ന സമയത്ത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം അവയുടെ പരിപാലനം നടത്താമെന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കാമെന്നുമുള്ള സത്യവാങ്മൂലം നൽകുന്നുണ്ടെന്നും എന്നാൽ മൂന്നു വർഷത്തിനു ശേഷം പ്രസ്തുത ലൈറ്റ് തകരാറിലായി നന്നാക്കാൻ കഴിയാത്ത അവസ്ഥയാകുകയാണെന്നും സമിതി വിലയിരുത്തി. മൂന്ന് വർഷം കഴിയുമ്പോൾ ലൈറ്റ് നന്നാക്കാനുള്ള പ്രൊവിഷൻ ഒരു പഞ്ചായത്തും പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നില്ലെന്നും ആയതിനാൽ പഞ്ചായത്തുകൾ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും മൊത്തം തുകയുടെ 10 ശതമാനമെടുക്കുന്നത് കൂടാതെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനാൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി വ്യക്തമാക്കി.

202. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

203. കൊല്ലം നഗരസഭ, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, ചങ്ങനാശ്ശേരി നഗരസഭ, കണ്ണൂർ ജില്ലയിലെ വേങ്ങാട്, കൂടാളി എന്നീ

ഗ്രാമപഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ച പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

204. കണ്ണൂർ നഗരസഭയിൽ ഓഫീസിനുപുറത്തും ജില്ലാ ബാങ്കിന് സമീപത്തും സ്ഥാപിച്ചിരുന്ന ഇ-ടോയ്‌ലെറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും ബാക്കിയുള്ളവയെല്ലാം പൊതുശൗചാലയങ്ങളായി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കണ്ണൂർ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

205. സെൻട്രൽ മാർക്കറ്റ് കെട്ടിടത്തിനുള്ളിലെ 14 ടോയ്‌ലെറ്റുകളുടെ മെയ്ന്റനൻസിനെക്കുറിച്ച് തൃപ്തികരമായ അവസ്ഥയല്ല റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നതിനാൽ ആയത് പരിശോധിക്കേണ്ടതുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതിന് ആയത് പരിശോധിക്കാമെന്ന് കണ്ണൂർ നഗരസഭാ സെക്രട്ടറി അറിയിച്ചു.

206. വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

207. കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി സെന്ററിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 2008 ൽ നിലവിൽ വന്ന ഉദയനഗർ കമ്മ്യൂണിറ്റി ഹാളിൽ നിലവിലും വെള്ളവും വൈദ്യുതിയും ലഭ്യമല്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

208. 2011-12 ലെ ഓഡിറ്റ് പരാമർശത്തിൽ പറയുന്ന കെട്ടിടത്തിൽ വർഷങ്ങൾക്കു ശേഷവും വൈദ്യുതിയും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്താത്തത് ന്യായീകരിക്കാനാവില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഒരു കെട്ടിടം പണിയുമ്പോൾ ആദ്യം വേണ്ടത് ശുചിത്വ സംവിധാനങ്ങളും വൈദ്യുതിയുമാണെന്ന് വ്യക്തമാക്കി. ഇത്രയും കാലമായിട്ടും വയറിംഗ് പോലും ചെയ്തിട്ടില്ലെന്ന് പറയുന്നത് ന്യായമാണോയെന്ന് സമിതി ആരായുകയും പൊതുപ്പണം ഉപയോഗിച്ച് ഒരു കെട്ടിടം പണിയുമ്പോൾ അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുകയും ചെയ്തു

209. പഞ്ചായത്തിന്റെ വരും വർഷത്തെ ഫണ്ടിൽ നിന്നും കെട്ടിടത്തിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താമെന്ന് പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

210. 2011-12 ലെ ഓഡിറ്റ് പരാമർശത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടും ഗ്രാമപഞ്ചായത്ത് ഇതുവരെയും മേൽ പ്രശ്നം ശ്രദ്ധിച്ചിട്ടില്ലെന്നും തുടർന്ന് 8 വർഷത്തിനുശേഷം അടുത്ത പദ്ധതി വർഷം നടപ്പിലാക്കാമെന്ന് പറയുന്നത് അംഗീകരിക്കാനാവില്ലെന്നും പൊതുജനങ്ങളുടെ പണമായതിനാൽ കമ്മ്യൂണിറ്റി ഹാൾ നാട്ടുകാർക്ക് പ്രയോജനപ്രദമാകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടതിന് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

211. 2008-ൽ പണിത കെട്ടിടത്തിന് വിവിധ ഫണ്ടുകൾ ഉപയോഗിച്ചുവെങ്കിലും 2022 ആയിട്ടും വൈദ്യുതി കണക്ഷനോ ശുചിത്വ സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടില്ലെന്നതാണ് പ്രശ്നമെന്നും പദ്ധതികൾ പലതും നടപ്പിലാക്കിയശേഷം അവ പൂർത്തീകരിക്കാതെ പോകുന്നുവെന്നും സമിതി ചൂണ്ടിക്കാട്ടി

212. സാധാരണയായി പദ്ധതി തയ്യാറാക്കുന്ന സമയത്ത് ആദ്യഘട്ടത്തിൽ കെട്ടിടം നിർമ്മിക്കാൻ പണം നീക്കിവയ്ക്കുകയും മറ്റുപണികൾ രണ്ടാംഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം ചെയ്യുകയുമാണ് പതിവെന്നും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബോധിപ്പിച്ചു.

213. വസ്തുതകൾ പരിശോധിച്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തരമായി പഞ്ചായത്ത് ഡയറക്ടർക്കും ഒരാഴ്ചയ്ക്കകം വകുപ്പിനും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നിർദ്ദേശിച്ചു.

214. 2008-ന് ശേഷം ധാരാളം പ്രോജക്ടുകൾ നടപ്പാക്കിയ സമയത്ത് ഇതിനെ പൂർണ്ണമായ ഒരു സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാത്തത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുണ്ടായ അപാകതയാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത പദ്ധതി

നടപ്പാക്കി റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കുകയുള്ളൂ എന്ന് വ്യക്തമാക്കി.

നിഗമനങ്ങൾ/ശിപാർശകൾ

215. സംസ്ഥാനത്ത് പലസ്ഥലങ്ങളിലും E-Toilet-കൾ ഉണ്ടെങ്കിലും പലതും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും കേടായവയുടെ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നില്ലെന്നും മിക്ക സ്ഥലങ്ങളിലും പ്രസ്തുത സംവിധാനം പരാജയമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും 'ടേക്ക് എ ബ്രേക്ക്' പദ്ധതി ഗ്രാമപ്രദേശങ്ങളിലെ ഇ-ടോയ്‌ലെറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സഹായകകരമായെന്ന് സമിതി വിലയിരുത്തുന്നു. നഗരങ്ങളിലെ ഇ-ടോയ്‌ലെറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കെൽട്രോൺ കൂടാതെയുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

216. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

217. കൊല്ലം നഗരസഭ, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, ചങ്ങനാശ്ശേരി നഗരസഭ, കണ്ണൂർ ജില്ലയിലെ വേങ്ങാട്, കൂടാളി ഗ്രാമപഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ച പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

218. കണ്ണൂർ നഗരസഭയിലെ ശൗചാലയ കെട്ടിടം ഉപയോഗ ശൂന്യമായത് സംബന്ധിച്ച വകുപ്പിന്റെ മറുപടി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

219. പൊതുഖജനാവിൽ നിന്നുള്ള തുക ഉപയോഗിച്ച് കെട്ടിടം പണിയുമ്പോൾ അനുബന്ധ സൗകര്യം കൂടി ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2008-നു ശേഷം നിരവധി പദ്ധതികൾ

നടപ്പാക്കിയ സമയത്ത് കാസർഗോഡ് പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുണ്ടായ അപാകതയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം

സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2003 ലാണ് ഭാരത സർക്കാർ നിർമ്മൽ ഗ്രാമപുരസ്കാരം ഏർപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തുകളെ കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്കും അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ 97% ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം നാളിതുവരെ ലഭിച്ചിട്ടുണ്ട്. 2010 വരെ നിർമ്മൽ പുരസ്കാരം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	ജില്ലാപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമപഞ്ചായത്ത്
2005	-	-	1
2006	-	-	6
2007	-	6	219
2008	4	84	600
2009	2	15	43
2010	-	1	103
ആകെ	**6**	**106**	**972**

18.12.2009 ലെ ഐ.ഇ.സി 320/07 സി ആർ ഡി നമ്പർ സർക്കുലർ പ്രകാരം നിർമ്മൽ ഗ്രാമപുരസ്കാര തുകയുടെ വിനിയോഗം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അവാർഡ് തുകയുടെ വിനിയോഗത്തിന്റെ ഗതി മോണിട്ടറിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതും അവാർഡു തുകയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടവും വിശദമായി ഡോക്യുമെന്റ് ചെയ്യേണ്ടതുമാണെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന് 01.02.10-ൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച 5,00,000/- രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. 2011-12 വർഷം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രസ്തുത തുക ഉൾപ്പെടുത്തി 13.74 ലക്ഷം രൂപ അടങ്കൽ ഉള്ള ഒരു പ്രോജക്ട് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഏറത്ത് ഗ്രാമപഞ്ചായത്തിന് ലഭിച്ച പുരസ്കാര തുകയും തനതു ഫണ്ടിൽ നിക്ഷേപിച്ച് വക മാറ്റി ചെലവഴിക്കുകയാണ് ചെയ്യുന്നത്.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന് 2011-12 ൽ ലഭിച്ച തുകയും പാലക്കാട് ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന് 2009-10 വർഷം ലഭിച്ച നിർമ്മൽ പുരസ്കാര തുകയും ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് നിർമ്മൽ പുരസ്കാര തുകയായി ലഭിച്ച തുക ഉപയോഗിച്ചുകൊണ്ട് കെട്ടാങ്ങൽ, ചാത്തമംഗലം എന്നീ അങ്ങാടികളിലായി പൊതു ടോയ്‌ലെറ്റുകളുള്ള ശുചിത്വ സമുച്ചയങ്ങൾ ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. എങ്കിലും വർഷങ്ങളായിട്ടും പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ചതും പൊതുജനങ്ങൾക്ക് ഏറ്റവും ഉപയോഗപ്പെടുന്നതുമായ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്.

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷത്തിൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച 5 ലക്ഷം രൂപ മാലിന്യമുക്ത പദ്ധതി- പഞ്ചായത്ത് തലത്തിൽ റിക്കവറി സെന്റർ നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുപോയി പൊടിക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള കെട്ടിടനിർമ്മാണത്തിനു വേണ്ടിയാണ് തുക ചെലവഴിച്ചത്.

നിർമ്മൽ പുരസ്കാര തുക ചെലവഴിച്ച് നിർമ്മിച്ച നിഷ്ക്രിയ ആസ്തി

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷം നിർമ്മൽ പുരസ്കാരമായി ലഭിച്ച 5 ലക്ഷം രൂപ മാലിന്യമുക്ത പദ്ധതി - പഞ്ചായത്ത് തലത്തിൽ റിക്കവറി സെന്റർ നിർമ്മാണത്തിനായി ചെലവഴിച്ച പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന് വേണ്ടിയാണ് തുക ചെലവഴിച്ചത്. പ്രവൃത്തി 2011-12 വർഷത്തിൽ പൂർത്തീകരിച്ചു. നിർമ്മൽ പുരസ്കാരത്തുകയായ 5,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപയായിരുന്നു അടങ്കൽ. 5,51,818/- രൂപ ചെലവാക്കിയാണ് ഷ്രെഡിംഗ് യൂണിറ്റിന് ഷെഡ് നിർമ്മിച്ചത്.

പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ മെഷിനറികൾ വാങ്ങുന്നതിന് 2011-12 വർഷത്തിൽ 2 ലക്ഷം രൂപ പദ്ധതി വിഹിതവും 1.25 ലക്ഷം രൂപ കേന്ദ്രവിഹിതവുമായ പദ്ധതി തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തെങ്കിലും ഷെഡിന് സമീപം ഒരു അങ്കണവാടിയും, 2 കുടിവെള്ള പദ്ധതികളും ഉള്ളതിനാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയും പദ്ധതി വിഹിതമായി വകയിരുത്തിയ 2 ലക്ഷം രൂപ ഇ.എം.എസ്. ഭവന പദ്ധതിയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

പദ്ധതികൾ തയ്യാറാക്കുമ്പോൾ ആവശ്യമായ സാധ്യതാപഠനം, ഗ്രാമസഭയിൽ പദ്ധതിയെക്കുറിച്ചുള്ള ചർച്ച തുടങ്ങിയ കാര്യങ്ങൾ ആസൂത്രണഘട്ടത്തിൽ ചെയ്യാത്തതുകൊണ്ടാണ്, പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാതെ പദ്ധതി പരാജയപ്പെട്ടതും, നിർമ്മൽ പുരസ്കാരതുക ചെലവഴിച്ച് നിർമ്മിച്ച ആസ്തി നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നതും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.20)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

220. വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

221. ഏറത്ത് ഗ്രാമപഞ്ചായത്തിന് ലഭ്യമായ നിർമ്മൽ പുരസ്കാരത്തുക വിനിയോഗിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും 3 വർഷത്തെ തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ ചെലവാക്കിയിട്ടില്ലെന്നും 2023-24 വർഷത്തിൽ പുതിയ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുമെന്നും കമ്പോസ്റ്റിൽ നിന്നും ബയോഗ്യാസ് ഉൽപാദിപ്പിക്കുന്ന പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും തുക വിനിയോഗിച്ചില്ലെന്നും ഏറത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

222. മൂന്ന് വർഷത്തോളമായി നിർമ്മൽ പുരസ്കാര തുകയ്ക്ക് പദ്ധതി വച്ചിരുന്നുവെങ്കിലും വിനിയോഗിച്ചില്ലെന്നത് ബോധ്യപ്പെട്ട സമിതി, നിർമ്മൽ പുരസ്കാരത്തുക വിനിയോഗിച്ചതിനുശേഷം മാത്രമേ ഏറത്ത് ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുകയുള്ളൂ എന്ന് വ്യക്തമാക്കി.

223. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

224. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

225. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

226. വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

227. ഏറത്ത് ഗ്രാമപഞ്ചായത്തിന് ലഭ്യമായ നിർമ്മൽ പുരസ്കാര തുക നാളിതുവരെ വിനിയോഗിച്ചില്ലെന്ന് സമിതി മനസ്സിലാക്കുന്നു. നിർമ്മൽ പുരസ്കാരതുക വിനിയോഗിച്ചതിനു ശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

228. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ

സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി കാണുന്ന ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി ജനസംഖ്യ താഴെ കൊടുക്കുന്നു.

ഇടുക്കി : 50973; വയനാട് : 136062 ; പാലക്കാട് : 39665

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാഥമിക പരിചരണം നൽകുന്നതിന് 13 ട്രൈബൽ മൈബൈൽ മെഡിക്കൽ യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. 5 എണ്ണം വയനാട് ജില്ലയിലും, 2 വീതം ഇടുക്കി, പാലക്കാട് ജില്ലകളിലും ഓരോന്ന് വീതം കാസർഗോഡ്, മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ ഓരോ മാസവും ശരാശരി 20 മെഡിക്കൽ ക്യാമ്പുകൾ വീതം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തി

വരുന്നു. 2007-08 മുതൽ 2012-13 വരെ ആരോഗ്യപരിപാലന പദ്ധതികൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും പട്ടികയായി ചേർക്കുന്നു.

രൂപ ലക്ഷത്തിൽ

വർഷം	പ്ലാൻ	
	വിഹിതം	ചെലവ്
2007-08	1217	1201.62
2008-09	170	116.11
2009-10	80	79.99
2010-11	125	125
2011-12	174.23	174.23
2012-13 (31.12.12)	180	73.86

അവലംബം: എക്കണോമിക്ക് റിവ്യൂ 2012

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാവർഷവും പട്ടികവർഗ്ഗക്കാർക്കായി ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. പട്ടികജാതി കോളനിയിലെ വൃദ്ധജനങ്ങൾക്കായി രോഗപ്രതിരോധ പ്രവർത്തനവും ആരോഗ്യ സംരക്ഷണവും എന്ന പദ്ധതി 2011-12 ൽ നടപ്പാക്കി. ആരോഗ്യ മേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെ ആനുകൂല്യവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്ത് ആദിവാസിമേഖല കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ഹീമോഗ്ലോബിൻ പരിശോധന നടത്തുന്നതിനായി കഴിഞ്ഞ 2 വർഷങ്ങളിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഹീമോഗ്ലോബിൻ പരിശോധനാ ക്യാമ്പ് എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പരിശോധനയിൽ ഹീമോഗ്ലോബിൻ കുറവാണെന്ന് കണ്ടെത്തിയ കുട്ടികൾക്ക് മരുന്ന് വിതരണവും നടത്തിയിട്ടുണ്ട്. മേലേ ധോണി, അംബേദ്കർ കോളനി എന്നിവിടങ്ങളിൽ നടത്തിയ ക്യാമ്പിൽ 105 പേരുടെ ഹീമോഗ്ലോബിൻ പരിശോധന നടത്തുകയും, ആരോഗ്യപോഷണ വിദ്യാഭ്യാസ ക്യാമ്പ് സംഘടിപ്പിക്കുകയും ഉണ്ടായി.

പട്ടികജാതി - പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ധാരാളമായി അധിവസിക്കുന്ന വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഈ വിഭാഗങ്ങൾക്കായി ആരോഗ്യ മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി ആകെ 25000/- രൂപ ചെലവിൽ മരുന്നു വിതരണവും രോഗപരിശോധനയും മാത്രമാണ് നടത്തിയത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.21)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

229. പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയില്ലെന്ന പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ടി.എസ്.പി. ഫണ്ട് കൊടുക്കുന്നുണ്ടെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പ് ഇതിന് സ്പെഷ്യൽ പാക്കേജ് അനുവദിച്ചിട്ടില്ലെന്നും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജ്, ആർ.സി.സി, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ എല്ലാ ചികിത്സകളും സൗജന്യമായി നൽകുന്നുണ്ടെന്നും അതോടൊപ്പം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനായി പ്രത്യേകം തുക നൽകുന്നുണ്ടെന്നും ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ പതിനായിരം രൂപ വരെയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പതിനായിരം രൂപയ്ക്ക് മുകളിൽ വരുന്ന തുകയും കൊടുക്കുന്നുണ്ടെന്നും ജനനി ജന്മരക്ഷ പദ്ധതിയിൻ കീഴിൽ ഒരു സ്ത്രീ ഗർഭിണിയായി മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെയുള്ള കാലയളവിൽ പ്രതിമാസം 2000 രൂപ വീതം കുഞ്ഞിന്റെയും അമ്മയുടെയും പോഷകാഹാരക്കുറവ് നികത്തുന്നതിനുവേണ്ടി നൽകുന്നുണ്ടെന്നും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെ ആരോഗ്യ സംരക്ഷണത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നതെന്നും അതിനുവേണ്ടി ആരോഗ്യ വകുപ്പുമായി ചേർന്ന് 14 മെഡിക്കൽ യൂണിറ്റുകൾ

നടത്തുന്നതുകൂടാതെ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ യൂണിറ്റുകൾ കൂടി ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ഒരു കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ ആ കുടുംബത്തിന് ആശ്വാസം നൽകുന്ന രീതിയിൽ ധനസഹായം നൽകുന്നുണ്ടെന്നും 1989-90 കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രകാരമാണ് വകുപ്പിന് കീഴിൽ ഒ.പി. ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചതെന്നും മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നിവിടങ്ങൾ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് കുഷ്ഠം, ക്ഷയം, ത്വക്ക്, സിക്കിൾസെൽ അനീമിയ എന്നീ രോഗങ്ങൾക്കുവേണ്ടി രണ്ട് വീതം ഒ.പി. ക്ലിനിക്കുകൾ നിലവിലും പ്രവർത്തിക്കുന്നുണ്ടെന്നും സിക്കിൾസെൽ അനീമിയ രോഗം ബാധിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകമായി 2500 രൂപ വീതം പ്രതിമാസം നൽകുന്നുണ്ടെന്നും വയനാട് ജില്ലയിൽ മൂന്നും കൊല്ലം ജില്ലയിൽ ഒന്നും മിഡ് വൈഫറി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കണ്ണൂരിൽ ആറളത്തിന് മാത്രമായി ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നുണ്ടെന്നും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ മാത്രമായി പതിനേഴ് ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ടെന്നും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് കാൻസർ, വൃക്ക സംബന്ധമായ രോഗങ്ങൾ, ഹൃദയ ശസ്ത്രക്രിയ എന്നവയ്ക്ക് ചികിത്സ ധനസഹായവും മറ്റ് രോഗങ്ങളുടെ തീവ്രതയനുസരിച്ച് അമ്പതിനായിരം രൂപ മുതൽ ധനസഹായവും നൽകുന്നുണ്ടെന്നും കൂടാതെ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ ഒന്നു മുതൽ പത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകുകയും പീരിയോഡിക്കൽ ചെക്ക് അപ്പ് നടത്തുകയും ചെയ്യുന്നുണ്ടെന്നും ഓരോ കുട്ടിക്കും പ്രത്യേക ഫയൽ തുടങ്ങുകയും അതിൽ നിന്നും പാരമ്പര്യ രോഗങ്ങൾ ഉണ്ടെങ്കിൽ ആയവ തിരിച്ചറിഞ്ഞ് ചികിത്സ നൽകുന്ന സമ്പ്രദായം നടപ്പ് വർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

230. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച സമിതി എസ്.ടി. വിഭാഗത്തിൽപ്പെട്ട കാൻസർ

രോഗികൾക്ക് ഒരു ലക്ഷം രൂപയുടെ വരുമാന പരിധിയെന്ന നിബന്ധന വച്ചിട്ടുള്ളത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ, ഗുരുതര രോഗം ബാധിച്ചവരുടെ ചികിത്സാ ധനസഹായത്തിന് നിബന്ധന ഒഴിവാക്കണമെന്ന തീരുമാനമെടുത്തെങ്കിലും ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നും ഇക്കാര്യം സമിതിയുടെ ശിപാർശയായി വരികയാണെങ്കിൽ വീണ്ടും സർക്കാരിലേയ്ക്ക് സമർപ്പിക്കാമെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

231. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രസ്തുത മാനദണ്ഡം ഒഴിവാക്കണമെന്നാണ് അഭിപ്രായമെങ്കിലും ധനകാര്യ വകുപ്പിന്റെ കൺകറൻസില്ലാതെ നിബന്ധന ഒഴിവാക്കാൻ സാധിക്കില്ലെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പല കാര്യങ്ങളും ഫണ്ടിംഗ് നൽകി ആരോഗ്യ വകുപ്പുമായി യോജിച്ചാണ് ചെയ്യുന്നതെന്നതിനാൽ ആരോഗ്യ വകുപ്പിന്റെ കൂട്ടായ്മയോടുകൂടി മാത്രമേ ഇത്തരം പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളുവെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

232. ആരോഗ്യ വകുപ്പ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും ആയതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ടി പദ്ധതി പ്രത്യേകം നടത്താതെ പ്രസ്തുത ഫണ്ടുകൂടി സംസ്ഥാന ആരോഗ്യ ഏജൻസിക്ക് നൽകുകയാണെങ്കിൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

233. വകുപ്പ് നൽകിയ മറുപടി അംഗീകരിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

234. പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിൽ സന്തോഷം രേഖപ്പെടുത്തിയ സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

235. പട്ടികജാതി വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിൽ സമിതി സന്തോഷം രേഖപ്പെടുത്തുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ആരോഗ്യ പദ്ധതികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആയുർവേദ/അലോപ്പതി ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് പണം മുൻകൂർ നൽകിയിട്ടും യഥാസമയം മരുന്ന് വിതരണം ചെയ്യുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 53981/ഡി.പി.1/06/27.02.08, 13160/ഡി.എ.1/2010/ തീയതി 28.11.10 എന്നിവ പ്രകാരം മരുന്ന് വാങ്ങാൻ ഔഷധിക്ക് പണം മുൻകൂറായി നൽകുമ്പോൾ അവർ 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണമെന്ന് വ്യവസ്ഥപ്പെടുത്തി പ്രസ്തുത സ്ഥാപനവുമായി കരാർ ചമയ്ക്കണമെന്നും സമയപരിധി പാലിക്കാത്തപക്ഷം ഔഷധിയിൽ നിന്നു നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011-12 ലെ പദ്ധതിപ്രകാരം നാളിതുവരെ മരുന്നു നൽകുകയോ നിയമാനുസൃത നഷ്ടപരിഹാരത്തോടെ/ പലിശയോടെ തുക മടക്കി നൽകുകയോ ചെയ്യാത്ത സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനം	മരുന്ന് ലഭ്യമാക്കിയ സ്ഥാപനം	മരുന്ന് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് നൽകിയ തുക	ലഭ്യമാക്കിയ മരുന്നുകളുടെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില
1	ആനാട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)	കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ്	37670	-	37670
2	മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്	ഔഷധി	62821	50657	12164

	(കോട്ടയം)				
3	തൃശ്ശൂർ കോർപ്പറേഷൻ	ഔഷധി	2712000	1036440	1675560
4	എടവണ്ണ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)	കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ്	214010 (2010-11, 2011-12 വർഷങ്ങളിലായി)	46938	167072
5	വടകര നഗരസഭ	ഔഷധി	800000	724798	75202
6	ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല	കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ്	38000	33617	
		ഔഷധി	200000	33190	

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.22)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

236. മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയില്ലെന്ന തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചാത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് 25.10.2012, 18.02.2013 തീയതികളിലായി മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെന്നും തലേദിവസം വൈകിട്ടാണ് പരിശോധനയ്ക്കായി ഫയൽ എടുത്തതെന്നും ആയതിന്മേലുള്ള റിപ്പോർട്ട് നേരത്തെ കൊടുത്തിരുന്നുവെന്നും മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെന്നും ആനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

237. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

238. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

239. തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ഓഡിറ്റ് വിഭാഗത്തിന് വിവരങ്ങൾ ഹാജരാക്കിയിട്ടില്ലെന്ന പരാമർശത്തിന്മേൽ മറുപടി നൽകുന്നതിനായി നഗരസഭാ സെക്രട്ടറി ഹാജരായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, സെക്രട്ടറി ഹാജരായിട്ടില്ലെന്നും മറ്റൊരു യോഗത്തിൽ പങ്കെടുക്കുന്നതിനാലാണ് സമിതി യോഗത്തിൽ ഹാജരാകാൻ സാധിക്കാത്തതെന്നും തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മറുപടി നൽകി.

240. പ്രസ്തുത വിഷയം സംബന്ധിച്ച് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

241. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

242. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

243. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓമശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമങ്ങൾ/ശിപാർശകൾ

244. തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ മറുപടി അംഗീകരിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

245. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ

വടകര നഗരസഭ, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

246. തൃശ്ശൂർ നഗരസഭയെ സംബന്ധിച്ച പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കെ. എം. എം. എൽ മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ

കൊല്ലം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന തീരദേശ ഗ്രാമപഞ്ചായത്തായ പന്മന അത്യപൂർവ്വ ധാതുക്കളാൽ സമൃദ്ധമായ കരിമണലിന് പേരുകേട്ട പ്രദേശമാണ്. ധാതുമണൽ ഖനനവും, സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 1932 ൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം 1956 ൽ സർക്കാർ ഏറ്റെടുക്കുകയും 1972 മുതൽ പബ്ലിക് ലിമിറ്റഡ് കമ്പനി ആകുകയും ചെയ്തു.

തീരദേശഭാഗത്ത് നിന്ന് ഖനനം ചെയ്യുന്ന കരിമണലിൽ നിന്ന് ഇൽമനൈറ്റ്, റൂട്ടൈൽ, പ്യൂക്ലോൺ, മോണോസൈറ്റ്, സിലിമിനൈറ്റ് തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് കെ.എം.എം.എൽ.ന്റെ മിനറൽ സെപറേഷൻ യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ഇൽമനൈറ്റിൽ നിന്ന് അയൺ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേർതിരിക്കുന്നത് പലതരത്തിലുള്ള രാസപ്രക്രിയയിലൂടെയാണ്. ക്ലോറൈഡ് പ്രക്രിയയിലൂടെ റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ഏകസ്ഥാപനമാണ് കെ.എം.എം.എൽ.

ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റിൽ നിന്ന് ക്ലോറിനേഷൻ പ്രക്രിയയിലൂടെ ടൈറ്റാനിയം ടെട്രാക്ലോറൈഡ് സംസ്കരിക്കുന്ന പ്രക്രിയയാണ് കെ.എം.എം.എൽ ന്റെ പ്രൊഡക്ഷൻ പിഗ്മെന്റ് യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ടൈറ്റാനിയം ഡയോക്സൈഡിന്റെ തരംതിരിക്കലിനും സംസ്കരണത്തിനുമായി ട്രീറ്റ്മെന്റ് & ഫിനിഷിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നു.

ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ, തീരദേശത്ത് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, മഴക്കാലരോഗങ്ങൾ എന്നിവയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ. കരിമണൽ ഖനനവും സംസ്കരണവുമായി ബന്ധപ്പെട്ട് ഗൗരവതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങളും സൂചനകളും പരിശോധനയിൽ കണ്ടെത്തി.

ഉയർന്ന സ്വഭാവിക റേഡിയേഷൻ ഉള്ള പ്രദേശമാണ് 25 കിലോമീറ്റർ ദൈർഘ്യമുള്ള നീണ്ടകര - ചവറ - ശങ്കരമംഗലം തീരദേശമേഖല. മോണോസൈറ്റ് നിക്ഷേപത്താൽ സമൃദ്ധമാണ് ഇവിടത്തെ കരിമണൽ. തോറിയം, യുറേനിയം, റൂട്ടൈൽ, സിലിമനൈറ്റ്, സിർക്കോൺ, ടൈറ്റാനിയം തുടങ്ങിയ അപൂർവ്വധാതുക്കൾ ഉൾക്കൊള്ളുന്നതാണ് അത്യപൂർവ്വമായ ഈ മോണോസൈറ്റ് നിക്ഷേപം.

പരമാവധി absorber dose of radiation 5.0 msv a-1 ആണ്. എന്നാൽ ഈ പ്രദേശത്ത് ഇത് 35 msv a-1 ആണ്. ഈ മേഖലയിലെ mean annual lack ground radiation 550 m rad/year (Range 240-3500 MR) ആണ്. സാധാരണ പ്രദേശങ്ങളിൽ ഇത് 100 Rad/year മാത്രമാണ്.

കെ.എം.എം.എൽ.ന്റെ വിവിധ പ്ലാന്റുകളിൽ നടക്കുന്ന സംസ്കരണ പ്രക്രിയയിലൂടെ പലതരം ക്ലോറൈഡുകളും അയണുമൊക്കെ പുറത്തേയ്ക്ക് തള്ളുന്നുണ്ട്. സംസ്കരണ പ്രക്രിയയ്ക്ക് ശേഷമുള്ള മലിനജലം കെ.എം.എം.എൽ. ന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പ്രത്യേക കനാൽ വഴി അറബിക്കടലിലേയ്ക്ക് ഒഴുക്കി വിടുകയാണ്. ഈ ജലത്തിന് ചുവപ്പ് നിറം ആണ്. ഈ ജലം സമീപത്തുള്ള വലിയ പറമ്പുകളിൽ കെട്ടി നിൽക്കുന്നതായും കണ്ടു.

കെ.എം.എം.എൽ.-ന് ചുറ്റുമുള്ള വീടുകളിലെ കിണറുകളിലും മറ്റ് ജലാശയങ്ങളിലും വെള്ളത്തിന് ചുവപ്പ് നിറമാണ്. കുടിക്കുവാനോ, മറ്റ് ആവശ്യങ്ങൾക്കോ ജനങ്ങൾ ഈ ജലം ഉപയോഗിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതിയിലൂടെ എത്തിക്കുന്ന ജലമാണ് ജനങ്ങളുടെ ആശ്രയം. കമ്പനി കോമ്പൗണ്ടിനുള്ളിൽ ടാങ്കിൽ രാസമാലിന്യം സംഭരിക്കുന്നുണ്ട്. എങ്കിലും ഇപ്പോഴും ഇത് പുറത്തേയ്ക്ക് ഒഴുക്കി വിടാറുണ്ട്.

പി.എച്ച്.സി.യുടേയും സി.എച്ച്.സി.യുടെയും ഏകോപനത്തിന് തടസ്സങ്ങൾ

പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പ് 4-ാം പട്ടിക പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ മാത്രമേ ജി.ഒ. (ആർ.ടി.) 1445/09/തസ്വഭവ 17.06.2009 ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർമാരെ നിർവ്വഹണമേൽപ്പിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുകയുള്ളൂ. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 22 വാർഡുകളിൽ 6 വാർഡുകളാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ളത്. ഭൂരിപക്ഷം വാർഡുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലായിട്ടും ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ സി.എച്ച്.സി.യെ ഏൽപ്പിക്കാനാകുന്നില്ല. അതേ സമയം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മറ്റ് മൂന്ന് സി.എച്ച്.സി.കൾ കൂടി ഉള്ളതിനാൽ ബ്ലോക്ക് പഞ്ചായത്തിനെ ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾക്ക് നീക്കിവയ്ക്കുന്ന തുകകൾ വീതിക്കപ്പെടുന്നതുമൂലം കുറഞ്ഞ തുകയേ എടവണ്ണ സി.എച്ച്.സി.ക്ക് ലഭിക്കുന്നുള്ളൂ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.6.23)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

247. കെ.എം.എം.എൽ.മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2000-ൽ റീജിയണൽ കാൻസർ സെന്ററും ബി.എ.ആർ.സി.യും ചേർന്ന് ഡോ. കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ ചവറ കടൽ തീരത്തുകാണുന്ന പ്രകൃതി വിഭവം മൂലം കാൻസർ രോഗങ്ങൾക്ക് സാധ്യതയില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഒരു പ്രവർത്തനത്തിലൂടെ രണ്ടു തരം മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും ഒന്ന് അയൺ ഓക്സൈഡും മറ്റൊന്ന് ഇ.റ്റി.പി. സ്ലഡ്ജുമാണെന്നും ഇതിൽ ഇ.റ്റി.പി. സ്ലഡ്ജിന്റെ പി.എച്ച്. വാല്യൂ ന്യൂട്രലാണെന്നും ഇവ രണ്ടും അഞ്ചേക്കറുള്ള ഏഴ്

ലെയർ സംരക്ഷണം ഉള്ള കുളത്തിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും അയൺ ഓക്സൈഡ് അയൺ ഇൻഡസ്ട്രിക്ക് നൽകാൻ പാകത്തിന് അയൺ ബില്ലെറ്റായി പരിവർത്തനം ചെയ്യുന്ന സാങ്കേതികവിദ്യ കണ്ടുപിടിച്ച് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് (സി.പി.സി.ബി.) കൈമാറിയിട്ടുണ്ടെന്നും ആയത് എത്രയും പെട്ടെന്ന് പ്രാവർത്തികമാകുന്നതാണെന്നും അതുപോലെ ഇ.റ്റി.പി സ്ലഡ്ജും പുനരുപയോഗ ഉത്പന്നമായി മാറ്റാനുള്ള പദ്ധതി ജർമ്മൻ കമ്പനി സമർപ്പിച്ചിട്ടുണ്ടെന്നും ആയതുമായി ബന്ധപ്പെട്ട ഫയൽ സർക്കാരിന്റെ പരിഗണനയിലാണെന്നും പ്രസ്തുത പദ്ധതികൾ പ്രാവർത്തികമായാൽ അയൺ ഓക്സൈഡും ഇ.റ്റി.പി. സ്ലഡ്ജും ഏകദേശം ആറ് മാസത്തിനുള്ളിൽ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുമെന്നും ഇതിനുമുമ്പ് ചുറ്റുമതിൽ കെട്ടാനായി അയൺഓക്സൈഡും ഇ.റ്റി.പി സ്ലഡ്ജും സുർക്കി മിശ്രിതവും കുമ്മായവും ചേർത്ത് 50,000 കട്ടകൾ ഉണ്ടാക്കിയിട്ടുണ്ടെന്നും റോഡ് പണി സമയത്ത് 1.2 കിലോമീറ്റർ ദൂരത്തിൽ മതിൽ പൊളിച്ചിട്ടുണ്ടെന്നും മതിൽ കെട്ടാനുള്ള കട്ട കമ്പനി തന്നെ നിർമ്മിക്കുന്നതാണെന്നും അതിന്റെ സാമ്പിൾ ഹൈദരാബാദിൽ കെമിക്കൽ ടെസ്റ്റിംഗിന് അയച്ചിരിക്കുകയാണെന്നും ഇ.റ്റി.പി. സ്ലഡ്ജിൽ ടൈറ്റാനിയത്തിന്റെ സാന്നിധ്യം ഉള്ളതുകൊണ്ട് ഇപ്പോൾ വന്ന പുതിയ കമ്പനി അവരുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് ടൈറ്റാനിയം പൗഡർ വേർതിരിക്കുകയാണെന്നും ഇത് കമ്പനിക്ക് വരുമാനം കൂടിയാകുമെന്നും നാല് കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ ഒരു കമ്പനിയുടെ ഉപാധികളും നിബന്ധനകളും സ്വീകാര്യമാണെന്നും പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ഒരു മാസം കൊണ്ട് അത് ക്ലോസ് ചെയ്ത് കഴിഞ്ഞാൽ ഇ.റ്റി.പി. സ്ലഡ്ജിനെ ഉപയോഗപ്രദമായ ഉൽപന്നമാക്കി മാറ്റുന്നതിന് സാധിക്കുമെന്നും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജർ മറുപടി നൽകി.

248. ദേശീയ ഹരിത ട്രൈബ്യൂണലിൽ നിലനിന്നിരുന്ന കേസിനെ പറ്റി സമിതി ആരാഞ്ഞതിന്, പ്രസ്തുത കേസിന്റെ വിധി പരിസ്ഥിതിയുമായി ബന്ധപ്പെട്ടതല്ലെന്നും നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NEERI)-ന്റെ ശിപാർശകൾ നടപ്പിലാക്കുന്നുണ്ടെന്നും ഇൻസ്റ്റിറ്റ്യൂട്ടിന് ഹ്രസ്വകാല ശിപാർശകളും ദീർഘകാല ശിപാർശകളുമുണ്ടെന്നും അയൺ

ഓക്സൈഡ് ശേഖരിച്ചിരിക്കുന്ന കുളത്തിന് ചുറ്റും ഗാർലന്റ് ഡ്രെയിൻ ചെയ്യണമെന്നതാണ് ഹ്രസ്വകാല ശിപാർശയെന്നും പ്രസ്തുത ജോലി കഴിയാറായെന്നും ദീർഘകാലത്തേക്കുള്ളത്, പ്ലാന്റിൽ നിന്നും വരുന്ന അയൺ ഓക്സൈഡ് നോൺ അസിഡിക് ആയി വന്നാൽ അത് റെഡ് ഓക്സൈഡ് വ്യവസായത്തിന് കൊടുക്കണമെന്നതാണെന്നും പ്രസ്തുത പ്ലാന്റ് നവീകരണത്തിനുള്ള ഫയൽ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണെന്നും 12 മാസം കൊണ്ട് പ്ലാന്റ് നവീകരിച്ചാൽ കൂടുതൽ ജനറേഷൻ ഉണ്ടാകില്ലെന്നും NEERI-യുടെ ശിപാർശകളാണ് ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധി ആയി വന്നതെന്നും ദീർഘകാല അടിസ്ഥാനത്തിൽ മൂന്ന് വർഷമായി ഇത് ടെണ്ടർ ചെയ്യുകയാണെന്നും ഇത് 1980-ലെ അമേരിക്കൻ സാങ്കേതികവിദ്യ ആണെന്നും ഇത്തരത്തിൽ ലോകത്തിൽ തന്നെ വളരെ ചുരുക്കം കമ്പനികൾ മാത്രമേയുള്ളുവെന്നും മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ഒരു കമ്പനി മാത്രമാണ് വന്നതെന്നും ആവർത്തിച്ച് ടെണ്ടർ ചെയ്യുമ്പോൾ ഓരോ ടെണ്ടർ കഴിയുമ്പോഴും 20 ശതമാനം തുക കൂടി വരുമെന്നും ഏറ്റവും അവസാനത്തെ ടെണ്ടർ തുകയായ 33 കോടി രൂപ നെഗോഷ്യേറ്റ് ചെയ്യുന്നതാണെന്നും നിലവിൽ ഫയൽ വ്യവസായ വകുപ്പിലാണെന്നും പെട്ടെന്ന് പ്ലാന്റ് പരിഷ്കരിച്ചാൽ കൂടുതൽ അക്യുമുലേഷൻ ഉണ്ടാകില്ലെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് കൊടുത്തിട്ടുണ്ടെന്നും കേരള മിനറൽ ആന്റ് മെറ്റൽസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജർ മറുപടി നൽകി.

249. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

250. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.യുടെയും സി.എച്ച്.സി.യുടെയും ഏകോപനത്തിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്ന വിഷയത്തിൽ സർക്കാരിൽ നിന്നും പൊതുവായ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ സമിതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള സ്ഥാപനങ്ങളുടെ ഏകോപനത്തിന്റെ വിഷയമാണിതെന്ന് ചൂണ്ടിക്കാട്ടി.

251. പി.എച്ച്.സി.കളിലൂടെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ടെന്നും എന്നാൽ സി.എച്ച്.സി.യ്ക്ക് ഫണ്ട് നൽകാൻ പഞ്ചായത്തിന് ബുദ്ധിമുട്ടുണ്ടെന്നും അവയ്ക്ക് ബ്ലോക്ക് പഞ്ചായത്താണ് ഫണ്ട് നൽകേണ്ടതെന്നും എടവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

252. പി.എച്ച്.സി.യും സി.എച്ച്.സി.യും രണ്ട് സംവിധാനത്തിനുകീഴിൽ ആയതുകൊണ്ട് ഫണ്ട് ലഭ്യമാക്കുന്നതിന് പരിമിതികളുണ്ടെന്നും ഇവ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണെന്നും പി.എച്ച്.സി. ഗ്രാമപഞ്ചായത്തിനും സി.എച്ച്.സി. ബ്ലോക്ക് പഞ്ചായത്തിനും കീഴിലാണ് വരുന്നതെന്നും ഏകോപനത്തിന്റെ പ്രശ്നമാണുള്ളതെന്നും എടവണ്ണ ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിൽ 6 വാർഡുകൾ പി.എച്ച്.സി.യുടെ കീഴിലും ബാക്കിയുള്ളവ സി.എച്ച്.സി.യുടെ കീഴിലുമാണുള്ളതെന്നും പഞ്ചായത്തിന് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും വിശദീകരിച്ച സമിതി, പ്രശ്നം പരിഹരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

253. ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി ജനങ്ങളില്ലെന്നും ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ തന്നെയാണ് ബ്ലോക്ക് പഞ്ചായത്തിനുമുള്ളതെന്നും എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ട പോലെ പ്രവർത്തിക്കാതെ വരുമ്പോൾ ഗ്രാമപഞ്ചായത്തിലാണ് അതിന്റെ പ്രതിഫലനം വരുന്നതെന്നും സി.എച്ച്.സി. മുന്നോട്ടുകൊണ്ടുപോകേണ്ടത് ബ്ലോക്ക് പഞ്ചായത്താണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

254. പി.എച്ച്.സി. കളുടെ ചുമതല മാത്രമേ പഞ്ചായത്തുകൾക്കുള്ളൂവെന്നും സി.എച്ച്.സി.കളുടെ ചുമതല പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തുകൾക്കാണുള്ളതെന്നും സി.എച്ച്.സി.യ്ക്ക് ഫണ്ട് അനുവദിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ ഏകീകരണം നടപ്പാക്കാവുന്നതേയുള്ളൂവെന്നും ചൂണ്ടിക്കാട്ടിയ സമിതി, ഫണ്ടുകൾ ഒന്നിച്ചാക്കുന്നതിന് അനുവാദം നൽകി പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള ചുമതല ഒരു വിഭാഗത്തെയും ഫണ്ട്

നൽകുന്നതിനുള്ള ചുമതല വേറൊരു വിഭാഗത്തെയും ഏൽപ്പിക്കത്തക്ക രീതിയിലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു

നിഗമനങ്ങൾ / ശിപാർശകൾ

255. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കെ.എം.എൽ. മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

256. പി.എച്ച്.സി.കളുടെ ചുമതല മാത്രമേ പഞ്ചായത്തുകൾക്കുള്ളുവെന്നും സി.എച്ച്.സി.കളുടെ ചുമതല പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തുകൾക്കാണുള്ളതെന്നും സി.എച്ച്.സി.ക്ക് ഫണ്ട് അനുവദിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ ഏകീകരണം നടപ്പാക്കാവുന്നതേയുള്ളുവെന്നും സമിതി വിലയിരുത്തുന്നു. പി.എച്ച്.സി.കളുടെയും സി.എച്ച്.സി.കളുടെയും ഫണ്ടുകൾ ഒന്നിച്ചാക്കുന്നതിന് അനുവാദം നൽകി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ചുമതല ഒരു വിഭാഗത്തെയും ഫണ്ട് നൽകുന്നതിനുള്ള ചുമതല വേറൊരു വിഭാഗത്തെയും ഏൽപ്പിക്കത്തക്ക രീതിയിലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നിഗമനങ്ങൾ

- ആരോഗ്യമേഖല സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.
- ആരോഗ്യമേഖലയിൽ സമഗ്ര പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല.
- സേവനമേഖലയിലെ ആകെ ചെലവിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആരോഗ്യമേഖലയിൽ ചെലവഴിച്ചിരിക്കുന്നത്.

- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. ഭൂരിഭാഗം ആശുപത്രികളിലും കുടിവെള്ളം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
- സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ നിർജ്ജീവമാണ്. ആശുപത്രികളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകുന്നില്ല. വാർഷിക വരവ് - ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.
- കർമ്മസമിതി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മേൽ രണ്ടു വിഭാഗങ്ങളും മേഖലയെക്കുറിച്ച് സമഗ്രപഠനം നടത്തി പോരായ്മകൾ പരിഹരിക്കുന്നില്ല.
- എൻ.ആർ.എച്ച്.എം., ആയുഷ് പ്രോജക്ടുകളുടെ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപനമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം പ്രസ്തുത പദ്ധതികളുടെ പൂർണ്ണമായ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.
- പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ സ്ഥാപനവും പ്രവർത്തനവും തൃപ്തികരമല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.3.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

257. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി സമിതി അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡിക

ശിപാർശകൾ

- ആരോഗ്യമേഖലയെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണ്.
- ആശുപത്രികൾ/ഡിസ്പെസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
- പദ്ധതികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കണം.
- പകർച്ചവ്യാധികളും, നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.
- ജീവിതശൈലീരോഗങ്ങൾക്കെതിരായ ബോധവൽക്കരണം ആരോഗ്യനയത്തിന്റെ ഭാഗമാക്കണം.
- പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം.
- അന്യദേശക്കാരായ തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.
- ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- ആദിവാസിമേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.
- ശുചിത്വസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർമ്മൽ പുരസ്കാര തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.3.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

258. ഓഡിറ്റിന്റെ ശിപാർശകൾ സമിതി അംഗീകരിച്ചു

നിഗമനങ്ങൾ / ശിപാർശകൾ

259. ഓഡിറ്റ് വകുപ്പ് നൽകിയ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ജൂൺ 27

അനുബന്ധം - I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നമ്പർ	വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ
1.	18	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ ഒ.പി. വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകത പരിഹരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
2.	19	"	കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ കുറ്റിവെട്ടം ആയുർവേദ ആശുപത്രിയെ സംബന്ധിക്കുന്ന ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും അപാകത പരിഹരിച്ച് പേവാർഡ് കെട്ടിടം പ്രവർത്തിക്കുന്നുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
3.	20	"	ആലപ്പുഴ ജില്ലയിലെ ചേർത്തല ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

4.	21	"	കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
5.	22	"	കോഴിക്കോട് നഗരസഭയിലെ കൊയപ്പത്തൊടി ഡിസ്പെൻസറി കെട്ടിടം, രോഗനിർണ്ണയ കേന്ദ്രം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
6.	23	"	ചേർത്തല നഗരസഭയുടെ അധീനതയിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
7.	24	"	ആലുവ മാതൃക സംബന്ധിച്ച വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
8.	31	"	കോഴിക്കോട് നഗരസഭയുടെ കീഴിലുള്ള വിവിധ ചികിത്സാലയങ്ങളിലെ റ്റി.ബി. സ്പെഷ്യലിസ്റ്റ്, റേഡിയോഗ്രാഫർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
9.	32	"	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ആയുർവേദാശുപത്രിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

10.	33	"	ചേർത്തല നഗരസഭയുടെ കീഴിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കണ്ണൂർ ജില്ലയിലെ വേങ്ങാട് സർക്കാർ ഹോമിയോ ഡിസ്പെൻസറി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
11.	42	ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പ് നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
12.	43	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
13.	44	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം എടവണ്ണ ഗ്രാമപഞ്ചായത്തിലെ ചാത്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
14.	62	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

15.	63	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന, മയ്യനാട് ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
16.	64	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	പത്തനംതിട്ട ഏറത്ത് ഗ്രാമപഞ്ചായത്തിലെ അഗതി പുനരധിവാസ പദ്ധതി നടത്തിപ്പിൽ അഗതികളുടെ എണ്ണം കൃത്യമായി കണ്ടെത്താതെ പദ്ധതി തയ്യാറാക്കതിയത് കൊണ്ടാണ് പ്രസ്തുത വിഭാഗക്കാർക്ക് സേവനം ലഭ്യമാകാതെ വന്നതെന്നും ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ഭാവിയിൽ വരാതെ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ അധികാരവികേന്ദ്രീകരണം നടത്തുമ്പോൾ ഫണ്ട് വിഭജനത്തിന് മാനദണ്ഡം ഉണ്ടാവേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഏറത്ത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
17.	65	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
18.	66	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെരുമ്പാവൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

19.	67	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	കോഴിക്കോട് നഗരസഭയുടെ കീഴിലുള്ള ടി.ബി. ഹോസ്പിറ്റലിൽ ആവശ്യമില്ലാത്ത റേഡിയോഗ്രാഫർ തസ്തിക മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ നല്ലൂർനാട് സി.എച്ച്.സി.യിലേക്ക് മാറ്റുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു
20.	75	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
21.	76	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
22.	77	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	തിരുവനന്തപുരം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ റീജിയണൽ കാൻസർ സെന്ററിൽ നിന്നും യഥാസമം വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ലെന്ന നഗരസഭയുടെ മറുപടി പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
23.	85	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു

24.	86	,,	കൊല്ലം വടക്കേവിള ഹോമിയോ ആശുപത്രി നിർമ്മാണ പദ്ധതിയുടെ ഫീസിബിലിറ്റിയെക്കുറിച്ച് ധാരണയില്ലാതെയാണ് 20 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതെന്നും 2010-11, 2011-12 കാലഘട്ടങ്ങളിൽ തുടർച്ചയായി ഒരേ പദ്ധതിക്ക് പണം വകയിരുത്തിയെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനം നടത്താതെ ഉപേക്ഷിക്കുകയാണ് ചെയ്തതെന്നും സ്ഥലം പോലും കണ്ടെത്താതെയാണ് തുക നീക്കിവച്ചിട്ടുള്ളതെന്നും വീഴ്ചകൾ ആവർത്തിക്കുകയാണെന്നും കൊല്ലം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
25.	98	,,	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
26.	99	,,	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
27.	100	തദ്ദേശസ്വയംഭരണ വകുപ്പ്	മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ ആദിവാസി വിഭാഗങ്ങൾക്കായി പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

28.	101	,,	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
29.	102	,,	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
30.	126	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് കൃത്യമായി നൽകണമെന്ന് എല്ലാ എച്ച്.എം.സി.കൾക്കും നിർദ്ദേശം നൽകണമെന്നും നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
31.	127,128	തദ്ദേശസ്വയംഭരണ വകുപ്പ്	പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ സർക്കാർ ആയുർവേദ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഓഡിറ്റ് വിഭാഗത്തിന് കൃത്യമായ കണക്ക് കൊടുക്കുന്നില്ലെന്ന പരാതി ഉയർന്നിട്ടുണ്ടെന്നും മേലിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
			പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

32.	129,130	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ കൃത്യമായി ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേരണമെന്നും വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.
33.	131,132	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
34.	133	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
35.	134,135	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും മയ്യനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

			ചേർത്തല നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
36.	136	ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം മുനിസിപ്പാലിറ്റി എന്നിവ സംബന്ധിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
37.	138	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
38.	154	ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ആയുർമുകളം പദ്ധതിക്കുവേണ്ടി മരുന്നുകൾ സൂക്ഷിക്കുന്ന ഡിസ്പെൻസറി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തെ അറിയിക്കണമെന്നും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
39.	155	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്കൂൾ ആരോഗ്യപദ്ധതിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
40.	158	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്,

			പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, ചേർത്തല നഗരസഭ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
41.	161,162	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ മയ്യനാട് സി. കേശവൻ സ്മാരക സാമൂഹികാരോഗ്യ കേന്ദ്രം, കൊല്ലം നഗരസഭ എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. --- ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
42.	165	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്	കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് എന്നിവയിലെ അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
43.	170	തദ്ദേശസ്വയംഭരണ വകുപ്പ്	തിരുവനന്തപുരം നഗരസഭയിലെ മഴക്കാല പൂർവ്വശുചീകരണം സംബന്ധിച്ച 2019, 2020, 2021 വർഷങ്ങളിലെ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച

			രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
44.	172	തദ്ദേശസ്വയംഭരണ വകുപ്പ്	വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
45.	185,186, 187,188	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം നഗരസഭ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. വകുപ്പ് നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വടകര നഗരസഭയിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും യോഗനടപടിക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവായ നിർദ്ദേശം നൽകണമെന്നും കൂടാതെ പ്രസ്തുത യോഗനടപടിക്കുറിപ്പ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. മാനന്തവാടി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെന്നുള്ള സർക്കാർ മറുപടി സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
46.	195,196	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട

			പരാമർശവും വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശവും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
47.	215	തദ്ദേശസ്വയംഭരണ വകുപ്പ്	സംസ്ഥാനത്ത് പലസ്ഥലങ്ങളിലും E-Toilet-കൾ ഉണ്ടെങ്കിലും പലതും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും കേടായവയുടെ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നില്ലെന്നും മിക്ക സ്ഥലങ്ങളിലും പ്രസ്തുത സംവിധാനം പരാജയമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും 'ടേക്ക് എ ബ്രേക്ക്' പദ്ധതി ഗ്രാമപ്രദേശങ്ങളിലെ ഇ-ടോയ്‌ലെറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സഹായകകരമായെന്ന് സമിതി വിലയിരുത്തുന്നു. നഗരങ്ങളിലെ ഇ-ടോയ്‌ലെറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കെൽട്രോൺ കൂടാതെയുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
48.	216,217, 218	തദ്ദേശസ്വയംഭരണ വകുപ്പ്	വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൊല്ലം നഗരസഭ, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, ചങ്ങനാശ്ശേരി നഗരസഭ, കണ്ണൂർ ജില്ലയിലെ വേങ്ങാട്, കൂടാളി ഗ്രാമപഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ച പരാമർശങ്ങൾ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കണ്ണൂർ നഗരസഭയിലെ ശൗചാലയ കെട്ടിടം ഉപയോഗ

			ശൂന്യമായത് സംബന്ധിച്ച വകുപ്പിന്റെ മറുപടി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
49.	219	തദ്ദേശസ്വയംഭരണ വകുപ്പ്	പൊതുഖജനാവിൽ നിന്നുള്ള തുക ഉപയോഗിച്ച് കെട്ടിടം പണിയുമ്പോൾ അനുബന്ധ സൗകര്യം കൂടി ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2008-നു ശേഷം നിരവധി പദ്ധതികൾ നടപ്പാക്കിയ സമയത്ത് കാസർഗോഡ് പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുണ്ടായ അപാകതയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
50.	226	തദ്ദേശസ്വയംഭരണ വകുപ്പ്	വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
51.	227,228	തദ്ദേശസ്വയംഭരണ വകുപ്പ്	ഏറത്ത് ഗ്രാമപഞ്ചായത്തിന് ലഭ്യമായ നിർമ്മൽ പുരസ്കാര തുക നാളിതുവരെ വിനിയോഗിച്ചില്ലെന്ന് സമിതി മനസ്സിലാക്കുന്നു. നിർമ്മൽ പുരസ്കാരതുക വിനിയോഗിച്ചതിനു ശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന്

			സമിതി ശിപാർശ ചെയ്യുന്നു.
52.	235	പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്	പട്ടികജാതി വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിൽ സമിതി സന്തോഷം രേഖപ്പെടുത്തുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ആരോഗ്യ പദ്ധതികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
53.	244	തദ്ദേശസ്വയംഭരണ വകുപ്പ്	തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് വകുപ്പ് നൽകിയ മറുപടി അംഗീകരിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
54.	245	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ വടകര നഗരസഭ, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
55.	246	തദ്ദേശസ്വയംഭരണ വകുപ്പ്	തൃശ്ശൂർ നഗരസഭയെ സംബന്ധിച്ച പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
56.	255	വ്യവസായ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്	വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കെ.എം.എൽ. മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
57.	256	തദ്ദേശസ്വയംഭരണ വകുപ്പ്	പി.എച്ച്.സി.കളുടെ ചുമതല മാത്രമേ പഞ്ചായത്തുകൾക്കുള്ളൂവെന്നും സി.എച്ച്.സി.കളുടെ ചുമതല പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തുകൾക്കാണുള്ളതെന്നും സി.എച്ച്.സി.ക്ക് ഫണ്ട് അനുവദിക്കാൻ

			ഗ്രാമപഞ്ചായത്തിന് സാധിക്കില്ലെന്നും. ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ ഏകീകരണം നടപ്പാക്കാവുന്നതേയുള്ളൂവെന്നും സമിതി വിലയിരുത്തുന്നു. പി.എച്ച്.സി.കളുടെയും സി.എച്ച്. സി.കളുടെയും ഫണ്ടുകൾ ഒന്നിച്ചാക്കുന്നതിന് അനുവാദം നൽകി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ചുമതല ഒരു വിഭാഗത്തെയും ഫണ്ട് നൽകുന്നതിനുള്ള ചുമതല വേറൊരു വിഭാഗത്തെയും ഏൽപ്പിക്കത്തക്ക രീതിയിലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
58.	259	തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, തൊഴിലും നൈപുണ്യവും വകുപ്പ്	ഓഡിറ്റ് വകുപ്പ് നൽകിയ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012 - 2013 വർഷത്തെ സമാഹൃത ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2012-13	അദ്ധ്യായം 3	ഓഡിറ്റ് നിരീക്ഷണങ്ങൾ – തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും	
1		3.3.6.21	പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതി	പരാമർശം തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയെക്കുറിച്ചാണ്. വകുപ്പിന് ടി പദ്ധതിയിൽ യാതൊരു പങ്കാളിത്തവുമില്ല. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി കാണുന്ന ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി ജനസംഖ്യ താഴെ കൊടുക്കുന്നു. ഇടുക്കി -50971, വയനാട് - 136062, പാലക്കാട്- 39665. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാഥമിക പരിചരണം നൽകുന്നതിന് 13 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് 5 എണ്ണം വയനാട് ജില്ലയിലും, 2 വീതം ഇടുക്കി, പാലക്കാട് ജില്ലകളിലും ഓരോന്ന് വീതം കാസർഗോഡ്, മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ ഓരോ മാസവും ശരാശരി 20 മെഡിക്കൽ ക്യാമ്പുകൾ വീതം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാവർഷവും പട്ടികവർഗ്ഗക്കാർക്കായി ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. പട്ടികജാതി കോളനിയിലെ വൃദ്ധജനങ്ങൾക്കായി "രോഗപ്രതിരോധ പ്രവർത്തനവും ആരോഗ്യസംരക്ഷണവും" എന്ന പദ്ധതി 2011-12 ൽ നടപ്പാക്കി. ആരോഗ്യമേഖലയിൽ ജനറലായി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്.

				പാലക്കാട് അകത്തേത്തറ ഗ്രാമപഞ്ചായത്ത് ആദിവാസിമേഖല കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ഹീമോഗ്ലോബിൻ പരിശോധന നടത്തുന്നതിനായി കഴിഞ്ഞ 2 വർഷങ്ങളിൽ 'പട്ടിക വർഗ്ഗ പെൺകുട്ടികൾക്ക് ഹീമോഗ്ലോബിൻ പരിശോധനാ ക്യാമ്പ് എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മേലേധോണി, അംബേദ്കർ കോളനി എന്നിവിടങ്ങളിൽ നടത്തിയ ക്യാമ്പിൽ 105 പേരുടെ ഹീമോഗ്ലോബിൻ പരിശോധന നടത്തുകയും ആരോഗ്യപോഷണ വിദ്യാഭ്യാസ ക്യാമ്പ് സംഘടിപ്പിക്കുകയും ഉണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ധാരാളമായി അധിവസിക്കുന്ന വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഈ വിഭാഗങ്ങൾക്കായി ആരോഗ്യമേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി ആകെ 25,000/-രൂപ ചെലവിൽ മരുന്നു വിതരണവും രോഗപരിശോധനയും മാത്രമാണ് നടത്തിയത്. **പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള സ്കീമുകൾ** 1. **സമഗ്ര ആരോഗ്യ സുരക്ഷ** സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ ആരോഗ്യവകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. രോഗിക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന് വാങ്ങൽ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10000/-രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10000/-രൂപക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകൾ 10,000/-രൂപ വരെ ബന്ധപ്പെട്ട

ആശുപത്രി സൂപ്രണ്ടും 50,000/-രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/-രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന കേസുകളിൽ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ബന്ധപ്പെട്ട ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപ്രതികളിൽ ബന്ധപ്പെട്ട സൂപ്രണ്ട്മാർക്ക് ഫണ്ട് അനുവദിക്കുന്നു.

2.<u>അരിവാൾ രോഗത്തിനു ധനസഹായം</u>

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് അരിവാൾ രോഗം, ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2,500/-രൂപ വീതം ധനസഹായം നൽകി വരുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്.

3. <u>ജനനി-ജന്മരക്ഷ</u>

അമ്മയുടെയും നവജാത ശിശുക്കളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുവാൻ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനി ജന്മരക്ഷ. ഗർഭിണിയായതിനു ശേഷമുള്ള 3 മാസം മുതൽ കുഞ്ഞിന് 1 വയസാകുന്നതുവരെയുള്ള 18 മാസക്കാലം 2000/-രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകിവരുന്നു. തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

4.<u>പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി</u>

പട്ടികവർഗ്ഗ സങ്കേതങ്ങളിലും രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1,00,000/-രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സക്ക് ഒരു ലക്ഷം രൂപവരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/-രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിക്കാവുന്നതാണ്.

കുടുംബത്തിന്റെ ഏക വരുമാനദായകന് അപകടമരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000/-രൂപവരെ ഈ

				പദ്ധതിവഴി അനുവദിക്കാവുന്നതാണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തം മുതലായവ മൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/-രൂപ വീതം നിബന്ധനകൾക്ക് വിധേയമായ നൽകി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാവാനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം ലഭ്യമാക്കൽ, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കൽ, ആകസ്മിക മരണങ്ങൾ സംഭവിക്കുന്ന പക്ഷം പോസ്റ്റ്മാർട്ടത്തിന് ആവശ്യമായ ചെലവുകൾ അത്യാഹിതങ്ങൾ/അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായനിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. 5.<u>സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ</u> പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ആധുനിക സൗകര്യങ്ങൾ അടങ്ങിയ ജി.പി.എസ് ഘടിപ്പിച്ച 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി സഹകരിച്ച് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ ഒഴികെ മറ്റ് എല്ലാ ജില്ലകളിലും പ്രവർത്തനം സജ്ജമാക്കി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നുണ്ട്. ഇവ കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഇടുക്കി ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. <u>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u> <u>1.ഒ.പി ക്ലിനിക്കുകൾ</u> മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടിക വർഗ്ഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ സിക്കിൾ സെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989 -90 ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നിലവിൽ അട്ടപ്പാടിയിൽ 2 ഒ.പി. ക്ലിനിക്കുകളും ഇടുക്കിയിൽ

				2 ഒ.പി.ക്ലിനിക്കുകളും, ചാലക്കുടി പട്ടികവർഗ്ഗ വികസന ആഫീസറുടെ കീഴിൽ ഒരു ഒ.പി.ക്ലിനിക്കും പ്രവർത്തിക്കുന്നു. 2. **മിഡ് വൈഫറി സെന്റർ** വയനാട് ജില്ലയിൽ മൂന്നു സെന്ററുകളും കൊല്ലം ജില്ലയിൽ ഒരു സെന്ററും പ്രവർത്തിക്കുന്നു. 3. **ആയുർവ്വേദ ആശുപത്രി** കണ്ണൂർ ജില്ലയിലെ ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നു. ആയുർവ്വേദ ഡിസ്പെൻസറികൾ-തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 17 ആയുർവ്വേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. **മോഡൽ റസിഡൻഷ്യൽ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ്** പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യ പോഷക നിലവാരങ്ങൾ യഥാസമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനും ഇതുവഴി വളർച്ചയുടെ ഘട്ടങ്ങൾ ശാസ്ത്രീയമായി അപഗ്രഥനം ചെയ്യുന്നതിനുമായി UNICEF, ആരോഗ്യവകുപ്പിലെ ശിശുസംരക്ഷണ വിഭാഗത്തിലെ വിദഗ്ധർ, ന്യൂട്രീഷനിസ്റ്റ് എന്നിവരുടെ സഹായത്തോടെ ഒരു സമഗ്ര മെഡിക്കൽ റെക്കോർഡ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സ്കൂളിൽ പ്രവേശനം നേടുന്നതു മുതൽ സ്ഥാപനത്തിൽ നിന്നും പഠനം പൂർത്തീകരിച്ച് പോകുന്നതു വരെയുള്ള കാലയളവിൽ ആരോഗ്യസംബന്ധമായ സമസ്ത വിവരങ്ങളും ഈ ഹെൽത്ത്കാർഡിൽ രേഖപ്പെടുത്താൻ സാധിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ നൽകിയിട്ടുള്ള കൗൺസിലിംഗ് വിവരങ്ങളും ആരോഗ്യ പരിപാലന ക്ലാസ്സുകൾ സംബന്ധിച്ച വിവരങ്ങളും ഇതിൽ രേഖപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഠനവൈകല്യങ്ങൾ, നിലവിൽ ചികിത്സ തേടുന്ന രോഗങ്ങളുടെ വിവരങ്ങൾ, പാരമ്പര്യരോഗ ചരിത്രം, കൗമാരക്കാരായ പെൺകുട്ടികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്നിവയും ഈ മെഡിക്കൽ റെക്കോർഡിൽ രേഖപ്പെടുത്താൻ സാധിക്കും.

മിനിമോൾ വി.ജി.
അഡീഷണൽ സെക്രട്ടറി
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

കേരള നിയമസഭ - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി- സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
3.3.8	അന്യദേശക്കാരായ തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്	തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമ പ്രകാരം അഞ്ചോ അതിലധികമോ അന്യസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടറുടെ കീഴിൽ ജോലിയ്ക്കായി വരുമ്പോഴാണ് ആക്ട് നിഷ്കർഷിക്കുന്ന രജിസ്ട്രേഷനും മറ്റ് നിയമപരിരക്ഷയും ഇവർക്ക് ലഭിക്കുന്നത്. എന്നാൽ സ്വമേധയാ ജോലിയ്ക്കായി വരുന്ന തൊഴിലാളികൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ തൊഴിലാളികളെ സംബന്ധിച്ച വിശദ വിവരം സൂക്ഷിയ്ക്കാറുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിലവിൽ ലഭ്യമാക്കുന്നത് "ആവാസ്" പദ്ധതിയിലൂടെയാണ്. "ആവാസ്" പദ്ധതി എന്നത് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള വിശദ വിവരം സൂക്ഷിക്കുന്നുണ്ട്. 31.08.2022 വരെ സംസ്ഥാനത്ത് ആവാസ് പദ്ധതി പ്രകാരമുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം 5,16,320 ആണ്. സംസ്ഥാനത്ത് ജോലിയ്ക്കായി എത്തിച്ചേരുന്ന എല്ലാ അന്യസംസ്ഥാന തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പ് വരുത്തുന്നതിനും ഇവരുടെ തൊഴിൽ പരിചയം പ്രത്യേക തൊഴിൽ വൈദഗ്ധ്യം എന്നിവ രേഖപ്പെടുത്തി തൊഴിൽ കണ്ടെത്തുന്നതിനും തൊഴിലുടമകൾക്ക് തങ്ങൾക്ക് അനുയോജ്യരായ തൊഴിലാളികളെ കണ്ടെത്തുന്നതിനുമായി "അതിഥി പോർട്ടൽ" സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്. എന്നാൽ കൂടുതൽ തൊഴിലാളികളുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പ് വരുത്തുന്നതിനായി ടി പോർട്ടൽ ഒരു മൊബൈൽ ആപ്പ് ആക്കുന്നതിന് എൻ.ഐ.സി.യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്.

സി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518240

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-2013 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.3.6 ൽ ഉൾപ്പെട്ട ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

ക്രമ നം	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2012-2013	അദ്ധ്യായം -3.3.6	ഓഡിറ്റ് നിരീക്ഷണങ്ങൾ - തദ്ദേശ ഭരണ സ്ഥാപനങ്ങൾ	
1		1	ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. (i) പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഓ.പി വിഭാഗം അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. (ii)കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിലെ കുറ്റിവട്ടം ആയുർവേദ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച പേവാർഡ് കെട്ടിടം ഉപയോഗ യോഗ്യമല്ലാത്തത് (iii) ചേർത്തല ഗവ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കാത്ത ഐ.പി ബ്ലോക്ക്	(i) നിർദ്ദിഷ്ട ഓ.പി കെട്ടിടം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റ പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ട സ്ഥിതിഗതികൾ മാറ്റി കെട്ടിടത്തിന് ഷീറ്റ് റൂഫിംഗ് നടത്തി അപാകതകൾ പരിഹരിച്ച് പൊതുജനങ്ങൾക്ക് ഉപയോഗ പ്രദമായ രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. (ii)പന്മന ഗ്രാമപഞ്ചായത്തിലെ കുറ്റിവട്ടം ആയുർവേദ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച പേവാർഡ് കെട്ടിടത്തിന്റെ നിർമ്മാണ വൈകല്യം പരിഹരിച്ച് ഉപയോഗിച്ച് വരുന്നു. (iii) ചേർത്തല ഗവ. ആയുർവേദ ആശുപത്രിയുടെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന എട്ട് പേ-വാർഡ് റൂമുകളിൽ ഡോക്ടേഴ്സിന്റെ ഒരു ഡ്യൂട്ടി റൂം ഒഴിച്ച് ബാക്കി ഏഴ് മുറികളും രോഗികൾക്കും കൂട്ടിരിപ്പുക്കാർക്കും വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും സഹിതം സജ്ജീകരിച്ചിട്ടുണ്ട്.

		2.	(i) കാസറഗോഡ് മുൻസിപാലിറ്റിയ്ക്ക് കീഴിലുള്ള ആയുർവേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് (ii)കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവ. ഹോമിയോ ഡിസ്പെൻസറി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും, മരുന്നുകൾ സൂക്ഷിക്കുവാൻ സൗകര്യമില്ലാത്തതും	(i) കാസറഗോഡ് മുൻസിപാലിറ്റിയ്ക്ക് കീഴിലുള്ള ആയുർവേദ ആശുപത്രി 2014 ൽ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയതിന് ശേഷം എല്ലാ ഫർണ്ണിച്ചറുകളും മുറുകളും പൂർണ്ണമായി ഉപയോഗ യോഗ്യമാണ്. (ii) കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവ. ഹോമിയോ ഡിസ്പെൻസറി 2015 മുതൽ പഞ്ചായത്തിന് കീഴിലുള്ള വായനശാലാ കെട്ടിടത്തിലാണ് പ്രവൃത്തിച്ചു വരുന്നത്. സ്ഥാപനത്തിൽ മരുന്നുകൾ സൂക്ഷിക്കുവാൻ സൗകര്യമുണ്ട്.
		6.	(1) 2010-11 വർഷം മൂന്നാർ ഹോമിയോ ഡിസ്പെൻസറിക്ക് 70648/- രൂപ മരുന്ന് വാങ്ങുന്നതിന് വകയിരുത്തി. പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തത് (ii) കൊല്ലം വടക്കേവിള ഹോമിയോ ആശുപത്രിയ്ക്ക് സ്ഥലം വാങ്ങി കെട്ടിടം പണി നടത്തുന്നതിന് തുക വകയിരുത്തിയത് സംബന്ധിച്ച്	(i) 2011 ൽ ആരംഭിച്ച മൂന്നാർ ഹോമിയോ ഡിസ്പെൻസറിയ്ക്ക് 2010-11 വർഷത്തിൽ യാതൊരു ഫണ്ടും ലഭിച്ചിട്ടില്ല. (ii) പ്രോജക്ടിന് വകയിരുത്തിയ തുകയ്ക്ക് ടി പ്രദേശത്ത് ഭൂമി ലഭ്യമാകാതെ വന്നതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.
		9.	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ - 11/10/1988 ലെ ആശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് നിർദ്ദേശം പാലിക്കുന്നില്ല.	മൂന്ന് മാസത്തിലൊരിക്കൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ കൂടണമെന്ന നിർദ്ദേശം എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
		10	ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം എന്നതിൽ ആയുഷ് പ്രോജക്ട് ആശുപത്രിയുമായി ഏകോപിച്ച് പ്രവർത്തിക്കുന്നില്ല. - NRHM ന്റെ ആയുഷ് പ്രോജക്ട് മുഖേന 30 ലക്ഷം രൂപ വകയിരുത്തി ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ആശുപത്രി കെട്ടിടം	നാഷണൽ ആയുഷ് മിഷന്റെ ഫണ്ടായ 30 ലക്ഷം രൂപ ഉപയോഗിച്ച് 2014-15 സാമ്പത്തിക വർഷത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയ്ക്ക് സ്ഥാപനത്തിൽ ഐ.പി. കെട്ടിടം നിർമ്മിച്ചിരുന്നു. 30/10/2014 ന് ഉദ്ഘാടനം നിർവഹിച്ച് ടി

			നിർമ്മിക്കുന്ന പദ്ധതിയ്ക്ക് അനുമതി ലഭിച്ചിരുന്നു. പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുമായി ഏകോപനമില്ലാത്തതിനാൽ പദ്ധതിയുടെ ഗുണഫലം ആഗ്രഹപത്രിയ്ക്ക് ലഭ്യമായിട്ടില്ല	കെട്ടിടത്തിൽ 10 ബെഡ് ഐ.പി വിഭാഗം പ്രവർത്തിച്ചു വരുകയും, നിലവിൽ ആയുഷ് പ്രോജക്ടുകളുമായി ബന്ധപ്പെട്ട് യോജിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്
		11	(i) ആയുർ മുകുളം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല (ii) സ്കൂൾ ആരോഗ്യ പദ്ധതി എന്നതിൽ സ്കൂൾ ആരോഗ്യ പദ്ധതി പൂർണ്ണ പരാജയം എന്നതുമാണ്	സ്കൂൾ ആരോഗ്യ പദ്ധതി മുഖേന ഔഷധിയിൽ നിന്നും ലഭ്യമായ ഔഷധങ്ങൾ വിതരണം ചെയ്യാതെ കെട്ടികിടക്കുന്ന അവസ്ഥ നിലവിൽ ഇല്ല. സ്കൂൾ ആരോഗ്യ പദ്ധതി മുഖേന ലഭ്യമായ ഔഷധങ്ങൾ പൂർണ്ണായി വിനിയോഗിച്ചതിനാൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടുള്ളതാണ്. (ii) 2012-13 വർഷത്തിൽ മാന്തവാടി പഞ്ചായത്തിൽ നിന്നും ടി പഞ്ചായത്തിന്റെ തന്നെ പ്രോജക്ടായ ആയുർമുകുളം പദ്ധതി നടപ്പലാക്കുന്നതിന് മാനന്തവാടി ആയുവേദ ഡിസ്പെൻസറിക്ക് 1,00,000/- രൂപ അനുവദിച്ചത് 2013-14,2014-15,2015-16 വർഷങ്ങളിൽ ഔഷധങ്ങൾ ലഭിച്ച മുറയ്ക്ക് ഗവ.എൽ.പിഎസ് മാനന്തവാടി , കുറുക്കൻമൂല ഗവ എൽപി സ്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വിജയകുമാർ എസ്
ജോയിന്റ് സെക്രട്ടറി
ആയുഷ് വകുപ്പ്
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
പിൻ: 10779
ഫോൺ: 0471-2518430

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ 3.3.6 ൽ ഉൾപ്പെട്ട ഖണ്ഡിക 23 മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2012-2013	അദ്ധ്യായം 3	ഓഡിറ്റ് നിരീക്ഷണങ്ങൾ - സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും	
		3.3.6	കൊല്ലം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന തീരദേശ ഗ്രാമപഞ്ചായത്തായ പന്മന അത്യപൂർവ്വ ധാതുക്കളാൽ സമൃദ്ധമായ കരിമണലിന് പേരുകേട്ട പ്രദേശമാണ്. ധാതുമണൽ ഖനനവും, സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. 1932 ൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം 1956 ൽ സർക്കാർ ഏറ്റെടുക്കുകയും 1972 മുതൽ പബ്ലിക് ലിമിറ്റഡ് കമ്പനി ആകുകയും ചെയ്തു. തീരദേശ ഭാഗത്ത് നിന്ന് ഖനനം ചെയ്യുന്ന കരിമണലിൽ നിന്ന് ഇൽമനൈറ്റ്, റൂട്ടൈൽ, പ്യൂക്സോൺ, മോണോസൈറ്റ്, സിലിമിനൈറ്റ് തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് കെ.എം.എം.എല്ലിന്റെ മിനറൽ	കെ.എം.എം.എൽ പ്രവർത്തിക്കുന്നത് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തന അനുമതിയോടു കൂടിയാണ്. കെ.എം.എം.എൽ-ൽ ടൈറ്റാനിയം ഡയോക്സൈഡ് ഉത്പാദിപ്പിക്കുമ്പോൾ ആസിഡ് റീജനറേഷൻ പ്ലാന്റിൽ നിന്നും ഉപോല്പന്നമായി ഉണ്ടാകുന്ന ഖരമാലിന്യമായ അയൺ ഓക്സൈഡും എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ഉണ്ടാകുന്ന ഉൽപന്നമായ സ്ലഡ്ജും യഥാക്രമം അയൺ ഓക്സൈഡ് പോണ്ട്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പോണ്ട് എന്നിവിടങ്ങളിൽ കെ.എസ്.പി.സി.ബി-യുടെ പ്രവർത്തനാനുമതിയോടു കൂടി സംഭരിച്ചു സൂക്ഷിക്കുന്നു. ടൈറ്റാനിയം ഡൈ ഓക്സൈഡ് ഉത്പാദിപ്പിക്കപ്പെടുന്നതിലൂടെ ഉണ്ടാകുന്ന എഫ്ലുവന്റ് ലിക്വിഡ് ട്രീറ്റ്മെന്റ് പ്ലാന്റിൽ യഥാക്രമം ശുദ്ധീകരിച്ച ശേഷം എഫ്ലുവന്റ് ട്രീറ്റ്മെന്റ് പോണ്ടിൽ സംഭരിക്കുന്നു. പോണ്ടിൽ നിന്നും ക്ലിയർ ലിക്വിഡ് പി എച്ച് 5.5 നും 9.0 നും ഉള്ളിൽ ആണെന്ന് ഉറപ്പു വരുത്തി

			സെപറേഷൻ യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ഇൽമനൈറ്റിൽ നിന്ന് അയൺ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേർതിരിക്കുന്നത് പലതരത്തിലുള്ള രാസപ്രക്രിയയിലൂടെയാണ് ക്ലോറൈഡ് പ്രക്രിയയിലൂടെ റ്റൈറ്റൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉൽപാദിപ്പിക്കുന്ന ഇന്ത്യയിലെ ഏകസ്ഥാപനമാണ് കെ.എം.എം.എൽ. ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റിൽ നിന്ന് ക്ലോറിനേഷൻ പ്രക്രിയയിലൂടെ ടൈറ്റാനിയം ടെട്രാക്ളോറൈഡ് സംസ്കരിക്കുന്ന പ്രക്രിയയാണ് കെ.എം.എം.എൽ ന്റെ പ്രൊഡക്ഷൻ പിഗ്മെന്റ് യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ടൈറ്റാനിയം ഡയോക്സൈഡിന്റെ തരംതിരിക്കലിനും സംസ്കരണത്തിനുമായി ട്രീറ്റ്മെന്റ് & ഫിനിഷിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നു. ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ, തീരദേശത്ത് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, മഴക്കാലരോഗങ്ങൾ എന്നിവയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ. കരിമണൽ ഖനനവും സംസ്കരണവുമായി ബന്ധപ്പെട്ട് ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങളും സൂചനകളും പരിശോധനയിൽ കണ്ടെത്തി.	കെ.എസ്.പി.സി.ബി.യുടെ അനുമതിയോടു കൂടി എഫ്ലുവന്റ് ലൈൻ വഴി കടലിലേക്ക് പമ്പ് ചെയ്യുന്നു. കെ.എസ്.പി.സി.ബി.യുടെ ഈ അപ്രൂവ്ഡ് ഔട്ട്ലെറ്റിൽ കൂടിയല്ലാതെ കെ.എം.എം.എൽ ഒന്നും പുറത്തേക്ക് ഒഴുക്കി വിടാറില്ല. കമ്പനിയുടെ പരിസര വാർഡുകളിൽ (7 വാർഡുകളിൽ) കമ്പനി പൈപ്പ്ലൈൻ സ്ഥാപിച്ച പ്രതിദിനം 7–8 ലക്ഷം ലിറ്റർ കുടിവെള്ളം നൽകുന്നുണ്ട്. കൂടാതെ കുടിവെള്ള ടാങ്കർ വഴി പ്രതിദിനം ഒരുലക്ഷത്തി അമ്പതിനായിരം ലിറ്റർ കുടിവെള്ളം പരിസര വാർഡുകളിൽ നൽകുന്നു. അതിനു പുറമെ ആറു കുഴൽക്കിണർ സ്ഥാപിച്ചും കുടിവെള്ളം നൽകുന്നു. കമ്പനിയുടെ പരിസര വാർഡുകളിലെ ജലനിധി പദ്ധതിയുടെ 50% വെള്ളക്കരം കമ്പനി നൽകി വരുന്നു. പൈപ്പ് ലൈൻ മെയിന്റനൻസ്, കുഴൽക്കിണർ മെയിന്റനൻസ് എന്നിവ കമ്പനി കൃത്യമായി ചെയ്തു വരുന്നു. ചവറ, പന്മന പഞ്ചായത്തുകളിലെ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ഹെൽത്ത് സർവേ നടത്തി കാൻസർ, ശ്വാസകോശരോഗങ്ങൾ മറ്റ് ഇതര രോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ചികിത്സാ ധനസഹായവും മെഡിക്കൽ ക്യാമ്പും നടത്തിവരുന്നു. നാഗ്പൂരിലെ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കെ.എം.എം.എല്ലിന്റെ

ഉയർന്ന സ്വാഭാവിക റേഡിയേഷൻ ഉള്ള പ്രദേശമാണ് 25 കിലോമീറ്റർ ദൈർഘ്യമുള്ള നീണ്ടകര-ചവറ- ശങ്കരമംഗലം തീരദേശമേഖല. മോണോസൈറ്റ് നിക്ഷേപത്താൽ സമൃദ്ധമാണ് ഇവിടത്തെ കരിമണൽ. തോറിയം, യുറേനിയം, റൂട്ടൈൽ, സിലിമനൈറ്റ്, സിർക്കോൺ, ടൈറ്റാനിയം തുടങ്ങിയ അപൂർവ്വധാതുക്കൾ ഉൾക്കൊള്ളുന്നതാണ് അത്യപൂർവ്വമായ ഈ മോണോസൈറ്റ് നിക്ഷേപം.

പരമാവധി absorver dose of radiation 5.0msv a-1 ആണ്. എന്നാൽ ഈ പ്രദേശത്ത് ഇന്ന് 35 msva-1 ആണ്. ഈ മേഖലയിലെ mean annual background radiation 550m rad/year(Range 240-3500 MR)ആണ്. സാധാരണ പ്രദേശങ്ങളിൽ ഇത് 100 m Rad/year മാത്രമാണ്.

കെ.എം.എം.എൽ.ന്റെ വിവിധ പ്ലാന്റുകളിൽ നടക്കുന്ന സംസ്കരണ പ്രക്രിയയിലൂടെ പലതരം ക്ലോറൈഡുകളും അയണുമൊക്കെ പുറത്തേയ്ക്ക് തള്ളുന്നുണ്ട്. സംസ്കരണ പ്രക്രിയയ്ക്ക് ശേഷമുള്ള മലിനജലം കെ.എം.എം.എൽ.ന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പ്രത്യേക കനാൽ വഴി അറബിക്കടലിലേയ്ക്ക് ഒഴുക്കി വിടുകയാണ്. ഈ ജലത്തിന് അയൺ ഓക്സൈഡ് പോണ്ട് സൈറ്റിലും അതിന്റെ ചുറ്റുപാടിലും പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച പ്രകാരം കെ.എം.എം.എൽ -ൽ ഉത്പാദന പ്രക്രിയയുടെ ഫലമായി ഉണ്ടാകുന്ന ഒരു മാലിന്യവും ഹസാർഡസ് വേസ്റ്റ് കാറ്റഗറിയിൽ വരുന്നതല്ല.

കമ്പനിയുടെ 2020,2021 വർഷങ്ങളിലെ ആന്വൽ ഹെൽത്ത് ഫിസിക് റിപ്പോർട്ട് പ്രകാരം റേഡിയേഷൻ മോണിറ്ററിംഗ് റിസൾട്ട് താഴെപ്പറയും പ്രകാരമാണ്:-

ഇൻഡിവിഡ്വൽ മോണിറ്ററിംഗ്

ഒക്യുപ്പേഷണൽ എക്സ്പോഷർ ലിമിറ്റ് (തുടർച്ചയായി 5 വർഷത്തിന് മുകളിൽ പ്രതിവർഷം ശരാശരി 20 mSv) (പ്രതിവർഷം 30 mSv)		
KMML മാക്സിമം ഇൻഡിവിഡ്വൽ ഡോസ്	2020	2021
	0 mSv	2.3 mSv

ഏരിയ മോണിറ്ററിങ്

ലൊക്കേഷൻ	2020 റേഡിയേഷൻ ലെവൽ (micro Gray/hour)	2021 റേഡിയേഷൻ ലെവൽ (micro Gray/hour)
മൈനിംഗ് ഏരിയ	2.0–2.6	1.3–2.4
ബാക് ഫീൽഡ്	0.16–0.18	0.16–0.17

			ചുവപ്പ് നിറം ആണ്. ഈ ജലം സമീപത്തുള്ള വലിയ പറമ്പുകളിൽ കെട്ടിനിൽക്കുന്നതായും കണ്ടു. കെ.എം.എം.എൽ -ന് ചുറ്റുമുള്ള വീടുകളിലെ കിണറുകളിലും മറ്റ് ജലാശയങ്ങളിലും വെള്ളത്തിന് ചുവപ്പ് നിറമാണ്. കുടിക്കുവാനോ, മറ്റ് ആവശ്യങ്ങൾക്കോ ജനങ്ങൾ ഈ ജലം ഉപയോഗിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ജലനിധിപദ്ധതിയിലൂടെ എത്തിക്കുന്ന ജലമാണ് ജനങ്ങളുടെ ആശ്രയം. കമ്പനി കോമ്പൗണ്ടിനുള്ളിൽ ടാങ്കിൽ രാസമാലിന്യം സംഭരിക്കുന്നുണ്ട്. എങ്കിലും ഇപ്പോഴും അത് പുറത്തേയ്ക്ക് ഒഴുക്കി വിടാറുണ്ട്.	ഏരിയ			സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ കമ്പനി ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുണ്ട്; ചവറ ഹെൽത്ത് സെന്ററിനായി 51 ലക്ഷം രൂപാ ചെലവ് ചെയ്ത് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ കെട്ടിടം നിർമ്മിച്ച് നൽകുകയും അവിടേക്ക് രണ്ട് ഡോക്ടർമാർ, ഒരു ഫാർമസിസ്റ്റ്, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു സെക്യൂരിറ്റി എന്നിവരെ കമ്പനി ശമ്പളം നൽകി നിയമിച്ചിട്ടുണ്ട്. ആവശ്യമായ മെഡിസിനുകളുടെ ചെലവും കമ്പനി നൽകിവരുന്നു. പന്മന പഞ്ചായത്തിലെ പാലിയേറ്റീവ് കെയറിന് ആംബുലൻസ്, ഡ്രൈവറുടെ ശമ്പളം, പാലിയേറ്റീവ് കെയറിന് കീഴിലുള്ള 17 കുടുംബങ്ങൾക്ക് എല്ലാ മാസവും ഭക്ഷ്യധാന്യ കിറ്റ്, വീൽചെയർ, വാട്ടർബെഡ്, എയർബെഡ് മറ്റ് അനുബന്ധ ഉപകരണങ്ങൾ, ചവറ ആയുർവേദ ആശുപത്രിയ്ക്ക് പത്തു ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങളും കമ്പനി ചെയ്തു വരുന്നുണ്ട്.

ഷിബു ഐസക്
അഡീഷണൽ സെക്രട്ടറി
വ്യവസായ വകുപ്പ്
അഡീ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ. 0471 2518473

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും എന്ന വിഷയം സംബന്ധിച്ച ഖണ്ഡിക 3.3-ലെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2012-13	3.3.6.1	ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.	**ആർദ്രം മിഷൻ വഴി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ** ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ഔട്ട് പേഷ്യന്റ് വിഭാഗം ജനസൗഹൃദമാക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതോടൊപ്പം ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി പരിവർത്തനം ചെയ്യുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശം **അനുബന്ധം -1** ആയി ചേർക്കുന്നു. ഇതിനു പുറമേ, സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആർദ്രം ദൗത്യം മാനദണ്ഡം പ്രകാരം മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിൽ KIIFB, NABARD, PLAN FUND, MLA FUND മുതലായ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. KIIFB ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക **അനുബന്ധം-2** ആയി ചേർക്കുന്നു.

2	2012-13	3.3.6.2	വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ	കോഴിക്കോട് നഗരസഭയിലെ അർബൻ ഹെൽത്ത് ഡിസ്പെൻസറിയിലെ ജീവനക്കാരുടെ നിയമനം തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടതാണ്. ആരോഗ്യ വകുപ്പിൽ നിന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. **ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ക്ലിനിക്കൽ ലബോറട്ടറിയുടെ ശോച്യാവസ്ഥ** 1. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ലബോറട്ടറിയുടെ അവസ്ഥയുമായി ബന്ധപ്പെട്ട് പരാമർശിച്ചിരുന്ന ശോചനീയാവസ്ഥയെല്ലാം ആശുപത്രിയിൽ 2012-ൽ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിച്ചതുമായി ബന്ധപ്പെട്ടു നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിഹരിക്കപ്പെട്ടിട്ടുള്ളവയാണ്. ആയതിനു ശേഷം 2012 സെപ്റ്റംബറിൽ ഈ സ്ഥാപനത്തിന് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ളതുമാണ്. 2. താലൂക്കാസ്ഥാന ആശുപത്രി ചേർത്തലയുടെ കീഴിൽ ആരോഗ്യ ഉപകേന്ദ്രങ്ങളൊന്നും നിലവിലില്ല. 3. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2011-2012 കാലയളവിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് വാങ്ങിയ 40,000/- രൂപയുടെ മരുന്നുകൾ ആ വിഭാഗത്തിലുൾപ്പെട്ട രോഗികളുടെ പരിചരണത്തിന്റെ ഭാഗമായിട്ടാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.
3	2012-13	3.3.6.3	അടിസ്ഥാന സൗകര്യങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല.	മലപ്പുറം ജില്ലയിലെ ആശുപത്രി ഭൂമി സ്വകാര്യ വ്യക്തി കയ്യേറി ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന ഓഡിറ്റ് പരാമർശം - ചാത്തല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള സ്ഥലം നിലവിൽ അതിരുകൾ തിരിച്ച് മതിൽകെട്ടി സംരക്ഷിച്ചു വരുന്നുണ്ട്. എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ള വാഴക്കുളം പ്രാഥമിക ആരോഗ്യ കേന്ദ്രം ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയാണ്. ദിവസേന 360-ഓളം രോഗികൾ ചികിത്സയ്ക്കായി ഇവിടെ വരുന്നുണ്ട്. അനുവദിച്ചിരിക്കുന്ന തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

SL No	Designation	Sanctioned
1	Assistant Surgeon	3
2	Clerk (LD/ UD)	1
3	Health Inspector	1
4	Hospital Attender Gr-I	1
5	Hospital Attender Gr-II	1
6	Junior Public Health Nurse Grade-I	2
7	Junior Public Health Nurse Grade-II	4
8	Junior Health Inspector Grade-I	1
9	Junior Health Inspector Grade-II	3
10	Lab Technician	1
11	Nursing Assistant	2
12	Office Attendant	1
13	Pharmacist Grade-I	1
14	Pharmacist Grade-II	1
15	Public Health Nurse	1
16	PTS/ PTC	1
17	Staff Nurse Grade-I	2
18	Staff Nurse Grade-II	3
	Total	30

ഈ സ്ഥാപനത്തിൽ കുട്ടികളുടെ വാർഡിനു വേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിലാണ് ഒബ്സർവേഷൻ വാർഡും ഇഞ്ചക്ഷൻ റൂമും പ്രവർത്തിക്കുന്നത്. എമർജൻസി ബെഡ് ഉൾപ്പെടെ നാല് ബെഡ് ഉള്ള വാർഡാണിത്. അത്യാവശ്യഘട്ടങ്ങളിൽ ഇസിജി മെഷീൻ വാർഡിനകത്ത് ഉണ്ട്. ലേബർ വാർഡ്, സർജിക്കൽ വാർഡ് എന്നിവയ്ക്കായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഇപ്പോൾ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഈ കെട്ടിടത്തിൽ രജിസ്ട്രേഷൻ, ഇഞ്ചക്ഷൻ റൂം, ഒബ്സർവേഷൻ റൂം, ഡീപ്പ് ഫ്രീസർ ഐ.എൽ.ആർ. റൂം എന്നിവയും സ്റ്റോർ റൂം, ഐ.യു.ഡി. റൂം എന്നിവയും പ്രവർത്തിക്കുന്നു. മെയിൽ വാർഡിനായി നിർമ്മിച്ച കെട്ടിടമാണ് ഇപ്പോൾകോൺഫറൻസ് ഹാൾ, കോവിഡ് വാക്സിനേഷൻ എന്നിവയ്ക്കായി ഉപയോഗിക്കുന്നത്. സ്ത്രീകളുടെ വാർഡിനായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഒരേസമയം നാല് ഡോക്ടർമാർ ഇരുന്ന് രോഗികളെ പരിശോധിക്കുന്നതിനായുള്ള നാല് കൗണ്ടറുകൾ സജ്ജീകരിച്ചിരിക്കുന്നു. ഞായറാഴ്ചകൾ ഒഴികെ എല്ലാ ദിവസങ്ങളിലും ജീവിതശൈലി രോഗങ്ങൾക്കുള്ള ക്ലിനിക്, എല്ലാ തിങ്കളാഴ്ചയും ആന്റിനേറ്റൽ ക്ലിനിക്, എല്ലാ ചൊവ്വാഴ്ചയും ന്യൂട്രീഷൻ ക്ലിനിക്, എല്ലാ ബുധനാഴ്ചയും യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ, എല്ലാ വ്യാഴാഴ്ചകളിലും സബ് സെന്ററുകളിൽ ജീവിതശൈലി രോഗ നിർണയ ക്ലിനിക് , എല്ലാ വെള്ളിയാഴ്ചയും ജെറിയാട്രിക് ക്ലിനിക്ക്, ശനിയാഴ്ച അഡോളസന്റ് ക്ലിനിക്

എന്നിവ നടത്തുന്നുണ്ട്. പേ വിഷബാധയ്ക്കുള്ള ഇഞ്ചക്ഷൻ എല്ലാദിവസവും ലഭ്യമാണ്. ശ്വാസകോശ രോഗങ്ങൾ ഉള്ളവർക്ക് ശ്വാസ് ക്ലിനിക്കും മാനസിക പ്രശ്നങ്ങൾ ഉള്ളവർക്ക് ആശ്വാസ് ക്ലിനിക്കും നടത്തിവരുന്നു. ഗർഭനിരോധനം, വന്ധ്യംകരണം എന്നിവയും ചെയ്തുകൊടുക്കുന്നു. സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ഔട്ട് റീച്ച് കോവിഡ് ആന്റിജൻ ടെസ്റ്റ് എന്നിവയും ലഭ്യമാണ്. ആശുപത്രി മാനേജിംഗ് കമ്മിറ്റി എല്ലാ മൂന്നുമാസം കൂടുമ്പോഴും നടത്തുകയും മൂന്ന് മാസത്തെ വരവ് കണക്കുകൾ തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു. ഓരോ യോഗത്തിലും തീരുമാനങ്ങൾ എടുത്ത് അത് നടപ്പിലാക്കാറുണ്ട്. ആരോഗ്യം സംരക്ഷിക്കുന്നതിന് വേണ്ടി പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും ഈവനിംഗ് ഓ. പി.-യും നടന്നുവരുന്നു.

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് നൽകിവരുന്ന സേവനങ്ങൾ</u>

വാഴക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ 157 മേഖലകളിലും ഒറ്റക്കെട്ടിടങ്ങളിലുമായി 4678 അതിഥി തൊഴിലാളികളും കുടുംബങ്ങളും താമസിക്കുന്നു. ഇവരുടെ ആരോഗ്യപരിപാലനത്തിനായി മാസത്തിലൊരുതവണ മലേറിയ രോഗ നിർണയത്തിനായി രക്ത പരിശോധനയും കുഷ്ഠരോഗം കണ്ടുപിടിക്കുന്നതിനായി ദേഹ പരിശോധനയും നടത്തി വരുന്നു. ഗർഭിണികളുടെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക പരിശോധനയും ബോധവൽക്കരണവും നൽകുന്നു. കുട്ടികളുടെ കുത്തിവയ്പ്പിനായി ഫീൽഡ്തല സന്ദർശനം നടത്തുന്നു. അവരുടെ ഭാഷയിൽ ബോധവൽക്കരണ നോട്ടീസ്, പോസ്റ്റർ എന്നിവ നൽകി വരുന്നു. മെഡിക്കൽ ക്യാമ്പ് , ബോധവൽക്കരണം എന്നിവ നടത്തുന്നതിന് ജില്ലയിൽ നിന്നുള്ള ടീമിന് ക്യാമ്പിൽ സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. ഹെൽത്തി കേരളയുമായി ബന്ധപ്പെട്ട് മാസത്തിൽ ഒരു തവണ തൊഴിൽ സ്ഥലങ്ങൾ, താമസ ക്യാമ്പുകൾ സന്ദർശിച്ച് ബോധവൽക്കരണവും ക്ലീനിങ് പ്രവർത്തികളും നടത്തുന്നു. തുടർ സന്ദർശനവും ഉറപ്പുവരുത്തുന്നു.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് പ്രോജക്ട് ഉപയോഗിച്ച് ആശാ പ്രവർത്തകരുടെ സഹകരണത്തോടെ ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, ഫീവർ സർവ്വേ, ബോധവൽക്കരണ ക്ലാസ്, കൊതുക് നശീകരണത്തിനായി ഫോഗിങ് എന്നിവയും നടത്തുന്നു. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇത്തരം പ്രവർത്തികൾ എല്ലാ ആഴ്ചയും തുടർന്നു വരുന്നു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ ജാഗ്രത കലണ്ടർ പ്രകാരം ദിനാചരണങ്ങൾ കൃത്യമായി നടത്തി റിപ്പോർട്ട് ചെയ്യുന്നു.

<u>മേപ്പാടി കുടുംബ ആരോഗ്യ കേന്ദ്രം</u>

മേപ്പാടി കുടുംബാരോഗ്യകേന്ദ്രത്തിന്റെ, 1991-ൽ പൂർത്തീകരിച്ച ഏകദേശം 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ലാബ് കെട്ടിടത്തിലേക്ക്, നിലവിൽ വഴി

				സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ലാബായി 18 വർഷത്തോളം പ്രവർത്തിച്ച ശേഷം പുതിയ കെട്ടിടത്തിലേക്ക് ലാബ് മാറ്റുകയാണുണ്ടായത്. പഴയ ലാബ് കെട്ടിടത്തിൽ നിലവിൽ പ്രൈമറി പാലിയേറ്റീവ് കെയർ, സെക്കന്ററി പാലിയേറ്റീവ് കെയർ എന്നീ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.
4	2012-13	3.3.6.4	പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	**കൊല്ലം ജില്ലയിൽ 2010-11, 2011-12 വർഷങ്ങളിൽ നടപ്പിലാക്കാത്തത് സംബന്ധിച്ച്** നിലവിൽ അതത് വർഷം വിഭാവനം ചെയ്യുന്ന പദ്ധതികൾ അതേ വർഷം തന്നെ കൃത്യമായി നടപ്പാക്കുന്നുണ്ട്. **പത്തനംതിട്ട ജില്ല** ഏറത്ത് ഗ്രാമപഞ്ചായത്തിൽ അഗതികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി **2011-12** വർഷം **Rs.364800/-** ഇവരുടെ ചികിത്സയ്ക്കായി വകയിരിത്തിയിരുന്നുവെങ്കിലും, അന്നത്തെ പ്രത്യേക സാഹചര്യങ്ങൾ നിമിത്തം പ്രസ്തുത പദ്ധതി നിർവഹിക്കാൻ കഴിഞ്ഞില്ല. എന്നാൽ തുടർവർഷങ്ങളിൽ, പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി, അഗതികളുടെ ചികിത്സയ്ക്കായി തുക വകയിരുത്തുകയും, വളരെ കാര്യക്ഷമമായി ഈ പദ്ധതി നാളിതു വരെ നടന്നു വരുകയും ചെയ്യുന്ന വിവരം അങ്ങയെ അറിയിച്ചുകൊള്ളുന്നു. വിവിധ സന്നദ്ധസംഘടനകളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് നടക്കുന്ന ഈ പദ്ധതി മൂലം കഴിഞ്ഞ **10** വർഷം കൊണ്ട് അനേകം അഗതികളെ കണ്ടെത്തി, ഇവരെ പുനരധിവസിപ്പിക്കാൻ ഏറത്ത് ഗ്രാമപഞ്ചായത്തിലെ ആരോഗ്യവിഭാഗത്തിന് സാധിച്ചിട്ടുണ്ട്. **നല്ലൂർനാട് ഗവ. ട്രൈബൽ ആശുപത്രി** നല്ലൂർനാട് ഗവ. ട്രൈബൽ ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ, എക്സ്-റേ, കുട്ടികളുടെ വാർഡ് എന്നിവ തുടങ്ങാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം 2004-ലേതാണ്. ജി.ഒ. നമ്പർ 21/07/എസ്.സി.എസ്.ടി.ഡി.ഡി. തീയതി: 24.03.2007 ഉത്തരവ് പ്രകാരം 2007-ലാണ് സ്ഥാപനം ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ളത്. നിലവിൽ ഈ സ്ഥാപനം പ്രധാനമായും ഒരു ക്യാൻസർ ആശുപത്രി ആയാണ് പ്രവർത്തിക്കുന്നത്. അടുത്തിടെ ഈ സ്ഥാപനത്തിൽ എക്സ്-റേ മെഷീൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ട്രാൻസ്ഫോർമർ പണി നടന്നുകൊണ്ടിരിക്കുന്നത് പൂർത്തിയാകാത്തതിനാൽ മെഷിൻ ഇതുവരെ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.
5	2012-13	3.3.6.5	ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ - ദീർഘ വീക്ഷണത്തിന്റെ അഭാവം	ചികിത്സയുടെ ഭാഗമല്ലാതെയുള്ള മരുന്നു വിതരണം - പഴയ പ്രൊജക്ടുകളിൽ വന്നിട്ടുള്ള പാകപിഴകൾ വരാതിരിക്കാൻ പിന്നീടുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. **റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം.**

				തിരുവനന്തപുരം നഗരസഭയുടെ 2011-12-ലെ കാൻസർ നിയന്ത്രണ പദ്ധതി (പ്രോജക്ട് നമ്പർ 113/12) നടപ്പാക്കുന്നതിനായി ലഭിച്ച 10,00,000/- രൂപയിൽ 9,36,545/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതു പ്രകാരം, സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുമായ രോഗികൾക്ക് പരമാവധി 10,000/- രൂപ ധനസഹായം നല്കി വരുന്നു. വനിതകൾക്കായുള്ള കാൻസർ കൺട്രോൾ പദ്ധതിക്ക് (പ്രോജക്ട് നമ്പർ 181/12) 52,50,000/- രൂപ ലഭിച്ചതിൽ, നഗരസഭയുടെ ശിപാർശ പ്രകാരം 27,94,390/- രൂപ 2012-13 മുതൽ 2021-22 വരെ ചെലവഴിച്ചിട്ടുണ്ട്. നഗരസഭാ പരിധിക്കുള്ളിലെ താമസക്കാരായ സ്ത്രീകളിൽ കാൻസർ രോഗം നേരത്തേ കണ്ടെത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയനുസരിച്ച്, നിർധനരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുമായ രോഗികൾക്ക് ക്യാമ്പുകൾ സംഘടിപ്പിച്ച് കാൻസർ പരിശോധന നടത്തുകയും പരമാവധി 15,000/- രൂപ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിലൂടെ 37 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആരോഗ്യ പ്രവർത്തകർക്കും ആശാ പ്രവർത്തകർക്കും പരിശീലനം നല്കുകയും തുടർ പരിശോധനകളും ചികിത്സയും നഗരസഭയുടെ ശിപാർശ പ്രകാരമുള്ള ബി.പി.എൽ. രോഗികൾക്ക് നൽകി വരികയും ചെയ്യുന്നു. നഗരസഭയുമായുള്ള കരാർ അനുസരിച്ച് ബാക്കിയുള്ള 24,55,610/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഉപയോഗ സർട്ടിഫിക്കറ്റ് യഥാസമയം നഗരസഭയ്ക്ക് നൽകി വരുന്നുണ്ട്.
6	2012-13	3.3.6.6	നടപ്പിലാക്കാത്ത പദ്ധതികൾ	**കൊല്ലം ജില്ല** **നടപ്പാക്കാത്ത പദ്ധതികൾ സംബന്ധിച്ച്** നിലവിൽ പ്രോജക്ടുകൾ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നുണ്ട്. നിലവിൽ പാലത്തറ സി.എച്ച്.സി യും ശക്തികുളങ്ങരയും ആർദ്രം പദ്ധതി മുഖേന എഫ്.എച്ച്.സി ആയി ഉയർത്തിയിട്ടുണ്ട്.
7	2012-13	3.3.6.8	ആരോഗ്യ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.	**കൊല്ലം ജില്ല** **വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരാത്തത് സംബന്ധിച്ച്** കൃത്യമായ ഇടവേളകളിൽ യോഗം ചേരണമെന്ന നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കൂടാളി പഞ്ചായത്തിൽ ആരോഗ്യമേഖലയിൽ കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്.

				തിരുവനന്തപുരം ജില്ല തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ആശാപ്രവർത്തകരെ ഉപയോഗപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ, ലഘുലേഖാ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുകയും ആവശ്യമായ പോസ്റ്ററുകൾ ആശുപത്രികളിലും സബ് സെന്ററുകളിലും പ്രദർശിപ്പിക്കുകയും ചെയ്തു വരുന്നു. തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പണികഴിപ്പിച്ച ഇഞ്ചക്ഷൻ റൂം നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. **കാസർഗോഡ് ജില്ല** കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാനും ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന് കർശന നിർദേശം നല്കിയതായും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. **കോഴിക്കോട് ജില്ല** ഓമശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ മുൻ കാലയളവിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിൽ ചില പോരായ്മകൾ വന്നിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ച് നിലവിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനം സജീവമാക്കിയിട്ടുണ്ട്.
8	2012-13	3.3.6.9	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ	സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിലുപരി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് ഓരോ ആശുപത്രിയിലും എച്ച്.എം.സി/എച്ച്.ഡി.സി എന്നിങ്ങനെ കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ടി കമ്മറ്റികളിൽ നിയമസഭ/ പാർലമെന്റ് എന്നീ സഭകളിൽ പ്രാതിനിധ്യം ഉള്ള രാഷ്ട്രീയപാർട്ടികളുടെ അംഗങ്ങളും പ്രദേശത്തെ പി.ഡബ്ല്യു.ഡി/ കെ.എസ്.ഇ.ബി./ കെ.ഡബ്ല്യു.എ/ ഓഡിഷ്യൻ മെമ്പർമാരും കൂടിയുള്ള കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം കൂടി ആശുപത്രിയുടെ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും, ആയത് അനുസരിച്ച് ചട്ട പ്രകാരം ബന്ധപ്പെട്ട സൂപ്രണ്ടുമാർ/മെഡിക്കൽ ഓഫീസർമാർ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നു. സർക്കാർ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ലഭിക്കുന്ന സേവനത്തിന് സമാനമായ സർക്കാർ നിശ്ചയിക്കുന്ന തുക ഫീസായി വാങ്ങുകയും ആയത് ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെയും പഞ്ചായത്ത്/മുൻസിപ്പൽ ചെയർമാന്റെയും പേരിൽ

				ഉള്ള ഒരു ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ അക്കൗണ്ടിൽ നിന്നും ചട്ട പ്രകാരം ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുകയും ചെയ്യുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ടും ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്കുമായി ചെലവാക്കുന്നു. ഇങ്ങനെ ചെലവാക്കുന്ന ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽഫണ്ട് ആഡിറ്റ്/ഡിപ്പാർട്ട്മെന്റ് ഓഡിറ്റ്/AG ഓഡിറ്റ് എന്നിവയും നിലവിൽ ഉണ്ട്. പ്രസ്തുത ഓഡിറ്റിൽ കാണുന്ന പോരായ്മകളും തെറ്റുകളും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാറുണ്ട്. നിലവിൽ ഗുരുതരമായ പ്രശ്നങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെകീഴിലുള്ള ചാത്തല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ കമ്മിറ്റി മുഖാന്തരം നടത്തിവരുന്നു. എടവണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നതോടെ 28.06.2021 തീയതിയിലാണ് അവസാനമായി പുനഃസംഘാടനം നടത്തിയത്. എച്ച് എം സി യുടെ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കിൽ കൃത്യമായി എഴുതി സൂക്ഷിച്ചു വരുന്നുണ്ട്. **<u>ഇടുക്കി ജില്ല</u>** ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഓഡിറ്റ് പരാമർശം ഉണ്ടായതിന് ശേഷം കൃത്യമായിട്ട് എച്ച്.എം.സി കൂടി വരികയും ടി കാലയളവിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് വികസന പ്രവർത്തനങ്ങളും മറ്റു ദൈനംദിന ചിലവുകളും സംബന്ധിച്ച വരവ് ചെലവ് കണക്കുകളും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എച്ച്.എം.സി. യോഗത്തിന്റെ അംഗീകാരത്തോടെയാണ് ഫണ്ടുകളുടെ വിനിയോഗം നടക്കുന്നത്.
9	2012-13	3.3.6.11	സ്കൂൾ ആരോഗ്യ പദ്ധതി	സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രമായ ആരോഗ്യപരിപാലനം മുഖ്യലക്ഷ്യമാക്കി ആരോഗ്യകേരളം രൂപകല്പന ചെയ്ത നവീന സംരംഭം ആയിരുന്നു സ്കൂൾ ആരോഗ്യ പദ്ധതി. ആരോഗ്യ- വിദ്യാഭ്യാസ - കായിക തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. ഇതിലൂടെ എൽ.കെ.ജി. മുതൽ ഹയർ സെക്കൻഡറിവരെ (-2 മുതൽ +2 വരെ) ഉള്ള വിദ്യാർത്ഥികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തിയിരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന സ്കൂളായ തിരുവനന്തപുരത്തെ കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരു ഡോക്ടറെയും ഒരു സ്റ്റാഫ് നഴ്സിനെയും ഒരു അറ്റൻഡറെയും നിയമിച്ചു കൊണ്ട്

				പരീക്ഷണാടിസ്ഥാനത്തിൽ 2007 ഡിസംബറിൽ സ്കൂൾ ഹെൽത്ത് പദ്ധതി ആരംഭിക്കുകയുണ്ടായി. അതിനോടൊപ്പം തന്നെ ചികിത്സ സേവനം, First aid, ആരോഗ്യ വിദ്യാഭ്യാസം, ഹെൽത്ത് ബ്ലോക്ക് തലത്തിൽ മൾട്ടി സ്പെഷ്യലിറ്റി മെഡിക്കൽ ക്യാമ്പുകൾ, സ്കൂൾ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, വിവരശേഖരണം, ഹൈസ്കൂൾ - ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികളെ സംഘടിപ്പിച്ചു കൊണ്ടുള്ള വീഡിയോ ഫെസ്റ്റിവൽ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടന്നു വന്നിരുന്നു. തുടർന്നു 2008-ൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും ആരോഗ്യ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി സ്പെഷ്യൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന് സംസ്ഥാന സർക്കാർ രൂപം നൽകി. ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യരേഖ എന്ന നിലയ്ക്ക് സ്കൂൾ ടി.സി.യും ഹെൽത്ത് റെക്കോർഡും സംയോജിപ്പിച്ചുകൊണ്ടുള്ള നൂതന സംരംഭം വിദ്യാലയാരോഗ്യ പരിപാടിയുടെ മുഖ്യ ആകർഷണമായിരുന്നു. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 1150 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ആണ് ഈ പദ്ധതി വിജയകരമായി നടപ്പാക്കിയത് പിന്നീട് ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിച്ചു. പി.എച്.സി സേവനങ്ങൾ, ആരോഗ്യ ബോധവത്കരണം, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം, കൗൺസിലിങ്ങ് സൗകര്യം, തുടങ്ങിയ സേവനങ്ങൾ വിദ്യാലയ ആരോഗ്യപരിപാടിയിലൂടെ ലഭ്യമാക്കിയിരുന്നു. പിന്നീട് 2013 ൽ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിൽ കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയബാൽ സ്വാസ്ഥ്യകാര്യക്രം (RBSK) എന്ന പദ്ധതി ആരംഭിച്ചു. ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിലെ ജനന വൈകല്യങ്ങൾ, വളർച്ചാമാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തെരഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി ഈ സംരംഭം ലക്ഷ്യമിട്ടിരുന്നു. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും, സേവനങ്ങളും തീർത്തുംസൗജന്യമാക്കി പ്രവർത്തനം വിപുലീകരിച്ചു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. ഇതിന്റെ ഭാഗമായി അന്ന് നിലവിലുണ്ടായിരുന്ന സ്കൂൾ

				ഹെൽത്ത് നഴ്സുമാർ മുഖേന ടി പദ്ധതി കേരളത്തിൽ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും അവരുടെ പദവി RBSK. നേഴ്സ് എന്ന് പുനർ നാമകരണം ചെയ്യുകയും ആരോഗ്യസ്ക്രീനിങ് RBSK checklist പ്രകാരമാക്കുകയും ചെയ്തു. സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയിൽ നിന്ന് വ്യത്യസ്തമായി അങ്കണവാടികൾ /കിൻഡർ ഗാർഡൻ /പ്ലേ സ്കൂളുകൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവയ്പ് സെഷനുകളും കേന്ദ്രീകരിച്ച് 6 വയസ്സുവരെയുള്ള കുട്ടികളിൽ ആരോഗ്യ സ്ക്രീനിംഗ് നടത്തുന്നതിലേക്ക് ഈ പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. RBSK അനുബന്ധ ആരോഗ്യ പ്രവർത്തനങ്ങളുടെ ഫീൽഡ് തല നിർവ്വഹണത്തിൽ പ്രസ്തുത നഴ്സുമാർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ(DEIC) മുഖേന ആവശ്യമെങ്കിൽ ഉയർന്ന കേന്ദ്രങ്ങളിലേക്ക് കുട്ടികളെ റഫർ ചെയ്യാൻ കഴിയുന്ന ഒരു കമ്മ്യൂണിറ്റി ലെവൽ നോഡൽ വ്യക്തിയായും നിലവിൽ RBSK നഴ്സുമാർ പ്രവർത്തിക്കുന്നു. കൂടാതെ അവരവരുടെ പഞ്ചായത്തുകളിലെ ശലഭം സമഗ്ര നവജാത ശിശു പരിശോധന വഴി കണ്ടെത്തുന്ന ക്ലബ് ഫൂട്ട്, മുച്ചിറി, മുറി അണ്ണാക്ക് എന്നിവയുൾപ്പെടെയുള്ള ജനന വൈകല്യങ്ങൾ, ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ജന്മനാലുള്ള ഹൃദ്രോഗങ്ങൾ, ഹീമോഫീലിയ ഉൾപ്പടെ ഉള്ള രക്തജന്യ രോഗങ്ങൾ ഉള്ള കുട്ടികളുടെ ഫീൽഡുതല ഫോളോ അപ്പ് കൂടി RBSK നഴ്സുമാർ യഥാസമയം ഉറപ്പാക്കുന്നു. **ശലഭം വെബ് പോർട്ടൽ:** കേരളത്തിലെ ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിലുള്ള എല്ലാ സ്ക്രീനിംഗ്, തുടർചികിത്സ, ഫോളോഅപ്പ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നൽകിയിരിക്കുന്ന പേരാണ് (brand name) **"ശലഭം"**. ഇതിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന രണ്ടു പ്രധാന സ്ക്രീനിംഗ് പരിപാടികൾ • സമഗ്ര നവജാത ശിശു സ്ക്രീനിംഗ് (Comprehensive Newborn Screening) • ഫീൽഡ് തല RBSK സ്ക്രീനിംഗ് (RBSK Community Level Screening) ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ എല്ലാ RBSK നഴ്സുമാർക്കും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്കും (DEIC) കേരളത്തിൽ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും ലോഗിൻ നൽകിയിട്ടുണ്ട്. കൂടാതെ ടി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ലോഗിൻ

				സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൂടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ സാധിച്ചു. ഇതിലൂടെ RBSK നേഴ്സ്മാർ സ്കൂളുകൾ കേന്ദ്രീകരിച്ചു നടത്തുന്ന കുട്ടികളുടെ സ്ക്രീനിംഗ് രേഖപെടുത്തുന്നു. **"ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം".** ആരോഗ്യ അവബോധവും രോഗ പ്രതിരോധ ഇടപെടലും എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് "ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം" ഫെബ്രുവരി 2020- ൽ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പ്രവത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ് "ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം"ലക്ഷ്യമിടുന്നത്. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK), കൂടാതെ രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (ആർകെഎസ്കെ) എന്നീ പ്രോഗ്രാമിലൂടെ എല്ലാ സ്കൂളുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപെടുത്തുന്നതിനോടൊപ്പം സ്കൂളുകളുടെ പരിതസ്ഥിതിയിൽ ആരോഗ്യത്തിന്റെ വശങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും രണ്ടു അധ്യാപകർക്ക് പ്രത്യേക പരിശീലനം കൊടുത്ത് ഹെൽത്ത് & വെൽനെസ്സ് അംബാസഡർ ആക്കുകയും പിന്നീട് സ്കൂൾ തലത്തിൽ ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. അപ്പോഴും ഇതിന്റെ ആരോഗ്യപരിശോധനയും ഓൺലൈൻ റിപ്പോർട്ടിങ്ങും RBSK നഴ്സുമാരുടെ ചുമതല ആയിരിക്കും. ഏറ്റവും അടുത്തുതന്നെ ഈ പദ്ധതി കേരളത്തിലെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ ശ്രമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്കുള്ള പരിശീലനം, മൊഡ്യൂളിന്റെ മലയാളം പരിഭാഷ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
10	2012-13	3.3.6.12	പാലിയേറ്റീവ് പരിചരണം	കേരളത്തിൽ പരിഷ്കരിച്ച പാലിയേറ്റിവ് കെയർ നയം 2019 - ൽ പുറത്തിറക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളേയും സന്നദ്ധ സംഘടനകളേയും, വിദ്യാർത്ഥികളേയും കോർത്തിണക്കി കൊണ്ട് **'അരികെ'** എന്ന പേരിൽ ഒരു സമഗ്ര പാലിയേറ്റീവ് കെയർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിലുള്ള ത്രിതല പാലിയേറ്റീവ് കെയർ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളെ കോർത്തിണക്കികൊണ്ട് പാലിയേറ്റീവ് കെയറിന്റെ അടിത്തറ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള ഗൃഹ സന്ദർശനവും രോഗികൾക്ക്

				വീടുകളിൽ വച്ച് തന്നെ സാന്ത്വന പരിചരണം നൽകുന്നതിനുള്ള പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി നടപ്പിലാക്കിവരുന്നു. പ്രതിമാസം അമ്പതിനായിരത്തോളം കിടപ്പ് രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകി വരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൽനിന്നാണ് നിയമിച്ചിട്ടുള്ളതെങ്കിലും, പാലിയേറ്റീവ് കെയർ നഴ്സിന്റെ സഹായത്തോടുകൂടി ഓരോ പ്രാഥമികകേന്ദ്രത്തിലേയും ആരോഗ്യ പ്രവർത്തകരുടെ ഒരു ടീം ആയിട്ടാണ് പ്രാഥമികതലത്തിൽ സേവനങ്ങൾ നൽകിവരുന്നത്. ദേശീയ ആരോഗ്യ മിഷന്റെ നേതൃത്വത്തിൽ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും നടപ്പിലാക്കി വന്ന സെക്കന്ററിതല പാലിയേറ്റീവ് പരിചരണം ഇപ്പോൾ 227 സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിനായി സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം ഇതര വൈദ്യശാസ്ത്ര വിഭാഗങ്ങളിലേക്കും മെഡിക്കൽ കോളേജുകളിലേയ്ക്കും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായുള്ള സർക്കാർ ഉത്തരവുകൾ പുറത്തിറക്കുകയും പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഒരു പാലിയേറ്റീവ് കെയർ ബോർഡ് രൂപീകരിക്കുകയും ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പ്രഥമയോഗം കൂട്ടുകയും ചെയ്തിട്ടുണ്ട്. ഉത്തരവുകൾ നടപ്പിലാക്കുന്നതിന് സംസ്ഥാനതല കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. **<u>കൊല്ലം ജില്ല</u>** സാന്ത്വന സ്പർശം പാലിയേറ്റീവ് കെയർ പ്രോജക്ട് 2011-12, 2012-13 വർഷങ്ങളിൽ നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. **<u>പത്തനംതിട്ട ജില്ല</u>** ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 2011 -12 ൽ വകയിരുത്തിയ 50,000/-രൂപയിൽ സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിനായി 5000/- ചെലവാക്കിയിട്ടുണ്ട്. 10/02/2012-ൽ ജോലിയിൽ പ്രവേശിച്ച പാലിയേറ്റീവ് കെയർ കമ്മ്യൂണിറ്റി ഹെൽത്ത് നേഴ്സിനെ 3 മാസത്തെ പാലിയേറ്റീവ് കെയർ പരിചരണത്തിനായി അയച്ചിരുന്നു. ടി പരിശീലനം പൂർത്തിയാക്കിയപ്പോഴേക്ക് 11 -12 സാമ്പത്തിക വർഷം

				അവസാനിച്ചതിനാലാണ് മറ്റ് തുടർ പ്രവർത്തനങ്ങൾ ഒന്നും നടത്താൻ സാധിക്കാതിരുന്നത്. **കോഴിക്കോട് ജില്ല** ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് 11-ാം പഞ്ചവത്സര പദ്ധതി- പാലിയേറ്റീവ് പരിചണ പദ്ധതി മുൻകാലങ്ങളിൽ നടത്തുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും അത് പരിഹരിച്ച് പൂർവ്വാധികം കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നൂറ്റിഅറുപതോളം കിടപ്പു രോഗികൾക്ക് സേവനം നൽകുന്നുണ്ട്. **കുടുംബാരോഗ്യകേന്ദ്രം, അകത്തേത്തറ, പാലക്കാട്** അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ സാന്ത്വന പരിചരണം ആരംഭിച്ചത് 24.12.2009 ലാണ്. അന്നുമുതൽ നാളിതു വരെ 1123 രോഗികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിലെ 489 രോഗികളിൽ 119 പാലിയേറ്റീവ് രോഗികളെ ഫോളോ -അപ് ചെയ്തു വരുന്നു. പാലിയേറ്റീവ് രോഗികൾക്ക് ഹോം കെയർ പരിചരണം നൽകി വരുന്നുണ്ട്. നിലവിലെ സാന്ത്വനപരിചരണം പ്രൊജക്റ്റ് വഴി പാലിയേറ്റീവ് രോഗികൾക്ക് ഹോം കെയർ പരിചരണവും മരുന്നും, വീൽ ചെയർ, എയർ ബെഡ് തുടങ്ങിയ ഉപകരണങ്ങളും നൽകി വരുന്നുണ്ട്. പാലിയേറ്റീവ് വോളണ്ടിയേഴ്സ് ട്രെയിനിംഗ്, പാലിയേറ്റീവ് കുടുംബസംഗമം, വിനോദയാത്ര എന്നിവ സംഘടിപ്പിക്കുന്നുണ്ട്.
11	2012-13	3.3.6.13	പകർച്ച വ്യാധികളും രോഗപ്രതിരോധ നടപടികളും	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മാർഗ്ഗങ്ങൾ യഥാസമയം ചികിത്സ തേടേണ്ടതിന്റെ ആവശ്യകത, സ്വയം ചികിത്സയുടെ അപകടം, ചികിത്സാ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവ് തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് വിവിധ തലങ്ങളിൽ വ്യത്യസ്ത ആശയ വിനിമയ ഉപാധികൾ ഉപയോഗപ്പെടുത്തി തുടർച്ചയായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. "പ്രതിദിനം പ്രതിരോധം" എന്ന ആശയം ആസ്പദമാക്കി ആരോഗ്യ ജാഗ്രത എന്ന പേരിൽ രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് അറിവ് നൽകി ആരോഗ്യശീലവത്കരണത്തിലേക്ക് നയിക്കുന്നതിനാവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി നേരിട്ടും നോട്ടീസുകൾ, പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിച്ചും, റേഡിയോ, ടി.വി തുടങ്ങിയ മാധ്യമങ്ങളിലൂടെയും, മൈക്ക് അനൗൺസ്മെന്റ് നടത്തിയും വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആരോഗ്യ പ്രവർത്തനങ്ങൾക്ക് വിവിധ-വിഷയങ്ങളിൽ തുടർച്ചയായി പരിശീലനം

				നൽകുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുകയും സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. സ്കൂളുകളിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രതിജ്ഞ, ക്ലാസുകൾ, മത്സരങ്ങൾ, എന്നിവ നടത്തുകയും പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ എന്നിവ പ്രദർശിപ്പിക്കുകയും ചെയ്തു വരുന്നു. ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന സെമിനാറുകളിലും, റാലികളിലും മറ്റും കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്താറുണ്ട്. NSS,SPC എന്നിവരുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപങ്ങളിൽ വിവിധ പ്രവർത്തനങ്ങളും നടത്താറുണ്ട്. ആരോഗ്യ പ്രവർത്തകർ ഭവന സന്ദർശനത്തിലൂടെ ജനങ്ങൾക്ക് രോഗപ്രതിരോധവും നിയന്ത്രണവുമായി ബന്ധപ്പെട്ട സന്ദേശങ്ങളും ആവശ്യമായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. വിവിധ തലങ്ങളിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും മാസ് മീഡിയ വിഭാഗം ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ബോധവത്കരണ മെറ്റീരിയലുകൾ തയ്യാറാക്കി ആവശ്യമായ ക്യാമ്പയിനുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.
12	2012–13	3.3.6.14	അന്യസംസ്ഥാനതൊഴിലാളികളും ആരോഗ്യ പ്രശ്നങ്ങളും.	**<u>മലേറിയ രോഗം റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച്</u>** **കൊല്ലം ജില്ലയിൽ 2012 മുതൽ 2022 വരെ റിപ്പോർട്ട് ചെയ്ത മലേറിയ രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.**

വർഷം	മലേറിയ രോഗികളുടെ എണ്ണം	ജില്ലയിൽ തന്നെയുള്ള രോഗികൾ	അന്യജില്ല/അന്യ സംസ്ഥാനക്കാർ/അന്യ രാജ്യക്കാർ	മരണം
2012	2	2		
2013	80	11	69	
2014	78	0	78	1
2015	83	11	72	1
2016	59		59	3
2017	47	5	42	
2018	36		36	
2019	40		40	
2020	16		16	

				2021 | 13 | | 13 | 1 2022 | 30 | | 30 | കൃത്യമായ മലേറിയ സ്ക്രീനിങ്ങുകൾ ജില്ലയിൽ നടന്നുവരുന്നുണ്ട്.
13	2012-13	3.3.6.15	ജീവിതശൈലീരോഗങ്ങളുടെ വ്യാപനം	പ്രമേഹം, രക്താതിമർദം, ഹൃദയത്തിലും രക്തധമനികളിലും ഉണ്ടാകുന്ന രോഗങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, ക്യാൻസർ, ദീർഘകാല ശ്വാസകോശ രോഗങ്ങളായ സി. ഒ.പി.ഡി., ആസ്മ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് വിപുലമായ രീതിയിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, വീഡിയോകൾ, ആകാശവാണി, എഫ്. എം റേഡിയോ എന്നിവ വഴിയുള്ള ബോധവത്കരണ സന്ദേശങ്ങൾ, പത്രക്കുറിപ്പുകൾ, പത്രപ്പരസ്യം, കെ. എസ്. ആർ.ടി. സി. ബസ് ബ്രാന്റിങ് മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ പ്രായത്തിലുള്ളവർക്കും ജീവിത ശൈലീ രോഗസാധ്യത ഉള്ളതിനാൽ അനാരോഗ്യകരമായ ഭക്ഷണം, ശാരീരിക അധ്വാനക്കുറവ്, പുകയിലയുടെയും മദ്യത്തിന്റെയും ഉപയോഗം തുടങ്ങിയ അപകടകരമായ ഘടകങ്ങൾ മൂലം കുട്ടികൾ, മുതിർന്നവർ, പ്രായമായവർ, എന്നിവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുക, മരുന്നുകൾ കൃത്യമായി കഴിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിതശൈലി രോഗ നിയന്ത്രണ ക്ലിനിക്കുകളെക്കുറിച്ചും ബോധവത്കരണം നടത്തിയിട്ടുണ്ട്. മിക്ക ക്യാൻസർ രോഗങ്ങളും ആരംഭത്തിലെ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാം എന്നതിനാൽ ജില്ലകളിൽ ക്യാൻസർ സ്ക്രീനിങ്ങുകൾ നടത്തി വരുന്നു. ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ പരിശോധനകൾ നടത്തുന്നതിനായുള്ള ബോധവത്കരണ വീഡിയോ, ഓഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി നല്കിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഫെബ്രുവരി 4 ലോക ക്യാൻസർ ദിനമായി സംസ്ഥാനത്തുടനീളം ആചരിക്കുന്നു. കൂടാതെ ലോക ഹൃദയ ദിനം, പക്ഷാഘാതദിനം, എന്നിവയും വിപുലമായി ആചരിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാനം, നഗരവൽക്കരണം, വ്യവസായവൽക്കരണം എന്നിവയുടെ ഭാഗമായി അന്തരീക്ഷത്തിലെ പൊടിപടലങ്ങളുടെയും ഹാനികരമായ വാതകങ്ങളുടെയും അളവ് വർദ്ധിക്കുന്നത് സി ഓ പി ഡി, ആസ്മ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾക്ക് കാരണമാകുന്നു. സി ഒ പി ഡി രോഗികൾക്കായി സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനെ കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. പൊടിയും.

				പുകയും കൊണ്ട് പൊതുസ്ഥലങ്ങളിലും വീടിനുള്ളിലും ഉണ്ടാകുന്ന വായു മലിനീകരണം പോലുള്ള പാരിസ്ഥിതിക ഘടകങ്ങളും രോഗസാധ്യത ഉണ്ടാക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, വീഡിയോ, ബോധവൽക്കരണ ഗാനം, ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനത്തിനുള്ള കൈപ്പുസ്തകം എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്.
14	2012-13	3.3.6.16	രോഗപ്രതിരോധ കുത്തിവയ്പ് - ശ്രദ്ധേയമായ നേട്ടം	**പ്രാഥമികാരോഗ്യകേന്ദ്രം, എലവഞ്ചേരി** എലവഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാരും സന്നദ്ധ പ്രവർത്തകരും ചേർന്ന് ദേശീയ പൾസ് പോളിയോ പരിപാടികളിൽ കുട്ടികൾക്ക് തുള്ളിമരുന്ന് നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ മന്ത് രോഗനിവാരണ പരിപാടിയുടെ ഭാഗമായി ആൽബൻഡസോൾ, ഡി.ഇ.സി. ഗുളികകളുടെ വിതരണവും തുടർന്ന് നടത്തി വരാറുണ്ട്. ആയതിനുള്ള ഫണ്ട് ഗ്രാമപഞ്ചായത്ത് അനുവദിച്ചു തരുന്നുണ്ട്.
15	2012-13	3.3.6.17	ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ	**കൊല്ലം ജില്ല** കോർപ്പറേഷൻ പരിധിയിൽ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് നടപടികളെടുക്കുന്നത് കോർപ്പറേഷൻ ആരോഗ്യവിഭാഗമാണ്. ഓടകൾ മലിനമാക്കുന്നത് മൂലം പകർച്ച വ്യാധികൾ ഉണ്ടാകുന്നതിനുള്ള സാധ്യതകൾ ചൂണ്ടികാണിച്ച് പരിഹാര നടപടി സ്വീകരിക്കുന്നതിന് സമയാസമയങ്ങളിൽ കോർപ്പറേഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അറിയിപ്പുകൾ നൽകുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷൻ പ്രദേശത്തുണ്ടാകുന്ന പകർച്ചവ്യാധികൾക്കെതിരെയുള്ള ബോധവത്കരണം കോർപ്പറേഷൻ അധികൃതരുടെ യോഗങ്ങളിലും പൊതു സ്ഥാപനങ്ങളിലും സമയബന്ധിതമായി നടത്തി വരുന്നുണ്ട്. നിലവിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോഗം കൃത്യമായ ഇടവേളകളിൽ നടന്നു വരുന്നുണ്ട്. **മുനിസിപ്പാലിറ്റിയിൽ രൂപീകരിച്ച ഹോട്ടൽ വേയ്സ്റ്റ് മാനേജ്മെന്റ് കമ്മിറ്റി** മുനിസിപ്പാലിറ്റി ഏരിയായിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ബാറുകൾ, കാന്റീനുകൾ എന്നിവയുടെ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവ പരിശോധിക്കുന്നതും വിലയിരുത്തുന്നതും മുനിസിപ്പാലിറ്റിയുടെ കീഴിൽ ജോലി ചെയ്യുന്ന ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ അടങ്ങിയ പൊതുജനാരോഗ്യ പരിപാലന ഉദ്യോഗസ്ഥരായതിനാൽ ടി ജീവനക്കാരുടെ പ്രവർത്തനങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസ് നേരിട്ട് ഇടപെടാറില്ല.

				കോഴിക്കോട് ജില്ല ഓമശ്ശേരി ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി 2011-12 വർഷത്തിൽ യോഗം ചേർന്നെങ്കിലും പല വിഷയത്തിലും കാലികമായി ഇടപെടാൻ സാധിക്കാത്തത് ഒരു പോരായ്മയായി കാണുകയും അതിന് പരിഹാരം നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആരോഗ്യ സ്ഥാപനത്തിനായി പുതിയ കെട്ടിടം പണിയുകയും കിടപ്പിലായ രോഗികളുടെ ആവശ്യത്തിലേക്കായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുകയും വേസ്റ്റ് നിർമാർജ്ജനം ചെയ്യുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുകയും നിലവിൽ പ്രൈമറി ഹെൽത്ത് സെൻറർ ആയിരുന്ന സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി സേവനം പൊതു ജനങ്ങൾക്ക് പര്യാപ്തമായിട്ടുള്ള രീതിയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട ലാബ് സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സുരക്ഷയുടെ കാര്യത്തിനായി ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ഡോക്ടറുടെ സേവനം മാത്രം ലഭ്യമായിരുന്ന സ്ഥാനത്ത് 3 ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. അതോടൊപ്പം നൂറ്റിഅറുപതോളം കിടപ്പു രോഗികൾക്ക് സേവനം നൽകുന്നുണ്ട്. പഞ്ചായത്തു മുഖേന ജീവതാളം പദ്ധതി, കാൻസർ, കിഡ്നി, ജീവിത ശൈലി രോഗങ്ങൾ എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്.
16	2012-13	3.3.6.19	പൊതുശൗചാലയങ്ങളും ആരോഗ്യ പ്രശ്നങ്ങളും	**കണ്ണൂർ ജില്ലയിൽ**, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേങ്ങാട് പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മമ്പടം ടൗണിലുള്ള ശൗചാലയം സന്ദർശിച്ചിട്ടുണ്ട്. ശൗചാലയം നിർമ്മിച്ചിരിക്കുന്നത് താഴ്ന്ന പ്രദേശത്തായതിനാൽ മഴക്കാലത്ത് വെള്ളം കയറി ബുദ്ധിമുട്ട് ഉണ്ടാവാറുണ്ട്. ഇപ്പോൾ പൊതുവെ വൃത്തിയായി തന്നെ പരിപാലിക്കുന്നുണ്ട്. പരിപാലനത്തിനായി ഇതിനടുത്തുള്ള കടക്കാരനെ ഏർപ്പാടാക്കിയിട്ടുണ്ട്. ടിയാൾ കൃത്യമായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. കെട്ടിടം പെയിന്റ് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റേണ്ട കെട്ടിടമാണിത്. അതുകൊണ്ട് തന്നെ അറ്റകുറ്റപണികൾ നടത്താറില്ല. പുതിയ ശൗചാലയം നിർമ്മിക്കാൻ പി.ഡബ്ല്യു.ഡി യുടെ കൈവശമുള്ള 3 സെന്റ് സ്ഥലത്തിന് വേണ്ടി പഞ്ചായത്ത് കളക്ടർക്കും പി.ഡബ്ല്യു.ഡി വകുപ്പിനും അപേക്ഷ നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കൂടാളി പഞ്ചായത്തിലെ കൊളപ്പയിലുള്ള 17 വർഷം പഴക്കമുള്ള പൊതു ശൗചാലയം അറ്റകുറ്റപ്പണി നടത്തിയശേഷം പൊതു ജനങ്ങൾക്കായി 2018 ജനുവരിയിൽ തുറന്നു കൊടുത്തിട്ടുണ്ട്.

				ഇടുക്കി ജില്ലയിലെ ഓമല്ലൂർ പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന പൊതു ശൗചാലയം, നിലവിൽ ഉപയോഗയോഗ്യമാണ് . ടി ശൗചാലയം വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **കോട്ടയം ജില്ലയിലെ** ചങ്ങനാശ്ശേരി നഗരസഭയിലെ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ അവസ്ഥ ശോചനീയമാണെന്നും പല കെട്ടിങ്ങളും ചോർന്ന് ഒലിക്കുന്നതും, പൊട്ടി പൊളിഞ്ഞതാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പൊതുശൗചാലയങ്ങളുടെ പരിപാലനവും സമയാസമയങ്ങളിലെ അറ്റകുറ്റപ്പണിയും ശൗചാലയങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതും നഗരസഭയാണെന്ന് അറിയിക്കുന്നു. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന പൊതുശൗചാലയം നിലവിൽ ഉപയോഗയോഗ്യമാണ്. ടി ശൗചാലയം വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
17	2012-13	3.3.6.21	പട്ടിക വർഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾ	കേരളത്തിലെ ജനസംഖ്യയുടെ 1.5% വരുന്ന പട്ടികവർഗ്ഗ (ട്രൈബൽ) വിഭാഗത്തിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പടെ 195 ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സേവനം നൽകി വരുന്നുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സബ്ബ് സെന്ററുകൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകി വരുന്നു. • ഇവയിൽ 50 സ്ഥാപനങ്ങളിൽ IP സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • 18 സ്ഥാപനങ്ങളിൽ പ്രസവ / പ്രസവാനന്തര സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutritian Rehabilitatory Centre (NRC) കൾ പ്രവർത്തിക്കുന്നുണ്ട്. • ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, KMSCL എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. • സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ

				പ്രവർത്തകരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടവും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, വനിതാ-ശിശുക്ഷേമവകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നാണ് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നത്. ഇവയുടെ വിശദവിവരം **അനുബന്ധം -3** ആയി ചേർക്കുന്നു. ഇവയ്ക്ക് പുറമേ, വയനാട് ആദിവാസി മേഖലയിൽ ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്ത സംരംഭത്തിൽ നടപ്പിലാക്കുന്ന "ഊരും ഉയിരും" എന്ന പദ്ധതിയുടെയും അട്ടപ്പാടി കോട്ടത്തറ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും സംഗ്രഹം **അനുബന്ധം -4** ആയി ചേർക്കുന്നു. പാലക്കാട് അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി നിലവിലെ പ്രൊജക്റ്റിൽ നിന്നും ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ രക്തസമ്മർദ്ദം, പ്രമേഹം മുതലായ ജീവിതശൈലീ നിർണ്ണയവും മരുന്നു വിതരണവും നടത്തി വരുന്നുണ്ട്. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങളും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്നുണ്ട്. .
18	2012-13	3.3.6.22	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിനുള്ള കാലതാമസം.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ആനാട് പ്രാഥമികാരോഗ്യകേന്ദ്രം (തിരുവനന്തപുരം), എടവണ്ണ സാമൂഹ്യാരോഗ്യകേന്ദ്രം (മലപ്പുറം), പ്രാഥമികാരോഗ്യകേന്ദ്രം ഓമശ്ശേരി (കോഴിക്കോട്) എന്നീ സർക്കാർ ആശുപത്രികളിൽ നിന്നും 2011-12 ലെ പദ്ധതി പ്രകാരം ആവശ്യപ്പെട്ട മുഴുവൻ തുകയ്ക്കും മരുന്നു നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമ പഞ്ചായത്തിൽ സർക്കാർ സ്ഥാപനത്തിൽ മരുന്നുകളുടെ തുക നൽകിയാലും മരുന്ന് പൂർണ്ണമായും ലഭിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. നിലവിൽ അതിന് മാറ്റം വന്നിട്ടുണ്ട്. ഇപ്പോൾ പൂർണ്ണമായും മരുന്ന് ലഭ്യമാക്കുന്ന സാഹചര്യം വിതരണ കമ്പനികൾ അനുവർത്തിക്കുന്നുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ 38,000/- രൂപ മരുന്നിനായി നൽകി അതിൽ ആദ്യത്തെ തവണ 33,617/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കുകയും ബാക്കി തുകയ്ക്കുള്ള മരുന്നുകൾ പിന്നീട്

				വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.
19	2012-13	3.3.8	ശിപാർശകൾ	
			ആശുപത്രികൾ, ഡിസ്പെൻസറികളുടെയും സബ്സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.	**ആർദ്രം മിഷൻ വഴി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ** ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ഔട്ട് പേഷ്യന്റ് വിഭാഗം ജനസൗഹൃദമാക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതോടൊപ്പം ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി പരിവർത്തനം ചെയ്യുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശം **അനുബന്ധം -1** ആയി ചേർക്കുന്നു. ഇതിനു പുറമേ, സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആർദ്രം ദൗത്യം മാനദണ്ഡം പ്രകാരം മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിൽ KIIFB, NABARD, PLAN FUND, MLA FUND മുതലായ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. KIIFB ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക **അനുബന്ധം-2** ആയി ചേർക്കുന്നു.
			പദ്ധതികൾ ഫലപ്രദമായി നിർവഹിക്കുന്നതിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കണം.	നിലവിൽ പദ്ധതികൾ ഫലപ്രദമായി നിർവഹിക്കുന്നതിന് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനമുണ്ട്. നബാർഡ് പദ്ധതികൾക്കായി ഓരോ പ്രോജക്ട് മാനേജർമാർ, ഇൻസ്റ്റിറ്റ്യൂഷൻ ഹെഡ്, ജില്ലാതലത്തിൽ ഡി.എം.ഒ., സ്റ്റേറ്റ് ലെവൽ അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) എന്നിവരെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നബാർഡ് പദ്ധതികളുടെ റിവ്യു അതാത് എക്സിക്യൂട്ടീവ് എഞ്ചിനീർമാർ എല്ലാ മാസവും ഇൻസ്റ്റിറ്റ്യൂഷൻ ലെവലിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടത്തി വരുന്നു. ഇതു കൂടാതെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പ്ലാൻ സ്പേസ് എന്ന പേരിൽ

				വെബ് അധിഷ്ഠിത ഇന്റഗ്രേറ്റ് ഇൻഫർമേഷൻ സംവിധാനവും നിലവിലുണ്ട്.
			പകർച്ചവ്യാധികളും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.	പരിസരശുചിത്വവും വ്യക്തി ശുചിത്വവും പാലിച്ചില്ലെങ്കിൽ വിവിധ പകർച്ചവ്യാധികൾ പിടിപെടാൻ സാദ്ധ്യതയുണ്ട്. പനി, പ്രാണീജന്യരോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് പൊതുജനങ്ങൾ പാലിക്കേണ്ട കാര്യങ്ങൾ വിവിധ അച്ചടി-ദൃശ്യ-ശ്രവ്യ-നവ-കലാ മാധ്യങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്. പൊതുവായ സന്ദേശങ്ങളും, പ്രത്യേക രോഗാധിഷ്ഠിതമായ സന്ദേശങ്ങളും ഇപ്രകാരം പ്രചരിപ്പിക്കുന്നുണ്ട്. പ്രചരണ പരിപാടികൾക്കായി സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടും, ആരോഗ്യ കേരളം (NHM) മുഖേനയുള്ള വിഹിതവും ഉപയോഗിക്കുന്നുണ്ട്. വിവിധ രോഗങ്ങൾ അടിസ്ഥാനമാക്കിയുള്ള ദിനാചരണങ്ങൾ, മാസാചരണങ്ങൾ എന്നിവയുടെ ഭാഗമായി വിവിധ മാദ്ധ്യമങ്ങളിലൂടെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും ഏകീകരിക്കുന്നതിനും വിവിധ തലങ്ങളിൽ ആർദ്രം ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ജനപ്രതിനിധികൾ, കലാ-സാംസ്കാരിക മേഖലയിലെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വിവിധ മാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മത്സരങ്ങളും, ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നു. ബോധവത്ക്കരണ പരിപാടികൾ നടത്തുമ്പോൾ അവ കൃത്യമായി പൊതുജനങ്ങളെ അറിയിക്കുവാൻ ആരോഗ്യവകുപ്പിന്റെ മാസ്സ് മീഡിയ വിഭാഗം സജ്ജമാണ്. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാൻ എല്ലാ പരിശീലന പരിപാടികളിലും മാസ്സ് മീഡിയാ വിഭാഗത്തിനെയും ഉൾപ്പെടുത്താറുണ്ട്. മാസ്സ് മീഡിയ വിഭാഗത്തിന്റെ ശാക്തീകരണത്തിനും നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രത്യേക ശിൽപ്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നു. വിവിധ തലങ്ങളിൽ നടക്കുന്ന ബോധവത്ക്കരണ പരിപാടികളുടെ documentation നടത്തി റിപ്പോർട്ടുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.
			ജീവിത ശൈലീ രോഗങ്ങൾക്കെതിരായ ബോധവൽക്കരണം ആരോഗ്യ നയത്തിന്റെ ഭാഗമാക്കണം.	പ്രമേഹം, രക്താതിമർദ്ദം, ഹൃദയത്തിലും രക്തധമനികളിലും ഉണ്ടാകുന്ന രോഗങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, ക്യാൻസർ, ദീർഘകാല ശ്വാസകോശ രോഗങ്ങളായ സി. ഒ.പി.ഡി., ആസ്ത്മ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് വിപുലമായ രീതിയിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, വീഡിയോകൾ, ആകാശവാണി, എഫ്. എം റേഡിയോ എന്നിവ വഴിയുള്ള ബോധവത്കരണ സന്ദേശങ്ങൾ, പത്രക്കുറിപ്പുകൾ, പത്രപ്പരസ്യം, കെ. എസ്. ആർ.ടി. സി. ബസ് ബ്രാന്റിങ് മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ പ്രായത്തിലുള്ളവർക്കും ജീവിത ശൈലീ രോഗസാധ്യത

				ഉള്ളതിനാൽ അനാരോഗ്യകരമായ ഭക്ഷണം, ശാരീരിക അധ്വാനക്കുറവ്, പുകയിലയുടെയും മദ്യത്തിന്റെയും ഉപയോഗം തുടങ്ങിയ അപകടകരമായ ഘടകങ്ങൾ മൂലം കുട്ടികൾ, മുതിർന്നവർ, പ്രായമായവർ, എന്നിവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുക, മരുന്നുകൾ കൃത്യമായി കഴിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിതശൈലി രോഗ നിയന്ത്രണ ക്ലിനിക്കുകളെക്കുറിച്ചും ബോധവത്കരണം നടത്തിയിട്ടുണ്ട്. മിക്ക ക്യാൻസർ രോഗങ്ങളും ആരംഭത്തിലെ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാം എന്നതിനാൽ ജില്ലകളിൽ ക്യാൻസർ സ്ക്രീനിങ്ങുകൾ നടത്തി വരുന്നു. ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ പരിശോധനകൾ നടത്തുന്നതിനായുള്ള ബോധവത്കരണ വീഡിയോ, ഓഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി നല്കിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഫെബ്രുവരി 4 ലോക ക്യാൻസർ ദിനമായി സംസ്ഥാനത്തുടനീളം ആചരിക്കുന്നു. കൂടാതെ ലോക ഹൃദയ ദിനം, പക്ഷാഘാതദിനം, എന്നിവയും വിപുലമായി ആചരിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാനം, നഗരവൽക്കരണം, വ്യവസായവൽക്കരണം എന്നിവയുടെ ഭാഗമായി അന്തരീക്ഷത്തിലെ പൊടിപടലങ്ങളുടെയും ഹാനികരമായ വാതകങ്ങളുടെയും അളവ് വർദ്ധിക്കുന്നത് സി ഓ പി ഡി, ആസ്ത്മ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾക്ക് കാരണമാകുന്നു. സി ഒ പി ഡി രോഗികൾക്കായി സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനെ കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. പൊടിയും പുകയും കൊണ്ട് പൊതുസ്ഥലങ്ങളിലും വീടിനുള്ളിലും ഉണ്ടാകുന്ന വായു മലിനീകരണം പോലുള്ള പാരിസ്ഥിതിക ഘടകങ്ങളും രോഗസാധ്യത ഉണ്ടാക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, വീഡിയോ, ബോധവൽക്കരണ ഗാനം, ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനത്തിനുള്ള കൈപ്പുസ്തകം എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്.
			പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം.	വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി സംസ്ഥാന– ജില്ലാ – പഞ്ചായത്ത് തലങ്ങളിൽ നിർദ്ദിഷ്ട ഇടവേളകളിൽ ഇന്റർസെക്ടറൽ കോ–ഓർഡിനേഷൻ മീറ്റിംഗ് സംഘടിപ്പിച്ച് പ്രവർത്തികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ഇതുകൂടാതെ ഏതെങ്കിലും പ്രത്യേക അടിയന്തര സാഹചര്യങ്ങളിൽ (ഉദാ: പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ) ഇത്തരം യോഗങ്ങൾ ചേരുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട് ജില്ലാ കളക്ടർമാരുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഇത്തരം

				പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലും എല്ലാ മാസവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡി.ഡി.സി. (DDC) മീറ്റിംഗുകൾ കൂടുകയും വിവിധ വിഷയങ്ങൾ പൊതുവായി ചർച്ച ചെയ്യുകയും പ്രശ്നപരിഹാര നിർദ്ദേശങ്ങൾ നൽകുകയും അവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രസ്തുത മീറ്റിംഗുകളിൽ അതത് ജില്ലയിലെ എം.എൽ.എ, എം.പി തുടങ്ങിയവർ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ലോകത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യ പദ്ധതി (One Health). മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, അവയുടെ പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പര ബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ മനുഷ്യ ആരോഗ്യ ഫലങ്ങൾ കൈവരിക്കുക എന്നതാണ് ഈ ആശയത്തിന്റെ ലക്ഷ്യം. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺഹെൽത്ത് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പമ്പാനദീതട ജില്ലകളിൽ ആരംഭിക്കും. പിന്നീട് ഇത് ബാക്കിയുള്ള പത്ത് ജില്ലകളിലേക്കും വ്യാപിപ്പിക്കും. ഏകാരോഗ്യ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന, ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതല ആരോഗ്യ സമിതികൾ രൂപീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുമുണ്ട്. വിവിധ വകുപ്പുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കേണ്ട മേഖലകളും പ്രവർത്തികളും അനുബന്ധം –5 ആയി ചേർക്കുന്നു.
			ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.	സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിലുപരി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് ഓരോ ആശുപത്രിയിലും എച്ച്.എം.സി/എച്ച്.ഡി.സി എന്നിങ്ങനെ കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ടി കമ്മറ്റികളിൽ നിയമസഭ/ പാർലമെന്റ് എന്നീ സഭകളിൽ പ്രാതിനിധ്യം ഉള്ള രാഷ്ട്രീയപാർട്ടികളുടെ അംഗങ്ങളും പ്രദേശത്തെ പി.ഡബ്ല്യു.ഡി/ കെ.എസ്.ഇ.ബി./ കെ.ഡബ്ല്യു.എ/ ഓഡിഷ്യൻ മെമ്പർമാരും കൂടിയുള്ള കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം കൂടി ആശുപത്രിയുടെ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും,

				ആയത് അനുസരിച്ച് ചട്ട പ്രകാരം ബന്ധപ്പെട്ട സൂപ്രണ്ടുമാർ/മെഡിക്കൽ ഓഫീസർമാർ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നു. സർക്കാർ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ലഭിക്കുന്ന സേവനത്തിന് സമാനമായ സർക്കാർ നിശ്ചയിക്കുന്ന തുക ഫീസായി വാങ്ങുകയും ആയത് ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെയും പഞ്ചായത്ത്/മുൻസിപ്പൽ ചെയർമാന്റെയും പേരിൽ ഉള്ള ഒരു ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ അക്കൗണ്ടിൽ നിന്നുമാണ് ചട്ട പ്രകാരം ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ടും ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്കുമായി ചെലവാക്കുന്നു. ഇങ്ങനെയുള്ള ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽഫണ്ട് ആഡിറ്റ്/ഡിപ്പാർട്ട്മെന്റ് ഓഡിറ്റ്/AG ഓഡിറ്റ് എന്നിവയും നിലവിൽ ഉണ്ട്. പ്രസ്തുത ഓഡിറ്റിൽ കാണുന്ന പോരായ്മകളും തെറ്റുകളും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാറുണ്ട്. നിലവിൽ ഗുരുതരമായ പ്രശ്നങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.
			ആദിവാസി മേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.	കേരളത്തിലെ ജനസംഖ്യയുടെ 1.5% വരുന്ന പട്ടികവർഗ്ഗ (ട്രൈബൽ) വിഭാഗത്തിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പടെ 195 ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സേവനം നൽകി വരുന്നുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സബ്ബ് സെന്ററുകൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകി വരുന്നു. • ഇവയിൽ 50 സ്ഥാപനങ്ങളിൽ IP സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • 18 സ്ഥാപനങ്ങളിൽ പ്രസവ / പ്രസവാനന്തര സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutritian Rehabilitatory Centre (NRC) കൾ പ്രവർത്തിക്കുന്നുണ്ട്. • ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, KMSCL എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. • സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും

				ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തകരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടവും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, വനിതാ-ശിശുക്ഷേമവകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നാണ് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നത്. ഇവയുടെ വിശദവിവരം **അനുബന്ധം –3** ആയി ചേർക്കുന്നു. ഇവയ്ക്ക് പുറമേ, വയനാട് ആദിവാസി മേഖലയിൽ ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്ത സംരംഭത്തിൽ നടപ്പിലാക്കുന്ന ഊരും ഉയിരും എന്ന പദ്ധതിയുടെയും അട്ടപ്പാടി കോട്ടത്തറ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും സംഗ്രഹം **അനുബന്ധം –4** ആയി ചേർക്കുന്നു. പാലക്കാട് അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയുടെ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി നിലവിലെ പ്രൊജക്റ്റിൽ നിന്നും ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ രക്തസമ്മർദ്ദം, പ്രമേഹം മുതലായ ജീവിതശൈലീ രോഗനിർണ്ണയവും മരുന്നു വിതരണവും നടത്തി വരുന്നുണ്ട്. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങളും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്നുണ്ട്.

ലൂക്കോസ് പിള്ള. സി
അഡീഷണൽ സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ: 2518368

അനുബന്ധം -1
ഖണ്ഡിക 3.3.6.1

ജനസൗഹൃദ ആശുപത്രികൾ
ലക്ഷ്യങ്ങൾ

1. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയും സൗഹാർദ്ദപരവുമായ സേവനം ഉറപ്പ് വരുത്തുക
2. ജില്ലാ താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനമേഖല വിപുലപ്പെടുത്തുക.
4. രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

ഒ.പി വിഭാഗവും ആശുപത്രികളും രോഗി സൗഹൃദമാക്കൽ

ആശുപത്രിയിൽ ലഭ്യമായ സംവിധാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/നോട്ടീസ് ബോർഡുകൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒപി വിഭാഗം, ഓ പി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടു കൂടിയ കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, ട്രയേജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ഒബ്സെർവേഷൻ മുറി, ലാബ് സംവിധാനം, മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ ജനസൗഹൃദമാകുമ്പോൾ ഒരുക്കേണ്ട സംവിധാനങ്ങളെക്കുറിച്ച് G.O(Rt) No. 1514/2017/H&FWD തീയതി 29/05/2017 ഉത്തരവിൽ നിർദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ G.O(P) No. 46/2017/H&FWD 05.08.2017 ഉത്തരവിൽ നിർദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി താഴെ പറയുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2017-18) - ഒന്നാംഘട്ടം

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 23 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി

ലഭിക്കുകയും ചെയ്തു. അപ്രകാരം 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2018-19) -** രണ്ടാംഘട്ടം</u>

2018-19 സാമ്പത്തിക വർഷം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന ഗവമെന്റിന്റെ പ്ലാൻ ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ. എച്ച്. എം. ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 33 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 68 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 101 സ്ഥാപനങ്ങളിൽ 16 എണ്ണം ഡിസംബർ മാസത്തിലും, 7 എണ്ണം 2023 മാർച്ച് മാസത്തിലും 21 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2019-20) -** മൂന്നാംഘട്ടം</u>

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ. എച്ച്.എം. ഫണ്ട് മുഖേന 32.86 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 184 സ്ഥാപനങ്ങളിൽ 17 എണ്ണം ഡിസംബർ മാസത്തിലും, 32 എണ്ണം 2023 മാർച്ച് മാസത്തിലും 28 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2019-20) -** ഒന്നാംഘട്ടം</u>

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ആയതിൽ 20 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 35 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 21 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ 24 എണ്ണം ഡിസംബർ മാസത്തിലും, 13 എണ്ണം 2023 മാർച്ച് മാസത്തിലും 8 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2021-2022) -** രണ്ടാംഘട്ടം</u>

സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷത്തിൽ 75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ മൂന്ന് സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 75 സ്ഥാപനങ്ങളിൽ 4 എണ്ണം 2023 മാർച്ച് മാസത്തിലും 37 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>താലൂക്കാശുപത്രികളുടെ ഒ.പി പരിവർത്തനം</u>

2018-19 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയും 2019-20 സാമ്പത്തിക വർഷത്തിൽ 27 താലൂക്കാശുപത്രികളേയും 2021-22 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയുമാണ് തെരെഞ്ഞെടുത്തത്. ആയതിന്റെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

ഘട്ടം	തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ	നിർമ്മാണം പൂർത്തിയായവ	നിർമ്മാണം പുരോഗമിക്കുന്നവ	നിർമ്മാണം ആരംഭിച്ചിട്ടില്ല
ഒന്നാം ഘട്ടം	8	4	2	2
രണ്ടാം ഘട്ടം	27	1	14	12
മൂന്നാം ഘട്ടം	8	-	-	8

ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ. പി പരിവർത്തനം

ജി. എച്ച് തിരുവനന്തപുരം, ഡി.എച്ച് കൊല്ലം, ജി.എച്ച് പത്തനംതിട്ട, ജി.എച്ച് ആലപ്പുഴ, ജി.എച്ച്. കോട്ടയം, ജി. എച്ച്. തൃശ്ശൂർ, ഡി. എച്ച്.പാലക്കാട്, ഡി.എച്ച് തിരൂർ, ജി. എച്ച്. കോഴിക്കോട്, ജി.എച്ച്. കൽപ്പറ്റ, ഡി. എച്ച് മാനന്തവാടി, ഡി. എച്ച്. തലശ്ശേരി, ജി. എച്ച്. കാസർഗോഡ്, ഡി. എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ. പി പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.

ചില പ്രാദേശിക സാങ്കേതിക കാരണങ്ങളാൽ ഡി. എച്ച് തൊടുപുഴയിലെ നിർമ്മാണ പ്രവർത്തികൾ താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

അനുബന്ധം - 2

Sl No.	Name of Project/Institution	District	SPV	AS Amount in Crore	FS amount in Crore
1	General Hospital, Ernakulam	Ernakulam	INKEL	76.5	76.5
2	Taluk Hospital, Punalur	Kollam	INKEL	68.18	68.18
3	Taluk Hospital, Pulinkunnu	Alappuzha	INKEL	144.06	
4	Taluk Hospital, Chirayinkeezhu - Part I	Thiruvananthapuram	INKEL	50.78	50.78
5	Taluk Hospital, Chirayinkeezhu - Part II	Thiruvananthapuram	INKEL		
6	General Hospital, Kottayam	Kottayam	INKEL	219.9	106.933
7	Taluk Hospital, Pathanapuram	Kollam	INKEL	74.8	
8	District Hospital, Mavelikkara	Alappuzha	INKEL	102.8	102.79
9	Taluk Hospital, Perambra	Kozhikode	INKEL	77.43	
10	General Hospital, Manjeri	Malappuram	INKEL		
11	Mental Health Centre, Thrissur	Thrissur	INKEL	98.37	
12	General Hospital Kozhikode	Kozhikode	INKEL	164.16	86.804
13	TH Kunnamkulam	Thrissur	INKEL	97.11	
14	TH Kondotty	Malappuram	INKEL	32.34	
15	General Hospital Thrissur	Thrissur	HITES	184.4	
16	Taluk Hospital, Chettikkad	Alappuzha	HITES	118.5	101.11
17	District Hospital, Nedumkandom	Idukki	HITES	149	70.78
18	General Hospital, Alappuzha	Alappuzha	HITES	117	52.063
19	Taluk Hospital, Chittur	Palakkad	HITES	70.51	50.47
20	Taluk Hospital, Payyannur	Kannur	HITES	104	56.31
21	Taluk Hospital, Cherthala	Alappuzha	HITES	84.98	54.959
22	District Hospital, Palakkad	Palakkad	HITES	127.15	70.78
23	Taluk Hospital, Alathur	Palakkad	HITES	12.31	11.04
24	Taluk Hospital Ottappalam	Palakkad	HITES	13.62	11.35
25	Taluk Hospital, Mannarkkad	Palakkad	HITES	12.27	10.47
26	Taluk Hospital, Pattambi	Palakkad	HITES	13.27	9.9
27	Taluk Hospital, Kothamangalam	Ernakulam	HITES	11.15	
28	Taluk Hospital, Peerumedu	Idukki	HITES	12.02	
29	Taluk Hospital, Adimali	Idukki	HITES	11.63	12.537
30	Taluk Hospital, Kattappana	Idukki	HITES	13.71	
31	General Hospital, Changanacheri	Kottayam	HITES	80.11 1386	
32	General Hospital, Adoor	Pathanamthitta	HITES	12.31	14.64
33	District Hospital, Kozhenchery	Pathanamthitta	HITES	30.02	30.35
34	Taluk Hospital, Ranni	Pathanamthitta	HITES	12.77	15.6
35	Taluk Hospital, Neendakara	Kollam	KSHB	46.43	28.25
36	Taluk Hospital, Thuravoor	Alappuzha	KSHB	51.4	34.83
37	Taluk Hospital, Vaikom	Kottayam	KSHB	95.37	55.83

38.	Mahalajas Taluk Hospital Karuvelippadi	Ernakulam	KSHB	54.45	29.68
39	Taluk Hospital, Kuravilangad	Kottayam	KSHB	33.94	
40	Taluk Hospital, Kayamkulam	Alappuzha	KSHB	64.7	45.67
41	Taluk Hospital, Karunagappally	Kollam	KSEB	64.93	64.93
42	District Hospital, Kollam	Kollam	KSEB	183	104.49
43	Government Victoria Hospital for Women and Children	Kollam	KSEB	109	
44	Taluk Hospital, Kundara	Kollam	KSEB	76.13	35.36
45	Taluk Hospital, Kottarakkara	Kollam	KSEB	67.67	67.99
46	Establishment of Taluk Hospital at Munnar	Idukki	KSEB	75.23	
47	Taluk Hospital, Iritty	Kannur	KSEB	57.63	49.71
48	Taluk Hospital, Mattannur	Kannur	KSEB	71.5	71.503
49	Taluk Hospital, Mallappally	Pathanamthitta	KSEB	38.25	34.54
50	Taluk Hospital, Varkala	Thiruvananthapuram	KSEB	39.97	33.26
51	District Hospital, Kannur	Kannur	BSNL	57.52	63.49
52	District Hosital, Tirur	Malappuram	WAPCOS	45.9	
53	District Hospital, Chengannur	Alappuzha	WAPCOS	97.71	62.85
54	General Hospital, Thiruvananthapuram	Thiruvananthapuram	WAPCOS	143.06	137.28
55	Taluk Hospital, Peravoor, Kannur	Kannur	WAPCOS	53.77	22.16
56	Taluk Hospital, Panoor, Kannur	Kannur	WAPCOS	93.2+ 13	
57	Taluk Hospital, Feroke, Kozhikkode	Kozhikode	WAPCOS	23.55	17.091
58	Taluk Hospital, Koilandi	Kozhikode	WAPCOS	30.05	23.769
59	Taluk Hospital, Balusseri	Kozhikode	WAPCOS	21.32	18.582
60	Taluk Hospital, Areacode	Malappuram	WAPCOS		
61	Taluk Hospital, Malayinkeezhu	Thiruvananthapuram	KITCO	23.31	15.25
62	Taluk Hospital, Parassala	Thiruvananthapuram	KITCO	46.86	32.27
63	Taluk Hospital, Bedadka	Kasaragod	KITCO	13.22	10.165
64	Taluk Hospital, Mangalappady	Kasaragod	KITCO	17.47	13.74
65	Taluk Hospital, Neelaseeram	Kasaragod	KITCO	12.82	9.99
66	Taluk Hospital, Thaliparamba	Kannur	KITCO	19.535	
67	Women and Child Hospital, Thalassen	Kannur	KITCO	63.23	53.66
68	District Hospital, Perinthalmanna	Malappuram	KITCO	11.89	
69	District Hospital, Nilambur	Malappuram	KITCO	9.38	
70	Taluk Hospital, Thirurangadi	Malappuram	KITCO	13.65	10.42
71	Taluk Hospital, Ponnani	Malappuram	KITCO	10.89	9.67
72	General Hospital, Kalpetta	Wayanad	KITCO	9.62	
73	Taluk Hospital, Vythiri	Wayanad	KITCO	13.43	

അനുബന്ധം - 3

ഖണ്ഡിക 3.3.6.21

പോഷകാഹാരക്കുറവ് (Protein energy Malnutritian, Severe Acute Malnutrition) വിളർച്ച (Anaemia), അരിവാൾ രോഗം (Sickle Cell Disease) എന്നിവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സയും മറ്റു സഹായങ്ങളും നൽകുവാനുള്ള പദ്ധതികൾ.

- ഗർഭകാല ശുശ്രൂഷ എല്ലാ ഗർഭിണികൾക്കും എത്തിക്കുക, പ്രസവസേവനങ്ങൾ, പ്രവസവാനന്തര സേവനങ്ങൾ എല്ലാ അമ്മമാർക്കും ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ.
- കൃത്യമായ ഗർഭകാല സേവനം നൽകി, പ്രസവദിനം പ്രതീക്ഷിക്കുന്നതിന് 1 മാസം മുൻപ് തന്നെ ഇവരെ അനുബന്ധ ഡിപ്പാർട്ട്മെന്റുകളുടെ സഹായത്തോടെ ആശുപത്രികളിലോ സമാനസ്ഥാപനങ്ങളിലോ പ്രവേശിപ്പിക്കുകയും, പ്രസവശേഷം, 1 -2 ആഴ്ച ആശുപത്രിയിൽ നിർത്തി തുടർന്ന് ഊരുകളിലേക്ക് വിടുന്ന രീതി നടപ്പിലാക്കുന്നുണ്ട്.
- നിലവാരമുള്ള പ്രസവശുശ്രൂഷ ഉറപ്പാക്കുന്നതിന് വേണ്ടി ദേശീയ മാനദണ്ഡങ്ങളായ NQAS, LaQSHYA എന്നിവ കോട്ടത്തറ ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിൽ ഉൾപ്പടെ നടപ്പിലാക്കി വരുന്നു.
- നവജാതശിശുക്കൾക്ക് ആവശ്യസേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ, അട്ടപ്പാടി ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിൽ നവജാതശിശുക്കൾക്ക് വേണ്ടിയുള്ള ICU ആരംഭിക്കാനുള്ള നടപടികൾ നടന്ന് വരുന്നു.
- ആശുപത്രിവിട്ടതിന് ശേഷമുള്ള ശിശുപരിപാലനം, മുലയൂട്ടൽ, പ്രതിരോധകുത്തി വയ്പുകൾ, അമ്മയ്ക്കും കുഞ്ഞിനുമുള്ള പോഷകാഹാരം ലഭ്യമാക്കൽ എന്നിവ, ജെ.പി.എച്ച്.എൻ. ആശാ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ മുഖേന ഉറപ്പ് വരുത്തുന്നു.
- RBSK നഴ്സുമാർ മുഖേന കുഞ്ഞുങ്ങളിലും, സ്കൂൾ കുട്ടികളിലും, കൗമാരപ്രായ ക്കാർക്കുമിടയിലുള്ള പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ കണ്ടെത്തുവാനും, വേണ്ടപ്രതിവിധികളും നൽകിവരുന്നു.
- NHM മുഖേന നിയമിതരായ MLSP നഴ്സുമാർ മുഖേന മുതിർന്നവരിലും വിവിധ സേവനങ്ങൾ നൽകി വരുന്നു, ആശുപത്രികളിൽ എത്താത്തവർക്ക് വേണ്ടി ഈ-സഞ്ജീവനി മുഖേന ഒ.പി. സേവനങ്ങൾ നൽകാൻ ആരംഭിച്ചിട്ടുണ്ട്.
- അരിവാൾ രോഗം പോലെയുള്ള അസുഖങ്ങൾ കണ്ടത്തുന്നതിനായി, ട്രൈബൽ മേഖലയിലുള്ള ലബോറട്ടറി ടെക്നീഷ്യൻമാർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.
- സാംക്രമീക രോഗങ്ങൾ പകർച്ചേതര രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ എന്നിവക്കായി ട്രൈബൽ മേഖലയിലും വിവിധ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

അനുബന്ധം -4

(ഖണ്ഡിക 3.3.8)

ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പ്രത്യേക ഊരും ഉയിരും പദ്ധതിയുടെ സംഗ്രഹം

ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നീവകുപ്പുകളുടെ സംയുക്ത സംരംഭത്തിൽ "ഊരും ഉയിരും" എന്ന പദ്ധതി നടത്തി വരുന്നു.

കോളനികൾ കേന്ദ്രീകരിച്ച് ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക ക്യമ്പുകൾ സംഘടിപ്പിക്കുകയും, ആയതിൽ ഗർഭിണികളേയും കുട്ടികളെയും പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു. ഗർഭിണികൾക്കും, 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുമുള്ള പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നത് വനിതാ ശിശുവികസന വകുപ്പാണ്. ആളുകളെ പരിശോധിക്കുന്നതിനും രക്തസാമ്പിളുകൾ ശേഖരിക്കുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർ ഫീൽഡ് വർക്കർമാരെയും, ആർ.ബി.എസ്.കെ. നേഴ്സുമാരെയും നിയോഗിച്ചിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനങ്ങളും ഈ ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തുന്നു. സാംക്രമീക രോഗങ്ങളുടെയും, ജീവിതശൈലി രോഗങ്ങളുടെയും പരിശോധനയും ക്യാമ്പിൽ നടന്നുവരുന്നു. ഈ മെഡിക്കൽ ക്യാമ്പുകളിൽ കുട്ടികളുടെ ഉയരം, വളർച്ച്, തൂക്കം, ബി.എം.ഐ, വായിലെ അൾസർ എന്നിവയും മറ്റ് ആരോഗ്യ പ്രശനങ്ങളും കണ്ടെത്തുന്നു. കൂടാതെ തൈറോയിഡ് ടെസ്റ്റുകൾ, വൈറ്റമിൻ ഡി ലെവൽ, ആർ.ബി.എസ്, കഫം, സി.ബി.എൻ.എ.റ്റി എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുന്നു.

ഈ പരിശോധനകൾ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലും ജില്ലാ പബ്ലിക് ഹെൽത്ത് ലാബിലും നടത്തുന്നു. ഓരോ ക്യാമ്പിൽ നിന്നും ലഭിച്ച ഡാറ്റകൾ വിശകലനം ചെയ്ത് വരുന്നു.

ഓരോ ക്യാമ്പിന്റെയും നടത്തിപ്പിനാവശ്യമായ ചെലവുകൾ ട്രൈബൽ വകുപ്പാണ് ഏറ്റെടുത്ത് നടത്തുന്നത്. ജില്ലാ ഭരണകൂടമാണ് മേൽനോട്ടം വഹിക്കുന്നത്.

- ഗർഭിണികളായ ആദിവാസി സ്ത്രീകളിലെ പോഷകക്കുറവ് ഫീൽഡ് തല ജീവനക്കാർ (ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശ, ഹാംലറ്റ് ആശ, എം.എൽഎസ്.പി) മുഖാന്തിരം കണ്ടെത്തുകയും എല്ലാ തിങ്കളാഴ്ചകളിലും സബ് സെന്റർ കേന്ദ്രീകരിച്ചും, കോളനികൾ കേന്ദ്രീകരിച്ചും ന്യൂട്രീഷ്യൻ ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ ഗർഭകാലങ്ങളിൽ അവർക്കാവശ്യമായ അയൺ ഫോളിക് ആസിഡും, കാൽസ്യം ഗുളികകളും സബ് സെന്റർ വഴി വിതരണം ചെയ്തുവരുന്നുണ്ട്.

അട്ടപ്പാടി കോട്ടത്തറ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സംഗ്രഹം .

a) Infrastructure Development

മാതൃ-ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾക്ക് അനുമതി നൽകി അവയൊക്കെ വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കി വരുന്നു.

- Laqshya മാനദണ്ഡങ്ങൾ പ്രകാരം പ്രസവമുറിയും, മെറ്റേണിറ്റി ഓപ്പറേഷൻ തീയറ്റർ എന്നിവ സജ്ജീകരിക്കുന്നതിന് NHM മുഖേന ആദ്യഘട്ടമായി 1.61 കോടി രൂപയുടെ അനുമതി നൽകി നിർമാണം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന പുരോഗമിക്കുന്നു. നിലവിൽ 70% പൂർത്തീകരിച്ചിട്ടുണ്ട്.
- രണ്ടാം ഘട്ടമായി 2022-23 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2023 മാർച്ച് മാസത്തോടെ LaQshya മാനദണ്ഡങ്ങൾ പ്രകാരമുള്ള ഓപ്പറേഷൻ തീയറ്ററും, ലേബർ റൂം സംവിധാനങ്ങൾ സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- ECRP-2 ഫണ്ട് (75.13 ലക്ഷം രൂപ) ഉപയോഗിച്ച് 21 കിടക്കകൾ ഉള്ള കുട്ടികളുടെ തീവ്രചികിത്സാ വിഭാഗത്തിന്റെ പണികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 15 ഓക്സിജൻ കിടക്കകളും, 4 HDU കിടക്കകളും, 2 ICU കിടക്കകളുമാണ് വിഭാവന ചെയ്തിട്ടുള്ളത്.
- എം.പി. ഫണ്ട് ഉപയോഗിച്ച് 57 ലക്ഷം അടങ്കൽ തുക ഉപയോഗിച്ച് അമ്മ വീട് പദ്ധതിക്ക് കെട്ടിടംപണി പൂർത്തിയായി. അനുബന്ധ ഫർണീച്ചറുകളും, ജീവനക്കാരുടെ നിയമനവും ക്രമീകരിക്കുന്നതോടെ പ്രവർത്തനസജ്ജമാകുന്നതാണ്.

b) മറ്റ് അനുബന്ധ സജ്ജീകരണങ്ങൾ

- വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരിവിമോചന കേന്ദ്രത്തിനായുള്ള 56 ലക്ഷം രൂപയുടെ വർക്കുകൾ 80 % പൂർത്തീകരിച്ചു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടി, NHM മുഖേന 2022-23 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.
- കോട്ടത്തറ ആശുപത്രിയിൽ Sewage Treatment Plant സ്ഥാപിക്കുന്നതിന് 2019 ൽ NHM മുഖേന അനുമതി നൽകിയിരുന്നെങ്കിലും പദ്ധതിയിൽ കാലതാമസം നേരിട്ടതിനാൽ, അംഗീകൃത സ്ഥാപനമായ M/s. IRTC മുഖേന 29.11.2022 ൽ 84.15 ലക്ഷം രൂപക്ക് വീണ്ടും അനുമതി നൽകിയിട്ടുണ്ട്.
- 3 കോടി രൂപ ചിലവിൽ 16 Slice CT-Scan സ്ഥാപിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

- 20 ലക്ഷം രൂപ ചിലവിൽ Fire Fighting System സജ്ജീകരിക്കാൻ 2021 ഡിസംബറിൽ അനുമതി നൽകി. എന്നാൽ 7 ലക്ഷം രൂപയുടെ അധിക അനുമതിക്കായി വീണ്ടും സമർപ്പിച്ചിരിക്കുന്നു.
- രോഗികൾക്കായി ഡോർമിറ്ററി സ്ഥാപിക്കുന്നതിനായി 140 ലക്ഷം രൂപയുടെ അനുമതി നൽകി PWD മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- ഡോക്ടർമാരുടെ ക്വർട്ടേഴ്സിന് ഒരു പുതിയ നില പണിയുന്നതിന് 77 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. സിവിൽ വർക്കുകളുടെ സാങ്കേതികാനുമതി നൽകി. ഇലക്ട്രിക്കൽ വർക്കുകളുടെ സാങ്കേതികാനുമതി ലഭിക്കുന്ന മുറക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.
- പുതിയ സ്റ്റാഫ് ക്വർട്ടേഴ്സ്, പണിയുന്നതിന് 189 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. മണ്ണ് പരിശോധനാ ഫലം പൂർത്തീകരിച്ചു. തുടർനടപടികളിലേക്ക് നീങ്ങുന്നു.
- 40 ലക്ഷം രൂപ ചിലവിൽ ഫിസിയോതെറാപ്പി യൂണിറ്റ് / Day Care Fitness Centre എന്നിവ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി, സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടികൾ ആരംഭിച്ചു.
- 31 ലക്ഷം രൂപ ചിലവിൽ screening Block അനുമതി നൽകിയത്, പണികൾ പുരോഗമിക്കുന്നു.
- 21 ലക്ഷം രൂപ ചിലവിൽ ക്യാന്റീൻ സ്റ്റോർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
- മേൽ സജ്ജീകരണങ്ങൾ പ്രവർത്തനക്ഷമമാകുന്നതിന് ആശുപത്രിയിൽ High Tension Electrical Connection അത്യന്താപേക്ഷികമാണ്. ഇതിനായി PWD Electrical Division മുഖേന 69.83 ലക്ഷം രൂപയുടെ വർക്കുകൾ നടപ്പിലാക്കുവാൻ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- OP Block – 34 ലക്ഷം രൂപ ചിലവിൽ പുതിയ ഒ.പി. ബ്ലോക്ക് പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
- Dialysis & Chemotherapy Block – 100 ലക്ഷം രൂപ ചിലവിൽ ഡയാലിസിസ്, കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- പാലക്കാട് സർക്കാർ മെഡിക്കൽ കോളേജുമായി ചേർന്ന് ഹൗസ് സർജൻമാരുടെ സേവനം, റേഡിയോളജിസ്റ്റ് സേവനം, ആംബുലൻസ് സേവനം എന്നിവ കോട്ടത്തറ ആശുപത്രിയിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ അടുത്ത വർഷം ഓരോ മെഡിക്കൽ വിദ്യാർത്ഥിക്കും ഓരോ ആദിവാസി കുടുംബത്തെ adopt ചെയ്യാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

അനുബന്ധം - വിവിധ വകുപ്പുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കേണ്ട മേഖലകളും പ്രവർത്തികളും

a) ഫിഷറീസ് വകുപ്പ്

- ഫിഷിംഗ് ഹാർബറുകളിലും തീരപ്രദേശങ്ങളിലും കൊതുക് പെരുകുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- തീരദേശത്ത് വീടിനു വെളിയിൽ കിടന്നുറങ്ങുന്ന ശീലം നിരുത്സാഹപ്പെടുത്തുക
- മത്സ്യ വിത്ത് ഉൽപാദന കേന്ദ്രങ്ങളിലെ ടാങ്കുകളിലും പൂട്ടി കിടക്കുന്ന ഐസ് പ്ലാൻറുകളിലും കൊതുകു കുത്താടികൾ ഇല്ല എന്ന് ഉറപ്പാക്കുക.
- ഉപയോഗ ശൂന്യമായി കിടക്കുന്ന ബോട്ടുകൾ, വഞ്ചികൾ, മത്സ്യം കൈകാര്യം ചെയ്യുന്ന ടാങ്കുകൾ എന്നിവയിലെ കൊതുക് പെരുകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുക.
- ഭക്ഷ്യാവശ്യത്തിനുപയോഗിക്കുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക, ഇതിനെതിരെയുള്ള ബോധവത്ക്കരണം മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും നൽകുക.

b) പട്ടികവർഗ വികസനം

- ട്രൈബൽ പ്രമോട്ടർമാർക്ക് ആരോഗ്യവകുപ്പുമായി ചേർന്ന് സാംക്രമിക രോഗങ്ങളെകുറിച്ച് ബോധ വത്ക്കരണം നൽകുകയും, അവരെ ഉപയോഗിച്ച് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആവശ്യമായ ഫണ്ട് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുക.
- ട്രൈബൽ പ്രൊമോട്ടർമാർ, ആശ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവരുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ വഴി സാംക്രമിക രോഗങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും ഉചിതമായ നടപടികൾ ആരോഗ്യവകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ നടപ്പിലാക്കുക.
- ആദിവാസി മേഖലകളിൽ പാർപ്പിട സൗകര്യം, ശുദ്ധജലലഭ്യത, സാനിട്ടറി കക്കൂസു കളുടെ ലഭ്യത, ഉപയോഗം എന്നിവ ഉറപ്പാക്കുക.
- ആദിവാസി കുട്ടികളുടെ ഹോസ്റ്റലുകളിൽ പരിസരശുചിത്വവും, കുടിവെള്ള ശുചിത്വവും, ഭക്ഷ്യ ശുചിത്വവും ഉറപ്പുവരുത്തുക

c) ശുചിത്വ മിഷൻ

- ശാസ്ത്രീയമായ ഖരദ്രവ്യമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഒരുക്കാൻ സാങ്കേതിക സഹായങ്ങൾ നൽകുക.
- രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തലത്തിൽ ഫണ്ട് നൽകുക.
- പിന്നോക്ക മേഖലകളിലും ആദിവാസി തീരദേശങ്ങളിലും സാനിറ്ററി ലാട്രിനുകൾ മറ്റു കക്കൂസുകളുടെ ലഭ്യതയും ഉപയോഗവും ഉറപ്പാക്കുക.സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ സാനിറ്ററി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുക.

d) ഹരിത കേരള മിഷൻ

- പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- ഉറവിടത്തിൽ തന്നെയുള്ള മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക. അജൈവ മാലിന്യങ്ങളുടെ മെറ്റീരിയൽ കളക്ഷൻ സംവിധാനം കാര്യക്ഷമമാക്കുക.
- മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ ശക്തിപ്പെടുത്തുക.
- ജലസ്രോതസ്സുകളുടെ സംരക്ഷണം, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണം.
- തരിശുനിലങ്ങൾ കൃഷിഭൂമികളാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

e) ഭക്ഷ്യസുരക്ഷാ വകുപ്പ്

- ഭക്ഷ്യവിഷബാധയുണ്ടാകുന്ന സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിനൊപ്പം പരിശോധന നടത്തി ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുക.
- ഭക്ഷണശാലാ പരിശോധന. സ്വന്തമായും ആരോഗ്യവകുപ്പുദ്യോഗസ്ഥരോടൊപ്പം സംയുക്തമായും നടത്തുക
- കുപ്പിവെള്ളത്തിൻറെ ഗുണ മേൻമ പരിശോധിച്ച് ഉറപ്പ് വരുത്തുക
- വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന ഐസ് ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- ഹോട്ടലുടമകളെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ആരോഗ്യ സുരക്ഷയേയും പകർച്ചവ്യാധികളെയും കുറിച്ചുള്ള അവബോധം നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുകയും (ആരോഗ്യവകുപ്പുദ്യോഗസ്ഥരുടെ സഹകരണത്തോടെ പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്യുക.
- ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക

f) റെയിൽവേ

- തീവണ്ടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ സുരക്ഷിതമാണെന്ന് ഉറ പ്പാക്കുക.
- ശരിയായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക
- റെയിൽവേ സ്റ്റേഷനിലും പരിസരങ്ങളിലും കൊതുക്, ഈച്ച എലി എന്നിവ പെരുകുന്ന സാഹചര്യം നിയന്ത്രിക്കുക.
- മലമ്പനിബാധിത പ്രദേശങ്ങളിൽ നിന്നും വരുന്ന തീവണ്ടി കോച്ചുകളിൽ നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. ഇതിനായി ഐ.ആർ.എസ്., ഐ.എസ്.എസ്. എന്നിവ കോച്ചുകൾക്കുള്ളിലും പുറത്തും കൃത്യമായും നിശ്ചിത ഇടവേളകളിലും നടത്തി എന്ന് ഉറപ്പ് വരുത്തുക.
- റെയിൽവേ സ്റ്റേഷനുകളിൽ ഉള്ള പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം വഴി രോഗപ്രതിരോധ സന്ദേശങ്ങൾ നൽകുക.

g) തൊഴിൽ വകുപ്പ്

- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽ മേഖലകളിലും രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവല്ക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തുക
- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനും, പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക.
- ജില്ലാ ലേബർ ഓഫീസർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.
- മറുനാടൻ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ ഏർപ്പെടുത്തുക. ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാദ്ധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പുവരുത്തുക.

h) സാമൂഹ്യനീതി വകുപ്പ്

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ ആവശ്യമായ അംഗണവാടി ടീച്ചർ, ഹെൽപ്പർ തുടങ്ങിയവരെയും വോളണ്ടിയർമാരായും സൂപ്പർ വൈസർമാരായും നിയോഗിക്കുക.
- അംഗണവാടിയിലെ അമ്മമാരുടെ യോഗം ചേരലും ചർച്ചയും.
- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക.
- അംഗണവാടി വർക്കർമാരുടെ നേതൃത്വത്തിൽ ക്ലാസുകളും ബോധവത്കരണവും നടത്തുക
- അംഗണവാടികളിലും, മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ

i) വിദ്യാഭ്യാസ വകുപ്പ്

- സ്കൂളുകളിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിസര ശുചീകരണവും, കൊതുകിൻറെ ഉറവിട നശീകരണവും ഉറപ്പാക്കുക.
- അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പകർച്ചവ്യാധി സംബന്ധമായ ആരോഗ്യ ബോധവൽക്കരണവും പരിശീലനവും ഏർപ്പെടുത്തുക.
- സ്കൂളുകളിൽ ഹരിതചട്ടം നടപ്പിലാക്കുക.
- സ്കൂൾ അസംബ്ലികളിൽ ആരോഗ്യസന്ദേശങ്ങൾ വായിക്കുക, പ്രതിജ്ഞ എടുക്കുക.
- എല്ലാ വെള്ളിയാഴ്ച്ചകളിലും ഡ്രൈഡേ ആചരണം നടത്തുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് ഹൈസ്കൂൾ തലം മുതലുള്ള വിദ്യാർത്ഥികളിൽ സാംക്രമിക രോഗങ്ങളെ കുറിച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുക
- ആരോഗ്യവകുപ്പുമായി ചേർന്ന്, അപ്പർ പ്രൈമറി മുതലുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അവരുടെ വീടുകളിൽ കൊതുക നശീകരണ പ്രവർത്തനങ്ങളും ശുദ്ധജല ഉപയോഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക.
- കുട്ടികളെക്കൊണ്ട് പകർച്ചവ്യാധി നിയന്ത്രണത്തിൻറെ വിവിധ വശങ്ങളെക്കുറിച്ചുള്ള പ്രോജക്ടുകൾ ചെയ്യിക്കുക.

j) കൃഷിവകുപ്പ്

- ശാസ്ത്രീയമായ ജൈവ മാലിന്യനിർമ്മാർജ്ജന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക
- പ്ലാന്റേഷനുകൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, തുടങ്ങിയവയിൽ കൊതുക പെരു കാനുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പുവരുത്തുക.
- എലി നശീകരണം തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുക.
- കർഷകരും, കൃഷിപണിക്കാരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുക

k) മൃഗസംരക്ഷണം

- കുരങ്ങ്, പന്നി, എലി, കന്നുകാലികൾ, വവ്വാലുകൾ, പക്ഷികൾ എന്നിവ വഴി പകരുന്ന രോഗങ്ങൾക്കെതിരെ നിരീക്ഷണം നടത്തുക.
- വനമേഖലകളിൽ കുരങ്ങളുടെ രോഗം, മരണം തുടങ്ങിയവ നിരീക്ഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുക (പ്രത്യേകിച്ച് വയനാട്, മലപ്പുറം തുടങ്ങിയ ജില്ലകളില്)
- മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും മൃഗ ങ്ങൾക്കും ജന്തുജന്യരോഗങ്ങൾക്കെതിരെ വാക്സിനേഷൻ നൽകുക.
- നായ്ക്കളുടെ വാക്സിനേഷൻ, വന്ധ്യംകരണം എന്നിവ ഊർജ്ജിതപ്പെടുത്തുക
- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവത്ക്കരണം നടത്തുക.

l) പൊതുമരാമത്ത് വകുപ്പ്

- നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ കൊതുക്, എലി തുടങ്ങി യവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തുക.
- വെള്ളപ്പൊക്കത്തെ തുടർന്ന് അപകടാവസ്ഥയിലായ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം വിലയിരുത്തുകയും ആവശ്യമായ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തുകയും ചെയ്യുക.
- ഓടകളുടെ അറ്റകുറ്റപ്പണി നടത്തി ജലനിർഗമനം സാധ്യമാക്കുക.

m) സ്വകാര്യ ആശുപത്രികൾ, ഡോക്ടർമാരുടെ സംഘടനകൾ,

- രോഗപര്യവേഷണത്തിൻറെ ഭാഗമായി പകർച്ചവ്യാധികൾ യഥാസമയം റിപ്പോർട്ട് ചെയ്യുക.
- കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൻറെയും, സംസ്ഥാന ആരോഗ്യവകുപ്പിൻറെയും ചികിൽസാമാർഗ്ഗരേഖകൾ അവലംബിച്ചുള്ള ചികിൽസാ രീതി ഉറപ്പുവരുത്തുക, അതിനാവശ്യമായ പരിശീലനം നൽകുക.
- ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ആവശ്യമായ പരിശീലനം യഥാസമയം നൽകുക, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- അണുനശീകരണ പ്രവർത്തനങ്ങളും, കൊതുക് നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുക.

n) തദ്ദേശസ്വയംഭരണം

- ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോടെ ചിട്ടയായ മാലിന്യ നിർമ്മാർജ്ജനം, പരിസര ശുചീകരണം, കൊതുകുറവിട നശീകരണം തുടങ്ങിയവ സമയബന്ധിതമായി വർഷം മുഴുവൻ നടപ്പിലാക്കുക
- പഞ്ചായത്ത് / നഗര പ്രദേശങ്ങളിൽ പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായവാർഷിക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ വാർഡ് തല ആരോഗ്യശുചിത്വ സമി തികളെ പ്രവർത്തന സജ്ജമാക്കുക, ആവശ്യമായ ഫണ്ട് ഉറപ്പാക്കുക.
- തൊഴിലുറപ്പ് പദ്ധതികളിൽ ഏർപ്പെടുന്നവർക്ക് വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും എലിപ്പനി പ്രതിരോധ ചികിത്സയും ഉറപ്പാക്കുക
- ജലദൗർലഭ്യമുള്ള വാർഡുകൾ നേരത്തേ കണ്ടെത്തി സമയബന്ധിതമായി ശുദ്ധജല ലഭ്യത ഉറപ്പാക്കുക.
- ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരം സമിതികളിൽ നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കുക.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അധികാര പരിധിയിൽ വരുന്ന സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ആയുർവ്വേദാശുപത്രികൾ, ഹോമിയോ ആശുപത്രികളിൽ തുടങ്ങിയ സ്ഥാപനങ്ങളിൽ സേവനം നൽകപ്പെടുന്ന പകർച്ചവ്യാധിയുടെ വിവരങ്ങൾ യഥാസമയം ഐ.ഡി.എസ്.പി.യിൽ റിപ്പോർട്ട്. ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കുക.
- പകർച്ചവ്യാധികൾ പിടിപെടുവാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കുന്നവർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുക.
- ഡി.പി.സി. യോഗങ്ങളിൽ പകർച്ചവ്യാധികളെ കുറിച്ചും വാർഡ് ഹെൽത്ത് സാനിറ്റേഷൻ പ്രവർത്തനങ്ങളെ കുറിച്ചും മാസംതോറും അവലോകനം ചെയ്യുക.
- സാംക്രമിക രോഗങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വാർഡുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് വാർത്താ ബോർഡുകളിൽ പ്രദർശിപ്പിക്കുകയും
- ആരോഗ്യസേന വാർഡ് തല ശുചിത്വ സമിതി വഴി ആയതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.
- ആഴ്ച്ചയിലൊരിക്കൽ ഉറവിട നശീകരണവും ഡ്രൈ ഡേ ആചരണവും വീടുകളിലും സ്ഥാപനങ്ങളിലും വാർഡ് തല ശുചിത്വ സമിതികളുടെ നേതൃത്വത്തിൽ ആശ അംഗൻവാടി പ്രവർത്തകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക. നടപടികൾ സ്വീകരിക്കുക.

o) ജലവിഭവവകുപ്പ്, കേരളാ വാട്ടർ അതോറിറ്റി

- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- പമ്പിംഗ് സ്റ്റേഷനുകളിലെ ഫിൽട്ടർ ബെഡ്ഡിൻറെ പ്രവർത്തനങ്ങളും ശരിയായ ക്ലോറിനേഷനും, ലോഗ് ബുക്ക് മെയിൻറനൻസും ഉറപ്പുവരുത്തുക.
- ആവശ്യമായ സന്ദർഭങ്ങളിൽ (ജലജന്യരോഗങ്ങൾ ഉണ്ടാകുമ്പോഴും മറ്റും) സൂപ്പർ ക്ലോറിനേഷൻ

- പമ്പിംഗ് സ്റ്റേഷൻ പരിസരങ്ങളിലെ ജലസ്രോതസുകളുടെ മലിനീകരണം പൂർണ്ണമായും തടയുക, ആവശ്യമെങ്കിൽ നിയമനടപടികളെടുക്കുക.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും കുടിവെള്ളം ഓടകളുടെ സ്വീവേജ് പൈപ്പുകളുടെ വെള്ളവുമായി കലരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- ആരോഗ്യവകുപ്പ് നൽകുന്ന ജലസാമ്പിളുകൾ സൗജന്യമായി പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുക
- കുടിവെള്ളത്തിൻറെ (പൈപ്പ് വെള്ളം, കിണർവെള്ളം തുടങ്ങിയവ) ഗുണമേന്മ പരിശോധനകൾ നടത്തുക, തുടർ നടപടികളെടുക്കുക.
- വിതരണം ചെയ്യുന്ന ജലത്തിലെ ക്ലോറിൻ അളവ് വിവിധതലങ്ങളിൽ മോണിറ്റർ ചെയ്യുക.
- ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക. ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന ജലത്തിൻറെ ഗുണമേന്മ ഉറപ്പാക്കുക.
- വ്യാവസായികാടിസ്ഥാനത്തിലുള്ള ഐസ്, ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്നത് നിരോധിക്കുക.
- ജലസുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
- എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് നടപടി സ്വീകരിക്കണം.

p) ആരോഗ്യ വകുപ്പ് (അലോപ്പതി, ഹോമിയോ, ആയുർവേദമടക്കം)

- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണപദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും സാങ്കേതിക, ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ നേതൃത്വം നൽകുക. പബ്ലിക് ഹെൽത്ത് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമെങ്കിൽ പ്രാബല്യത്തിൽ വരുത്തുക.
- രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന പ്രതിവാര റിപ്പോർട്ടുകൾ വിശലകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ
- അംഗീകൃത ചികിത്സ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗചികിത്സയും പരിചരണവും
- രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗനിയന്ത്രണം സാധ്യമാക്കൽ
- പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനി വാർഡ്, ഔട്ട് റീച്ച് ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പടങ്ങിയവ സജ്ജീകരിക്കൽ
- ഹൈറിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മപരിപാടികൾ
- ആവശ്യാനുസരണം മരുന്ന്, മാനവശേഷി, ഫണ്ട് , പരിശോധനാ കിറ്റുകൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം പ്രതിവാര ഡ്രൈ ഡേ ഒബ്സർവേഷൻ തുടങ്ങിയവയ്ക്ക് ഇതരവകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കാമ്പയിനുകൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കാളിയാകുക.
- ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തൽ
- തോട്ടം മേഖലയിൽ ഉറവിട നശീകരണത്തിന് കർമ്മപരിപാടി
- ജലദൗർലഭ്യം ഉള്ളിടത്തും ഹൈറിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
- പ്രതിവാര ആരോഗ്യജാഗ്രത ഒബ്സർവേഷൻ
- വിദ്യാർത്ഥികൾക്ക് പ്രത്യേക പരിപാടികൾ, മത്സരങ്ങൾ
- മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ
- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ ഫീൽഡ്തല പ്രവർത്തനങ്ങൾ ഉറപ്പാക്കൽ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം, വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ, ശുചിത്വ പോഷണ സമിതികളുടേയും വിവിധ തലങ്ങളിൽ (സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗനിയന്ത്രണ അവലോകന സമിതികളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ,

- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുക.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും മറ്റുള്ളവർക്ക് ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക. അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യമാക്കുക. ഉദാ: കൈപുസ്തകം.
- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപന ങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ
- സർക്കാർ സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ എല്ലാ വീടുകളിലും കമ്പോസ്റ്റിംഗ് ഉറപ്പാക്കണമെന്നും, പ്ലാസ്റ്റിക്കും. മറ്റ് മാലിന്യങ്ങളും കത്തിക്കുമ്പോഴുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിക്കുന്ന സന്ദേശം പ്രിന്റ് ചെയ്യേണ്ടതാണ്.
- വകുപ്പ് ഡയറക്ടർമാരും, ജില്ലാ മെഡിക്കൽ ഓഫീസർമാരും അതാത് തലങ്ങളിൽ യോഗം ചേർന്ന് ആരോഗ്യ ജാഗ്രതാ പ്രവർത്തന പുരോഗതി അവലോകനം താണ്.

q) മെഡിക്കൽ വിദ്യാഭ്യാസം

- പീഡ് സെൽ വഴിയുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ
- സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഉള്ള ആർ.ആർ.ടി-യിൽ അംഗങ്ങളായി പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക
- ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ നടത്താനും ഗൈഡ് ലൈനുകളും പ്രോട്ടോകോളുകളും മറ്റും തയാറാക്കാനും സഹായിക്കുക.
- ലബോറട്ടറി വഴിയുള്ള വിദഗ്ധ പരിശോധനകൾ (ലാബ് സർവൈലൻസ്) നടത്തുക. റഫറൽ ലാബ് നെറ്റ് വർക്കിംഗ് സിസ്റ്റത്തിലൂടെ ഔട്ട് ബ്രേക്ക് സാമ്പിളുകൾ സ്ഥിരീകരിക്കുക.
- കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക

r) പബ്ലിക് റിലേഷൻ വകുപ്പ്

- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉചിതമായ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക.

s) ആഭ്യന്തര വകുപ്പ്

- പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിട്ടുള്ള വാഹനങ്ങളിലും, മറ്റു യന്ത്രസാമഗ്രികളിലും മഴവെള്ളം വീണ് കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുകയും കഴിയുന്നതും വേഗം ആയവ നീക്കം ചെയ്യുന്നതിനുള്ള മേൽ നടപടികൾ ഉറപ്പ് വരുത്തുകയും ചെയ്യുക.
- ഐ.പി.സി. 269 പ്രകാരമുള്ള സേവനം ലഭ്യമാക്കുക
- പോലീസ് ക്യാമ്പുകളിലും ക്വാർട്ടേഴ്സുകളിലും പകർച്ചവ്യാധികൾ പടരാനുള്ള സാഹചര്യം ഇല്ലാതാക്കുകയും രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ടാൽ ആയത് പ്രാദേശിക ആരോഗ്യവകുപ്പ് കേന്ദ്രങ്ങളിൽ അറിയിച്ചു എന്നും ഉറപ്പ് വരുത്തുകയും ചെയ്യുക.

t) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

- ദുരന്തങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പ് യഥാസമയം അറിയിക്കുക,
- ആരോഗ്യവകുപ്പിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുക.
- നിവാരണത്തിന് വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയുള്ള സംയോജിത പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക
- ആവശ്യമായ ഫണ്ട് ലഭ്യമാക്കുക ദുരന്തനിവാരണത്തിനാവശ്യമായ പരിശീലനങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകുക

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2012-2013 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 3 ലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	നഗരസഭ/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത്	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	3.3.6.1		ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല:-	
		ഓമല്ലൂർ	ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ കെട്ടിടം പ്രവർത്തിക്കുന്ന കെട്ടിടം നാശോന്മുഖമായ അവസ്ഥയിലാണ്.	ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയിൽ സൗകര്യ പ്രദമായ കെട്ടിടവും ആവശ്യത്തിന് ഫർണ്ണിച്ചറും, കുടിവെള്ള ലഭ്യതയും ആശുപത്രി ഉപകരണങ്ങളും സ്വന്തമായി വാഹനവും മരുന്ന് സൂക്ഷിക്കാനുള്ള സൗകര്യവും ശൗചാലയത്തിൽ അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. കിടത്തി ചികിത്സ സൗകര്യം ഓമല്ലൂർ ആയൂർവേദ ആശുപത്രിയിലുണ്ട്. പ്രഥമികാരോഗ്യകേന്ദ്രത്തിൽ പ്രസ്തുത സൗകര്യം ഇല്ല. ആയൂർവേദ ആശുപത്രിയിലും പ്രഥമികാരോഗ്യകേന്ദ്രത്തിലും ഡോക്ടർമാർക്ക് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഇല്ലായെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

			അപേക്ഷിക്കുന്നു.
	പന്മന ഗ്രാമപഞ്ചായത്ത്	ഉപയോഗശൂന്യമായ പേവാർഡ് കെട്ടിടം	എം.പി ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടുപയോഗിച്ച് അപാകതകൾ പരിഹരിച്ച് കൊണ്ട് 2015 ആഗസ്റ്റ് മാസം മുതൽ പേവാർഡ് കെട്ടിടം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തനം നടന്നു വരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	ചേർത്തല നഗരസഭ	പണി പൂർത്തീകരിക്കാത്ത ഐ.പി ബ്ലോക്ക്	നിലവിൽ ആലപ്പുഴ ജില്ലയിൽ തന്നെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ചേർത്തല ഗവ.ആയുർവേദ ആശുപത്രി. നിലവിൽ ആശുപത്രി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന 8 പേവാർഡ് റൂമുകളിൽ ഡോക്ടേഴ്സിൻറെ ഒരു ഡ്യൂട്ടി റൂം ഒഴിച്ച് 7 മുറികളും രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വേണ്ടി നീക്കി വച്ചിരിക്കുകയാണെന്നും അറ്റാച്ച്ഡ് ബാത്ത്റൂമോടു കൂടിയ ഏഴ് മുറികളിലും രോഗികൾക്കും പരിചാരകർക്കും വേണ്ടി രണ്ട് കട്ടിലുകളും ഉണ്ടെന്നും ഉപകരണങ്ങൾ ട്രീറ്റ്മെൻറ് റൂമുകൾ ഇൻസിനറേറ്റർ, വാട്ടർ ഫിൽട്ടർ,ഹോട്ട് വാട്ടർ തുടങ്ങിയ എല്ലാ വിധ സജ്ജീകരണങ്ങളും

				നടപ്പാക്കിയിട്ടുണ്ടെന്നും നിലവിൽ വളരെ മികച്ച രീതിയിലുള്ള സേവനങ്ങളാണ് ഇവിടെ നിന്നും നൽകി വരുന്നതെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കാഞ്ഞങ്ങാട് ബ്ലോക്ക്	2008-09 വർഷത്തിൽ പെരിയ സി.എച്ച്.സി. യിൽ പുതുതായി നിർമ്മിച്ച മാതൃ ശിശു വാർഡ് പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയെങ്കിലും ഉപയോഗിക്കാതെ കിടക്കുന്നു.	പ്രസ്തുത പരാമർശം തീർപ്പാക്കിയിട്ടുണ്ട്.
		കോഴിക്കോട് നഗരസഭ	പ്രവർത്തനം നിലച്ച രോഗ നിർണ്ണയ കേന്ദ്രം	1) കൊയപ്പത്തൊടി ഡിസ്പെൻസറി കെട്ടിടം പുതുക്കി പണിത് അവശ്യമായ ഫർണ്ണീച്ചറുകളും മരുന്നുകളും ലഭ്യമാക്കുന്നുണ്ടെന്നും മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനായി സ്റ്റോർ റൂം, ഫ്രിഡ്ജ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ടിബി ക്ലിനിക്ക് കെട്ടിടം നിലവിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുവെന്നും മുൻകൂട്ടി രോഗനിർണ്ണയം നടത്താനുള്ള കേന്ദ്രത്തിൽ (Early diseas detection centre) നിലവിൽ RCH കേന്ദ്രമായി പ്രവർത്തിക്കുന്നുവെന്നും Reproductive and child health center ൽ ആവശ്യമായ മരുന്നുകളും ഫർണ്ണീച്ചറുകളും

				ലഭ്യമാണെന്നും നഗരസഭയിലെ എല്ലാ അർബൻ ഹെൽത്ത് ഡിസ്പെൻസറികളിലേക്കും മരുന്ന് ഇഷ്യൂ ചെയ്യുന്ന സ്റ്റോർ വെസ്റ്റ്ഹിൽ അർബൻ ഹെൽത്ത് സെൻററിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചേർത്തല നഗരസഭ	ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല	ചേർത്തല താലൂക്കാശുപത്രിയുടെ കീഴിൽ ഉപകേന്ദ്രങ്ങളൊന്നും നിലവിലില്ല.
		ആലുവ നഗരസഭ	ആലുവ മാതൃക	ആലുവ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതും, ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ളതുമാണ്.
2	3.3.6.2	കോഴിക്കോട് നഗരസഭ	വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ	കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ എംപ്ലോയ്മെൻറ്/പി.എസ്.സി. മുഖേന നിയമനം നടക്കുന്നതുവരെ കൗൺസിൽ തീരുമാനപ്രകാരം താൽക്കാലികമായി ദിവസ വേതന വ്യവസ്ഥയിൽ 4 ഡോക്ടർമാരും എംപ്ലോയ്മെൻറ് മുഖേന 2 ഡോക്ടർമാരും 6 യു.എച്ച്.സി.കളിൽ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും കൂടാതെ റാവു ബഹദൂർ ഹോസ്പിറ്റലിൽ കൗൺസിൽ തീരുമാനപ്രകാരം സർക്കാർ അനുമതി

			പ്രതിക്ഷിച്ച് ദിവസവേതന വ്യവസ്ഥയിൽ താൽക്കാലികമായി 3 മാസ കാലയളിലേയ്ക്ക് 10.11.22 മുതൽ ഒരു ആയുർവേദ ഡോക്ടർ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും ടി.ബി. സ്പെഷലിസ്റ്റ് -1, സ്റ്റാഫ് നെഴ്സ്-1, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ യഥാക്രമം 24.02.2007, 30.03.1993, 30.11.2007 എന്നീ തീയതി മുതൽ ഒഴിവ് വന്നിട്ടുള്ളതുമാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	കാസർഗോഡ് നഗരസഭ	കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്ക് കീഴിലുള്ള ആയുർവേദ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല.	കാസറഗോഡ് നഗരസഭയ്ക്ക് കീഴിലുള്ള ആയുർവ്വേദ ആശുപത്രിയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2014 ൽ 30 കിടക്കകൾ ആയി ഉയർത്തിയതിനുശേഷം എല്ലാ ഫർണ്ണീച്ചറുകളും പൂർണ്ണമായി ഉപയോഗിക്കുന്നുണ്ട്. 2011-ൽ അറ്റകുറ്റപണി നടത്തിയ മുറികളെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	ചേർത്തല നഗരസഭ	ക്ലിനിക്കൽ ലബോറട്ടറിയുടെ ശോച്യാവസ്ഥ	പ്രസ്തുത ലബോറട്ടറിയുടെ ശോച്യാവസ്ഥയെല്ലാം 2012 ൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ

				നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വേങ്ങാട് ഗ്രാമപഞ്ചായത്ത്	ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.	വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഗവൺമെൻറ് ഹോമിയോ ഡിസ്പൻസറി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വായനശാലാ കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. NRHM പദ്ധതിയിൽ താല്ക്കാലികമായാണ് ഡിസ്പൻസറി പ്രവർത്തിക്കുന്നത്. സൗകര്യപ്രദമായ രീതിയിൽ പൊതുജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കാൻ ആവശ്യമായ അനുബന്ധ സൗകര്യങ്ങളും ഒരുക്കി നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
3	3.3.6.3	വാഴക്കുളം ഗ്രാമപഞ്ചായത്ത്	അടിസ്ഥാന സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല	വാഴക്കുളം ഗ്രാമപഞ്ചായത്തിലെ പി.എച്ച്.എസ്സി. യിൽ ഇൻപേഷ്യന്റ് വിഭാഗം നിലവിലില്ല. ഇവിടെ ഒ. പി. ടിക്കറ്റ് കൗണ്ടർ, പ്രാഥമിക ശുശ്രൂഷ നല്കുന്നതിനുള്ള മുറി എന്നിവ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ

				പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കൽപ്പറ്റ് ബ്ലോക്ക് പഞ്ചായത്ത്	മേപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഇന്ത്യ പോപ്പുലേഷൻ പ്രോജക്ട് പ്രകാരം 1991 ലെ നിർമ്മാണം പൂർത്തീകരിച്ചതും 200 ച.മീ.വിസ്തീർണ്ണമുള്ളതുമായ ലാബ് കെട്ടിടം ഉപയോഗിക്കാനായില്ല.	മേപ്പാടി സി.എച്ച്.സി. യിൽ നിലവിൽ താഴത്തെ നിലയിൽ വരാന്ത, ശുചിമുറി എന്നിവ നിർമ്മിച്ചിട്ടുണ്ട്. മുകളിലേക്ക് ഒരു നില കൂടി പണിതിട്ടുണ്ട്. ആശുപത്രിയിലെ ലാബ് സംവിധാനം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് പുതുതായി നിർമ്മിച്ച ബ്ലോക്കിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		എടവെണ്ണ ഗ്രാമപഞ്ചായത്ത്	ആശുപത്രി ഭൂമിസ്വകാര്യ വ്യക്തി കയ്യേറി, ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച	ആശുപത്രിയുടെ അതിരുകൾ തിരിച്ച് ചുറ്റുമതിൽ കെട്ടി ആസ്തി സംരക്ഷിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
4	3.3.6.4		പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	
		ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്	അടിസ്ഥാന സൗകര്യവികസനത്തിനായി 2010-11 വർഷം പദ്ധതി ഫണ്ടിൽ	നിലവിൽ MLA Fund പൂർണ്ണമായും ചെലവഴിച്ച് അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും ഹെല്ത്ത് ഗ്രാന്റ് ഉപയോഗിച്ച് പദ്ധതികൾ

		നിന്നോ മെയിൻറ്റനൻസ് ഫണ്ടിൽ നിന്നോ തുക ചെലവഴിച്ചിട്ടില്ല. 2011-12 വർഷം ആകെ ചെലവ് 10,000/- രൂപ മാത്രമാണ്	ഏറ്റെടുത്തിട്ടുണ്ടെന്നും പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
	പന്മന ഗ്രാമപഞ്ചായത്ത്	2010-11, 2011-12 വർഷങ്ങളിൽ അലോപ്പതി മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ആരോഗ്യം, ശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല.	2010-11 സാമ്പത്തിക വർഷത്തിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി 1,12,270/- രൂപ വകയിരുത്തിയെങ്കിലും ചിലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ശുചിത്വ മിഷനുമായി ചേർന്ന് കൊണ്ട് ഗ്രാമപഞ്ചായത്ത് വാർഡ്തല ശുചിത്വ കമ്മിറ്റികൾ വിളിച്ചുചേർക്കുകയും 2010-11 വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, ശുചിത്വ മിഷൻ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉൾപ്പെടെ ഒരു വർഷം ഏകദേശം 10 ലക്ഷം രൂപ വെച്ച് 12575075/- (ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എഴുപത്തി അഞ്ച് രൂപ) ആരോഗ്യ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു. നിയമസഭ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

	എറത്ത് ഗ്രാമപഞ്ചായത്ത്	അഗതികളുടെപുനരധിവാസത്തിനായി 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിച്ചതിലെ ഒരു പ്രധാന ഘടകം ചികിത്സയായിരുന്നു. എന്നാൽ പദ്ധതി കാലയളവ് അവസാനിച്ചപ്പോഴും ഈ ഇനത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. തുടർന്ന് 2011-12 വർഷം പുതുക്കിയ കർമ്മപദ്ധതി പ്രകാരം ചികിത്സയ്ക്ക് നൽകുന്നതിന് 364800/-രൂപ വകയിരുത്തിയെങ്കിലും തുകയൊന്നുംചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവേ നടത്തി കണ്ടെത്തിയ രോഗികൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കാതിരുന്നത് പദ്ധതി നടത്തിപ്പിലെ പാളിച്ചയാണ് കാണിക്കുന്നത്.	അഗതികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2011-12 വർഷം 364800/- രൂപ ഇവരുടെ ചികിത്സക്കായി വകയിരുത്തിയിരുന്നുവെങ്കിലും അന്നത്തെ പ്രത്യേക സാഹചര്യങ്ങൾ നിമിത്തം പ്രസ്തുത പദ്ധതി നിർവഹിക്കാൻ കഴിഞ്ഞില്ല. എന്നാൽ തുടർ വർഷങ്ങളിൽ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി അഗതികളുടെ ചികിത്സക്കായി തുക വകയിരുത്തുകയും വളരെ കാര്യക്ഷമമായി ഈ പദ്ധതി നാളിതുവരെ നടന്നുവരുകയും ചെയ്യുന്നുണ്ട്. മെച്ചപ്പെട്ട രീതിയിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി അശരണരായ പാവപ്പെട്ട ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകിവരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു.
	ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വരുന്ന പദ്ധതി	പഞ്ചായത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു

		നിർദ്ദേശങ്ങൾ മിക്കപ്പോഴും പദ്ധതികളായി പരിണമിയ്ക്കുന്നില്ല. സേവനമേഖലയിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുകയിൽ നാമമാത്രമായ വിഹിതം മാത്രമാണ് ആരോഗ്യമേഖലയ്ക്ക് നീക്കിവെക്കുന്നത്.	വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് പദ്ധതികൾ തയ്യാറാക്കുന്നത്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും, മറ്റ് ഡിപ്പാർട്ട്മെന്റൽ ഫണ്ട് ഉപയോഗിച്ചും ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിയ്ക്കുന്നുണ്ട്. നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലിനിക്ക് എന്ന സ്പെഷ്യൽ ക്ലിനിക്ക്, ഗർഭിണികൾക്ക് വേണ്ടിയുള്ള പ്രസൂതി ക്ലിനിക്ക് എന്നിവ നിലവിൽ ആയുർവ്വേദ ആശുപത്രിയിൽ നടത്തി വരുന്നു എന്ന വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു.
	പെരുമ്പാവൂർ നഗരസഭ	ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ചികിത്സ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട വളരെ കുറച്ച് പദ്ധതികൾ മാത്രമേ പെരുമ്പാവൂർ നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളു.	കുന്നത്തുനാട് താലൂക്കിന്റെ ആസ്ഥാനമായ പെരുമ്പാവൂർ പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ആതുരാലയമാണ് പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ. പ്രതിദിനം ആയിരത്തോളം രോഗികൾ വിവിധ രോഗചികിത്സയ്ക്കായി വരികയും 200-ൽ പരം രോഗികളെ കിടത്തി ചികിത്സിക്കുകയും ചെയ്യാൻ സൗകര്യമുള്ള ഫസ്റ്റ് റഫറൽ ആശുപത്രിയാണ് ഗവ. താലൂക്ക് ആശുപത്രി. 1995 ഒക്ടോബർ 2-ാം തീയതി ഗവ. നിർദ്ദേശപ്രകാരം പെരുമ്പാവൂർ

				നഗരസഭയ്ക്ക് കൈമാറ്റം ചെയ്ത് ലഭിച്ചിട്ടുള്ളതാണ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്	നല്ലൂർനാട് സി.എച്ച്.സി. പദ്ധതികളുടെ ആസൂത്രണത്തിലെ അപാകം നിമിത്തം രോഗികൾക്ക് പ്രയോജനപ്പെടുന്നില്ല.	നല്ലൂർനാട് സി.എച്ച്.സി. ജില്ലാ ക്യാൻസർ സെന്റർ ആയി പ്രവർത്തിച്ചുവരുന്നുവെന്നും. കുട്ടികളുടെ വാർഡ് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും നല്ലൂർനാട് സി.എച്ച്.സി. യിലെ ഓപ്പറേഷൻ തീയേറ്റർ ജീവനക്കാരുടെ അഭാവം മൂലം പൂർണമായും പ്രവർത്തനക്ഷമമാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നും അടിസ്ഥാന സൗകര്യ വികസനത്തിന് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി നല്ലൂർനാട് സി.എച്ച്.സി. യിലെ കെട്ടിടം നിർമ്മിക്കുന്നതിന് പ്രവർത്തിക്കുന്നതിന് 9,96,30,000/- രൂപയുടെ പ്രൊപ്പോസലിന് സംസ്ഥാനതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ

				പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
5	3.3.6.5		ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ - ദീർഘവീക്ഷണത്തിന്റെ അഭാവം	
		എടവണ്ണ ഗ്രാമപഞ്ചായത്ത്	ആരോഗ്യ മേഖലയിൽ മാതൃകാപരമായ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.	എടവണ്ണ ഗ്രാമപഞ്ചായത്തിലെ വിവിധ പി.എച്ച്.എസി. കളിൽ ലാബ് തുടങ്ങുന്നതിനായി ലാബ് റി ഏജൻറ്സ് വാങ്ങൽ, ലാബ് ടെക്നീഷ്യന് വേതനം നൽകൽ, ഉപകരണങ്ങൾ വാങ്ങൽ, എന്നിവയ്ക്ക്പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ചാത്തല്ലൂർ പി.എച്ച്.സിയിൽ ഓപ്പൺ ജിം, സായാഹ്ന ഒ.പി ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകൽ, ഡയാലസിസ് രോഗികൾക്ക് ധനസഹായം, ദേശിയ ആരോഗ്യ പരിപാടി, ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് വികസന ഫണ്ട്, മെയിൻറനൻസ് ഗ്രാൻറ്, പെർഫമന്റ്സ് ഗ്രാന്റ് എന്നിവ വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കിവരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചാത്തമംഗലം ഗ്രാമപഞ്ചായത്ത്	ചികിത്സയുടെ ഭാഗമല്ലാതെയുള്ള മരുന്ന് വിതരണം	ചാത്തമംഗലം പഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ നിലവിൽ

പ്രവൃത്തിച്ചു വരുന്നുണ്ടെന്നും പരാമർശ വർഷങ്ങളിൽ 43,71,579/- രൂപ ആയുർവ്വേദ മേഖലയിൽ ചെലവഴിച്ചിരുന്നുവെന്നും കരുണ, സ്വാസ്ഥ്യ, ഉണർവ്വ് എന്നിങ്ങനെ 3 നൂതന പ്രോജക്ടുകളിലായാണ് മേൽ തുക ചെലവഴിച്ചതെന്നും മേൽ 3 പദ്ധതികളുടെയും ഗുണഭോക്താക്കൾ വൃദ്ധരും, വിധവകളും, അശരണരുമായ ഗുണഭോക്തക്കളായിരുന്നെന്നും ഒരു പ്രത്യേകവിഭാഗം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് കൊണ്ടാണ് അത്തരത്തിൽഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും അങ്ങനെയുള്ള വ്യക്തികൾക്ക് ആവശ്യമായമരുന്നുകൾ വാങ്ങി വിതരണം ചെയ്തതെന്നും. വൃദ്ധരുടെയും സ്ത്രീകളുടെയും ക്ഷേമം ഉറപ്പ് വരുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യമെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള വർഷങ്ങളിൽ മറ്റ്ആരോഗ്യ മേഖലകൾക്ക് കൂടി തുല്യമായ പ്രാധാന്യം നൽകുന്ന വിധത്തിലുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		തിരുവനന്തപുരം നഗരസഭ	ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ- ദീർഘവീക്ഷണത്തിന്റെ അഭാവം സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി-കൈമാറിയത് ഒരു കോടി -നഗരസഭയ്ക്ക് അലംഭാവം	ഓഡിറ്റ് പരാമർശത്തിലുള്ളതുപോലെ തിരുവനന്തപുരം നഗരസഭ ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതിന് 4 വിവിധ പ്രോജക്ടുകളിലായി 1 കോടിയോളം രൂപ ആർ.സി.സി ക്ക് നൽകിയിട്ടുള്ളതാണ്. ടി തുക ഉപയോഗിച്ച് പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് 10000/- രൂപ വീതം ധനസഹായം നൽകി വരുന്നുണ്ട്. ഇപ്പോഴും ടി പദ്ധതി പ്രകാരം തുക വിനിയോഗം നടന്ന് വരുന്നുണ്ട്. ആയതിന്റെ മോണിറ്ററിംഗ് ചെയ്യുന്നതിന് 13/01/2023 ന് നഗരസഭാ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
6	3.3.6.6		നടപ്പിലാക്കാത്ത പദ്ധതികൾ	
		മൂന്നാർ ഗ്രാമപഞ്ചായത്ത്	നടപ്പിലാക്കാത്ത പദ്ധതികൾ വാർഷികപദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയിലെ മൂന്നാർ	പരാമർശ വർഷങ്ങൾക്ക് ശേഷം വർഷങ്ങളിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള തുക ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി വകയിരുത്തുകയും പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന്

			ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.	ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കൊല്ലം നഗരസഭ	കൊല്ലം നഗരസഭ ആരോഗ്യമേഖലയിൽ ആസൂത്രണം ചെയ്തിട്ടും നടപ്പിലാക്കാത്ത പദ്ധതികൾ	കൊല്ലം കോർപ്പറേഷനിലെ 2010-11, 2011-12 വർഷ പദ്ധതിയിലുൾപ്പെട്ട ഫോഗിംഗ് മെഷീൻ, ശുചീകരണ സാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി വരും വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുകയും തുക ചെലവഴിച്ചിട്ടുള്ളതുമാണെന്നും 2012 - 13 വർഷത്തിൽ ശുചീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ, ലോഷൻ എന്നിവ വാങ്ങുന്നതിനായി 14 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണെന്നും 2013 - 14 വർഷത്തിൽ ഫോഗിംഗ് മെഷീൻ വാങ്ങുന്നതിന് 4.50 ലക്ഷം രൂപ ചെലവഴിച്ചിരുന്നുവെന്നും സാനിട്ടേഷൻ ഉപകരണങ്ങൾ, സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് 10,71,050/- രൂപയും ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ സാമ്പത്തിക വർഷവും ഉപകരണങ്ങളുടെയും സാധനങ്ങളുടേയും ആവശ്യകത അനുസരിച്ച് പ്രോജക്ട് തയ്യാറാക്കുകയും സമയബന്ധിതമായി ചെലവഴിച്ചിട്ടുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
7	3.3.6.7	കൊച്ചി നഗരസഭ	തദ്ദേശസ്ഥാപനങ്ങളിലെ മാതൃകാപദ്ധതി - വയോമിത്രം	പ്രവർത്തന റിപ്പോർട്ട്-2022

				ആകെ രജിസ്ട്രേഷൻ 2011 മുതൽ : 10275 ആകെ ക്ലിനിക്കുകളുടെ എണ്ണം : 42 കഴിഞ്ഞ വർഷം സേവനം ലഭിച്ചവർ:–45182
8	3.3.6.8		ആരോഗ്യമേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.	
		കൊല്ലം നഗരസഭ	ആരോഗ്യമേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.	ആരോഗ്യ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിലവിൽ സജീവമായി പ്രവർത്തിച്ചുവരുന്നെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	പതിനൊന്നാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയിൽ നിഷ്കർഷിക്കും വിധമുള്ള പ്രവർത്തനങ്ങൾ ആരോഗ്യമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല.	ഓമശ്ശേരിഗ്രാമപഞ്ചായത്തിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ്നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആരോഗ്യമേഖലയുടെ സമഗ്രമായ സ്റ്റാറ്റസ്റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും സ്റ്റാറ്റസ്റിപ്പോർട്ടിൽ പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും 13ാം

			പഞ്ചവത്സരപദ്ധതിയിൽ കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	എടവണ്ണ ഗ്രാമപഞ്ചായത്ത്	വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിൽ ആരോഗ്യമേഖല സംബന്ധിച്ച് മുന്നോട്ടുവച്ച 8 നിർദ്ദേശങ്ങളിൽ 6 ഉം ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മരുന്ന് ലഭ്യമാക്കുന്നതിനും ആയിരുന്നു. ട്രൈബൽ കോളനികളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2009-10 വർഷത്തിൽ പ്രോജെക്ടുകൾക്ക് രൂപം നൽകാൻ വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല.	വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ കൂടി ആരോഗ്യ മേഖലയിലെയിൽ വരുന്ന നിർദ്ദേശങ്ങൾ പ്രകാരം ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ, മരുന്ന് വാങ്ങൽ, ആശുപത്രി വികസനത്തിനു വേണ്ടിയുള്ള പ്രൊജക്ടുകൾ എന്നിവ നിലവിൽ വാർഷിക പദ്ധതിയുടെ ഭാഗമാക്കിവരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	കൂടാളി ഗ്രാമപഞ്ചായത്ത്	ആരോഗ്യമേഖലയിൽ കർമ്മ	ആരോഗ്യമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ്

			സമിതികൾ രൂപീകരിച്ചിട്ടില്ല.	രൂപീകരിക്കുകയും നിലവിൽ ആരോഗ്യമേഖലയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത്	ആരോഗ്യമേഖലയിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.	നിലവിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
9	3.3.6.9		ഹോസ്പിറ്റൽ മാനേജിങ് കമ്മിറ്റികൾ	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	ഓമല്ലൂർ ഗവ.ആയുർവേദ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ യോഗം കൂടണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. .മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നതിന് യാതൊരു	നിലവിൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ യോഗം കൃത്യമായും കൂടുകയും, കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		ശ്രമവും ഉണ്ടായിട്ടില്ല.	
	മൂന്നാർ ഗ്രാമപഞ്ചായത്ത്	മൂന്നാർഗ്രാമപഞ്ചായത്തിൽ ആശുപത്രികളിലെ മാനേജിംഗ് കമ്മിറ്റികൾശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ആയുർവേദ ആശുപത്രിയിൽ 25.02.2003 നു ശേഷം സമിതിയോഗം ചേർന്നിട്ടില്ല	പഞ്ചായത്തിന്റെ ഹോമിയോ ആശുപത്രിയിലും ആയുർവേദ ആശുപത്രിയിലും എച്ച്.എം.സി ഇപ്പോൾ നിലവിലുണ്ട്. മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിലവിൽ പി.എച്ച്.സി ഇല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	എടവണ്ണ ഗ്രാമപഞ്ചായത്ത്	ചാത്തല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പൊതുജനാരോഗ്യ കേന്ദ്രം മാനേജിംഗ് കമ്മിറ്റി രൂപവൽക്കരിച്ചിട്ടില്ല.	എടവണ്ണ ഗ്രാമപഞ്ചായത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ മൂന്ന് ആരോഗ്യ മേഖലയിലുള്ള സ്ഥാപനങ്ങളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	പുല്ലൂർപെരിയ	ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലയിലെ മാനേജിംഗ് കമ്മിറ്റികൾ നിലവിൽ പ്രവർത്തന രഹിതമാണ്.	പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിലെ രണ്ട് ആശുപത്രികളിലും മാനേജിംഗ് കമ്മിറ്റികൾ നിലവിൽ പ്രവർത്തിച്ച വരുന്നു എന്നുവിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

				അപേക്ഷിക്കുന്നു.
		പെരുമ്പാവൂർ നഗരസഭ	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ	പെരുമ്പാവൂർ താലൂക്ക് ഹോസ്പിറ്റലിൽ പ്രതിദിനം ആയിരത്തോളം രോഗികൾ വിവിധ രോഗചികിത്സയ്ക്കായി വരികയും 200-ൽ പരം രോഗികളെ കിടത്തി ചികിത്സിച്ച് വരുന്നെന്നും ടി ആശുപത്രിയിലെ ഹെൽത്ത് മാനേജ്മെൻറ് കമ്മിറ്റി യോഗങ്ങൾ ചേർന്ന് ദൈനംദിന പ്രവർത്തനങ്ങളെ ക്രിയാത്മകമായി വിലയിരുത്തുന്നുണ്ടെന്നും താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ടെന്നും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		പന്മന ഗ്രാമപഞ്ചായത്ത്	HMC പുനസംഘടിപ്പിച്ചിട്ടില്ല	ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ 2013-ൽ പുനസംഘടിപ്പിച്ചിട്ടുള്ളതും തുടർന്ന് നാളിതുവരെ കൃത്യമായി യോഗങ്ങൾ കൂടുകയും അവലോകനം നടത്തി വരുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		മയ്യനാട് ഗ്രാമപഞ്ചായത്ത്	ഗ്രാമപഞ്ചായത്തിൽ 08.02.11 ലാണ് നിലവിലുള്ള ഹോസ്പിറ്റൽ മാനെജ്മെന്റ് കമ്മിറ്റി രൂപീകരിച്ചത്.	ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് വരുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമല്ലൂർ ഗ്രാമപഞ്ചയാത്ത്	മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നതിന് യാതൊരു ശ്രമവും ഉണ്ടായിട്ടില്ല.	നിലവിൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ യോഗം കൃത്യമായും കൂടുകയും, കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട് എന്ന വിവരവും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		തിരുവല്ല നഗരസഭ	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ	നഗരസഭയുടെ അധീനതയിലുള്ള തിരുവല്ല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രം, കുറ്റപ്പുഴ എന്നിവിടങ്ങളിൽ കൃത്യമായി ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികൾ കൂടുന്നുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചേർത്തല നഗരസഭ	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ - സർക്കാർ നിർദ്ദേശാനുസരണം യോഗം	നിലവിൽ മാനദണ്ഡ പ്രകാരം കൃത്യമായ ഇടവേളകളിൽ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മറ്റി നഗരസഭാ ചെയർ പേഴ്സൻറെ അദ്ധ്യക്ഷതയിൽ കൂടി വരുന്നുണ്ടെന്ന് നഗരകാര്യ ഡയറക്ടർ

			കൂടുന്നില്ല.	റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്	18.11.11 ന് ശേഷം HMC യോഗം ചേർന്നിട്ടില്ല	08.01.2002 തീയതിയിൽ ആദ്യ യോഗം ചേർന്നു. തുടർന്ന് 22.01.2013 ൽ HMC പുനഃസംഘടിപ്പിച്ചു. 4 യോഗങ്ങൾ കൂടി പിന്നീട് 2018 ൽ പുനഃസംഘടിപ്പിച്ച് യോഗം തുടർന്നുപോരുന്നു. നിലവിൽ എച്ച്.എം.സി യോഗം കൃത്യമായി കൂടുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
10	3.3.6.10		ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	ആയുഷ് പ്രോജെക്ട് ആശുപത്രിയുമായി ഏകോപിച്ച് പ്രവർത്തിക്കുന്നില്ല .	നിലവിൽ ആയുഷ് പദ്ധതിയ്ക്ക് ലഭിയ്ക്കുന്ന ഫണ്ട് വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർ നേരിട്ട് വിനിയോഗം നടത്തി വരുന്നു. ഓമല്ലൂർ ഗ്രാമ പഞ്ചായത്ത് ഗവ.ആയുർവ്വേദ ആശുപത്രിയിൽ 30.10.2014 ൽ ആയുഷ് ഫണ്ട് ഉപയോഗിച്ച് 10 ബെഡുള്ള ഐ.പി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് ടി ആശുപത്രിയിൽ മരുന്നുകൾ ലഭ്യമാകുന്നുണ്ട്. ആയുഷ് പദ്ധതിയുടെ ഫണ്ട് നിർവ്വഹണം ജില്ലാ മെഡിക്കൽ ഓഫീസർ ആണെന്ന വിവരം ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

				സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
11	3.3.6.11		സ്കൂൾ ആരോഗ്യപദ്ധതി	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	സ്കൂൾ ആരോഗ്യ പദ്ധതി പൂർണ്ണ പരാജയം	സ്കൂൾ ആരോഗ്യ പദ്ധതി എന്ന പേരിൽ തുടർ വർഷങ്ങളിൽ ഈ പഞ്ചായത്തിൽ പദ്ധതി നടപ്പലാക്കിയിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
12	3.3.6.12		പാലിയേറ്റീവ് പരിചരണം	
		പന്തന ഗ്രാമപഞ്ചായത്ത്	2011-12 വർഷം "സാന്ത്വന സ്പർശം" എന്ന പേരിലുള്ള പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി 200000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കുകയുണ്ടായില്ല. 2012-13 ലും തുക വകയിരുത്തിയെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല.	2012-13 വർഷം സ്പിൽ ഓവർ പ്രോജക്ടായി വച്ചു കൊണ്ട് 13049/- രൂപയും 2013-14-ൽ 134974/- രൂപയും ചെലവഴിച്ചു കൊണ്ട് "സാന്ത്വന സ്പർശം" എന്ന പേരിലുള്ള പാലിയേറ്റീവ് പരിചരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മയ്യനാട് ഗ്രാമപഞ്ചായത്ത്	2011-12 ,2012-13 ലും തുക വകയിരുത്തിയെങ്കിലും പദ്ധതി	മയ്യനാട് ഗ്രാമപഞ്ചായത്തിൽ 2011-12 ൽ പാലിയേറ്റീവ് പരിചരണത്തിനായി തുക

			നടപ്പാക്കിയിട്ടില്ല.	വകയിരുത്തിയിരുന്നില്ല. 2012-13 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളിലായി പാലിയേറ്റീവ് പരിചരണ പദ്ധതികൾക്കായി ആകെ 76,19,786/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി 2011-12 വർഷം വകയിരുത്തിയ 500000/- രൂപയിൽ സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിന് 5000/- രൂപ ചെലവഴിക്കുകയും പദ്ധതിയ്ക്കായി കമ്മ്യൂണിറ്റി നഴ്സിംഗ് പരിശീലനം നൽകുന്നതിന് കുടുംബശ്രീ ജില്ലാ മിഷനെ നിയോഗിക്കുകയും ചെയ്തതൊഴികെ യാതൊരു തുടർ പ്രവർത്തനവും നടത്തിയിട്ടില്ല.	ഓഡിറ്റ് റിപ്പോർട്ടിന് ശേഷമുള്ള വർഷങ്ങളിൽ പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കുന്നുണ്ട്. 2012-2013 വർഷം സ്പിൽ ഓവർ പദ്ധതി പ്രകാരം 45000/- രൂപയും, പുതിയ പ്രോക്കായി 78900/- രൂപയും, ചെലവഴിച്ചിട്ടുണ്ട്. 2013-2014 വർഷം 224310/- രൂപയും, 2014-2015 വർഷം 331330/- രൂപയും, 2015-2016 വർഷം 348531/- രൂപയും, 2016-2017 വർഷം 650000/-രൂപയും, 2017-2018 വർഷം 778299/-രൂപയും, 2018-2019 വർഷം 878474/- രൂപയും, 2019-2020 വർഷം 631920/- രൂപയും, 2020-2021 വർഷം 726021/- രൂപയും, 2021-2022 വർഷം 863212/- രൂപയും, ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷം 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം

				ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു
		ചേർത്തല നഗരസഭ	പാലിയേറ്റീവ് പരിചരണം	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2011-12 കാലയളവിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് വാങ്ങിയ 40000/- രൂപയുടെ മരുന്നുകൾ ആ വിഭാഗത്തിലുൾപ്പെട്ട രോഗികളുടെ പരിചരണത്തിനായി വിതരണം ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിന്റെ ഭാഗമായിട്ടാണ് മരുന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ ടി പരാമർശം ഒഴിവാക്കണമെന്നപേക്ഷിക്കുന്നു.
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	കാര്യമായ പ്രവർത്തനങ്ങളൊന്നും പെയിൻ & പാലിയേറ്റീവ് കെയർ സംവിധാനം നടത്തിയിട്ടില്ല.	ഓമശ്ശേരിഗ്രാമ പഞ്ചായത്തിൽ 2011-12 വർഷത്തിലാണ് പെയിൻ ആൻഡ് പാലിയേറ്റീവ്പ്രവർത്തനം ആരംഭിച്ചത്. ടി പ്രവർത്തനത്തിനായി 1,00,000/- രൂപ നീക്കിവെക്കുകയും പ്രസ്തുത പ്രവർത്തനത്തിന്റെ നടത്തിപ്പിനായി 86340/- രൂപചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. വീടുകൾതോറും കിടപ്പിലായിട്ടുള്ള രോഗികൾക്കുള്ള സേവനത്തിൽ യാതൊരു വിധത്തിലുള്ള തടസവും ഉണ്ടായിട്ടില്ല. അതോടൊപ്പം കിടപ്പിലായ രോഗികൾക്കുള്ള മരുന്ന് വിതരണവും നടത്തിവരുന്നുവെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ

				വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത്	2011-12 വർഷം ഹോം കെയർ സംവിധാനത്തിനായി 1 ലക്ഷം രൂപ അടങ്കലിലുള്ള പ്രോജെക്റ്റിനു അംഗീകാരം വാങ്ങിയെങ്കിലും ബോധവത്കരണ ക്ലാസ് മാത്രം നടത്തി 5000/-രൂപ ചെലവഴിച്ചതല്ലാതെ മറ്റൊരു പ്രവർത്തനവും നടത്തിയിട്ടില്ല	നിലവിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു. 2021-22 ൽ 10,00,000/-രൂപ അടങ്കലിൽ 9,98,800/-രൂപയും ചെലവഴിച്ചു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
13	3.3.6.13		പകർച്ചവ്യാധികളും രോഗപ്രതിരോധ നടപടികളും	
		മയ്യനാട് ഗ്രാമപഞ്ചായത്ത്	മയ്യനാട് സി.കേശവൻ സ്മാരക സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഐ പി വാർഡിലെ ടോയ്‌ലറ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നുള്ള മലിനജലം ആശുപത്രി വളപ്പിലെ ഓടകളിൽ കെട്ടി നിൽക്കുന്നതായി കണ്ടു. ചിക്കൻപോക്സും മഞ്ഞപിത്തവും വ്യാപകമായി കണ്ടുവരുന്നു.	മയ്യനാട് സി.കേശവൻ സ്മാരക കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലെ ഓടകളിലെ മലിനജലം ഒഴുക്കിക്കളയുന്നതിനായി പുതുതായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുകയും ഓടകളിലെ മലിനജലം ടാങ്കിലേക്ക് ഒഴുക്കി ക്ലോറിനേറ്റ് ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. നിലവിൽ മലിന ജലം കെട്ടിനിൽക്കുന്ന അവസ്ഥ പരിഹരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		കൊല്ലം നഗരസഭ	പകർച്ച വ്യാധികളും രോഗ പ്രതിരോധ നടപടികളും	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾക്കുമായി കൊല്ലം കോർപ്പറേഷനിലെ എല്ലാ ഡിവിഷനിലും ഡിവിഷൻ കൗൺസിലർ ചെയർമാനായും ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറായും വാർഡ് സാനിട്ടേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ശുചിത്വമിഷൻ വിഹിതം, തനതു ഫണ്ട് വിഹിതം, എൻ.ആർ.എച്ച്.എം വിഹിതം എന്നീ ഇനത്തിൽ 35000/- രൂപ വീതം അനുവദിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റിയുടെ യോഗം വിവിധ വാർഡിൽ ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഓരോ ഡിവിഷനുലും സ്വീകരിക്കേണ്ട പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ആയതിൻ പ്രകാരം കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംഗ്, ക്ലോറിനേഷൻ, ഓട ക്ലീനിംഗ്, കാട് വെട്ടൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നതുമാണ്. കൂടാതെ കോർപ്പറേഷൻ തലത്തിൽ പകർച്ചവ്യാധി പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഐ.ഇ.സി ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്നു. ആയതിൻറെ ഭാഗമായി മലേറിയ പോലുള്ള മാരകരോഗങ്ങൾ കൊല്ലം കോർപ്പറേഷൻ പരിധിയിൽ നിലവിൽ റിപ്പോർട്ട്

				ചെയ്തിട്ടില്ലാത്തതാണ്. കൊല്ലം കോർപ്പറേഷനിൽ അജൈവ മാലിന്യ സംസ്കരണത്തിനായി 221 ഹരിതകർമ്മസേന സേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ജൈവ മാലിന്യ സംസ്കരണത്തിനായി 27 തുമ്പൂർമൂഴി മോഡൽ യൂണിറ്റ്, 12 ബയോഗ്യാസ് പ്ലാൻറ് എന്നിവ കമ്മ്യൂണിറ്റ് ലെവലിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്കരണത്തിനായി 21347 ബയോ കമ്പോസ്റ്റർ ബിന്നുകൾ 110 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, 2066 ബയോഗ്യാസ് പ്ലാൻറുകൾ എന്നിവ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതാണ്. നഗരസഭാ പരിധിയിലെ മലിനജലം സംസ്കരിക്കുന്നതിന് കുരീപ്പുഴയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്ന 12 MLD മാലിന്യസംസ്കരണ പ്ലാൻറിൻറെ പ്രവർത്തനം 75% പൂർത്തീകരിച്ചിട്ടുള്ളതാണ്. നിർദ്ദിഷ്ട പ്ലാൻറ് പൂർത്തീകരിക്കുന്നതോടുകൂടി നഗരസഭയിൽ മലിനജലം ഗണ്യമായി സംസ്കരിക്കാൻ കഴിയുന്നതാണ്. കൂടാതെ അഷ്ടമുടി കായലിൻറെ തീരത്ത് സ്ഥിതി ചെയ്യുന്ന കുരീപ്പുഴയിൽ നിക്ഷേപിച്ചിരുന്ന മാലിന്യം 100% നീക്കം ചെയ്തിട്ടുള്ളതാണ്. കൂടാതെ പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിന് നൈറ്റ് സ്ക്വാഡും

				വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പരിശോധിക്കുന്നതിന് ഹോട്ടൽ സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. ടി വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
14	3.3.6.14		അന്യസംസ്ഥാന തൊഴിലാളികളും ആരോഗ്യപ്രശ്നങ്ങളും	
		പന്മന ഗ്രാമപഞ്ചായത്ത്	പന്മന ഗ്രാമ പഞ്ചായത്തിൽ 2011-12-ൽ രണ്ടുപേർക്ക് മലേറിയ ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് രണ്ടും അന്യസംസ്ഥാന തൊഴിലാളികളായിരുന്നു.	പന്മന ഗ്രാമപഞ്ചായത്തിൽ മലേറിയ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചാത്തമംഗലം ഗ്രാമപഞ്ചായത്ത്	നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിരവധി മറുനാടൻ തൊഴിലാളികൾ താമസിക്കുന്നു.താത്കാലികമായി തയ്യാറാക്കിയ ടിൻ ഷീറ്റ് ടെന്റുകളിലാണ് ഇവർ കഴിയുന്നത്.	ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ അന്യ സംസ്ഥാന തൊഴിലാളികളെയാണ് കൂടുതലായുംആശ്രയിക്കുന്നത്. ഈ തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ മിക്കവാറുംനിർമ്മാണ സ്ഥലത്തോട് ചേർന്നുള്ള കോമ്പൗണ്ടിന് അകത്ത് തന്നെയായിരിക്കും. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ എല്ലാസൗകര്യം ഒരുക്കേണ്ടത് കരാറുകാർ തന്നെയാണ്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ലേബർ

				ക്യാമ്പുകളിൽ ഗ്രാമപഞ്ചായത്ത് ആരോഗ്യ വിഭാഗം ആവശ്യമായ പരിശോധനകൾ നടത്തുകയും ഇവർക്ക് ആവശ്യമായ മരുന്ന്, പ്രതിരോധകുത്തിവെപ്പുകളടക്കം സൗജന്യമായി നൽകുകയും ഇവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് കോവിഡ് കാലത്ത് കൃത്യമായ ഇടവേളകളിൽ മെഡിക്കൽക്യാമ്പുകളും ഭക്ഷണവും നൽകുകയും ലേബർ വകുപ്പിന്റെ ആഭിമുഖ്യത്തിൽഇത്തരം തൊഴിലാളികളുടെ എല്ലാ വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
15	3.3.6.15		മഴക്കാല പൂർവ്വ ശുചീകരണം	
		തിരുവനന്തപുരം നഗരസഭ		നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ കീഴിൽ എല്ലാ വർഷവും മഴക്കാല പൂർവ്വ ശുചീകരണവും പകർച്ച വ്യാധി നിയന്ത്രണവും വിജയകരമായി ആണ് നടപ്പിലാക്കുന്നത്. മാലിന്യ നിർമ്മാർജനം ഉൾപ്പടെ പല ശുചീകരണ പ്രവർത്തികളും സമയബന്ധിതമായി തീർപ്പാക്കുന്നത് മൂലം നഗരസഭയ്ക്ക് കീഴിലുള്ള പ്രദേശങ്ങളിൽ പകർച്ച വ്യാധികളുടെ തോത് വളരെ കുറവാണ് എന്ന്

				നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
16	3.3.6.16		രോഗപ്രതിരോധ കുത്തിവെയ്പ്പ് – ശ്രദ്ധേയമായ നേട്ടം	
17	3.3.6.17		ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റികൾ	
		കൊല്ലം നഗരസഭ		നിലവിൽ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റികളിൽ വിവിധതരം ചർച്ചകൾ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടു വരുന്നു. 2011 – 12 കാലയളവിലുണ്ടായിരുന്ന കുരീപ്പുഴ ചണ്ടി ഡിപ്പോയുടെ പ്രശ്നം ബയോമൈനിംഗ് നടത്തി പരിഹരിച്ചിട്ടുള്ളതാണ്. പേവിഷ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നിലവിൽ അജണ്ടകൾ വരികയും ചർച്ചകൾ നടത്തുകയും വാക്സിനേഷൻ, വന്ധ്യംകരണം എന്നീ പ്രവൃത്തികൾ കൗൺസിലിലേക്ക് ശിപാർശ നൽകി നടത്തി വരികയും ചെയ്യുന്നു. പ്ലാസ്റ്റിക് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഹരിത കർമ്മ സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനം വളരെ നല്ല രീതിയിൽ നടന്നു വരുന്നു. നഗരസഭയുടെ ആരോഗ്യ വിഭാഗം ബി ഡിവിഷൻ പരിധിയിലുള്ള റെയിൽവേ സ്റ്റേഷനു മുന്നിലൂടെയുള്ള ഓടയുടെ പരാതി ഏറെക്കാലം

				മുമ്പേതന്നെ പരിഹരിക്കപ്പെട്ടിട്ടുള്ള താണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനവും മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങളും ഗൌരവത്തോടെയാണ് കാണാതിരുന്നത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് -	ഓമശ്ശേരിഗ്രാമ പഞ്ചായത്തിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിലവിൽ ഓമശ്ശേരി പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ കാര്യക്ഷമമായി ഇടപെടുകയും പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുകയും ചെയ്ത് വരുന്നുണ്ട്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയുർവേദാശുപത്രിക്ക് പുതിയകെട്ടിടം നിർമിക്കുകയും കൂടാതെ ഹോമിയോ ആശുപത്രി നിർമിക്കാൻ 10 സെൻറ് സ്ഥലം വാങ്ങുകയും ചേർത്തിട്ടുണ്ട്. ടി കെട്ടിടംനിർമിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രി ജൻവികാസ്കാര്യക്രമം (PMJVK) പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് പ്രൊപ്പോസൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ അജൈവ മാലിന്യസംസ്കരണത്തിന് വെല്ലുവിളിയായി നിന്നിരുന്ന എംസിഎഫ് ഇല്ലായിരുന്നു എന്നതും നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്

				ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വടകര നഗരസഭ	ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റികൾ	നഗരസഭാ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി സമയബന്ധിതമായി യോഗം ചേർന്ന് പൊതുജനാരോഗ്യപ്രശ്നങ്ങൾ ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളാറുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വിധത്തിൽ പൊതുശൗചാലയങ്ങൾ പരിശോധന നടത്തി നടപടികൾ കൈക്കൊണ്ടുവരുന്നെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാനന്തവാടി നഗരസഭ	ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റികൾ	നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്ന വിഷയം ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും ആയത് സംബന്ധിച്ച പദ്ധതികൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലൂടെ നടപ്പിലാക്കുകയും ചെയ്തു വരുന്നുവെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

				അപേക്ഷിക്കുന്നു.
18	3.3.6.18		ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	
		കൊല്ലം നഗരസഭ	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരെ/ അവരുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 2022 – 23 സാമ്പത്തിക വർഷം മുതൽ ഗ്രാമസഭ/ വാർഡ് കമ്മിറ്റി കൂടുകയും ഇത്തരത്തിൽ കൂടുന്ന കമ്മിറ്റിയിൽ നിന്നും നിർദ്ദേശിക്കുന്ന പദ്ധതികൾ പരിശോധിച്ച് നിർവ്വഹണ സാധ്യത ഉള്ള മുറക്ക് നടപ്പാലാക്കി വരികയാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	ഗ്രാമപഞ്ചായത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭായോഗങ്ങൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്. തൻവർഷം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 17,00,00/- രൂപയും ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ 1,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. 2021-22 ൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ 92,115/-

				രൂപയും, സ്കോളർഷിപ്പ് 928500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും 81,9700/- രൂപയും വീൽ ചെയർ 1,48,500/- രൂപയും മോട്ടോറൈസ്ഡ് വീൽചെയർ 148500/- രൂപയും ഉപകരണങ്ങൾ 1,89,382/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.
		അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	ഗ്രാമപഞ്ചായത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭായോഗങ്ങൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്. തൻവർഷം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് വകയിരുത്തിയ തുക 880550/-. പട്ടികജാതി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് വകയിരുത്തിയ തുക 13800/-. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സ്പിൽ ഓവർ 320000/- വകയിരുത്തി. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 645000/- രൂപയും പട്ടികജാതി ഭിന്നശേഷി വിദ്യാർത്ഥി സ്കോളർഷിപ്പ് 138000/ രൂപയും ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സ്പിൽ ഓവർ 223000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം പ്രോ.ന 30 ൽ 400000/- രൂപയും

				പ്രോ. ന 27 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 900000/- രൂപയും വകയിരുത്തി. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 580000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
19	3.3.6.19		പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും	
		പന്മന ഗ്രാമപഞ്ചായത്ത്	കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് ശൗചാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. നിർമ്മൽ പുരസ്കാരമായി 2009-10 വർഷം 5,00,000/- രൂപ ലഭിച്ചെങ്കിലും തുക ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.	നിർമ്മൽ പുരസ്കാര അവാർഡായി ലഭിച്ച 5,00,000/- രൂപ ഉൾപ്പെടുത്തി 2014-15 വർഷം വനിതകൾക്ക് 400000/- രൂപ അടങ്കൽ തുകയായി ടോയ്‌ലറ്റ് നിർമ്മാണ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതാണ്. 2014-15 വർഷം വനിതാ ടോയ് ലറ്റ് നിർമ്മാണത്തിനായി 388448/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷമുള്ള വർഷം അവാർഡ് തുക ബാക്കി പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.
		കൊല്ലം നഗരസഭ	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും -	കൊല്ലം കോർപ്പറേഷൻറെ 2011 - 12 വർഷത്തെ വാർഷിക പദ്ധതിയിൽ വികസന ഫണ്ട് ഉപയോഗിച്ച് ഇ-ടോയ്ലറ്റ് നിർമ്മിക്കാനായി കേരള സംസ്ഥാനത്തെ പ്രമുഖ സ്ഥാപനമായ

			ഇ-ടോയ്‌ലെറ്റ് -ആസൂത്രണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല	കെൽട്രോണുമായി കരാർ ഉടമ്പടി വയ്ക്കുകയും ആയതിന്റെ ഭാഗമായി ചിന്നക്കട ബസ്സ്റ്റേഷ്ക്ക് സമീപം രണ്ടെണ്ണവും കളക്ടറേറ്റ് ഒന്ന്, ശക്തികുളങ്ങര ഒന്ന് എന്നിങ്ങനെ 4 എണ്ണം സ്ഥാപിക്കുന്നതിന് 2095820/- രൂപയ്ക്ക് കരാർ വയ്ക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ 50% തുകയായ 1047910/- രൂപ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചിന്നക്കട 2 , കളക്ടറേറ്റ് 1, നീണ്ടകര 1 എന്നിങ്ങനെ 4 ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുള്ളതും വെള്ളത്തിന്റെ ലഭ്യതയില്ലാത്തതിനാൽ നീണ്ടകരയിലെ ഇ-ടോയ്ലറ്റ് തുറന്ന് കൊടുത്തിട്ടില്ലാത്തതും ബാക്കി 3 എണ്ണം പ്രവർത്തിച്ച് വന്നിരുന്നതും കരാറുടമ്പടി പ്രകാരം ഓരോ യൂണിറ്റിനും മെയിന്റനൻസ് ചാർജ്ജിനത്തിൽ 7100/- രൂപ നിരക്കിൽ ഓരോ മാസവും നൽകണമെന്നുമാണ്. 2012 ൽ തന്നെ 3 ടോയ്ലറ്റുകളുടെ പ്രവർത്തനം ആരംഭിക്കുകയും പൊതു ജനങ്ങൾ ഉപയോഗിച്ച് വന്നിട്ടുള്ളതുമാണ്. ഇതിനിടയിൽ 2013 ൽ സാമൂഹ്യവിരുദ്ധർ ഇ-ടോയ്ലറ്റിൻറെ യു.പി.എസ് ബാറ്ററി മോഷ്ടിക്കുകയും ആയത് വീണ്ടും കെൽട്രോൺ തന്നെ നന്നാക്കിയിട്ടുള്ളതും 04.06.2013 ൽ കോർപ്പറേഷൻ അധികൃതരും കെൽട്രോണുമായി സംയുക്ത പരിശോധന നടത്തി 3 എണ്ണം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ

				വരുത്തിയിട്ടുള്ളതുമാണ്. 2014 ആദ്യം പരിശോധന നടത്തിയപ്പോൾ സ്ഥാപിച്ച 3 ടോയ്ലറ്റുകളിൽ കോയിൻ ഉപയോഗിച്ച് ഡോർ തുറക്കുന്ന സംവിധാനം തകരാറിലായിട്ടുള്ളതുമായിരുന്നു. ആയത് സംബന്ധിച്ച് കെൽട്രോണിന് നിരവധി അറിയിപ്പ് നൽകിയിട്ടുള്ളതും എന്നാൽ പ്രവർത്തന ക്ഷമമാക്കിയ ടോയ്ലെറ്റുകളുടെ മുഴുവൻ തുകയും മെയിന്റനൻസ് ചാർജ്ജിനത്തിൽ മാസംതോറും നൽകാനുള്ള തുകയും നൽകണമെന്ന് ആവശ്യപ്പെടുകയും എന്നാൽ നിലവിൽ പ്രവർത്തന ക്ഷമമാകാതെ തുക കോർപ്പറേഷൻ നൽകുകയില്ലായെന്നുള്ള നിലപാടിൽ നിന്നതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നിട്ടുള്ളതും കെൽട്രോൺ ഇത് നന്നാക്കാത്ത സാഹചര്യത്തിൽ 2017 ൽ നിയമപരമായ നോട്ടീസ് നൽകിയിട്ടുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	-ഇ ടോയ്ലറ്റ്- ആസൂത്രണം ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഒരു പൊതുശൗചാലയം	ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർക്കറ്റിനുള്ളിൽ ഓഡിറ്റ് പരിശോധനാസമയത്ത് ശോചനീയാവസ്ഥയിൽ നിലകൊണ്ടിരുന്ന ശൗചാലയം നിലവിലില്ലാത്തതും, ആയത്

			മാത്രമാണുള്ളത്. പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന ശൗചാലയത്തിന്റെ സ്ഥിതി ശോചനീയമാണ്. വേണ്ട മേൽനോട്ടവും സംരക്ഷണവും ഇല്ലാതെ ഈ ശൗചാലയം അങ്ങേയറ്റം വൃത്തിഹീനവും നാശോന്മുഖമായ നിലയിലാണ്. ഇവിടെ പ്രാഥമിക ആവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ഈ ശൗചാലയം ഉപയോഗിക്കാൻ നിർബന്ധിതരാകുകയാണ്. വൃത്തിഹീനമായ ഇത്തരം ശൗചാലയങ്ങൾ രോഗവാഹികളായ അണുക്കളുടെ കേന്ദ്രമായി മാറുകയും രോഗങ്ങൾ പടരുന്നതിന് കാരണമായി തീരുകയും ചെയ്യും	നിന്നിരുന്ന സ്ഥലത്ത് കുറച്ച് കൂടി വിസ്തൃതിയിൽ 6 ശുചിമുറി ഉൾപ്പെടുന്ന ശൗചാലയം ടേക്ക് എ ബ്രേക്കിന്റെ ഭാഗമായി നിർമ്മിച്ച് ഉപയോഗസജ്ജമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു
		ചങ്ങനാശ്ശേരി നഗരസഭ		ചങ്ങനാശ്ശേരി നഗരസഭാ പരിധിയിലുള്ള വാഴൂർ ബസ്സ്റ്റാന്റ്, വേഴയ്ക്കാട് ബസ്സ്റ്റാന്റ്, ഫാത്തിമാപുരം അംബേദ്കർ കോളനി എന്നിവിടങ്ങളിലെ ടോയ്‌ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നതും വൃത്തിയായും വെടിപ്പായും

				സൂക്ഷിച്ചുവരുന്നതുമാണ്. പെരുന്ന ബസ്സ്റ്റാന്റിലുള്ള പബ്ലിക് ടോയ്‌ലെറ്റ് മാറ്റി പകരം ടേക്ക് എ ബ്രേക്ക് പദ്ധതിയിലുള്ള ടോയ്‌ലെറ്റ് സമുച്ചയത്തിന്റെ പണി പുരോഗമിച്ച് വരുന്നു. ചങ്ങനാശ്ശേരി നഗരസഭയിൽ നിലവിൽ ഇ-ടോയ്‌ലെറ്റ് സംവിധാനം ഇല്ലാത്തതാണ്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വേങ്ങാട് ഗ്രാമപഞ്ചായത്ത്	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും	അഞ്ചരക്കണ്ടി ബസ്സ്റ്റാൻറിലും മമ്പറം ടൗണിലും സ്ഥിചെയ്യുന്ന ശൗചാലയങ്ങളും പരിസരങ്ങളും ദിവസ വേതനത്തിൽ ജീവനക്കാരെ നിയോഗിച്ച് വൃത്തിയാക്കി സൂക്ഷിച്ച് വരുന്നുണ്ടെന്നും പൊതുജനങ്ങൾ അത് ഉപയോഗപ്പെടുത്തുന്നുണ്ട്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്യത് വിലയിരുത്തൽ നടത്താറുണ്ട്. അഞ്ചരക്കണ്ടിയിലെയും മമ്പറത്തെയും ശൗചാലയങ്ങൾ ഒരോ ദിവസവും ടൗണിൽ എത്തുന്ന നൂറുകണക്കിന് ആളുകളാണ് ഉപയോഗപ്പെടുത്തുന്നത്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കൂടാളി ഗ്രാമപഞ്ചായത്ത്	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും	കൊളപ്പയിലെ പൊതു ശൗചാലയത്തിന് ബോർഡ് വെക്കുകയും ഉപയോഗക്ഷമമാക്കി പൊതുജനത്തിന്

				തുറന്ന് കൊടുക്കുകയും നിലവിൽ ഉപയോഗിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാളിയിലെ പൊതു ശൗചാലയവും പരിസരവും പരാമർശത്തെ തുടർന്ന് വൃത്തിയാക്കുകയും ഇപ്പോൾ ഉപയോഗിച്ചു വരികയും ചെയ്യുന്നുണ്ട്. പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.
		കണ്ണൂർ നഗരസഭ	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും ഇ-ടോയ്‌ലെറ്റ് -ആസൂത്രണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല	കണ്ണൂർ നഗരസഭയിൽ ഓഫീസിനു പുറത്തും ജില്ലാ ബാങ്കിനു സമീപത്തും ഒരോ ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വന്നിരുന്നു. ആയത് വർഷങ്ങളോളം പ്രവർത്തിക്കുകയും എന്നാൽ മെയിന്റനൻസിന് ഭീമമായ തുക മുടക്കിയാൽ തന്നെ 7 വർഷം മാത്രം വാലിഡിറ്റി ഉള്ള സാഹചര്യത്തിലും 27-05-2020 ലെ 35-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടി ഇ-ടോയ്‌ലറ്റുകൾ ഉപേക്ഷിച്ച് നീക്കം ചെയ്തിട്ടുള്ളതാണ്. ഓഫീസ് കോമ്പൗണ്ടിൽ 6 സീറ്റുകളൊടു കൂടി പ്രത്യേകം ടോയ്‌ലറ്റ് ബ്ലോക്ക് സ്ഥാപിച്ച് പൊതു ശൗചാലയമായി പ്രവർത്തിക്കുകയും ചെയ്ത് വന്നിട്ടുള്ളതും ടോയ്‌ലെറ്റിന്റെ അപര്യാപ്തത പരിഹരിച്ചിട്ടുള്ളതുമാണ്. കാൽടെക്സിൽ മതിയായ സൗകര്യ ങ്ങളോടെ 10 കംഫർട്ട് സ്റ്റേഷനുകളുടെ (Gents & Ladies) നിർമ്മാണം പൂർത്തിയായിട്ടുള്ളതാണെങ്കിലും നിലവിൽ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന

				മുറയ്ക്ക് പ്രവർത്തനയോഗ്യമാവുന്നതാണ്. പഴയ ബസ് സ്റ്റാന്റ്, സ്റ്റേഡിയം പവലിയൻ, സ്റ്റേഡിയത്തിനു പുറത്തുള്ള Pay and use comfort station , Newbusstand എന്നിവിടങ്ങളിൽ നിലവിൽ ടോയ്‌ലെറ്റുകളെല്ലാം പ്രവർത്തനക്ഷമമാണ്. പൊതു ജനാരോഗ്യത്തിന് പ്രധാന്യം നൽകി യഥാസമയം അറ്റകുറ്റ പണികൾ ചെയ്തു പ്രവർത്തനക്ഷമമാക്കി വരുന്നുണ്ട്. പരിപാലനത്തിനായി എല്ലാ വർഷവും പൊതുലേലം മുഖേന കരാറുകാരെ ഏൽപ്പിക്കുകയും ആയത് തൃപ്തികരമായി നടപ്പാക്കുകയും ചെയ്തു വരുന്നുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
		പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത്	കാസറഗോഡ് ജില്ലയിലെ പുല്ലൂർപെരിയ ഉദയനഗർ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട് കോളനി, കമ്മ്യൂണിറ്റി ഹാൾ, പെരിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ 2010- 11 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 640000/-രൂപയും .. പെരിയ കമ്മ്യൂണിറ്റി ഹാൾ, ഉദയനഗർ കമ്മ്യൂണിറ്റി ഹാൾ	കാസറഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പെരിയ കമ്മ്യൂണിറ്റി ഹാളിൽ വെള്ളത്തിന് സൗകര്യമുണ്ട്. ശുചിത്വ സംവിധാനങ്ങൾ നിലവിലുണ്ട്. ഉദയനഗർ കമ്മ്യൂണിറ്റി ഹാളിന് റീവയറിംഗ്, ചുറ്റുമതിൽ, വൈദ്യുതി കണക്ഷൻ എന്നിവ സജ്ജമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് തുടർനടപടികൾ സ്ഥിരികരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

			എന്നിവിടങ്ങളിലെ ശൌചാലയങ്ങൾ വെള്ളം ലഭ്യമാക്കാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്.	അപേക്ഷിക്കുന്നു.
20	3.3.6.20		നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം	ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന് 01.02.2010 ന് അനുവദിച്ച് ലഭിച്ച നിർമ്മൽ പുരസ്കാര ഫണ്ട് 500000/- രൂപയിൽ 2014-2015 വർഷം 308307/- രൂപ ഓമല്ലൂർ മാർക്കറ്റിൽ വനിത ശിശു സൗഹാർദ കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിനും, 2019-2020 വർഷം 63950/- രൂപ മാർക്കറ്റിൽ സി.സി.റ്റി.വി ക്യാമറ ഇൻസ്റ്റലേഷനു വേണ്ടിയും ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയ്ക്ക് 2022-2023 വർഷം ഓമല്ലൂർ മാർക്കറ്റിൽ സിസിടിവി ക്യാമറ &ലൈറ്റ് എന്നിവ സ്ഥാപിക്കൽ എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി - നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.
		മൂന്നാർ ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം	തുക പിന്നീട് പ്രോജക്ട് ഏറ്റെടുത്ത് പരിഹരിച്ചിട്ടുണ്ട്.

		ചാത്തമംഗലം ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം	കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിർമ്മൽ പുരസ്കാര തുകയായി ലഭിച്ച തുക ഉപയോഗിച്ചുകൊണ്ട് കട്ടാങ്ങൽ ചാത്തമംഗലം അങ്ങാടികളിൽ ശുചിത്വസമുച്ചയങ്ങൾ നിർമ്മിച്ചിരുന്നു.. കട്ടാങ്ങൽ അങ്ങാടിയിലെ ശുചിത്വ സമുച്ചയങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസ്സിനോടനുബന്ധിച്ച് ബസ്സ്സ്റ്റാന്റുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. മേൽ സമുച്ചയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിരുന്നു. ചാത്തമംഗലം അങ്ങാടിയിലുള്ള ശുചിത്വ സമുച്ചയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിരുന്നു വെങ്കിലും ആയത് ശുചീകരിക്കുന്നതിന് കൃത്യമായ സംവിധാനം ഇല്ലാത്തതിനാൽ വൃത്തിയായി സൂക്ഷിക്കാൻ കഴിയാതെ വരുകയും പൊതുജനങ്ങൾ മേൽ സമുച്ചയം ഉപയോഗിക്കുന്നതിൽ നിന്ന് ക്രമേണ പിൻ മാറുകയാണ് ഉണ്ടായത്. ആളുകൾ മേൽ സമുച്ചയം ഉപയോഗിക്കാത്തതിനാൽ ആയത് വാടകക്ക് നല്കാൻ കഴിഞ്ഞിട്ടില്ല. മേൽ പ്രശ്നം പരിഹരിക്കുന്നതിന് ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ, കൃഷിഭവൻ എന്നിവയുടെ ടോയ്‌ലറ്റ് ആക്കി മാറ്റുന്നതിനും, ഇവിടെ വരുന്ന പൊതുജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കുന്നതിനുള്ള സൗകര്യം

				ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കട്ടാങ്ങൽ അങ്ങാടിയിലെ ശുചിത്വ സമുച്ചയം 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ശുചിത്വമിഷന്റെ ഫണ്ടുപയോഗിച്ച് ടേക്ക് എ ബ്രേക്ക് പ്രോജക്ട് നടപ്പിലാക്കുകയും യാത്രക്കാർക്കും, മുലയൂട്ടുന്ന അമ്മമാർക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുന്ന വിധത്തിൽ കുടുംബശ്രീ മുഖേന വിശ്രമ മുറി, കഫ്റ്റീരിയ സൗകര്യത്തോടുകൂടി വിജയകരമായി തുറന്നു പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം - നിർമ്മൽ പുരസ്കാര തുക ചെലവഴിച്ചു നിർമ്മിച്ച നിഷ്ക്രിയ ആസ്തി	ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ കടാങ്കോട്, ഗ്രാമപഞ്ചായത്തിന്റെ 2008-09 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച പ്ലാസ്റ്റിക്ക് ഷെഡ്ഡിംഗ് യൂണിറ്റിനുള്ള കെട്ടിടം പൂർണ്ണ അർത്ഥത്തിൽ മേൽ ആവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് ഭരണസമിതി വിലയിരുത്തി. എന്നാൽ പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന വീടുകളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള പ്ലാസ്റ്റിക്ക്

				താൽക്കാലികമായി സൂക്ഷിക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപിക്കേണ്ട എം.സി.എഫ് ആയി ഇത് ഉപയോഗപ്പെടുത്തുന്നുണ്ട് വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് നീലേശ്വരം ബ്ലോക്ക് തലത്തിൽ സ്ഥാപിച്ച ആർ.ആർ.എഫിലേക്ക് പ്ലാസ്റ്റിക്ക് കൊണ്ടു പോകുന്നത് ഇവിടെ നിന്നുമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഹരിത കർമ്മസേനക്ക് ഏറെ പ്രയോജനകരമാണ് ഈ കെട്ടിടം എന്ന് കണ്ടതിനാൽ സ്ഥിരം എം.സി.എഫിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജനപ്രതിനികളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തി പൊതുജനങ്ങളിൽ നിന്നും എതിർപ്പ് ഇല്ലാതാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രൊജക്ട് എം.സി.എഫ് നിർമ്മാണം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതിയാണ്. പ്രൊജക്ട് നിർവ്വഹണ ത്തിനായി ഇ-ടെണ്ടർ വിളിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ്പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
21	3.3.6.21		പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള	

			പ്രത്യേക പദ്ധതികൾ	
22	3.3.6.22		സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	
		ആനാട് ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	2011-2012 പദ്ധതിയില് ഉൾപ്പെടുത്തി മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൻ കീഴിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പേറേഷനിൽ നിന്നും ബാക്കി ലഭിയ്ക്കാനുണ്ടായിരുന്ന 37670/- രൂപയുടെ മെഡിസിന് ലഭിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	2011-12 വാർഷിക പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും മാഞ്ഞൂർ ഗവ. ആയുർവേദ ആശുപത്രിക്ക് ലഭിക്കുവാൻ അവശേഷിച്ചിരുന്ന 35153/- രൂപയുടെ മരുന്നുകൾ പൂർണ്ണമായും ഔഷധി ലഭ്യമാക്കിയതായി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		തൃശ്ശൂർ നഗരസഭ		ആരോഗ്യ വകുപ്പിനോട് ടി വിഷയത്തിലുള്ള റിപ്പോർട്ട് സമിതിയ്ക്ക് നേരിട്ട് ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
		എടവണ്ണ ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ	നിലവിൽ മരുന്നുകൾ നീതി സ്റ്റോറിൽ നിന്നാണ്

			നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	വാങ്ങുന്നത്, KMSCL ൽ നൽകിയ തുകക്കുള്ള മരുന്നുകൾ യഥാസമയം ലഭിക്കുന്നുണ്ട്. ലഭ്യമാക്കൻ ബാക്കി ഉണ്ടായിരുന്ന 167072/- രൂപയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വടകര നഗരസഭ		ആരോഗ്യ വകുപ്പിനോട് ടി വിഷയത്തിലുള്ള റിപ്പോർട്ട് സമിതിയ്ക്ക് നേരിട്ട് ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	ആയുർവേദ/ അലോപ്പതി ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ട്. ഗുണനിലവാരമുള്ള മരുന്നുകൾലഭ്യമാക്കുന്നതിനു വേണ്ടിയാണ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മരുന്ന വാങ്ങുന്നത്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
23	3.3.6.23		കെ.എം.എം.എൽ. മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ	
		പന്മന ഗ്രാമപഞ്ചായത്ത്	കെ.എം.എം.എൽ മുഖേനയുള്ള ആരോഗ്യ പ്രശ്നങ്ങൾ	രാസ മലിനീകരണ സാധ്യതയുള്ളതും കെ.എം.എം.എൽ-നു സമീപവുമുള്ള 6 വാർഡുകളിൽ കെ.എം.എം.എൽ. സി.എസ്.ആർ.

				ഫണ്ട് കൂടി ഉപയോഗിച്ച് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക ശുദ്ധജല പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
24	3.3.7		നിഗമനങ്ങൾ	
			ആരോഗ്യമേഖല സംബന്ധിച്ച കൃത്യമായ സ്ഥിതി വിവരകണക്കുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.	ആരോഗ്യമേഖലയെ സംബന്ധിച്ച് സ്ഥിതി വിവര കണക്കുകൾ സൂക്ഷിച്ചുവരുന്നു.
			ആരോഗ്യ മേഖലയിലെ സമഗ്ര പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല	നിലവിൽ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ആശുപത്രികൾ/ ഡിസ്പെൻസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു.
			സേവന മേഖലയിലെ ആകെ ചെലവിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആരോഗ്യ മേഖലയിൽ ചെലവഴിച്ചിരിക്കുന്നത്.	നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമായ ഗ്രാന്റുകൾ, വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് പരമാവധി പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുള്ളതാണ്.

			പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. ഭൂരിഭാഗം ആശുപത്രികളിലും കുടിവെള്ളം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.	പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കുടിവെള്ളം ഉൾപ്പെടെ യുള്ള സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾക്ക് നടപടി സ്വികരിച്ചു വരുന്നുണ്ട്.
			സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.	ആരോഗ്യ സ്ഥിരം സമിതിയുടെ മേൽനോട്ടത്തിൽ സബ് സെന്ററുകളുടെ പ്രവർത്തനം പരിശോധിച്ച് തുടർ വർഷങ്ങളിൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
			ആശുപത്രി മാനേജിംഗ് കമ്മറ്റികൾ നിർജ്ജീവമാണ്. ആശുപത്രികളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകുന്നില്ല. വാർഷിക വരവ് - ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.	ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തി കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

			എൻ.ആർ.എച്ച്.എം, ആയുഷ് പ്രോജക്ടുകളുടെ പ്രവർത്തനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ഏകോപനമില്ലാതെയാണ് പ്രവർത്തിക്കുന്നത്.	ആരോഗ്യ സ്ഥിരം സമിതികൾ ചേരുകയും മാലിന്യ സംസ്കരണത്തിനു വേണ്ടിയുള്ള സമഗ്ര NRHM പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.
	3.3.8		ശുപാർശകൾ	
			1. ആരോഗ്യ മേഖലയെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	1)ആരോഗ്യ മേഖലയെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ നിലവിൽ സൂക്ഷിച്ചുപോരുന്നുണ്ട്. 2)ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന

			സൂക്ഷിക്കേണ്ടതാണ്. **2.** ആശുപത്രികൾ / ഡിസ്പെൻസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. **3.** പദ്ധതികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കണം. **4.** പകർച്ചവ്യാധികളും, നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്. **5.** ജീവിത ശൈലീരോഗങ്ങൾക്കെതിരായ	സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിൽ വിശദമായ ചർച്ചകൾ നടത്തിയാണ് വാർഷിക പദ്ധതി രൂപീകരിച്ച് ലഭ്യമായ വിഭവ സമാഹരണത്തിലൂടെ സമഗ്ര പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. 3) പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയിലും മോണിറ്ററിംഗ് നടത്തുന്നുണ്ട്. 4)പരിസര ശുചിത്വവും പകർച്ചവ്യാധി പ്രതിരോധവും സർക്കാർ ഉത്തരവിലൂടെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ഇതൊരു തുടർ പ്രക്രിയായി ചെയ്തുവരുന്നതുമാണ്. കൂടാതെ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേനകൾ രൂപീകരിച്ച് ഗണ്യമായ തോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുള്ളതാണ്. 5) ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ജീവിതശൈലീ ക്ലിനിക്കുകളും മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ വാർഷിക പദ്ധതിയുടെ ഭാഗമായിതന്നെ

			ബോധവൽക്കരണം ആരോഗ്യ നയത്തിന്റെ ഭാഗമാക്കണം. ***6.*** പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം. ***7.*** അന്യദേശക്കാരായ തൊവിലാളികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്. ***8.*** ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ***9.*** ആദിവാസി മേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.	ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 6) പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനായി ആരോഗ്യ വകുപ്പിനൊപ്പം മറ്റ് വകുപ്പുകളെ കൂടി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ശുചീകരണവും മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികളും ഹരിത കർമ്മ സേനകൾ, ഖരമാലിന്യ നിർമ്മാർജ്ജന-പൊതുമരാമത്ത് പ്രവർത്തികൾ, കുടുംബശ്രീകൾ തുടങ്ങിയ സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 7) അന്യദേശക്കാരായ തൊഴിലാളികളുടെ വിവര ശേഖരണം സംസ്ഥാന തൊഴിൽ വകുപ്പിന്റെ കൂടി സഹകരണത്തോടെ നടത്തിയിട്ടുള്ളതാണ്. 8) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 9) ആദിവാസി വിഭാഗങ്ങൾ താമസിച്ചുവരുന്ന പ്രദേശങ്ങളിൽ എസ്.ടി പ്രമോട്ടർമാർ മുഖേന

			10. ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർമ്മൽ പുരസ്കാര തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കണം.	അവർക്കാവശ്യമായ സേവനങ്ങളും, പ്രവർത്തനവും നടത്തിവരുന്നു. ആദിവാസി വിഭാഗങ്ങൾക്ക് പ്രത്യേകം ഊരുകൂട്ടംചേരുകയും, അവരുടെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങളും, വിവരശേഖരണവും നടത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ വാർഷിക പദ്ധതികൾ ആ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. 10) നിലവിൽ ശുചിത്വ മേഖലയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും നിർമ്മൽ പുരസ്കാര തുകകളും ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുകയും കര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കാനുമുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വയനാടിന്റെ 2012 - 2013 വർഷത്തെ സമഗ്ര ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2012-13	അദ്ധ്യായം 3	ഓഡിറ്റ് നിരീക്ഷണങ്ങൾ - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും	
1		3.3.6.21	പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതി	പരാമർശം തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയെക്കുറിച്ചാണ്. വകുപ്പിന് ടി പദ്ധതിയിൽ യാതൊരു പങ്കാളിത്തവുമില്ല. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി കാണുന്ന ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി ജനസംഖ്യ താഴെ കൊടുക്കുന്നു. ഇടുക്കി -50971, വയനാട് - 136062, പാലക്കാട്- 39665. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാഥമിക പരിചരണം നൽകുന്നതിന് 19 ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് 5 എണ്ണം വയനാട് ജില്ലയിലും, 2 വീതം ഇടുക്കി, പാലക്കാട് ജില്ലകളിലും ഓരോന്ന് വീതം കാസർഗോഡ്, മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ ഓരോ മാസവും ശരാശരി 20 മെഡിക്കൽ ക്യാമ്പുകൾ വീതം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാവർഷവും പട്ടികവർഗ്ഗക്കാർക്കായി മൊബൈൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. പട്ടികജാതി കോളനിയിലെ വൃദ്ധജനങ്ങൾക്കായി "രോഗപ്രതിരോധ പ്രവർത്തനവും ആരോഗ്യസംരക്ഷണവും" എന്ന പദ്ധതി 2011-12 ൽ നടപ്പാക്കി. ആരോഗ്യമേഖലയിൽ ജനറലായി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്.

പാലക്കാട് അകത്തേത്തറ ഗ്രാമപഞ്ചായത്ത് ആദിവാസിമേഖല കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ഹീമോഗ്ലോബിൻ പരിശോധന നടത്തുന്നതിനായി കഴിഞ്ഞ 2 വർഷങ്ങളിൽ 'പട്ടിക വർഗ്ഗ പെൺകുട്ടികൾക്ക് ഹീമോഗ്ലോബിൻ പരിശോധനാ ക്യാമ്പ്' എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മേലാധാണി, അംബേദ്കർ കോളനി എന്നിവിടങ്ങളിൽ നടത്തിയ ക്യാമ്പിൽ 105 പേരുടെ ഹീമോഗ്ലോബിൻ പരിശോധന നടത്തുകയും ആരോഗ്യപോഷണ വിദ്യാഭ്യാസ ക്യാമ്പ് സംഘടിപ്പിക്കുകയും ഉണ്ടായി.

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ധാരാളമായി അധിവസിക്കുന്ന വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഈ വിഭാഗങ്ങൾക്കായി ആരോഗ്യമേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി ആകെ 25,000/-രൂപ ചെലവിൽ മരുന്ന വിതരണവും രോഗപരിശോധനയും മാത്രമാണ് നടത്തിയത്.

<u>പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള സ്കീമുകൾ</u>

1. <u>സമ്പൂർണ്ണ ആരോഗ്യ സുരക്ഷ</u>

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസംഹായത്തോടെ ആരോഗ്യവകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. രോഗിക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന് വാങ്ങൽ, മെഡിക്കൽ ടെസ്റ്റ് ഇങ്ങനെയുള്ളവ) 10000/-രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10000/-രൂപക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകൾ 10,000/-രൂപ വരെ ബന്ധപ്പെട്ട

				ആശുപത്രി സൂപ്രണ്ടും 50,000/-രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/-രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന കേസുകളിൽ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ബന്ധപ്പെട്ട ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിൽ ബന്ധപ്പെട്ട സൂപ്രണ്ടുമാർക്ക് ഫണ്ട് അനുവദിക്കുന്നു. 2. അതിവാൾ രോഗത്തിനു ധനസഹായം വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് അതിവാൾ രോഗം, ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2,500/-രൂപ വീതം ധനസഹായം നൽകി വരുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് ഇത് നൽകുന്നത്. 3. ജനനി-ജനരക്ഷ അമ്മയുടെയും നവജാത ശിശുക്കളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുവാൻ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനി ജനരക്ഷ. ഗർഭിണിയായതിനു ശേഷമുള്ള 3 മാസം മുതൽ കഞ്ഞിന് 1 വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം 2000/-രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകിവരുന്നു. ഇത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. 4. പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി പട്ടികവർഗ്ഗ സമൂഹങ്ങളിലും രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1,00,000/-രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെ മാരകമായ രോഗചികിത്സക്ക് ഒരു ലക്ഷം രൂപവരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/-രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിക്കുന്നതാണ്. കുടുംബത്തിന്റെ ഏക വരുമാനദായകന് അപകടമരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000/-രൂപവരെ ഈ

			പദ്ധതിവഴി അനുവദിക്കാവുന്നതാണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തം മുതലായവ മൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/-രൂപ വീതം നിബന്ധനകൾക്ക് വിധേയമായ നൽകി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം ലഭ്യമാക്കൽ, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കൽ, ആകസ്മിക മരണങ്ങൾ സംഭവിക്കുന്ന പക്ഷം പോസ്റ്റുമോർട്ടത്തിന് ആവശ്യമായ ചെലവുകൾ അത്യാഹിതങ്ങൾ/അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായനിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. 5.സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ആധുനിക സൗകര്യങ്ങൾ അടങ്ങിയ ജിപിഎസ് ഘടിപ്പിച്ച 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി സഹകരിച്ച് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ ഒഴികെ മറ്റ് എല്ലാ ജില്ലകളിലും പ്രവർത്തനം സജ്ജമാക്കി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നുണ്ട്. ഇവ കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിൽ നിരുവനന്തപുരം ഇടുക്കി ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 1.ഒ.പി ക്ലിനിക്കുകൾ മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടിക വർഗ്ഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന കുഷ്ഠം, കിഡ്നി, ത്വക്ക് രോഗങ്ങൾ സിക്കിൾ സെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989 -90 ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നിലവിൽ അട്ടപ്പാടിയിൽ 2 ഒ.പി. ക്ലിനിക്കുകളും ഇടുക്കിയിൽ

				2. ഒ.പി.ക്ലിനിക്കുകളും, ചാലക്കുടി പട്ടികവർഗ്ഗ വികസന ആഫീസുടെ കീഴിൽ ഒരു ഒ.പി.ക്ലിനിക്കും പ്രവർത്തിക്കുന്നു. 2. **ബ്ലഡ് ബാങ്ക് സെന്റർ** വയനാട് ജില്ലയിൽ മൂന്നു സെന്ററുകളും കൊല്ലം ജില്ലയിൽ ഒരു സെന്ററും പ്രവർത്തിക്കുന്നു. 3. **ആയുർവ്വേദ ആശുപത്രി** കണ്ണൂർ ജില്ലയിലെ ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നു. ആയുർവ്വേദ ഡിസ്പെൻസറികൾ-തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 17 ആയുർവ്വേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. **മോഡൽ റസിഡൻഷ്യൽ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ്** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യ പോഷക നിലവാരങ്ങൾ യഥാസമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനും ഇതുവഴി വളർച്ചയുടെ ഘട്ടങ്ങൾ ശാസ്ത്രീയമായി അപഗ്രഥനം ചെയ്യുന്നതിനുമായി UNICEF, ആരോഗ്യവകുപ്പിലെ ശിശുസംരക്ഷണ വിഭാഗത്തിലെ വിദഗ്ധർ, ന്യൂട്രീഷനിസ്റ്റ് എന്നിവരുടെ സഹായത്തോടെ ഒരു സമഗ്ര മെഡിക്കൽ റെക്കോർഡ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സ്കൂളിൽ പ്രവേശനം നേടുന്നതു മുതൽ സ്ഥാപനത്തിൽ നിന്നും പഠനം പൂർത്തീകരിച്ച് പോകുന്നതു വരെയുള്ള കാലയളവിൽ ആരോഗ്യസംബന്ധമായ സമസ്ത വിവരങ്ങളും ഈ ഹെൽത്ത്കാർഡിൽ രേഖപ്പെടുത്താൻ സാധിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ നൽകിയിട്ടുള്ള കൗൺസിലിംഗ് വിവരങ്ങളും ആരോഗ്യ പരിപാലന ക്ലാസ്സുകൾ സംബന്ധിച്ച വിവരങ്ങളും ഇതിൽ രേഖപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഠനവൈകല്യങ്ങൾ, നിലവിൽ ചികിത്സ തേടുന്ന രോഗങ്ങളുടെ വിവരങ്ങൾ, പാരമ്പര്യരോഗ ചരിത്രം, കൗമാരക്കാരായ പെൺകുട്ടികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്നിവയും ഈ മെഡിക്കൽ ഹാർഡ്കാർഡിൽ രേഖപ്പെടുത്താൻ സാധിക്കും.

ജിനികുമാർ വി.ജി.
അഡീഷണൽ ഡയറക്ടർ
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
തപ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

കേരള നിയമസഭ - ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി- സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ സംബന്ധിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
3.3.8	അനുമതി കൂടാതെ തൊഴിലാളികളെ സംഘടിപ്പിച്ച തുടർന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയ്ക്കുന്നതിൽ വീഴ്ച	തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമ പ്രകാരം അക്കൗണ്ടന്റ് ജനറലിലോ മറ്റുസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടറുടെ കീഴിൽ ജോലിയ്ക്ക് വന്നെത്താറാണ് ആദ്യ നിയമിക്കുന്ന രജിസ്ട്രേഷനും മറ്റു നിയമപരിരക്ഷയും ഇവർക്ക് ലഭിക്കുന്നത്. എന്നാൽ സ്വമേധയാ ജോലിയ്ക്കായി വരുന്ന തൊഴിലാളികൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിടങ്ങളിൽ തൊഴിലാളികളെ സംബന്ധിച്ച വിശദ വിവരം സൂക്ഷിയ്ക്കാറുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിലവിൽ വരുത്തേണ്ടത് "ഷ്രംസേവ്" പദ്ധതിയിലൂടെയാണ്. "ഷ്രംസേവ്" പദ്ധതി എന്നത് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരം സൂക്ഷിക്കുന്നുണ്ട്. 31.08.2022 വരെ സംസ്ഥാനത്ത് ഷ്രംസേവ് പദ്ധതി പ്രകാരമുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം 5,16,320 ആണ്. സംസ്ഥാനത്ത് ജോലിയ്ക്കായി എത്തിച്ചേരുന്ന എല്ലാ അന്യസംസ്ഥാന തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഇപ്പോൾ വരുത്തുന്നതിനും ഇവരുടെ തൊഴിൽ പരിചയം പ്രത്യേക തൊഴിൽ വൈദഗ്ധ്യം എന്നിവ അടിസ്ഥാനപ്പെടുത്തി തൊഴിൽ കണ്ടെത്തുന്നതിനും തൊഴിലുടമകൾക്ക് തങ്ങൾക്ക് ആവശ്യമുള്ളവരെ തൊഴിലാളികളെ കണ്ടെത്തുന്നതിനായി "ആസിഡ് പോർട്ടൽ" സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുകയുണ്ടായി. എന്നാൽ കൂടുതൽ തൊഴിലാളികളുടെ പങ്കാളിത്തം ഇതിലൂടെയുള്ള ഇപ്പോൾ വരുത്തുന്നതിനായി ടി പോർട്ടൽ ഒരു മൊബൈൽ ആപ്പ് ആയി മാറ്റി എൻ.ഐ.സി.യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്.

സി. ഹൈമ
അഡീഷണൽ സെക്രട്ടറി
തൊഴിൽ നൈപുണ്യവും വകുപ്പ്
ഫോൺ 0471 - 2518249

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-2013 വർഷത്തെ സമഗ്രമായ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.3.5 ൽ ഉൾപ്പെട്ട ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് തുടർ പരിഹാര പട്ടിക

ക്രമ നം	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2012–2013	അധ്യായം -3.3.5	ഓഡിറ്റ് നിരീക്ഷണങ്ങൾ - മേഖല ഭരണ സ്ഥാപനങ്ങൾ	
1		1	ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. (i) പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഒ.പി വിഭാഗം അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. (ii)കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിലെ കുറ്റിവട്ടം ആയുർവേദ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച പേവാർഡ് കെട്ടിടം ഉപയോഗ യോഗ്യമല്ലാത്തത് (iii) ചേർത്തല ഗവ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കാത്ത ഐ.പി ബ്ലോക്ക്	(i) നിർദ്ദിഷ്ട ഒ.പി കെട്ടിടം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റ പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ട സ്ഥിതിഗതികൾ മാറ്റി കെട്ടിടത്തിന് ഷീറ്റ് റൂഫിംഗ് നടത്തി അപാകതകൾ പരിഹരിച്ച് പൊതുജനങ്ങൾക്ക് ഉപയോഗ പ്രദമായ രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. (ii)പന്മന ഗ്രാമപഞ്ചായത്തിലെ കുറ്റിവട്ടം ആയുർവേദ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച പേവാർഡ് കെട്ടിടത്തിന്റെ നിർമ്മാണ കുറവുകൾ പരിഹരിച്ച് ഉപയോഗിച്ച് വരുന്നു. (iii) ചേർത്തല ഗവ. ആയുർവേദ ആശുപത്രിയുടെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന എട്ട് പേ-വാർഡ് ഉൾക്കൊള്ളിൽ ഡോക്ടേഴ്സിന്റെ ഒരു ഡ്യൂട്ടി റൂം ഒഴിച്ച് ബാക്കി എട്ട് മുറികളും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും . വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും സഹിതം സജ്ജീകരിച്ചിട്ടുണ്ട്.

		2.	(i) കാസറഗോഡ് മുൻസിപാലിറ്റിയ്ക്ക് കീഴിലുള്ള ആയുർവേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് (ii)കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവ. ഹോമിയോ ഡിസ്പെൻസറി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും, മരുന്നുകൾ സൂക്ഷിക്കുവാൻ സൗകര്യമില്ലാത്തതും	(i) കാസറഗോഡ് മുൻസിപാലിറ്റിയ്ക്ക് കീഴിലുള്ള ആയുർവേദ ആശുപത്രി 2014 ൽ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയതിന് ശേഷം എല്ലാ ഫർണ്ണിച്ചറുകളും മുറികളും പൂർണ്ണമായി ഉപയോഗ യോഗ്യമാണ്. (ii) കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവ. ഹോമിയോ ഡിസ്പെൻസറി 2015 മുതൽ പഞ്ചായത്തിന് കീഴിലുള്ള വായനശാലാ കെട്ടിടത്തിലാണ് പ്രവൃത്തിച്ചു വരുന്നത്. സ്ഥാപനത്തിൽ മരുന്നുകൾ സൂക്ഷിക്കുവാൻ സൗകര്യമുണ്ട്.
		8.	(i) 2010-11 വർഷം മൂന്നാർ ഹോമിയോ ഡിസ്പെൻസറിക്ക് 70642/- രൂപ മരുന്ന് വാങ്ങുന്നതിന് വകയിരുത്തി. പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തത് (ii) കൊല്ലം വടക്കേവിള ഹോമിയോ ആശുപത്രിയ്ക്ക് സ്വന്തം വാങ്ങി കെട്ടിടം പണി നടത്തുന്നതിന് തുക വകയിരുത്തിയത് സംബന്ധിച്ച്	(i) 2011 ൽ ആരംഭിച്ച മൂന്നാർ ഹോമിയോ ഡിസ്പെൻസറിയ്ക്ക് 2010-11 വർഷത്തിൽ വാടകയായി തുക ചെലവിട്ടിട്ടില്ല. (ii) പ്രൊജക്ടിന് വകയിരുത്തിയ തുകയ്ക്ക് ടി പ്രദേശത്ത് ഭൂമി ലഭ്യമാകാതെ വന്നതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.
		9.	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ - 11/10/1988 ലെ ആശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് നിർദ്ദേശം പാലിക്കുന്നില്ല.	മൂന്ന് മാസത്തിലൊരിക്കൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ കൂടണമെന്ന നിർദ്ദേശം എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
		10	ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം എന്നതിൽ ആയുഷ് പ്രൊജക്ട്. ആശുപത്രിയുമായി ഏകോപിച്ച് പ്രവർത്തിക്കുന്നില്ല. - NRHM ന്റെ ആയുഷ് പ്രൊജക്ട് മുഖേന 30 ലക്ഷം രൂപ വകയിരുത്തി ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ആശുപത്രി കെട്ടിടം	നാഷണൽ ആയുഷ് മിഷന്റെ ഫണ്ടായ 30 ലക്ഷം രൂപ ഉപയോഗിച്ച് 2014-15 സാമ്പത്തിക വർഷത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയ്ക്ക് സ്ഥാപനത്തിൽ ഐപി കെട്ടിടം നിർമ്മിച്ചിരുന്നു. 30/10/2014 ന് ഉദ്ഘാടനം നിർവഹിച്ച് ടി

			നിർമ്മിക്കുന്ന പദ്ധതിയ്ക്ക് അനുമതി ലഭിച്ചിരുന്നു. പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുമായി എൽകാപനമില്ലാത്തതിനാൽ പദ്ധതിയുടെ ഗുണഫലം ആളുപയോഗിയ്ക്ക് ലഭ്യമായിട്ടില്ല	കെട്ടിടത്തിൽ 10 ബെഡ് ഐ.പി വിഭാഗം പ്രവർത്തിച്ചു വരുകയും, നിലവിൽ ആയുഷ് പ്രോജക്ടുകളുമായി ബന്ധപ്പെട്ട് യോജിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്
		II	(i) ആയുർ മുകളം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല (ii) സ്കൂൾ ആരോഗ്യ പദ്ധതി എന്നതിൽ സ്കൂൾ ആരോഗ്യ പദ്ധതി പൂർണ്ണ പരാജയം എന്നതുമാണ്	സ്കൂൾ ആരോഗ്യ പദ്ധതി മുഖേന ഔഷധിയിൽ നിന്നും ലഭ്യമായ ഔഷധങ്ങൾ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന അവസ്ഥ നിലവിൽ ഇല്ല. സ്കൂൾ ആരോഗ്യ പദ്ധതി മുഖേന ലഭ്യമായ ഔഷധങ്ങൾ പൂർണ്ണമായി വിനിയോഗിച്ചതിനാൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടുള്ളതാണ്. (ii) 2012-13 വർഷത്തിൽ മാനന്തവാടി പഞ്ചായത്തിൽ നിന്നും ടി പഞ്ചായത്തിന്റെ തന്നെ പ്രോജക്ടായ ആയുർമുകളം പദ്ധതി നടപ്പിലാക്കുന്നതിന് മാനന്തവാടി ആയുർവേദ ഡിസ്പെൻസറിക്ക് 100,000/- രൂപ അനുവദിച്ചത് 2013-14,2014-15,2015-16 വർഷങ്ങളിൽ ഔഷധങ്ങൾ ലഭിച്ച മുറയ്ക്ക് ഗവ.എൽ.പി.എസ് മാനന്തവാടി , കുറുക്കൻമൂല ഗവ എൽപി സ്കൂൾ എന്നീ വിദ്യാലയം സ്ഥാപനങ്ങളിൽ വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ 3.3.6 ൽ ഉൾപ്പെട്ട ഖണ്ഡിക 23 മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2012-2013	അദ്ധ്യായം 3	ഓഡിറ്റ് നിരീക്ഷണങ്ങൾ - സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും	
		3.3.6	കൊല്ലം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന തീരദേശ ഗ്രാമപഞ്ചായത്തായ പന്മന അത്യപൂർവ്വ ധാതുക്കളാൽ സമൃദ്ധമായ കരിമണലിന് പേരുകേട്ട പ്രദേശമാണ്. ധാതുമണൽ ഖനനവും, സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. 1932 ൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം 1956 ൽ സർക്കാർ ഏറ്റെടുക്കുകയും 1972 മുതൽ പബ്ലിക് ലിമിറ്റഡ് കമ്പനി ആക്കുകയും ചെയ്തു. തീരദേശ ഭാഗത്ത് നിന്ന് ഖനനം ചെയ്യുന്ന കരിമണലിൽ നിന്ന് ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, മോണോസൈറ്റ്, സിലിമനൈറ്റ് തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് കെ.എം.എം.എല്ലിന്റെ മിനറൽ	കെ.എം.എം.എൽ പ്രവർത്തിക്കുന്നത് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തന അനുമതിയോടു കൂടിയാണ്. കെ.എം.എം.എൽ-ൽ ടൈറ്റാനിയം ഡയോക്സൈഡ് ഉത്പാദിപ്പിക്കുമ്പോൾ ആസിഡ് റീജനറേഷൻ പ്ലാന്റിൽ നിന്നും ഉപോല്പന്നമായി ഉണ്ടാകുന്ന ഖരമാലിന്യമായ അയൺ ഓക്സൈഡും എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ഉണ്ടാകുന്ന ഉൽപന്നമായ സ്ലഡ്ജും യഥാക്രമം അയൺ ഓക്സൈഡ് പോണ്ട്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പോണ്ട് എന്നിവിടങ്ങളിൽ കെ.എസ്.പി.സി.ബി-യുടെ പ്രവർത്തനാനുമതിയോടു കൂടി സംഭരിച്ച് സൂക്ഷിക്കുന്നു. ടൈറ്റാനിയം ഡൈ ഓക്സൈഡ് ഉത്പാദിപ്പിക്കപ്പെടുന്നതിലൂടെ ഉണ്ടാകുന്ന എഫ്ലുവന്റ് ലിക്വിഡ് ട്രീറ്റ്മെന്റ് പ്ലാന്റിൽ യഥാക്രമം ശുദ്ധീകരിച്ച ശേഷം എഫ്ലുവന്റ് ട്രീറ്റ്മെന്റ് പോണ്ടിൽ സംഭരിക്കുന്നു. പോണ്ടിൽ നിന്നും ക്ലിയർ ലിക്വിഡ് പി എച്ച് 5.5 നും 9.0 നും ഇടയിൽ ആണെന്ന് ഉറപ്പു വരുത്തി

			ഒസ്പറേഷൻ യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ഇൽമനൈറ്റിൽ നിന്ന് അയൺ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേർതിരിക്കുന്നത് പലതരത്തിലുള്ള രാസപ്രക്രിയയിലൂടെയാണ് ക്ലോറൈഡ് പ്രക്രിയയിലൂടെ റ്റൈറ്റൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉൽപാദിപ്പിക്കുന്ന ഇന്ത്യയിലെ ഏകസ്ഥാപനമാണ് കെ.എം.എം.എൽ. ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റിൽ നിന്ന് ക്ലോറിനേഷൻ പ്രക്രിയയിലൂടെ ടൈറ്റാനിയം ടെട്രാക്ളോറൈഡ് സംസ്കരിക്കുന്ന പ്രക്രിയയാണ് കെ.എം.എം.എൽ ന്റെ പ്രൊഡക്ഷൻ പിഗ്മെന്റ് യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ടൈറ്റാനിയം ഡയോക്സൈഡിന്റെ തരംതിരിക്കലിനും സംസ്കരണത്തിനുമായി ട്രീറ്റ്മെന്റ് & ഫിനിഷിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നു. ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ, തീരദേശത്ത് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, മഴക്കാലരോഗങ്ങൾ എന്നിവയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ. കരിമണൽ ഖനനവും സംസ്കരണവുമായി ബന്ധപ്പെട്ട് ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങളും സൂചനകളും പരിശോധനയിൽ കണ്ടെത്തി.	കെ.എസ്.പി.സി.ബിയുടെ അനുമതിയോടു കൂടി എഫ്ലുവന്റ് ലൈൻ വഴി കടലിലേക്ക് പമ്പ് ചെയ്യുന്നു. കെ.എസ്.പി.സി.ബിയുടെ ഈ അപ്രൂവ്ഡ് ഔട്ട്ലെറ്റിൽ കൂടിയല്ലാതെ കെ.എം.എം.എൽ ഒന്നും പുറത്തേക്ക് ഒഴുക്കി വിടാറില്ല. കമ്പനിയുടെ പരിസര വാർഡുകളിൽ (7 വാർഡുകളിൽ). കമ്പനി പൈപ്പ്ലൈൻ സ്ഥാപിച്ച് പ്രതിദിനം 7–8 ലക്ഷം ലിറ്റർ കുടിവെള്ളം നൽകുന്നുണ്ട്. കൂടാതെ കുടിവെള്ള ടാങ്കർ വഴി പ്രതിദിനം ഒരുലക്ഷത്തി അമ്പതിനായിരം ലിറ്റർ കുടിവെള്ളം പരിസര വാർഡുകളിൽ നൽകുന്നു. അതിനു പുറമെ ആറു കഴൽക്കിണർ സ്ഥാപിച്ചും കുടിവെള്ളം നൽകുന്നു. കമ്പനിയുടെ പരിസര വാർഡുകളിലെ ജലനിധി പദ്ധതിയുടെ 50% വെള്ളക്കരം കമ്പനി നൽകി വരുന്നു. പൈപ്പ് ലൈൻ മെയിന്റനൻസ്, കഴൽക്കിണർ മെയിന്റനൻസ് എന്നിവ കമ്പനി കൃത്യമായി ചെയ്തു വരുന്നു. ചവറ, പന്മന പഞ്ചായത്തുകളിലെ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ഹെൽത്ത് സർവേ നടത്തി കാൻസർ, ശ്വാസകോശരോഗങ്ങൾ മറ്റ് ഇതര രോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ചികിത്സാ ധനസഹായവും മെഡിക്കൽ ക്യാമ്പും നടത്തിവരുന്നു. നാഗ്പൂരിലെ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനിയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കെ.എം.എം.എല്ലിന്റെ

ഉയർന്ന സ്വാഭാവിക റേഡിയേഷൻ ഉള്ള പ്രദേശമാണ് 25 കിലോമീറ്റർ ദൈർഘ്യമുള്ള നീണ്ടകര-ചവറ- ശങ്കരമംഗലം തീരദേശമേഖല. മോണോസൈറ്റ് നിക്ഷേപത്താൽ സമൃദ്ധമാണ് ഇവിടത്തെ കരിമണൽ. തോറിയം, യുറേനിയം, റൂട്ടൈൽ, സിലിമനൈറ്റ്, സിർക്കോൺ, ടൈറ്റാനിയം തുടങ്ങിയ അപൂർവ്വധാതുക്കൾ ഉൾക്കൊള്ളുന്നതാണ് അത്യപൂർവ്വമായ ഈ മോണോസൈറ്റ് നിക്ഷേപം.

പരമാവധി absorver dose of radiation 5.0msv a-1 ആണ്. എന്നാൽ ഈ പ്രദേശത്ത് ഇന്ന് 35 msva-1 ആണ്. ഈ മേഖലയിലെ mean annual background radiation 550m rad/year(Range 240-3500 MR)ആണ്. സാധാരണ പ്രദേശങ്ങളിൽ ഇത് 100 m Rad/year മാത്രമാണ്.

കെ.എം.എം.എൽ.ന്റെ വിവിധ പ്ലാന്റുകളിൽ നടക്കുന്ന സംസ്കരണ പ്രക്രിയയിലൂടെ പലതരം ഫ്ലോറൈഡുകളും അയൺമൊക്കെ പുറത്തേയ്ക്ക് തള്ളുന്നുണ്ട്. സംസ്കരണ പ്രക്രിയയ്ക്ക് ശേഷമുള്ള മലിനജലം കെ.എം.എം.എൽ.ന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പ്രത്യേക കനാൽ വഴി അറബിക്കടലിലേയ്ക്ക് ഒഴുക്കി വിടുകയാണ്. ഈ ജലത്തിന് അയൺ ഓക്സൈഡ് പോണ്ട് സൈറ്റിലും അതിന്റെ ചുറ്റുപാടിലും പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച പ്രകാരം കെ.എം.എം.എൽ -ൽ ഉത്പാദന പ്രക്രിയയുടെ ഫലമായി ഉണ്ടാകുന്ന ഒരു മാലിന്യവും ഹസാർഡസ് വേസ്റ്റ് കാറ്റഗറിയിൽ വരുന്നതല്ല.

കമ്പനിയുടെ 2020,2021 വർഷങ്ങളിലെ ആസ്പൽ ഹെൽത്ത് ഫിസിക് റിപ്പോർട്ട് പ്രകാരം റേഡിയേഷൻ മോണിറ്ററിംഗ് റിസൾട്ട് താഴെപ്പറയും പ്രകാരമാണ്:-

ഇൻഡിവിഡ്വൽ മോണിറ്ററിംഗ്

കൊമ്പോസിറ്റ് എക്സ്പോഷർ ലിമിറ്റ് (ഇടർച്ചയായി 5 വർഷത്തിന് ശേഷം പ്രതിവർഷം ശരാശരി 20 mSv) (പ്രതിവർഷം 30 mSv)		
KMML മാക്സിമം ഇൻഡിവിഡ്വൽ ഡോസ്	2020	2021
	0 mSv	2.3 mSv

ഏരിയ മോണിറ്ററിങ്

ലൊക്കേഷൻ	2020 റേഡിയേഷൻ ലെവൽ (micro Gray/hour)	2021 റേഡിയേഷൻ ലെവൽ (micro Gray/hour)
മൈനിംഗ് ഏരിയ	2.0–2.6	1.3–2.4
ബാക് ഫിൽഡ്	0.16–0.18	0.16–0.17

			ചുവപ്പ് നിറം ആണ്. ഈ ജലം സമീപത്തുള്ള വലിയ പാറകളിൽ കെട്ടിനിൽക്കുന്നതായും കണ്ടു. കെ.എം.എം.എൽ -ന് ചുറ്റുമുള്ള വീടുകളിലെ കിണറുകളിലും മറ്റ് ജലാശയങ്ങളിലും വെള്ളത്തിന് ചുവപ്പ് നിറമാണ്. കുടിക്കുവാനോ, മറ്റ് ആവശ്യങ്ങൾക്കോ ജനങ്ങൾ ഈ ജലം ഉപയോഗിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ജലനിധിപദ്ധതിയിലൂടെ എത്തിക്കുന്ന ജലമാണ് ജനങ്ങളുടെ ആശ്രയം. കമ്പനി കോമ്പൗണ്ടിനുള്ളിൽ ടാങ്കിൽ രാസമാലിന്യം സംഭരിക്കുന്നുണ്ട്. എങ്കിലും ഇപ്പോഴും അത് പുറത്തേയ്ക്ക് ഒഴുകി വിടാറുണ്ട്.	എരിയ		
					സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ കമ്പനി ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുണ്ട്; ചവറ ഹെൽത്ത് സെന്ററിനായി 51 ലക്ഷം രൂപാ ചെലവ് ചെയ്ത് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ കെട്ടിടം നിർമ്മിച്ച് നൽകുകയും അവിടേക്ക് രണ്ട് ഡോക്ടർമാർ, ഒരു ഫാർമസിസ്റ്റ്, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു സെക്യൂരിറ്റി എന്നിവരെ കമ്പനി ശമ്പളം നൽകി നിയമിച്ചിട്ടുണ്ട്. ആവശ്യമായ മെഡിസിനുകളുടെ ചെലവും കമ്പനി നൽകിവരുന്നു. പന്മന പഞ്ചായത്തിലെ പാലിയേറ്റീവ് കെയറിന് ആംബുലൻസ്, ഡ്രൈവറുടെ ശമ്പളം, പാലിയേറ്റീവ് കെയറിന് കീഴിലുള്ള 17 കുടുംബങ്ങൾക്ക് എല്ലാ മാസവും ഭക്ഷ്യധാന്യ കിറ്റ്, വീൽചെയർ, വാട്ടർബെഡ്, എയർബെഡ് മറ്റ് അനുബന്ധ ഉപകരണങ്ങൾ, ചവറ ആയുർവ്വേദ ആശുപത്രിയ്ക്ക് പത്തു ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം ഇടങ്ങിയ നിരവധിയായ പ്രവർത്തനങ്ങളും കമ്പനി ചെയ്തു വരുന്നുണ്ട്.

ജിജു ചെറിയാൻ
അഡീഷണൽ സെക്രട്ടറി
വ്യവസായ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടിയും

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ധനകാര്യത്തോടെ 2012-13 വർഷത്തെ സമഗ്രമായ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട

തദ്ദേശ ഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും എന്ന വിഷയം സംബന്ധിച്ച ഖണ്ഡിക 3.3-ലെ ആരോഗ്യ വകുപ്പായി ബന്ധപ്പെട്ട

ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പട്ടിക

ക്രമ നമ്പർ	വർഷം	ഓഡിറ്റ് ഖണ്ഡിക	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2012-13	3.3.6.1	ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.	**ആർദ്രം മിഷൻ വഴി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ** ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ഔട്ട് പേഷ്യന്റ് വിഭാഗം ജനസൗഹൃദമാക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതോടൊപ്പം ഉപകേന്ദ്രങ്ങളെ വെൽനെസ് ആൻഡ് വെൽനെസ്സ് സെന്ററുകളായി പരിവർത്തനം ചെയ്യുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. ഇതിനു പുറമേ, സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആർദ്രം ഭാഗം, ഭാഗങ്ങൾ പ്രകാരം മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിൽ KIIFB, NABARD, PLAN FUND, MLA FUND മുതലായ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. KIIFB ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക അനുബന്ധം-2 ആയി ചേർക്കുന്നു.

2	2012-13	3.3.6.2	വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ	കോഴിക്കോട് നഗരസഭയിലെ അർബൻ ഹെൽത്ത് ഡിസ്പെൻസറിയിലെ ജീവനക്കാരുടെ നിയമനം തദ്ദേശ സ്വയംഭരണ വകുപ്പായി ബന്ധപ്പെട്ടതാണ്. ആരോഗ്യ വകുപ്പിൽ നിന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. **ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ക്ലിനിക്കൽ ലബോറട്ടറിയുടെ രോഗനിർണയസേവനം** 1. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ലബോറട്ടറിയുടെ അവസ്ഥയുമായി ബന്ധപ്പെട്ട് പരാമർശിച്ചിരിക്കുന്ന രോഗനിർണയസ്ഥാനമെല്ലാം ആശുപത്രിയിൽ 2012-ൽ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിഹരിക്കപ്പെട്ടിട്ടുള്ളവയാണ്. ആയതിനു ശേഷം 2012 സെപ്റ്റംബറിൽ ഈ സ്ഥാപനത്തിന് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ളതുമാണ്. 2. താലൂക്കസ്ഥാന ആശുപത്രി ചേർത്തലയുടെ കീഴിൽ ആരോഗ്യ ഉപകേന്ദ്രങ്ങളൊന്നും നിലവിലില്ല. 3. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2011-2012 കാലയളവിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് വാങ്ങിയ 40,000/- രൂപയുടെ മരുന്നുകൾ ആ വിഭാഗത്തിലുൾപ്പെട്ട രോഗികളുടെ പരിചരണത്തിന്റെ ഭാഗമായിട്ടാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.
3	2012-13	3.3.6.3	അടിസ്ഥാന സൗകര്യങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല.	മലപ്പുറം ജില്ലയിലെ ആശുപത്രി ശുചി സ്വകാര്യ വ്യക്തി കയ്യേറി ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന ഓഡിറ്റ് പരാമർശം - ചാത്തല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള സ്ഥലം നിലവിൽ അതിരുകൾ തിരിച്ച് മതിൽകെട്ടി സംരക്ഷിച്ചു വരുന്നുണ്ട്. എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ള വാഴക്കുളം പ്രാഥമിക ആരോഗ്യ കേന്ദ്രം ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയാണ്. ദിവസേന 360-ഓളം രോഗികൾ ചികിത്സയ്ക്കായി ഇവിടെ വരുന്നുണ്ട്. അന്വേഷിച്ചിരിക്കുന്ന തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

Sl. No.	Designation	Sanctioned	
1	Medical Officer	3	
2	Clerk Typist	2	
3	Sweeper	2	
4	Hospital Attender Gr-I	1	
5	Hospital Attender Gr-II	4	
6	Junior Public Health Nurse Grade-I	2	
7	Junior Public Health Nurse Grade-II	4	
8	Junior Health Inspector Grade-I	1	
9	Junior Health Inspector Grade-II	2	
10	Lab Technician	1	
11	Nursing Assistant	2	
12	Office Attendant	1	
13	Pharmacist Gr-I	1	1
14	Pharmacist Grade-II	1	
15	Public Health Nurse	1	
16	PEW/PEG	1	
17	Staff Nurse Grade-I	2	
18	Staff Nurse Grade-II	3	
	Total	30	

ഈ

സ്ഥാപനത്തിൽ കുട്ടികളുടെ വാർഡിനു വേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിലാണ് ഔട്ട്പേഷൻ വാർഡും ഇഞ്ചക്ഷൻ റൂം പ്രവർത്തിക്കുന്നത്. എമർജൻസി ബെഡ് ഉൾപ്പെടെ നാല് ബെഡ് ഉള്ള വാർഡാണിത്. അത്യാവശ്യഘട്ടങ്ങളിൽ ഇസിജി മെഷീൻ വാർഡിനകത്ത് ഉണ്ട്. ലേബർ വാർഡ്, സർജിക്കൽ വാർഡ് എന്നിവയായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഇപ്പോൾ ഇമ്യൂണൈസേഷൻ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഈ കെട്ടിടത്തിൽ രജിസ്ട്രേഷൻ, ഇഞ്ചക്ഷൻ റൂം, ഡ്രെസ്സിംഗ് റൂം, ഡിപ്പ് ഫ്രീസർ, ഐ.എൽ.ആർ. റൂം എന്നിവയും സ്റ്റോർ റൂം, ഐ.യു.ഡി. റൂം എന്നിവയും പ്രവർത്തിക്കുന്നു. മെയിൻ വാർഡിനായി നിർമ്മിച്ച കെട്ടിടമാണ് ഇപ്പോൾകോൺഫറൻസ് ഹാൾ, കോവിഡ് വാക്സിനേഷൻ എന്നിവയ്ക്കായി ഉപയോഗിക്കുന്നത്. സ്ത്രീകളുടെ വാർഡിനായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഒരേസമയം നാല് ഡോക്ടർമാർ ഇരുന്ന് രോഗികളെ പരിശോധിക്കുന്നതിനായുള്ള നാല് കൗണ്ടറുകൾ സജ്ജീകരിച്ചിരിക്കുന്നു. തൊഴിലാളികൾ ഒഴികെ എല്ലാ ദിവസങ്ങളിലും ജീവിതശൈലി രോഗങ്ങൾക്കുള്ള ക്ലിനിക്, എല്ലാ തിങ്കളാഴ്ചയും ആന്റിനേറ്റൽ ക്ലിനിക്, എല്ലാ ചൊവ്വാഴ്ചയും ന്യൂട്രിഷൻ ക്ലിനിക്, എല്ലാ ബുധനാഴ്ചയും യൂണിവേഴ്സൽ ഇമ്യൂണൈസേഷൻ, എല്ലാ വ്യാഴാഴ്ചകളിലും സബ് സെന്ററുകളിൽ ജീവിതശൈലി രോഗ നിർണയ ക്ലിനിക് , എല്ലാ വെള്ളിയാഴ്ചയും മെഡിയാട്രിക് ക്ലിനിക്, ശനിയാഴ്ച അഡോളസന്റ് ക്ലിനിക്

				എന്നിവ നടത്തുന്നുണ്ട്. മെഡിക്കൽ ഓഫീസറുടെ ഇടപെടലിൽ എല്ലാദിവസവും ലഭ്യമാണ്. ശ്വാസകോശ രോഗങ്ങൾ ഉള്ളവർക്ക് ശ്വാസ് ക്ലിനിക്കും മാനസിക പ്രശ്നങ്ങൾ ഉള്ളവർക്ക് ആശ്വാസ് ക്ലിനിക്കും നടത്തിവരുന്നു. ഗർഭനിരോധനം, വന്ധ്യംകരണം എന്നിവയും ചെയ്തുകൊടുക്കുന്നു. സ്കൂൾ ഹെൽത്ത് പ്രോഗ്രാം, സ്കൂൾ റിച്ച് കോവിഡ് ആന്റിജൻ ടെസ്റ്റ് എന്നിവയും ലഭ്യമാണ്. ആശുപത്രി മാനേജിംഗ് കമ്മിറ്റി എല്ലാ മൂന്നുമാസം കൂടുമ്പോളും നടത്തുകയും മൂന്ന് മാസത്തെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു. ഓരോ യോഗത്തിലും തീരുമാനങ്ങൾ എടുത്ത് അത് നടപ്പിലാക്കാറുണ്ട്. ആരോഗ്യം സംരക്ഷിക്കുന്നതിന് വേണ്ടി പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും ഈവനിംഗ് ഒ.പി.-യും നടന്നുവരുന്നു. **ജനസംസ്കാര തൊഴിലാളികൾക്ക് നൽകിവരുന്ന സേവനങ്ങൾ** വാഴക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ 157 മേഖലകളിലും ഒറ്റക്കെട്ടിടങ്ങളിലുമായി 4678 അതിഥി തൊഴിലാളികളും കുടുംബങ്ങളും താമസിക്കുന്നു. ഇവരുടെ ആരോഗ്യപരിപാലനത്തിനായി മാസത്തിലൊരുതവണ മലേറിയ രോഗ നിർണയത്തിനായി രക്ത പരിശോധനയും കുഷ്ഠരോഗം കണ്ടുപിടിക്കുന്നതിനായി ദേഹ പരിശോധനയും നടത്തി വരുന്നു. ഗർഭിണികളുടെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക പരിശോധനയും ബോധവൽക്കരണവും നൽകുന്നു. കുട്ടികളുടെ കുത്തിവയ്പ്പിനായി ഫീൽഡ്തല സന്ദർശനം നടത്തുന്നു. അവരുടെ താമസത്തിൽ ബോധവൽക്കരണ നോട്ടീസ്, പോസ്റ്റർ എന്നിവ നൽകി വരുന്നു. തൊഴിലുടമ ക്യാമ്പ് , ബോധവൽക്കരണം എന്നിവ നടത്തുന്നതിന് ജില്ലയിൽ നിന്നുള്ള ടീമിന് ക്യാമ്പിൽ സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. ഹെൽത്തി കേരളയുമായി ബന്ധപ്പെട്ട് മാസത്തിൽ ഒരു തവണ തൊഴിൽ സ്ഥലങ്ങൾ, താമസ ക്യാമ്പുകൾ സന്ദർശിച്ച് ബോധവൽക്കരണവും ക്ലിനിക് പ്രവർത്തികളും നടത്തുന്നു. ഇടക്ക് സന്ദർശനവും ഉറപ്പുവരുത്തുന്നു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് ആപ്പ് ഉപയോഗിച്ച് ആശാ പ്രവർത്തകരുടെ സഹകരണത്തോടെ ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, ഫീവർ സർവ്വേ, ബോധവൽക്കരണ ക്ലാസ്, കൊതുക് നശീകരണത്തിനായി ഫോഗിങ് എന്നിവയും നടത്തുന്നു. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇന്ത്യതം പ്രവർത്തികൾ എല്ലാ ആഴ്ചയും ഇടർന്നു വരുന്നു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ ജാഗ്രത കലണ്ടർ പ്രകാരം ദിനാചരണങ്ങൾ ഒത്തുമായി നടത്തി റിപ്പോർട്ട് ചെയ്യുന്നു. **മെപ്രാടി കുടുംബ ആരോഗ്യ കേന്ദ്രം** മെപ്രാടി കുടുംബാരോഗ്യകേന്ദ്രത്തിന്റെ 1991-ൽ പൂർത്തികരിച്ച സ്വകാര്യം 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ബാബ് കെട്ടിടത്തിലേക്ക്, നിലവിൽ വഴി

				സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ലാബായി 18 വർഷത്തോളം പ്രവർത്തിച്ച ശേഷം പുതിയ കെട്ടിടത്തിലേക്ക് ലാബ് മാറ്റുകയാണുണ്ടായത്. പഴയ ലാബ് കെട്ടിടത്തിൽ നിലവിൽ പ്രൈമറി പാലിയേറ്റീവ് കെയർ, സെക്കന്ററി പാലിയേറ്റീവ് കെയർ എന്നീ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.
4	2012-13	3.3.6.4	പദ്ധതി നടത്തിപ്പിലെ അപാകതകൾ	**കൊല്ലം ജില്ലയിൽ 2010-11, 2011-12 വർഷങ്ങളിൽ നടപ്പിലാക്കേണ്ട സംരംഭങ്ങൾ** നിലവിൽ അതത് വർഷം വിഭാവനം ചെയ്യുന്ന പദ്ധതികൾ അതേ വർഷം തന്നെ കൃത്യമായി നടപ്പാക്കുന്നുണ്ട്. **ചങ്ങനാശ്ശേരി ജില്ല** ഏറത്ത് ഗ്രാമപഞ്ചായത്തിൽ അഗതികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2011-12 വർഷം Rs.364800/- ഇവരുടെ ചികിത്സയ്ക്കായി വകയിരുത്തിയിരുന്നുവെങ്കിലും, അന്നത്തെ പ്രത്യേക സാഹചര്യങ്ങൾ നിമിത്തം പ്രസ്തുത പദ്ധതി നിർവഹിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇടർവർഷങ്ങളിൽ, പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി, അഗതികളുടെ ചികിത്സയ്ക്കായി ഇത വകയിരുത്തുകയും, വളരെ കാര്യക്ഷമമായി ഈ പദ്ധതി നാളിതു വരെ നടന്നു വരുകയും ചെയ്യുന്നു വിഭാഗം ഇക്കാര്യം അറിയിച്ചുകൊള്ളുന്നു. വിവിധ സന്നദ്ധസംഘടനകളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് നടക്കുന്ന ഈ പദ്ധതി മൂലം കഴിഞ്ഞ 10 വർഷം കൊണ്ട് അനേകം അഗതികളെ കണ്ടെത്തി, ഇവരെ പുനരധിവസിപ്പിക്കാൻ ഏറത്ത് ഗ്രാമപഞ്ചായത്തിലെ ആരോഗ്യവിഭാഗത്തിന് സാധിച്ചിട്ടുണ്ട്. **നല്ലൂർനാട് গবൺ. മെഡിക്കൽ ആശുപത്രി** നല്ലൂർനാട് ഗവ. മെഡിക്കൽ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ, എക്സ്-റേ, കട്ടിലുകൾ വാർഡ് എന്നിവ ഇടക്കാലത്ത് സംബന്ധിച്ച ഓഡിറ്റ് പരാമർശം 2004-ലേതാണ്. ധി.ഒ. നമ്പർ 21/07/എസ്.സി.എസ്.ടി.ഡി.ഡി. തീയതി: 24.03.2007 ഉത്തരവ് പ്രകാരം 2007-ലാണ് സ്ഥാപനം ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ളത്. നിലവിൽ ഈ സ്ഥാപനം പ്രധാനമായും ഒരു ക്യാൻസർ ആശുപത്രി ആയാണ് പ്രവർത്തിക്കുന്നത്. അടുത്തിടെ ഈ സ്ഥാപനത്തിൽ എക്സ്-റേ മെഷീൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ട്രാൻസ്ഫോർമർ പണി നടന്നുകൊണ്ടിരിക്കുന്നത് പൂർത്തിയാകാത്തതിനാൽ മെഷീൻ ഇതുവരെ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.
5	2012-13	3.3.6.5	ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ - തീർപ്പ് വിലയിരുത്തലിന്റെ അഭാവം	**ചികിത്സയുടെ ഭാഗമല്ലാതെയുള്ള ചെലവ് വിതരണം -** പഴയ പ്രൊജക്ടുകളിൽ വന്നിട്ടുള്ള പാകപിഴകൾ വരാതിരിക്കാൻ പിന്നീടുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. റീജണൽ ഓഡിറ്റർ ഓഫീസർ, തിരുവനന്തപുരം.

				തിരുവനന്തപുരം നഗരസഭയുടെ 2011-12-ലെ കാൻസർ നിയന്ത്രണ പദ്ധതി (പ്രോജക്ട് നമ്പർ 113/12) നടപ്പാക്കുന്നതിനായി വകയിച്ച 10,00,000/- രൂപയിൽ 9,26,545/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു പ്രകാരം, സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുമായ രോഗികൾക്ക് പരമാവധി 10,000/- രൂപ ധനസഹായം നല്കി വരുന്നു. വനിതകൾക്കായുള്ള കാൻസർ കണ്ട്രോൾ പദ്ധതിക്ക് (പ്രോജക്ട് നമ്പർ 181/12) 52,50,000/- രൂപ വകയിച്ചതിൽ, നഗരസഭയുടെ ശിപാർശ പ്രകാരം 27,94,390/- രൂപ 2012-13 മുതൽ 2021-22 വരെ ചെലവഴിച്ചിട്ടുണ്ട്. നഗരസഭാ പരിധിക്കുള്ളിലെ താമസക്കാരായ സ്ത്രീകളിൽ കാൻസർ രോഗം നേരത്തേ കണ്ടെത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയനുസരിച്ച്, നിർധനരും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുമായ രോഗികൾക്ക് ക്യാമ്പുകൾ സംഘടിപ്പിച്ച് കാൻസർ പരിശോധന നടത്തുകയും പരമാവധി 15,000/- രൂപ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിലൂടെ 37 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആരോഗ്യ പ്രവർത്തകർക്കും ആശാ പ്രവർത്തകർക്കും പരിശീലനം നല്കുകയും തുടർ പരിശോധനകളും ചികിത്സയും നഗരസഭയുടെ ശിപാർശ പ്രകാരമുള്ള ബി.പി.എൽ. രോഗികൾക്ക് നൽകി വരികയും ചെയ്യുന്നു. നഗരസഭയുമായുള്ള കരാർ അനുസരിച്ച് ബാക്കിയുള്ള 24,55,610/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഉപയോഗ സർട്ടിഫിക്കറ്റ് യഥാസമയം നഗരസഭയ്ക്ക് നൽകി വരുന്നുണ്ട്.
6	2012-13	3.3.6.6	നടപ്പിലാക്കാത്ത പദ്ധതികൾ	**കൊല്ലം ജില്ല** **നടപ്പാക്കാത്ത പദ്ധതികൾ സംബന്ധിച്ച്** നിലവിൽ പ്രോജക്ടുകൾ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നുണ്ട്. നിലവിൽ പാലത്തറ സി.എച്ച്.സി യും ശക്തികുളങ്ങരയും ആർദ്രം പദ്ധതി മുഖേന എച്ച്.എച്ച്.സി ആയി ഉയർത്തിയിട്ടുണ്ട്.
7	2012-13	3.3.6.8	ആരോഗ്യ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.	**കൊല്ലം ജില്ല** **വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരാത്തത് സംബന്ധിച്ച്** കൃത്യമായ ഇടവേളകളിൽ യോഗം ചേരണമെന്ന നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കൂടാളി പഞ്ചായത്തിൽ ആരോഗ്യമേഖലയിൽ കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്.

				തിരുവനന്തപുരം ജില്ല തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ആശാപ്രവർത്തകരെ ഉപയോഗപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ, ലഘുലേഖാ വിതരണം ഇടങ്ങിയ പ്രവർത്തനങ്ങൾ തുടക്കം കുറിച്ചു നടത്തുകയും ആവശ്യമായ പോസ്റ്ററുകൾ ആശുപത്രികളിലും സബ് സെന്ററുകളിലും പ്രദർശിപ്പിക്കുകയും ചെയ്തു വരുന്നു. തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പണികഴിപ്പിച്ച ഇൻസിനറേറ്റർ റൂം നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. **കാസർഗോഡ് ജില്ല** കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാനും ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന് കർശന നിർദ്ദേശം നല്കിയതായും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. **കോഴിക്കോട് ജില്ല** മാവൂർ ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ ഗൃഹ കാവയളവിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിൽ ചില പോരായ്മകൾ വന്നിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ച് നിലവിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനം സജീവമാക്കിയിട്ടുണ്ട്.
8	2012-13	3.3.6.9	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ	സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് ഓരോ ആശുപത്രിയിലും എച്ച്.എം.സി/എച്ച്.ഡി.സി എന്നിങ്ങനെ കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ടി കമ്മറ്റികളിൽ നിയമസഭ/ പാർലമെന്റ് എന്നീ സഭകളിൽ പ്രാതിനിധ്യം ഉള്ള രാഷ്ട്രീയപാർട്ടികളുടെ അംഗങ്ങളും പ്രദേശത്തെ പി.ഡബ്ല്യൂ.ഡി/ കെ.എസ്.ഇ.ബി/ കെ.ഡബ്ല്യൂ.എ/ ഓഡിറ്റർ തെസ്തരായും കൂടിയുള്ള കമ്മറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം കൂടി ആശുപത്രിയുടെ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും, ആയത് അനസരിച്ച് ചട്ട പ്രകാരം ബന്ധപ്പെട്ട സൂപ്രണ്ടുമാർ/മെഡിക്കൽ ഓഫീസർമാർ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നു. സർക്കാർ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ലഭിക്കുന്ന സേവനത്തിന് സമാനമായ സർക്കാർ നിശ്ചയിക്കുന്ന തുക ഫീസായി വാങ്ങുകയും ആയത് ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെയും പഞ്ചായത്ത്/മുൻസിപ്പൽ ചെയർമാന്റെയും പേരിൽ

				ഉള്ള ഒരു ലോയിറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ അക്കൗണ്ടിൽ നിന്നും ചട്ട പ്രകാരം ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുകയും ചെയ്യുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ടും ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്കായി ചെലവാക്കുന്നു. ഇങ്ങനെ ചെലവാക്കുന്ന ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽഫണ്ട് ആഡിറ്റ്/ഡിപ്പാർട്ട്മെന്റ് ഓഡിറ്റ്/AG ഓഡിറ്റ് എന്നിവയും നിലവിൽ ഉണ്ട്. പ്രസ്തുത ഓഡിറ്റിൽ കാണുന്ന പോർഷ്യകളും തെറ്റുകളും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാറുണ്ട്. നിലവിൽ ഗുരുതരമായ പ്രശ്നങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യിട്ടില്ല. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെകീഴിലുള്ള ചാത്തല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ കമ്മിറ്റി മുഖാന്തരം നടത്തിവരുന്നു. എടവണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നതോടെ 28.05.2021 തീയതിയിലാണ് അവസാനമായി പുനഃസംഘടന നടത്തിയത്. എച്ച് എം സി യുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിച്ചു വരുന്നുണ്ട്. **ഇടുക്കി ജില്ല** ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഓഡിറ്റ് പരാമർശം ഉണ്ടായതിന് ശേഷം കൃത്യമായിട്ട് എച്ച്.എം.സി കൂടി വരികയും ടി കാലയളവിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് വികസന-പ്രവർത്തനങ്ങളും മറ്റു ദൈനംദിന ചിലവുകളും സംബന്ധിച്ച വരവ് ചെലവ് കണക്കുകളും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എച്ച്.എം.സി. യോഗത്തിന്റെ അംഗീകാരത്തോടെയാണ് ഫണ്ടുകളുടെ വിനിയോഗം നടക്കുന്നത്.
9	2012-13	3.3.6.11	സ്കൂൾ ആരോഗ്യ പദ്ധതി	സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രമായ ആരോഗ്യപരിപാലനം മുഖ്യലക്ഷ്യമാക്കി ആരോഗ്യകരവും സ്വകര്യവുമായ ചെയ്ത നവീന സംരംഭം ആയിരുന്നു സ്കൂൾ ആരോഗ്യ പദ്ധതി. ആരോഗ്യ- വിദ്യാഭ്യാസ - കായിക തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. ഇതിലൂടെ എൽ.കെ.ജി. മുതൽ ഹയർ സെക്കൻഡറിവരെ (-2 മുതൽ +2 വരെ) ഉള്ള വിദ്യാർത്ഥികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തിയിരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന സ്കൂളായ തിരുവനന്തപുരത്തെ കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരു ഡോക്ടറെയും ഒരു സ്റ്റാഫ് നഴ്സിനെയും ഒരു അറ്റൻഡറെയും നിയമിച്ചു കൊണ്ട്

				പരീക്ഷണാടിസ്ഥാനത്തിൽ 2007 ഡിസംബറിൽ സ്കൂൾ ഹെൽത്ത് പദ്ധതി ആരംഭിക്കുകയുണ്ടായി. അതിനോടൊപ്പം തന്നെ. ചികിത്സ സേവനം, First aid, ആരോഗ്യ വിദ്യാഭ്യാസം, ഹെൽത്ത് ബ്ലോക്ക് തലത്തിൽ മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ, സ്കൂൾ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, വിവരശേഖരണം, ഹൈസ്കൂൾ – ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികളെ സംഘടിപ്പിച്ചു കൊണ്ടുള്ള വിഡിയോ ഫെസ്റ്റിവൽ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടന്നു വന്നിരുന്നു. തുടർന്ന 2008-ൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും ആരോഗ്യ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി സ്പെഷ്യൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന് സംസ്ഥാന സർക്കാർ രൂപം നൽകി. ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യമേഖ എന്ന നിലയ്ക്ക് സ്കൂൾ ടി.സി.യും ഹെൽത്ത് റെക്കോർഡും സംയോജിപ്പിച്ചുകൊണ്ടുള്ള നൂതന സംരംഭം വിദ്യാലയാരോഗ്യ പരിപാടിയുടെ രൂപ്യ ആകർഷണമായിരുന്നു. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 150 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ആണ് ഈ പദ്ധതി വിജയകരമായി നടപ്പാക്കിയത് പിന്നീട് ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിച്ചു. പി.എച്.സി സേവനങ്ങൾ, ആരോഗ്യ ബോധവത്കരണം, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം, കൗൺസിലിങ്ങ് സൗകര്യം, തുടങ്ങിയ സേവനങ്ങൾ വിദ്യാലയ ആരോഗ്യപരിപാടിയിലൂടെ ലഭ്യമാക്കിയിരുന്നു. പിന്നീട് 2013 ൽ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിൽ കേന്ദ്ര ഗവണ്മെന്റ് രാഷ്ട്രീയബാൽ സ്വാസ്ഥ്യകാര്യക്രം (RBSK) എന്ന പദ്ധതി ആരംഭിച്ചു. ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിലെ ജന്മ വൈകല്യങ്ങൾ, വളർച്ചാമാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തൊഴിഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി ഈ സംരംഭം ലക്ഷ്യമിട്ടിരുന്നു. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും, സേവനങ്ങളും തീർത്തുംസൗജന്യമാക്കി പ്രവർത്തനം വിപുലീകരിച്ചു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ഇതുമുഖേന കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. ഇതിന്റെ ഭാഗമായി അന്ന് നിലവിലുണ്ടായിരുന്ന സ്കൂൾ

				ഹെൽത്ത് നഴ്സുമാർ മുഖേന ടി പദ്ധതി കേരളത്തിൽ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും അവരുടെ പദവി RBSK- ഇന്റ്റ് എന്ന് പുനർ നാമകരണം ചെയ്യുകയും ആരോഗ്യസ്ക്രീനിങ് RBSK checklist പ്രകാരമാക്കുകയും ചെയ്തു. സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയിൽ നിന്ന് വ്യത്യസ്തമായി അങ്കണവാടികൾ /കിൻഡർ ഗാർഡൻ /പ്ലേ സ്കൂളുകൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവയ്പ് = സേവനങ്ങളും കേന്ദ്രീകരിച്ച് 6 വയസ്സുവരെയുള്ള കുട്ടികളിൽ ആരോഗ്യ സ്ക്രീനിംഗ് നടത്തുന്നതിലേക്ക് ഈ പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. RBSK അനുബന്ധ ആരോഗ്യ പ്രവർത്തനങ്ങളുടെ ഫീൽഡ് തല നിർവ്വഹണത്തിൽ പ്രസ്തുത നഴ്സുമാർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ(DEIC) മുഖേന ആവശ്യമെങ്കിൽ ഉയർന്ന കേന്ദ്രങ്ങളിലേക്ക് കുട്ടികളെ റഫർ ചെയ്യാൻ കഴിയുന്ന ഒരു കമ്മ്യൂണിറ്റി ലെവൽ നോഡൽ വ്യക്തിയായും നിലവിൽ RBSK നഴ്സുമാർ പ്രവർത്തിക്കുന്നു. കൂടാതെ അവരവരുടെ പഞ്ചായത്തുകളിലെ ശലഭം സമഗ്ര നവജാത ശിശു പരിശോധന വഴി കണ്ടെത്തുന്ന ക്ലബ് ഫൂട്ട്, മുച്ചിറി, തുറി അണ്ണാക്ക് എന്നിവയുൾപ്പെടെയുള്ള ജന്മന വൈകല്യങ്ങൾ, എല്ലും പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ജന്മനാലുള്ള ഹൃദ്രോഗങ്ങൾ, ഹിമോഫീലിയ ഉൾപ്പടെ ഉള്ള രക്തജന്യ രോഗങ്ങൾ ഉള്ള കുട്ടികളുടെ ഫീൽഡുതല ഫോളോ അപ്പ് കൂടി RBSK നഴ്സുമാർ യഥാസമയം ഉറപ്പാക്കുന്നു. **ശലഭം വെബ് പോർട്ടൽ:** കേരളത്തിലെ ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിലുള്ള എല്ലാ സ്ക്രീനിംഗ്, ഇടപെടലുകൾ, ഫോളോഅപ്പ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നൽകിയിരിക്കുന്ന പേരാണ് (brand name) "ശലഭം". ഇതിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന രണ്ടു പ്രധാന സ്ക്രീനിംഗ് പരിപാടികൾ • സമഗ്ര നവജാത ശിശു സ്ക്രീനിംഗ് (Comprehensive Newborn Screening) • ഫീൽഡ് തല RBSK സ്ക്രീനിംഗ് (RBSK Community Level Screening) ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ എല്ലാ RBSK നഴ്സുമാർക്കും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്കും (DEIC) കേരളത്തിൽ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും ലോഗിൻ നൽകിയിട്ടുണ്ട്. കൂടാതെ ടി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ലോഗിൻ

				സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൂടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ സാധിച്ചു. ഇതിലൂടെ RBSK നെയ്മാർ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന കുട്ടികളുടെ സ്ക്രീനിംഗ് രേഖപ്പെടുത്തുന്നു. 'ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം'. ആരോഗ്യ അവബോധവും രോഗ പ്രതിരോധ ഇടപെടലും എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് 'ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം' ഫെബ്രുവരി 2020- ൽ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ് 'ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം'വഴി ലക്ഷ്യമിടുന്നത്. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK), കൂടാതെ രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (ആർകെഎസ്കെ) എന്നീ പ്രോഗ്രാമിലൂടെ എല്ലാ സ്കൂളുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം സ്കൂളുകളുടെ പരിതസ്ഥിതിയിൽ ആരോഗ്യത്തിന്റെ വശങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് പ്രോഗ്രാം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും മറ്റു അധ്യാപകർക്ക് പ്രത്യേക പരിശീലനം കൊടുത്ത് ഹെൽത്ത് & വെൽനെസ്സ് അംബാസഡർ ആക്കുകയും പിന്നീട് സ്കൂൾ തലത്തിൽ ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. അപ്പോഴും ഇതിന്റെ ആരോഗ്യപരിശോധനയും മാൻഡൈറ്റ് റിപ്പോർട്ടിങ്ങും RBSK നുമായുള്ള ചുമതല ആയിരിക്കും. ഏറ്റവും അടുത്തതന്നെ ഈ പദ്ധതി കേരളത്തിലെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ ശ്രമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്കുള്ള പരിശീലനം, മൊഡ്യൂളിന്റെ മലയാളം പരിഭാഷ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
10	2012-13	1.3.6.12	പാലിയേറ്റീവ് പരിചരണം	കേരളത്തിൽ പരിചയിച്ച പാലിയേറ്റീവ് കെയർ നയം 2019 - ൽ പുറത്തിറക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളേയും സന്നദ്ധ സംഘടനകളേയും, വിദ്യാർത്ഥികളേയും കോർത്തിണക്കി കൊണ്ട് 'അതീക്ക' എന്ന പേരിൽ ഒരു സമഗ്ര പാലിയേറ്റീവ് കെയർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിലുള്ള ത്രിതല പാലിയേറ്റീവ് കെയർ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളെ കോർത്തിണക്കികൊണ്ട് പാലിയേറ്റീവ് കെയറിന്റെ അടിത്തറ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. വൈദ്യമറി പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള ഗൃഹ സന്ദർശനവും രോഗികൾക്ക്

				വീടുകളിൽ വച്ച് തന്നെ സാന്ത്വന പരിചരണം നൽകുന്നതിനുള്ള പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി നടപ്പിലാക്കിവരുന്നു. പ്രതിമാസം അവശ്യമായിരത്തോളം. കിടപ്പ് രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകി വരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൽനിന്നാണ് നിയമിച്ചിട്ടുള്ളതെങ്കിലും, പാലിയേറ്റീവ് കെയർ നഴ്സിന്റെ സഹായത്തോടുകൂടി ഓരോ പ്രാഥമികകേന്ദ്രത്തിലേയും ആരോഗ്യ പ്രവർത്തകരുടെ ഒരു ടീം ആയിട്ടാണ് പ്രാഥമികതലത്തിൽ സേവനങ്ങൾ നൽകിവരുന്നത്. ദേശീയ ആരോഗ്യ മിഷന്റെ നേതൃത്വത്തിൽ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും നടപ്പിലാക്കി വന്ന സെക്കന്ററിതല പാലിയേറ്റീവ് പരിചരണം ഇപ്പോൾ 221 സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിനായി സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം ഇതര വൈദ്യശാസ്ത്ര വിഭാഗങ്ങളിലേക്കും മെഡിക്കൽ കോളേജുകളിലേയ്ക്കും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായുള്ള സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങുകയും പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഒരു പാലിയേറ്റീവ് കെയർ ബോർഡ് രൂപീകരിക്കുകയും ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പ്രഥമയോഗം കൂടുകയും ചെയ്തിട്ടുണ്ട്. ഉത്തരവുകൾ നടപ്പിലാക്കുന്നതിന് സംസ്ഥാനതല കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. **കൊല്ലം ജില്ല** സാന്ത്വന സ്പർശം പാലിയേറ്റീവ് കെയർ പ്രോജക്ട് 2011-12, 2012-13 വർഷങ്ങളിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. **പത്തനംതിട്ട ജില്ല** തോണ്ടർ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 2011 -12 ൽ വകയിരുത്തിയ 50,000/-രൂപയിൽ സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിനായി 5000/- ചെലവാക്കിയിട്ടുണ്ട്. 10/02/2012-ൽ ജോലിയിൽ പ്രവേശിച്ച പാലിയേറ്റീവ് കെയർ കമ്മ്യൂണിറ്റി ഹെൽത്ത് നേഴ്സിനെ 3 മാസത്തെ പാലിയേറ്റീവ് കെയർ പരിചരണത്തിനായി അയച്ചിരുന്നു. ടി പരിശീലനം * പൂർത്തിയാക്കിയപ്പോഴേക്ക് . 11 -12 . സാമ്പത്തിക വർഷം

				അവസാനിച്ചതിനാലാണ് മറ്റ് ഇതര പ്രവർത്തനങ്ങൾ ഒന്നും നടത്താൻ സാധിക്കാതിരുന്നത്. **കോഴിക്കോട് ജില്ല** ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് 1-10ം പഞ്ചവത്സര പദ്ധതി- പാലിയേറ്റീവ് പരിചരണ പദ്ധതി മുൻകാലങ്ങളിൽ നടപ്പാക്കുന്നതിന് പ്രായോഗികമായ തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിലും അത് പരിഹരിച്ച് പൂർവ്വാധികം കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ആറ്റിങ്ങലുപതോളം കിടപ്പു രോഗികൾക്ക് സേവനം നൽകുന്നുണ്ട്. **കുടുംബാരോഗ്യകേന്ദ്രം, അകത്തേത്തറ, പാലക്കാട്** അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ സാന്ത്വന പരിചരണം ആരംഭിച്ചത് 24.12.2009 ലാണ്. അന്നുമുതൽ നാളിതു വരെ 1123 രോഗികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിലെ 489 രോഗികളിൽ 119 പാലിയേറ്റീവ് രോഗികളെ മഫോളോ -അപ് ചെയ്തു വരുന്നു. പാലിയേറ്റീവ് രോഗികൾക്ക് ഹോം കെയർ പരിചരണം നൽകി വരുന്നുണ്ട്. നിലവിലെ സാന്ത്വനപരിചരണം പ്രൊജക്ട് വഴി പാലിയേറ്റീവ് രോഗികൾക്ക് ഹോം കെയർ പരിചരണവും മരുന്നും, വീൽ ചെയർ, എയർ ബെഡ് തുടങ്ങിയ ഉപകരണങ്ങളും നൽകി വരുന്നുണ്ട്. പാലിയേറ്റീവ് വോളണ്ടിയേഴ്സ് ട്രെയിനിംഗ്, പാലിയേറ്റീവ് കുടുംബസംഗമം, വിനോദയാത്ര എന്നിവ സംഘടിപ്പിക്കുന്നുണ്ട്.
11	2012-13	3.3.8.13	പകർച്ച വ്യാധികളും രോഗപ്രതിരോധ നടപടികളും	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മാർഗ്ഗങ്ങൾ യഥാസമയം ചികിത്സ തേടേണ്ടതിന്റെ ആവശ്യകത, സ്വയം ചികിത്സയുടെ അപകടം, ചികിത്സാ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവ് തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് വിവിധ തലങ്ങളിൽ വ്യത്യസ്ത ആശയ വിനിമയ ഉപാധികൾ ഉപയോഗപ്പെടുത്തി തുടർച്ചയായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. "പ്രതിദിനം പ്രതിരോധം" എന്ന ആശയം ആസ്പദമാക്കി ആരോഗ്യ ജാഗ്രത എന്ന പേരിൽ രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് അറിവ് നൽകി ആരോഗ്യശീലവത്കരണത്തിലേക്ക് നയിക്കുന്നതിനാവശ്യമായ സാമഗ്രികൾ തയ്യാറാക്കി ഗൃഹങ്ങൾ, നോട്ടീസുകൾ, പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിച്ചും. റേഡിയോ, ടിവി തുടങ്ങിയ മാധ്യമങ്ങളിലൂടെയും, കൈക്ക് അനൗൺസ്മെന്റ് നടത്തിയും വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആരോഗ്യ പ്രവർത്തനങ്ങൾക്ക് വിവിധ-വിഷയങ്ങളിൽ തുടർച്ചയായി പരിശീലനം

				നൽകുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുകയും സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. സ്കൂളുകളിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രതിജ്ഞ, ക്വാസുകൾ, മത്സരങ്ങൾ, എന്നിവ നടത്തുകയും പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ എന്നിവ പ്രദർശിപ്പിക്കുകയും ചെയ്തു വരുന്നു. ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന സെമിനാറുകളിലും, റാലികളിലും മറ്റും കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്താറുണ്ട്. NSS,SPC എന്നിവരുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങളും നടത്താറുണ്ട്. ആരോഗ്യ പ്രവർത്തകർ വന്ന സന്ദർശനത്തിലൂടെ ജനങ്ങൾക്ക് തൊഴിൽപരമായും നിയന്ത്രണവുമായി ബന്ധപ്പെട്ട സന്ദേശങ്ങളും ആവശ്യമായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. വിവിധ തലങ്ങളിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും മാസ് മീഡിയ വിഭാഗം ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ബോധവത്കരണ മെറ്റീരിയലുകൾ തയ്യാറാക്കി ആവശ്യമായ കൂടുതലിലേക്കും സംഘടിപ്പിച്ചു വരുന്നുണ്ട്.
12	2012-13	3.3.6.14	അനുസംസ്ഥാനതൊഴിലാളികളും ആരോഗ്യ പദ്ധതികളും.	**മലേറിയ രോഗം റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച്** കേരളം ജില്ലയിൽ 2012 മുതൽ 2022 വരെ റിപ്പോർട്ട് ചെയ്ത മലേറിയ രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു. വർഷം / മലേറിയ രോഗികളുടെ എണ്ണം / ജില്ലയിൽ തന്നെയുള്ള രോഗികൾ / അന്യജില്ല/അന്യ സംസ്ഥാനങ്ങൾ/അന്യ രാജ്യങ്ങൾ / മരണം 2012 / 2 / 2 / / / 2013 / 80 / 11 / 69 / / 2014 / 78 / 0 / 78 / 1 2015 / 83 / 11 / 72 / 1 2016 / 59 / / 59 / 3 2017 / 47 / 5 / 42 / / 2018 / 36 / / 36 / / 2019 / 40 / / 40 / / 2020 / 16 / / 16 / /

				2021 | 13 | | 13 | 1 2022 | 30 | | 30 |
				കൃത്യമായ മലേറിയ സ്ക്രീനിങ്ങുകൾ ജില്ലയിൽ നടന്നുവരുന്നുണ്ട്.
13	2012-13	3.3.6.15	ജീവിതശൈലീരോഗങ്ങളുടെ വ്യാപനം	പ്രമേഹം, രക്താതിമർദം, എന്നെന്നിലും രക്തധമനികളിലും ഉണ്ടാകുന്ന രോഗങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, കാൻസർ, മിർഗലക്കാല ശ്വാസകോശ രോഗങ്ങളായ സി. ഒപി.ഡി, ആസ്മ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് വിപുലമായ തിതിയിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, വീഡിയോകൾ, ആകാശവാണി, എഫ്. എം. റേഡിയോ എന്നിവ വഴിയുള്ള ബോധവത്കരണ സന്ദേശങ്ങൾ, പത്രക്കുറിപ്പുകൾ, പത്രപ്പരസ്യം, കെ. എസ്. ആർ.ടി. സി. ബസ് ബ്രാന്റിന്റെ മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ പ്രായത്തിലുള്ളവർക്കും ജീവിത ശൈലി രോഗസാധ്യത ഉള്ളതിനാൽ അനാരോഗ്യകരമായ ഭക്ഷണം, ശാരീരിക അധ്വാനക്കുറവ്, പുകയിലയുടെയും മദ്യത്തിന്റെയും ഉപയോഗം തുടങ്ങിയ അപകടകരമായ ചേരുവകൾ മൂലം കുട്ടികൾ, മുതിർന്നവർ, പ്രായമായവർ, എന്നിവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുക, മരുന്നുകൾ കൃത്യമായി കഴിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിതശൈലി രോഗ നിയന്ത്രണ ക്ലിനിക്കുകളെക്കുറിച്ചും ബോധവത്കരണം നടത്തിയിട്ടുണ്ട്. മിക്ക കാൻസർ രോഗങ്ങളും ആരംഭത്തിലെ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാം എന്നതിനാൽ ജില്ലകളിൽ കാൻസർ സ്ക്രീനിങ്ങുകൾ നടത്തി വരുന്നു. ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ പരിശോധനകൾ നടത്തുന്നതിനായുള്ള ബോധവത്കരണ വീഡിയോ, ഓഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി നല്കിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഫെബ്രുവരി 4 ലോക കാൻസർ ദിനമായി സംസ്ഥാനത്തുടനീളം ആചരിക്കുന്നു. കൂടാതെ ലോക ഹൃദയ ദിനം, പക്ഷാഘാതദിനം, എന്നിവയും വിപുലമായി ആചരിച്ചു വരുന്നു. കലാലയസന്ദർശനം, നഗരവൽക്കരണം, വ്യവസായവൽക്കരണം എന്നിവയുടെ ഭീഗമായി അന്തരീക്ഷത്തിലെ പൊടിപടലങ്ങളുടെയും ഹാനികരമായ വാതകങ്ങളുടെയും അളവ് വർദ്ധിക്കുന്നത് സി ഓ പി ഡി, ആസ്മ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾക്ക് കാരണമാകുന്നു. സി ഒ പി ഡി രോഗികൾക്കായി സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനെ കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. പൊടിയും.

				പുകയും കൊണ്ട് പൊതുസ്ഥലങ്ങളിലും വീടിനുള്ളിലും ഉണ്ടാകുന്ന വായു മലിനീകരണം പോലുള്ള പാരിസ്ഥിതിക ഘടകങ്ങളും രോഗസാധ്യത ഉണ്ടാക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, വിഡിയോ, ബോധവൽക്കരണ ഗാനം, ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനത്തിനുള്ള കൈപ്പുസ്തകം എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്.
14	2012-13	3.3.6.16	രോഗപ്രതിരോധ കുത്തിവയ്പ് ഉദ്ദേശ്യമായ നേട്ടം	**പ്രാഥമികാരോഗ്യകേന്ദ്രം, എലവഞ്ചേരി** എലവഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാരും സന്നദ്ധ പ്രവർത്തകരും ചേർന്ന് ദേശീയ പൾസ് പോളിയോ പരിപാടികളിൽ കുട്ടികൾക്ക് ഇമ്യൂണൈസേഷൻ നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ മുഴുവൻ രോഗനിവാരണ പരിപാടിയുടെ ഭാഗമായി ആൽബൻഡസോൾ, ഡിഇസി ഗുളികകളുടെ വിതരണവും ഇടർന്ന് നടത്തി വരാറുണ്ട്. ആയതിനുള്ള ഫണ്ട് ഗ്രാമപഞ്ചായത്ത് അനുവദിച്ചു തരുന്നുണ്ട്.
15	2012-13	3.3.6.17	ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ	**കൊച്ചി സിറ്റി** കോർപ്പറേഷൻ പരിധിയിൽ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് നടപടികളെടുക്കുന്നത് കോർപ്പറേഷൻ ആരോഗ്യവിഭാഗമാണ്. ഓടകൾ മലിനമാകുന്നത് മൂലം പകർച്ച വ്യാധികൾ ഉണ്ടാകുന്നതിനുള്ള സാധ്യതകൾ ചൂണ്ടിക്കാണിച്ച് പരിഹാര നടപടി സ്വീകരിക്കുന്നതിന് സമയാസമയങ്ങളിൽ കോർപ്പറേഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അറിയിപ്പുകൾ നൽകുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷൻ പ്രദേശത്തുണ്ടാകുന്ന [illegible] കോർപ്പറേഷൻ അധികൃതരുടെ യോഗങ്ങളിലും പൊതു സ്ഥാപനങ്ങളിലും സമയബന്ധിതമായി നടത്തി വരുന്നുണ്ട്. നിലവിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോഗം കൃത്യമായ ഇടവേളകളിൽ നടന്നു വരുന്നുണ്ട്. **മുനിസിപ്പാലിറ്റിയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഹോട്ടൽ വേയിസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി** മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ബാറുകൾ, കാന്റീനുകൾ എന്നിവയുടെ ഇപ്പോൾ, മാലിന്യ നിർമ്മാർജ്ജനം എന്നിവ പരിശോധിക്കുന്നതും വിലയിരുത്തുന്നതും മുനിസിപ്പാലിറ്റിയുടെ കീഴിൽ അംഗീകൃതമായ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ അടങ്ങിയ പൊതുജനാരോഗ്യ പരിപാലന ഉദ്യോഗസ്ഥരായതിനാൽ ടി ജീവനക്കാരുടെ പ്രവർത്തനങ്ങളിൽ മിക്കവാറും മെഡിക്കൽ ഓഫീസ് നേരിട്ട് ഇടപെടാറില്ല.

				കോഴിക്കോട് ജില്ല ഓമശ്ശേരി ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി 2011-12 വർഷത്തിൽ യോഗം ചേർന്നതിലും പല വിഷയത്തിലും കാലികമായി ഇടപെടാൻ സാധിക്കാത്തത് ഒരു പോരായ്മയായി കാണുകയും അതിന് പരിഹാരം നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ആരോഗ്യ സ്ഥാപനത്തിനായി പുതിയ കെട്ടിടം പണിയുകയും കിടപ്പിലായ രോഗികളുടെ ആവശ്യത്തിലേക്കായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുകയും വേസ്റ്റ് നിർമാർജനം ചെയ്യുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുകയും നിലവിൽ പ്രൈമറി ഹെൽത്ത് സെൻറർ ആയിരുന്ന സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി സേവനം പൊതു ജനങ്ങൾക്ക് പര്യാപ്തമായിട്ടുള്ള രീതിയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെലവുകുറഞ്ഞ മരുന്ന് സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സുരക്ഷയുടെ കാര്യത്തിനായി ചുറ്റുമതിൽ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ഡോക്ടറുടെ സേവനം മാത്രം ലഭ്യമായിരുന്ന സ്ഥാനത്ത് 3 ഡോക്ടർമാരുടെ സേവനം അന്വേഷിക്കുന്നുണ്ട്. അതോടൊപ്പം നഴ്സിംഗ്പരിചരണം കിടപ്പു രോഗികൾക്ക് സേവനം നൽകുന്നുണ്ട്. പഞ്ചായത്തിലെ മുഖ്യ ജീവിതശൈലീ പകർച്ചാ, കാൻസർ, കിഡ്നി, ജീവിത ശൈലീ രോഗങ്ങൾ എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്.
16	2012-13	3.3.6.19	പൊതുശൗചാലയങ്ങളും ആരോഗ്യ പ്രശ്നങ്ങളും	**കണ്ണൂർ ജില്ലയിൽ**, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേങ്ങാട് പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മനുഷ്യ വാണിയുള്ള ശൗചാലയം സന്ദർശിച്ചിട്ടുണ്ട്. ശൗചാലയം നിർമിച്ചിരിക്കുന്നത് താഴ്ന്ന പ്രദേശത്തായതിനാൽ മഴക്കാലത്ത് വെള്ളം കയറി ബുദ്ധിമുട്ട് ഉണ്ടാവാറുണ്ട്. ഇപ്പോൾ പൊതുവെ വൃത്തിയായി തന്നെ പരിപാലിക്കുന്നുണ്ട്. പരിപാലനത്തിനായി ഇതിനടുത്തുള്ള കുടുംബത്തെ ഏർപ്പാടാക്കിയിട്ടുണ്ട്. ടിയാൾ കൃത്യമായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. കെട്ടിടം പെയിന്റ് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റേണ്ട കെട്ടിടമാണിത്. അതുകൊണ്ടു തന്നെ അറ്റകുറ്റപണികൾ നടത്താറില്ല. പുതിയ ശൗചാലയം നിർമിക്കാൻ പി.ഡബ്ല്യു.ഡി യുടെ കൈവശമുള്ള 3 സെന്റ് സ്ഥലത്തിന് വേണ്ടി പഞ്ചായത്ത് കളക്ടർക്കും പി.ഡബ്ല്യു.ഡി വകുപ്പിനും അപേക്ഷ നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കൂടാളി പഞ്ചായത്തിലെ കൊളപ്പയിലുള്ള 17 വർഷം പഴക്കമുള്ള പൊതു ശൗചാലയം അറ്റകുറ്റപ്പണി നടത്തിയശേഷം പൊതു ജനങ്ങൾക്കായി 2018 ജനുവരിയിൽ തുറന്നു കൊടുത്തിട്ടുണ്ട്.

				ഇടുക്കി ജില്ലയിലെ ഓമല്ലൂർ പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന പൊതു ശൗചാലയം, നിലവിൽ ഉപയോഗയോഗ്യമാണ് . ടി ശൗചാലയം വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **കോട്ടയം ജില്ലയിലെ** ചങ്ങനാശ്ശേരി നഗരസഭയിലെ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ അവസ്ഥ ശോചനീയമാണെന്നും ചില കെട്ടിങ്ങളും ചോർന്ന് ഒലിക്കുന്നതും, പൊട്ടി പൊളിഞ്ഞതാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പൊതുശൗചാലയങ്ങളുടെ പരിപാലനവും സ്വയാസ്വയങ്ങളിലെ അറ്റകുറ്റപ്പണിയും ശൗചാലയങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതും നഗരസഭയാണെന്ന് അറിയിക്കുന്നു. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന പൊതുശൗചാലയം നിലവിൽ ഉപയോഗയോഗ്യമാണ്. ടി ശൗചാലയം വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
17	2012-13	3.3.6.21	പട്ടിക വർഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾ	കേരളത്തിലെ ജനസംഖ്യയുടെ 1.5% വരുന്ന പട്ടികവർഗ്ഗ (ട്രൈബൽ) വിഭാഗങ്ങൾക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പടെ 195 ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സേവനം നൽകി വരുന്നുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സബ്ബ് സെന്ററുകൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകി വരുന്നു. • ഇവയിൽ 50 സ്ഥാപനങ്ങളിൽ IP സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • 18 സ്ഥാപനങ്ങളിൽ പ്രസവ / പ്രസവാനന്തര സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitatory Centre (NRC) കൾ പ്രവർത്തിക്കുന്നുണ്ട്. • ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, KMSCL എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. • സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ

				പ്രവർത്തകരുടെ (Harriet ASHA) സേവനവും ലഭ്യമാണ്. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ ജില്ലാ തലത്തിലും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, വനിതാ-ശിശുക്കേന്ദ്രവകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നാണ് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നത്. ഇവയുടെ വിശദവിവരം അനുബന്ധം -3 ആയി ചേർക്കുന്നു. ഇവയ്ക്ക് പുറമെ, വയനാട് ആദിവാസി മേഖലയിൽ ജില്ലാ തലത്തിലും, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്ത സംരംഭത്തിൽ നടപ്പിലാക്കുന്ന 'ഊരും ഉയിരും' എന്ന പദ്ധതിയുടെയും അട്ടപ്പാടി കോട്ടത്തറ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും സംഗ്രഹം അനുബന്ധം -4 ആയി ചേർക്കുന്നു. പാലക്കാട് അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി നിലവിലെ പ്രൊജക്ടിൽ നിന്നും ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ രക്തസമ്മർദ്ദം, പ്രമേഹം മുതലായ ജീവിതശൈലി നിർണ്ണയവും മരുന്ന വിതരണവും നടത്തി വരുന്നുണ്ട്. പെരിങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും മൈബൈൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങളും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്നുണ്ട്. .
18	2012-13	3.3.6.22	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിനുള്ള കാലതാമസം.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ആനാട് പ്രാഥമികാരോഗ്യകേന്ദ്രം (തിരുവനന്തപുരം), എടവണ്ണ സാമൂഹ്യാരോഗ്യകേന്ദ്രം (മലപ്പുറം), പ്രാഥമികാരോഗ്യകേന്ദ്രം ഓമശ്ശേരി (കോഴിക്കോട്) എന്നീ സർക്കാർ ആശുപത്രികളിൽ നിന്നും 2011-12 ലെ പദ്ധതി പ്രകാരം ആവശ്യപ്പെട്ട ഉപകരണം ഇതുവരെ നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമ പഞ്ചായത്തിൽ സർക്കാർ സ്ഥാപനത്തിൽ മരുന്നുകളുടെ ലഭ്യത നൽകിയാലും മരുന്ന് പൂർണ്ണമായും ലഭിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. നിലവിൽ 'അതിന് മാറ്റം വന്നിട്ടുണ്ട്. ഇപ്പോൾ പൂർണ്ണമായും മരുന്ന് ലഭ്യമാക്കുന്ന സാഹചര്യം വിതരണ കമ്പനികൾ അനുവർത്തിക്കുന്നുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ 38,000/- രൂപ മരുന്നിനായി നൽകി അതിൽ ആദ്യത്തെ തവണ 93,617/- രൂപയുള്ള മരുന്ന് ലഭ്യമാക്കുകയും ബാക്കി ഇനിയുള്ള മരുന്നുകൾ പിന്നീട്

				വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.
19.	2012-13	3.3.8	ശിപാർശകൾ	
			ആശുപത്രികൾ, ഡിസ്പെൻസറികളുടെയും സബ്സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്നാണ്.	**ആർദ്രം മിഷൻ വഴി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ സ്വീകരിച്ച നടപടികൾ** ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ഔട്ട് പേഷന്റ് വിഭാഗം ജനസൗഹൃദമാക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതോടൊപ്പം ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി പരിവർത്തനം ചെയ്യുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. ഇതിനു പുറമേ, സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആർദ്രം ദൗത്യം മാനദണ്ഡം പ്രകാരം മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിൽ KIIFB, NABARD, PLAN FUND, MLA FUND തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. KIIFB ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക അനുബന്ധം-2 ആയി ചേർക്കുന്നു.
			പദ്ധതികൾ ഫലപ്രദമായി നിർവഹിക്കുന്നതിന് മോണിറ്ററിംഗ് കാര്യക്ഷമമാക്കണം.	നിലവിൽ പദ്ധതികൾ ഫലപ്രദമായി നിർവഹിക്കുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനമുണ്ട്. നബാർഡ് പദ്ധതികൾക്കായി ഓരോ പ്രോജക്ട് മാനേജർമാർ, ഇൻസ്റ്റിറ്റ്യൂഷൻ ഹെഡ്, ജില്ലാതലത്തിൽ ഡി.എം.ഒ, സ്റ്റേറ്റ് ലെവൽ അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) എന്നിവരെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നബാർഡ് പദ്ധതികളുടെ റിവ്യൂ ഓഫാത് എക്സിക്യൂട്ടീവ് എഞ്ചിനീർമാർ എല്ലാ മാസവും ഇൻസ്റ്റിറ്റ്യൂഷൻ ലെവലിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടത്തി വരുന്നു. ഇതു കൂടാതെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പ്ലാൻ സ്പേസ് എന്ന പേരിൽ

				വെബ് അധിഷ്ഠിത ഇന്റഗ്രേറ്റ് ഇൻഫർമേഷൻ സംവിധാനവും നിലവിലുണ്ട്.
			പകർച്ചവ്യാധികളും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുകയാണ്.	പരിസരശുചിത്വവും വ്യക്തി ശുചിത്വവും പാലിച്ചില്ലെങ്കിൽ വിവിധ പകർച്ചവ്യാധികൾ പിടിപെടാൻ സാദ്ധ്യതയുണ്ട്. പന്നി, പ്രാണിജന്യരോഗങ്ങൾ, അണുജന്യ രോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് പൊതുജനങ്ങൾ പാലിക്കേണ്ട കാര്യങ്ങൾ വിവിധ അച്ചടി-ദൃശ്യ-ശ്രവ്യ-നവ-കലാ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്. പൊതുവായ സന്ദേശങ്ങളും, പ്രത്യേക രോഗാധിഷ്ഠിതമായ സന്ദേശങ്ങളും ഇപ്രകാരം പ്രചരിപ്പിക്കുന്നുണ്ട്. പ്രചരണ പരിപാടികൾക്കായി സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടും, ആരോഗ്യ കേരളം (NHM) മുഖേനയുള്ള വിഹിതവും ഉപയോഗിക്കുന്നുണ്ട്. വിവിധ രോഗങ്ങൾ അതിസാധാരണമായുള്ള ദിനാചരണങ്ങൾ, മാസാചരണങ്ങൾ എന്നിവയുടെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും ഏകീകരിക്കുന്നതിനും വിവിധ തലങ്ങളിൽ ആർദ്രം ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ജനപ്രതിനിധികൾ, കലാ-സാംസ്കാരിക മേഖലയിലെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വിവിധ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് രക്ഷാകർതൃ, ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നു. ബോധവത്കരണ പരിപാടികൾ നടത്തുമ്പോൾ അവ കൃത്യമായി പൊതുജനങ്ങളെ അറിയിക്കുവാൻ ആരോഗ്യവകുപ്പിന്റെ മാസ്സ് മീഡിയ വിഭാഗം സജ്ജമാണ്. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാൻ എല്ലാ പരിശീലന പരിപാടികളിലും മാസ്സ് മീഡിയാ വിഭാഗത്തിനെയും ഉൾപ്പെടുത്താറുണ്ട്. മാസ്സ് മീഡിയ വിഭാഗത്തിന്റെ ശാക്തീകരണത്തിനും നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രത്യേക ശിൽപ്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നു. വിവിധ തലങ്ങളിൽ നടക്കുന്ന ബോധവത്കരണ പരിപാടികളുടെ documentation നടത്തി റിപ്പോർട്ടുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.
			ജീവിത ശൈലീ രോഗങ്ങൾക്കെതിരായ ബോധവത്കരണം ആരോഗ്യ നയത്തിന്റെ ഭാഗമാണ്.	പ്രമേഹം, രക്താതിമർദ്ദം, ഹൃദയത്തിലും രക്തധമനികളിലും ഉണ്ടാകുന്ന രോഗങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, ക്യാൻസർ, ദീർഘകാല ശ്വാസകോശ രോഗങ്ങളായ സി. ഒ.പി.ഡി., ആസ്ത്മ ഇങ്ങനെയുള്ള രോഗങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് വിപുലമായ രീതിയിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, വീഡിയോകൾ, ആകാശവാണി, എഫ്. എം റേഡിയോ എന്നിവ വഴിയുള്ള ബോധവത്കരണ സന്ദേശങ്ങൾ, പത്രക്കുറിപ്പുകൾ, പത്രപ്രസ്താവന, കെ. എസ്. ആർ.ടി. സി. ബസ് ബ്ലാന്റിങ് മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ പ്രായത്തിലുള്ളവർക്കും ജീവിത ശൈലീ രോഗസാധ്യത

				ഉള്ളതിനാൽ അനാരോഗ്യകരമായ ഭക്ഷണം, ശാരീരിക അധ്വാനക്കുറവ്, പുകയിലയുടെയും മദ്യത്തിന്റെയും ഉപയോഗം തുടങ്ങിയ അപകടകരമായ ഘടകങ്ങൾ മൂലം കുട്ടികൾ, മുതിർന്നവർ, പ്രായമായവർ, എന്നിവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുക, അന്നനാളം കൃത്യമായി കഴിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിതശൈലി രോഗ നിയന്ത്രണ ക്ലിനിക്കുകളെക്കുറിച്ചും ബോധവത്കരണം നടത്തിയിട്ടുണ്ട്. മിക്ക ക്യാൻസർ രോഗങ്ങളും ആരംഭത്തിലെ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാം എന്നതിനാൽ ജില്ലകളിൽ ക്യാൻസർ സ്ക്രീനിങ്ങുകൾ നടത്തി വരുന്നു. ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ പരിശോധനകൾ നടത്തുന്നതിനായുള്ള ബോധവത്കരണ വീഡിയോ, ഓഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി നല്കിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഫെബ്രുവരി 4 ലോക ക്യാൻസർ ദിനമായി സംസ്ഥാനത്തുടനീളം ആചരിക്കുന്നു. കൂടാതെ ലോക ഹൃദയ ദിനം, പക്ഷാഘാതദിനം, എന്നിവയും വിപുലമായി ആചരിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാനം, നഗരവൽക്കരണം, വ്യവസായവൽക്കരണം എന്നിവയുടെ ഭാഗമായി അന്തരീക്ഷത്തിലെ പൊടിപടലങ്ങളുടെയും ഹാനികരമായ വാതകങ്ങളുടെയും അളവ് വർധിക്കുന്നത് സി ഒ പി ഡി, ആസ്ത്മ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾക്ക് കാരണമാകുന്നു. സി ഒ പി ഡി രോഗികൾക്കായി ഗവർമ്മെന്റ് ആരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനെ കുറിച്ചുള്ള ബോധവൽക്കരണ പോസ്റ്ററുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. പൊടിയും പുകയും കൊണ്ട് പൊതുസ്ഥലങ്ങളിലും വീടിനുള്ളിലും ഉണ്ടാകുന്ന വായു മലിനീകരണം പോലുള്ള പാരിസ്ഥിതിക ഘടകങ്ങളും രോഗസാധ്യത ഉണ്ടാക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, വീഡിയോ, ബോധവൽക്കരണ ഗാനം, ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനത്തിനുള്ള കൈപ്പുസ്തകം എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്.
			പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം.	വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി സംസ്ഥാന- ജില്ലാ - പഞ്ചായത്ത് തലങ്ങളിൽ നിർദ്ദിഷ്ട ഇടവേളകളിൽ ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ മീറ്റിംഗ് സംഘടിപ്പിച്ച് പ്രവർത്തികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ഇതുകൂടാതെ ഏതെങ്കിലും പ്രത്യേക അടിയന്തര സാഹചര്യങ്ങളിൽ (ഉദാ: പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ) ഇത്തരം യോഗങ്ങൾ ചേരുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ജില്ലാ കളക്ടർമാരുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഇത്തരം

				പ്രവർത്തനങ്ങൾ കാര്യക്ഷമതയായി നടക്കുന്നു. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലും എല്ലാ മാസവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡി.ഡി.സി. (DDC) മീറ്റിംഗുകൾ കൂട്ടുകയും വിവിധ വിഷയങ്ങൾ പൊതുവായി ചർച്ച ചെയ്യുകയും പ്രശ്നപരിഹാര നിർദ്ദേശങ്ങൾ നൽകുകയും അവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രസ്തുത മീറ്റിംഗുകളിൽ അതത് ജില്ലയിലെ എം.എൽ.എ, എം.പി തുടങ്ങിയവർ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ലോകത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യ പദ്ധതി (One Health). മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, അവയുടെ പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പര ബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ മനുഷ്യ ആരോഗ്യ ഫലങ്ങൾ കൈവരിക്കുക എന്നതാണ് ഈ ആശയത്തിന്റെ ലക്ഷ്യം. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺഹെൽത്ത് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പഴവാസനിടത ജില്ലകളിൽ ആരംഭിക്കും. പിന്നീട് ഇത് ബാക്കിയുള്ള പത്ത് ജില്ലകളിലേക്കും വ്യാപിപ്പിക്കും. ഏകാരോഗ്യ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന, ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതല ആരോഗ്യ സമിതികൾ രൂപീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകൾ ആരോഗ്യവകുപ്പായി ചേർന്ന് പ്രവർത്തിക്കേണ്ട മേഖലകളും പ്രവർത്തികളും അനുബന്ധം -6 ആയി ചേർക്കുന്നു.
			ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.	സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് ഓരോ ആശുപത്രിയിലും എച്ച്.എം.സി/എച്ച്.ഡി.സി എന്നിങ്ങനെ കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ടി കമ്മറ്റികളിൽ നിയമസഭ/ പാർലമെന്റ് എന്നീ സഭകളിൽ പ്രതിനിധ്യം ഉള്ള രാഷ്ട്രീയപാർട്ടികളുടെ അംഗങ്ങളും പ്രദേശത്തെ പി.ഡബ്ല്യൂ.ഡി/ കെ.എസ്.ഇ.ബി/[1] കെഡബ്ല്യൂഎ/ കാഡിക്കുൾ തൊഴിലാളികൾ കൂടിയുള്ള കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം കൂടി ആശുപത്രിയുടെ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും,

				ആയത് അനുസരിച്ച് ചട്ട പ്രകാരം ബന്ധപ്പെട്ട സൂപ്രണ്ടുമാർ/മെഡിക്കൽ ഓഫീസർമാർ, കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നു. സർക്കാർ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ലഭിക്കുന്ന സേവനത്തിന് സമാനമായ സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഈടാക്കുകയും ആയത് ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെയും പഞ്ചായത്ത്/മുൻസിപ്പൽ ചെയർമാന്റെയും പേരിൽ ഉള്ള ഒരു ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ അക്കൗണ്ടിൽ നിന്നുമാണ് ചട്ട പ്രകാരം ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ടും ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്കായി ചെലവാക്കുന്നു. ഇങ്ങനെയുള്ള ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽഫണ്ട് ആഡിറ്റ്/ഡിപ്പാർട്ട്മെന്റ് ഓഡിറ്റ്/AG ഓഡിറ്റ് എന്നിവയും നിലവിൽ ഉണ്ട്. പ്രസ്തുത ഓഡിറ്റിൽ കാണുന്ന പോരായ്മകളും തെറ്റുകളും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാറുണ്ട്. നിലവിൽ ഇത്തരമായ പ്രശ്നങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.
			ആദിവാസി മേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.	കേരളത്തിലെ ജനസംഖ്യയുടെ 1.5% വരുന്ന പട്ടികവർഗ്ഗ (ട്രൈബൽ) വിഭാഗത്തിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പടെ 195 ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സേവനം നൽകി വരുന്നുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സബ്ബ് സെന്ററുകൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകി വരുന്നു. • ഇവയിൽ 50 സ്ഥാപനങ്ങളിൽ IP സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • 18 സ്ഥാപനങ്ങളിൽ പ്രസവ / പ്രസവാനന്തര സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്. • പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitatory Centre (NRC) കൾ പ്രവർത്തിക്കുന്നുണ്ട്. • ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, KMSCL എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. • സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും

				ആരോഗ്യകേന്ദ്രം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തകരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ ജില്ലാ തലത്തിലും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, വനിതാ-ശിശുക്ഷേമവകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നാണ് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നത്. ഇവയുടെ വിശദവിവരം അനുബന്ധം –3 ആയി ചേർക്കുന്നു. ഇവയ്ക്ക് പുറമെ, വയനാട് ആദിവാസി മേഖലയിൽ ജില്ലാ തലത്തിലും, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിത ശിശു വികസന വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്ത സംരംഭത്തിൽ നടപ്പിലാക്കുന്ന ഊരോം ഉയിരും എന്ന പദ്ധതിയുടെയും അട്ടപ്പാടി കോട്ടത്തറ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും സംഗ്രഹം അനുബന്ധം –4 ആയി ചേർക്കുന്നു. പാലക്കാട് അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി നിലവിലെ പ്രൊജക്ടിൽ നിന്നും ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ രക്തസമ്മർദ്ദം, പ്രമേഹം മുതലായ ജീവിതശൈലി രോഗനിർണ്ണയവും അതിനു വിദഗ്ദ്ധനാവും നടത്തി വരുന്നുണ്ട്. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും ടൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങളും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്നുണ്ട്.

ബിജുലാൽ പി.ജി.
ജനറൽ മാനേജർ
ആദിവാസി പുനരധിവാസ മിഷൻ
സി.ഡി. ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഫോൺ: 2615554

അനുബന്ധം -1
വണ്ടിക 3.3.6.1

ജനസൗഹൃദ ആശുപത്രികൾ
ലക്ഷ്യങ്ങൾ

1. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയും സൗഹാർദ്ദപരവുമായ സേവനം ഉറപ്പ് വരുത്തുക
2. ജില്ലാ താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനമേഖല വിപുലപ്പെടുത്തുക.
4. രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

ഒപി വിഭാഗവും ആശുപത്രികളും രോഗി സൗഹൃദമാക്കൽ

ആശുപത്രിയിൽ ലഭ്യമായ സംവിധാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/നോട്ടീസ് ബോർഡുകൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒപി വിഭാഗം, ഓ പി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടു കൂടിയ കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, ട്രയേജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ഒബ്സർവേഷൻ മുറി, ലാബ് സംവിധാനം, മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ ജനസൗഹൃദമാകുമ്പോൾ ഒരുക്കേണ്ട സംവിധാനങ്ങളെക്കുറിച്ച് G.O(Rt) No. 1514/2017/H&FWD തീയതി 29/05/2017 ഉത്തരവിൽ നിർദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ G.O(P) No. 46/2017/H&FWD 05.08.2017 ഉത്തരവിൽ നിർദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി താഴെ പറയുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2017-18) - ഒന്നാംഘട്ടം

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 23 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി

ലഭിക്കുകയും ചെയ്തു. അപ്രകാരം 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2018-19) - രണ്ടാംഘട്ടം

2018-19 സാമ്പത്തിക വർഷം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന ഗവമെന്റിന്റെ പ്ലാൻ ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ. എച്ച്. എം. ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 33 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 68 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 101 സ്ഥാപനങ്ങളിൽ 16 എണ്ണം ഡിസംബർ മാസത്തിലും, 7 എണ്ണം 2023 മാർച്ച് മാസത്തിലും 21 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2019-20) - മൂന്നാംഘട്ടം

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ. എച്ച്.എം. ഫണ്ട് മുഖേന 32.86 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 184 സ്ഥാപനങ്ങളിൽ 17 എണ്ണം ഡിസംബർ മാസത്തിലും, 32 എണ്ണം 2023 മാർച്ച് മാസത്തിലും 28 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2019-20) - ഒന്നാംഘട്ടം

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ആയതിൽ 20 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 35 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 21 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ 24 എണ്ണം ഡിസംബർ മാസത്തിലും, 13 എണ്ണം 2023 മാർച്ച് മാസത്തിലും 8 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2021-2022) - രണ്ടാംഘട്ടം</u>

സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷത്തിൽ 75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ മൂന്ന് സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 75 സ്ഥാപനങ്ങളിൽ 4 എണ്ണം 2023 മാർച്ച് മാസത്തിലും 37 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>താലൂക്കാശുപത്രികളുടെ ഒ. പി പരിവർത്തനം</u>

2018-19 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയും 2019-20 സാമ്പത്തിക വർഷത്തിൽ 27 താലൂക്കാശുപത്രികളേയും 2021-22 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയുമാണ് തെരെഞ്ഞെടുത്തത്. ആയതിന്റെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

ഘട്ടം	തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ	നിർമ്മാണം പൂർത്തിയായവ	നിർമ്മാണം പുരോഗമിക്കുന്നവ	നിർമ്മാണം ആരംഭിച്ചിട്ടില്ല
ഒന്നാം ഘട്ടം	8	4	2	2
രണ്ടാം ഘട്ടം	27	1	14	12
മൂന്നാം ഘട്ടം	8	-	-	8

ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ. പി പരിവർത്തനം

ജി. എച്ച് തിരുവനന്തപുരം, ഡി.എച്ച് കൊല്ലം, ജി.എച്ച് പത്തനംതിട്ട, ജി.എച്ച് ആലപ്പുഴ, ജി.എച്ച്. കോട്ടയം, ജി. എച്ച്. തൃശ്ശൂർ, ഡി. എച്ച്.പാലക്കാട്, ഡി.എച്ച് തിരൂർ, ജി. എച്ച്. കോഴിക്കോട്, ജി.എച്ച്. കൽപ്പറ്റ, ഡി. എച്ച് മാനന്തവാടി, ഡി. എച്ച്. തലശ്ശേരി, ജി. എച്ച്. കാസർഗോഡ്, ഡി. എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ. പി പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.

ചില പ്രാദേശിക സാങ്കേതിക കാരണങ്ങളാൽ ഡി. എച്ച് തൊട്ടുപുഴയിലെ നിർമ്മാണ പ്രവർത്തികൾ താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

അനുബന്ധം - 2

Sl.No.	Name of [illegible]	[illegible]	SPV	Amount [illegible]	FS amount in Crore
1.	Gene[illegible]	E[illegible]	INKEL	[illegible]	76.5
2.	Taluk [illegible]	[illegible]	INKEL	[illegible]	68.18
3.	Talu[illegible]	[illegible]	INKEL	[illegible]	
4.	Talu[illegible]	[illegible]	INKEL	[illegible]	50.78
5.	Talu[illegible]	[illegible]	INKEL	[illegible]	
6.	Gene[illegible]	[illegible]	INKEL	[illegible]	106.933
7.	Taluk [illegible]	Kollam	INKEL	[illegible]	
8.	Distric[illegible]	Alappuzha	INKEL	[illegible]	102.79
9.	Taluk [illegible]	Kozhikode	INKEL	[illegible]	
10.	Gene[illegible]	Malappuram	INKEL	[illegible]	
11.	Mental [illegible]	Thrissur	INKEL	[illegible]	
12.	General [illegible]	Kozhikode	INKEL	[illegible]	86.804
13.	TH Ko[illegible]	Thrissur	INKEL	[illegible]	
14.	TH Kodo[illegible]	Malappuram	INKEL	[illegible]	
15.	Gene[illegible]	Thrissur	HITES	[illegible]	
16.	Taluk [illegible]	Alappuzha	HITES	[illegible]	101.11
17.	District [illegible]	Idukki	HITES	[illegible]	70.73
18.	Genera[illegible]	Alappuzha	HITES	[illegible]	52.063
19.	Taluk [illegible]	Palakkad	HITES	[illegible]	50.47
20.	Taluk [illegible]	Kannur	HITES	[illegible]	56.31
21.	Taluk [illegible]	Alappuzha	HITES	[illegible]	54.959
22.	Distric[illegible]	Palakkad	HITES	[illegible]	70.78
23.	Taluk [illegible]	Pathanamthitta	HITES	[illegible]	11.04
24.	Talu[illegible]	[illegible]	[illegible]	[illegible]	11.35
25.	Ta[illegible]	[illegible]	[illegible]	[illegible]	10.47
26.	[illegible]	[illegible]	[illegible]	[illegible]	9.9
27.	[illegible]	[illegible]	[illegible]	[illegible]	
28.	[illegible]	[illegible]	[illegible]	[illegible]	
29.	[illegible]	[illegible]	[illegible]	[illegible]	12.537
30.	[illegible]	[illegible]	[illegible]	[illegible]	
31.	[illegible]	[illegible]	[illegible]	[illegible]	
32.	[illegible]	[illegible]	[illegible]	[illegible]	14.64
33.	[illegible]	[illegible]	[illegible]	[illegible]	30.35
34.	[illegible]	[illegible]	[illegible]	[illegible]	15.6
35.	[illegible]	Kollam	[illegible]	[illegible]	28.25
36.	[illegible]	Alappuzha	[illegible]	[illegible]	34.83
37.	[illegible]	[illegible]	[illegible]	[illegible]	55.83

46.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
47.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
48.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
49.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
50.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
51.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
52.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
53.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
54.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
55.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
56.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
57.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
58.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
59.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
60.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
61.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
62.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
63.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
64.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
65.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
66.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
67.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
68.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
69.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
70.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
71.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
72.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
73.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

അനുബന്ധം - 3

ഖണ്ഡിക 3.3.6.21

പോഷകാഹാരക്കുറവ് (Protein energy Malnutritian, Severe Acute Malnutrition) വിളർച്ച (Anaemia), അരിവാൾ രോഗം (Sickle Cell Disease) എന്നിവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സയും മറ്റു സഹായങ്ങളും നൽകുവാനുള്ള പദ്ധതികൾ.

- ഗർഭകാല ശുശ്രൂഷ എല്ലാ ഗർഭിണികൾക്കും എത്തിക്കുക, പ്രസവസേവനങ്ങൾ, പ്രവസവാനന്തര സേവനങ്ങൾ എല്ലാ അമ്മമാർക്കും ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ.
- കൃത്യമായ ഗർഭകാല സേവനം നൽകി, പ്രസവദിനം പ്രതീക്ഷിക്കുന്നതിന് 1 മാസം മുൻപ് തന്നെ ഇവരെ അനുബന്ധ ഡിപ്പാർട്ട്മെന്റുകളുടെ സഹായത്തോടെ ആശുപത്രികളിലോ സമാനസ്ഥാപനങ്ങളിലോ പ്രവേശിപ്പിക്കുകയും, പ്രസവശേഷം, 1 -2 ആഴ്ച ആശുപത്രിയിൽ നിർത്തി തുടർന്ന് ഊരുകളിലേക്ക് വിടുന്ന രീതി നടപ്പിലാക്കുന്നുണ്ട്.
- നിലവാരമുള്ള പ്രസവശുശ്രൂഷ ഉറപ്പാക്കുന്നതിന് വേണ്ടി ദേശീയ മാനദണ്ഡങ്ങളായ NQAS, LaQSHYA എന്നിവ കോട്ടത്തറ ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിൽ ഉൾപ്പടെ നടപ്പിലാക്കി വരുന്നു.
- നവജാതശിശുക്കൾക്ക് ആവശ്യസേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ, അട്ടപ്പാടി ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രിയിൽ നവജാതശിശുക്കൾക്ക് വേണ്ടിയുള്ള ICU ആരംഭിക്കാനുള്ള നടപടികൾ നടന്ന് വരുന്നു.
- ആശുപത്രിവിട്ടതിന് ശേഷമുള്ള ശിശുപരിപാലനം, മുലയൂട്ടൽ, പ്രതിരോധകുത്തി വയ്പുകൾ, അമ്മയ്ക്കും കുഞ്ഞിനുമുള്ള പോഷകാഹാരം ലഭ്യമാക്കൽ എന്നിവ, ജെ.പി.എച്ച്.എൻ. ആശാ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ മുഖേന ഉറപ്പ് വരുത്തുന്നു.
- RBSK നഴ്സുമാർ മുഖേന കുഞ്ഞുങ്ങളിലും, സ്കൂൾ കുട്ടികളിലും, കൗമാരപ്രായ ക്കാർക്കുമിടയിലുള്ള പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ കണ്ടെത്തുവാനും, വേണ്ടപ്രതിവിധികളും നൽകിവരുന്നു.
- NHM മുഖേന നിയമിതരായ MLSP നഴ്സുമാർ മുഖേന മുതിർന്നവരിലും വിവിധ സേവനങ്ങൾ നൽകി വരുന്നു, ആശുപത്രികളിൽ എത്താത്തവർക്ക് വേണ്ടി ഈ-സഞ്ജീവനി മുഖേന ഒ.പി. സേവനങ്ങൾ നൽകാൻ ആരംഭിച്ചിട്ടുണ്ട്.
- അരിവാൾ രോഗം പോലെയുള്ള അസുഖങ്ങൾ കണ്ടത്തുന്നതിനായി, ട്രൈബൽ മേഖലയിലുള്ള ലബോറട്ടറി ടെക്നീഷ്യൻമാർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.
- സാംക്രമീക രോഗങ്ങൾ പകർച്ചേതര രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ എന്നിവക്കായി ട്രൈബൽ മേഖലയിലും വിവിധ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

അനുബന്ധം -4

(ഖണ്ഡിക 3.3.8)

ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പ്രത്യേക ഊരും ഉയിരും പദ്ധതിയുടെ സംഗ്രഹം

ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നിവകുപ്പുകളുടെ സംയുക്ത സംരംഭത്തിൽ "ഊരും ഉയിരും" എന്ന പദ്ധതി നടത്തി വരുന്നു.

കോളനികൾ കേന്ദ്രീകരിച്ച് ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക ക്യമ്പുകൾ സംഘടിപ്പിക്കുകയും, ആയതിൽ ഗർഭിണികളേയും കുട്ടികളെയും പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു. ഗർഭിണികൾക്കും, 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുമുള്ള പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നത് വനിതാ ശിശുവികസന വകുപ്പാണ്. ആളുകളെ പരിശോധിക്കുന്നതിനും രക്തസാമ്പിളുകൾ ശേഖരിക്കുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർ ഫീൽഡ് വർക്കർമാരെയും, ആർ.ബി.എസ്.കെ. നേഴ്സുമാരെയും നിയോഗിച്ചിട്ടുണ്ട്. ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനങ്ങളും ഈ ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തുന്നു. സാംക്രമീക രോഗങ്ങളുടെയും, ജീവിതശൈലി രോഗങ്ങളുടെയും പരിശോധനയും ക്യാമ്പിൽ നടന്നുവരുന്നു. ഈ മെഡിക്കൽ ക്യാമ്പുകളിൽ കുട്ടികളുടെ ഉയരം, വഴർച്ച്, ഭാരം, ബി.എം.ഐ, വായിലെ അൾസർ എന്നിവയും മറ്റ് ആരോഗ്യ പ്രശനങ്ങളും കണ്ടെത്തുന്നു. കൂടാതെ തൈറോയിഡ് ടെസ്റ്റുകൾ, വൈറ്റമിൻ ഡി ലെവൽ, ആർ.ബി.എസ്, കഫം, സി.ബി.എൻ.എ.റ്റി എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുന്നു.

ഈ പരിശോധനകൾ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലും ജില്ലാ പബ്ലിക് ഹെൽത്ത് ലാബിലും നടത്തുന്നു. ഓരോ ക്യാമ്പിൽ നിന്നും ലഭിച്ച ഡാറ്റകൾ വിശകലനം ചെയ്ത് വരുന്നു.

ഓരോ ക്യാമ്പിന്റെയും നടത്തിപ്പിനാവശ്യമായ ചെലവുകൾ ട്രൈബൽ വകുപ്പാണ് ഏറ്റെടുത്ത് നടത്തുന്നത്. ജില്ലാ ഭരണകൂടമാണ് മേൽനോട്ടം വഹിക്കുന്നത്.

- ഗർഭിണികളായ ആദിവാസി സ്ത്രീകളിലെ പോഷകക്കുറവ് ഫീൽഡ് തല ജീവനക്കാർ (ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശ, ഹാംലറ്റ് ആശ, എം.എൽഎസ്.പി) മുഖാന്തിരം കണ്ടെത്തുകയും എല്ലാ തിങ്കളാഴ്ചകളിലും സബ് സെന്റർ കേന്ദ്രീകരിച്ചും, കോളനികൾ കേന്ദ്രീകരിച്ചും ന്യൂട്രീഷ്യൻ ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ ഗർഭകാലങ്ങളിൽ അവർക്കാവശ്യമായ അയൺ ഫോളിക് ആസിഡും, കാൽസ്യം ഗുളികകളും സബ് സെന്റർ വഴി വിതരണം ചെയ്തുവരുന്നുണ്ട്.

അട്ടപ്പാടി കോട്ടത്തറ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സംഗ്രഹം .

a) Infrastructure Development

മാതൃ-ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾക്ക് അനുമതി നൽകി അവയൊക്കെ വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കി വരുന്നു.

- Laqshya മാനദണ്ഡങ്ങൾ പ്രകാരം , പ്രസവമുറിയും, മെറ്റേണിറ്റി ഓപ്പറേഷൻ തീയറ്റർ എന്നിവ സജ്ജീകരിക്കുന്നതിന് NHM മുഖേന ആദ്യഘട്ടമായി 1.61 കോടി രൂപയുടെ അനുമതി നൽകി നിർമാണം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന പുരോഗമിക്കുന്നു. നിലവിൽ 70% പൂർത്തീകരിച്ചിട്ടുണ്ട്.
- രണ്ടാം ഘട്ടമായി 2022-23 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2023 മാർച്ച് മാസത്തോടെ LaQshya മാനദണ്ഡങ്ങൾ പ്രകാരമുള്ള ഓപ്പറേഷൻ തീയറ്ററും, ലേബർ റൂം സംവിധാനങ്ങൾ സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- ECRP-2 ഫണ്ട് (75.13 ലക്ഷം രൂപ) ഉപയോഗിച്ച് 21 കിടക്കകൾ ഉള്ള കുട്ടികളുടെ തീവ്രചികിത്സാ വിഭാഗത്തിന്റെ പണികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 15 ഓക്സിജൻ കിടക്കകളും, 4 HDU കിടക്കകളും, 2 ICU കിടക്കകളുമാണ് വിഭാവന ചെയ്തിട്ടുള്ളത്.
- എം.പി. ഫണ്ട് ഉപയോഗിച്ച് 57 ലക്ഷം അടങ്കൽ തുക ഉപയോഗിച്ച് അമ്മ വീട് പദ്ധതിക്ക് കെട്ടിടംപണി പൂർത്തിയായി. അനുബന്ധ ഫർണീച്ചറുകളും, ജീവനക്കാരുടെ നിയമനവും ക്രമീകരിക്കുന്നതോടെ പ്രവർത്തനസജ്ജമാകുന്നതാണ്.

b) മറ്റ് അനുബന്ധ സജ്ജീകരണങ്ങൾ

- വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരിവിമോചന കേന്ദ്രത്തിനായുള്ള 56 ലക്ഷം രൂപയുടെ വർക്കുകൾ 80 % പൂർത്തീകരിച്ചു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടി, NHM മുഖേന 2022-23 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.
- കോട്ടത്തറ ആശുപത്രിയിൽ Sewage Treatment Plant സ്ഥാപിക്കുന്നതിന് 2019 ൽ NHM മുഖേന അനുമതി നൽകിയിരുന്നെങ്കിലും പദ്ധതിയിൽ കാലതാമസം നേരിട്ടതിനാൽ, അംഗീകൃത സ്ഥാപനമായ M/s. IRTC മുഖേന 29.11.2022 ൽ 84.15 ലക്ഷം രൂപക്ക് വീണ്ടും അനുമതി നൽകിയിട്ടുണ്ട്.
- 3 കോടി രൂപ ചിലവിൽ 16 Slice CT-Scan സ്ഥാപിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

- 20 ലക്ഷം രൂപ ചിലവിൽ Fire Fighting System സജ്ജീകരിക്കാൻ 2021 ഡിസംബറിൽ അനുമതി നൽകി. എന്നാൽ 7 ലക്ഷം രൂപയുടെ അധിക അനുമതിക്കായി വീണ്ടും സമർപ്പിച്ചിരിക്കുന്നു.
- രോഗികൾക്കായി ഡോർമിറ്ററി സ്ഥാപിക്കുന്നതിനായി 140 ലക്ഷം രൂപയുടെ അനുമതി നൽകി PWD മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- ഡോക്ടർമാരുടെ ക്വർട്ടേഴ്സിന് ഒരു പുതിയ നില പണിയുന്നതിന് 77 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. സിവിൽ വർക്കുകളുടെ സാങ്കേതികാനുമതി നൽകി. ഇലക്ട്രിക്കൽ വർക്കുകളുടെ സാങ്കേതികാനുമതി ലഭിക്കുന്ന മുറക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.
- പുതിയ സ്റ്റാഫ് ക്വർട്ടേഴ്സ്, പണിയുന്നതിന് 189 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. മണ്ണ് പരിശോധനാ ഫലം പൂർത്തീകരിച്ചു. തുടർനടപടികളിലേക്ക് നീങ്ങുന്നു.
- 40 ലക്ഷം രൂപ ചിലവിൽ ഫിസിയോതെറാപ്പി യൂണിറ്റ് / Day Care Fitness Centre എന്നിവ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി, സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടികൾ ആരംഭിച്ചു.
- 31 ലക്ഷം രൂപ ചിലവിൽ screening Block അനുമതി നൽകിയത്, പണികൾ പുരോഗമിക്കുന്നു.
- 21 ലക്ഷം രൂപ ചിലവിൽ ക്യാന്റീൻ സ്റ്റോർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
- മേൽ സജ്ജീകരണങ്ങൾ പ്രവർത്തനക്ഷമമാകുന്നതിന് ആശുപത്രിയിൽ High Tension Electrical Connection അത്യന്താപേക്ഷികമാണ്. ഇതിനായി PWD Electrical Division മുഖേന 69.83 ലക്ഷം രൂപയുടെ വർക്കുകൾ നടപ്പിലാക്കുവാൻ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- OP Block – 34 ലക്ഷം രൂപ ചിലവിൽ പുതിയ ഒ.പി. ബ്ലോക്ക് പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
- Dialysis & Chemotherapy Block – 100 ലക്ഷം രൂപ ചിലവിൽ ഡയാലിസിസ്, കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- പാലക്കാട് സർക്കാർ മെഡിക്കൽ കോളേജുമായി ചേർന്ന് ഹൗസ് സർജൻമാരുടെ സേവനം, റേഡിയോളജിസ്റ്റ് സേവനം, ആംബുലൻസ് സേവനം എന്നിവ കോട്ടത്തറ ആശുപത്രിയിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ അടുത്ത വർഷം ഓരോ മെഡിക്കൽ വിദ്യാർത്ഥിക്കും ഓരോ ആദിവാസി കുടുംബത്തെ adopt ചെയ്യാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

അനുബന്ധം - വിവിധ വകുപ്പുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കേണ്ട മേഖലകളും പ്രവർത്തികളും

a) ഫിഷറീസ് വകുപ്പ്

- ഫിഷിംഗ് ഹാർബറുകളിലും തീരപ്രദേശങ്ങളിലും കൊതുക് പെരുകുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- തീരദേശത്ത് വീടിനു വെളിയിൽ കിടന്നുറങ്ങുന്ന ശീലം നിരുത്സാഹപ്പെടുത്തുക
- മത്സ്യ വിത്ത് ഉൽപാദന കേന്ദ്രങ്ങളിലെ ടാങ്കുകളിലും പൂട്ടി കിടക്കുന്ന ഐസ് പ്ലാൻറുകളിലും കൊതുക കുത്താടികൾ ഇല്ല എന്ന് ഉറപ്പാക്കുക.
- ഉപയോഗ ശൂന്യമായി കിടക്കുന്ന ബോട്ടുകൾ, വഞ്ചികൾ, മത്സ്യം കൈകാര്യം ചെയ്യുന്ന ടാങ്കുകൾ എന്നിവയിലെ കൊതുക് പെരുകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുക.
- ഭക്ഷ്യാവശ്യത്തിനുപയോഗിക്കുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക, ഇതിനെതിരെയുള്ള ബോധവത്ക്കരണം മത്സ്യത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും നൽകുക.

b) പട്ടികവർഗ വികസനം

- ട്രൈബൽ പ്രമോട്ടർമാർക്ക് ആരോഗ്യവകുപ്പുമായി ചേർന്ന് സാംക്രമിക രോഗങ്ങളെകുറിച്ച് ബോധവത്ക്കരണം നൽകുകയും, അവരെ ഉപയോഗിച്ച് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആവശ്യമായ ഫണ്ട് ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക.
- ട്രൈബൽ പ്രൊമോട്ടർമാർ, ആശ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവരുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ വഴി സാംക്രമിക രോഗങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും ഉചിതമായ നടപടികൾ ആരോഗ്യവകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ നടപ്പിലാക്കുക.
- ആദിവാസി മേഖലകളിൽ പാർപ്പിട സൗകര്യം, ശുദ്ധജലലഭ്യത, സാനിട്ടറി കക്കൂസു കളുടെ ലഭ്യത, ഉപയോഗം എന്നിവ ഉറപ്പാക്കുക.
- ആദിവാസി കുട്ടികളുടെ ഹോസ്റ്റലുകളിൽ പരിസരശുചിത്വവും, കുടിവെള്ള ശുചിത്വവും, ഭക്ഷ്യ ശുചിത്വവും ഉറപ്പുവരുത്തുക

c) ശുചിത്വ മിഷൻ

- ശാസ്ത്രീയമായ ഖരദ്രവ്യമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഒരുക്കാൻ സാങ്കേതിക സഹായങ്ങൾ നൽകുക.
- രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തലത്തിൽ ഫണ്ട് നൽകുക.
- പിന്നോക്ക മേഖലകളിലും ആദിവാസി തീരദേശങ്ങളിലും സാനിറ്ററി ലാട്രിനുകൾ മറ്റു കക്കൂസുകളുടെ ലഭ്യതയും ഉപയോഗവും ഉറപ്പാക്കുക.സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ സാനിറ്ററി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുക.

d) ഹരിത കേരള മിഷൻ

- പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- ഉറവിടത്തിൽ തന്നെയുള്ള മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക. അജൈവ മാലിന്യങ്ങളുടെ മെറ്റീരിയൽ കളക്ഷൻ സംവിധാനം കാര്യക്ഷമമാക്കുക.
- മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ ശക്തിപ്പെടുത്തുക.
- ജലസ്രോതസ്സുകളുടെ സംരക്ഷണം, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണം.
- തരിശുനിലങ്ങൾ കൃഷിഭൂമികളാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

e) ഭക്ഷ്യസുരക്ഷാ വകുപ്പ്

- ഭക്ഷ്യവിഷബാധയുണ്ടാകുന്ന സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിനൊപ്പം പരിശോധന നടത്തി ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുക.
- ഭക്ഷണശാലാ പരിശോധന. സ്വന്തമായും ആരോഗ്യവകുപ്പുദ്യോഗസ്ഥരോടൊപ്പം സംയുക്തമായും നടത്തുക
- കുപ്പിവെള്ളത്തിൻറെ ഗുണ മേൻമ പരിശോധിച്ച് ഉറപ്പ് വരുത്തുക
- വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന ഐസ് ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- ഹോട്ടലുടമകളെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ആരോഗ്യ സുരക്ഷയേയും പകർച്ചവ്യാധികളെയും കുറിച്ചുള്ള അവബോധം നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുകയും (ആരോഗ്യവകുപ്പുദ്യോഗസ്ഥരുടെ സഹകരണത്തോടെ പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്യുക.
- ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക

f) റെയിൽവേ

- തീവണ്ടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ സുരക്ഷിതമാണെന്ന് ഉറ പ്പാക്കുക.
- ശരിയായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക
- റെയിൽവേ സ്റ്റേഷനിലും പരിസരങ്ങളിലും കൊതുക്, ഈച്ച എലി എന്നിവ പെരുകുന്ന സാഹചര്യം നിയന്ത്രിക്കുക.
- മലമ്പനിബാധിത പ്രദേശങ്ങളിൽ നിന്നും വരുന്ന തീവണ്ടി കോച്ചുകളിൽ നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. ഇതിനായി ഐ.ആർ.എസ്., ഐ.എസ്.എസ്. എന്നിവ കോച്ചുകൾക്കുള്ളിലും പുറത്തും കൃത്യമായും നിശ്ചിത ഇടവേളകളിലും നടത്തി എന്ന് ഉറപ്പ് വരുത്തുക.
- റെയിൽവേ സ്റ്റേഷനുകളിൽ ഉള്ള പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം വഴി രോഗപ്രതിരോധ സന്ദേശങ്ങൾ നൽകുക.

g) തൊഴിൽ വകുപ്പ്

- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽ മേഖലകളിലും രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവല്ക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തുക
- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനും, പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക.
- ജില്ലാ ലേബർ ഓഫീസർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.
- മറുനാടൻ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ ഏർപ്പെടുത്തുക. ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാദ്ധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പുവരുത്തുക.

h) സാമൂഹ്യനീതി വകുപ്പ്

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ ആവശ്യമായ അംഗണവാടി ടീച്ചർ, ഹെൽപ്പർ തുടങ്ങിയവരെയും വോളണ്ടിയർമാരായും സൂപ്പർ വൈസർമാരായും നിയോഗിക്കുക.
- അംഗണവാടിയിലെ അമ്മമാരുടെ യോഗം ചേരലും ചർച്ചയും.
- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക.
- അംഗണവാടി വർക്കർമാരുടെ നേതൃത്വത്തിൽ ക്ലാസുകളും ബോധവത്കരണവും നടത്തുക
- അംഗണവാടികളിലും, മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ

ഇല്ല എന്ന് ഉറപ്പ് വരുത്തുക.

i) വിദ്യാഭ്യാസ വകുപ്പ്

- സ്കൂളുകളിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിസര ശുചീകരണവും, കൊതുകിൻറെ ഉറവിട നശീകരണവും ഉറപ്പാക്കുക.
- അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പകർച്ചവ്യാധി സംബന്ധമായ ആരോഗ്യ ബോധവൽക്കരണവും പരിശീലനവും ഏർപ്പെടുത്തുക.
- സ്കൂളുകളിൽ ഹരിതചട്ടം നടപ്പിലാക്കുക.
- സ്കൂൾ അസംബ്ലികളിൽ ആരോഗ്യസന്ദേശങ്ങൾ വായിക്കുക, പ്രതിജ്ഞ എടുക്കുക.
- എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈഡേ ആചരണം നടത്തുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് ഹൈസ്കൂൾ തലം മുതലുള്ള വിദ്യാർത്ഥികളിൽ സാംക്രമിക രോഗങ്ങളെ കുറിച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുക
- ആരോഗ്യവകുപ്പുമായി ചേർന്ന്, അപ്പർ പ്രൈമറി മുതലുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അവരുടെ വീടുകളിൽ കൊതുക നശീകരണ പ്രവർത്തനങ്ങളും ശുദ്ധജല ഉപയോഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക.
- കുട്ടികളെക്കൊണ്ട് പകർച്ചവ്യാധി നിയന്ത്രണത്തിൻറെ വിവിധ വശങ്ങളെക്കുറിച്ചുള്ള പ്രോജക്ടുകൾ ചെയ്യിക്കുക.

j) കൃഷിവകുപ്പ്

- ശാസ്ത്രീയമായ ജൈവമാലിന്യനിർമ്മാർജ്ജന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക
- പ്ലാന്റേഷനുകൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, തുടങ്ങിയവയിൽ കൊതുക പെരു കാരുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പുവരുത്തുക.
- എലി നശീകരണം തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുക.
- കർഷകരും, കൃഷിപണിക്കാരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക

k) മൃഗസംരക്ഷണം

- കുരങ്ങ്, പന്നി, എലി, കുന്നുകാലികൾ, വവ്വാലുകൾ, പക്ഷികൾ എന്നിവ വഴി പകരുന്ന രോഗങ്ങൾക്കെതിരെ നിരീക്ഷണം നടത്തുക.
- വനമേഖലകളിൽ കുരങ്ങുകളുടെ രോഗം, മരണം തുടങ്ങിയവ നിരീക്ഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുക (പ്രത്യേകിച്ച് വയനാട്, മലപ്പുറം തുടങ്ങിയ ജില്ലകളിൽ)
- മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും മൃഗ ങ്ങൾക്കും ജന്തുജന്യരോഗങ്ങൾക്കെതിരെ വാക്സിനേഷൻ നൽകുക.
- നായ്ക്കളുടെ വാക്സിനേഷൻ, വന്ധ്യംകരണം എന്നിവ ഊർജ്ജിതപ്പെടുത്തുക
- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവത്ക്കരണം നടത്തുക.

l) പൊതുമരാമത്ത് വകുപ്പ്

- നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ കൊതുക്, എലി തുടങ്ങി യവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തുക.
- വെള്ളപ്പൊക്കത്തെ തുടർന്ന് അപകടാവസ്ഥയിലായ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം വിലയിരുത്തുകയും ആവശ്യമായ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തുകയും ചെയ്യുക.
- ഓടകളുടെ അറ്റകുറ്റപ്പണി നടത്തി ജലനിർഗമനം സാധ്യമാക്കുക.

m) സ്വകാര്യ ആശുപത്രികൾ, ഡോക്ടർമാരുടെ സംഘടനകൾ,

- രോഗപര്യവേഷണത്തിൻറെ ഭാഗമായി പകർച്ചവ്യാധികൾ യഥാസമയം റിപ്പോർട്ട് ചെയ്യുക.
- കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൻറെയും, സംസ്ഥാന ആരോഗ്യവകുപ്പിൻറെയും ചികിൽസാമാർഗ്ഗരേഖകൾ അവലംബിച്ചുള്ള ചികിൽസാ രീതി ഉറപ്പുവരുത്തുക, അതിനാവശ്യമായ പരിശീലനം നൽകുക.
- ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ആവശ്യമായ പരിശീലനം യഥാസമയം നൽകുക, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- അണുനശീകരണ പ്രവർത്തനങ്ങളും, കൊതുക് നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുക.

n) തദ്ദേശസ്വയംഭരണം

- ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തോടെ ചിട്ടയായ മാലിന്യ നിർമ്മാർജ്ജനം, പരിസര ശുചീകരണം, കൊതുകുകുറവിട നശീകരണം തുടങ്ങിയവ സമയബന്ധിതമായി വർഷം മുഴുവൻ നടപ്പിലാക്കുക
- പഞ്ചായത്ത് / നഗര പ്രദേശങ്ങളിൽ പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായവാർഷിക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ വാർഡ് തല ആരോഗ്യശുചിത്വ സമിതികളെ പ്രവർത്തന സജ്ജമാക്കുക, ആവശ്യമായ ഫണ്ട് ഉറപ്പാക്കുക.
- തൊഴിലുറപ്പ് പദ്ധതികളിൽ ഏർപ്പെടുന്നവർക്ക് വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും എലിപ്പനി പ്രതിരോധ ചികിത്സയും ഉറപ്പാക്കുക
- ജലദൗർലഭ്യമുള്ള വാർഡുകൾ നേരത്തേ കണ്ടെത്തി സമയബന്ധിതമായി ശുദ്ധജല ലഭ്യത ഉറപ്പാക്കുക.
- ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരം സമിതികളിൽ നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കുക.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അധികാര പരിധിയിൽ വരുന്ന സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ആയുർവ്വേദാശുപത്രികൾ, ഹോമിയോ ആശുപത്രികളിൽ തുടങ്ങിയ സ്ഥാപനങ്ങളിൽ സേവനം നൽകപ്പെടുന്ന പകർച്ചവ്യാധിയുടെ വിവരങ്ങൾ യഥാസമയം ഐ.ഡി.എസ്.പി.യിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കുക.
- പകർച്ചവ്യാധികൾ പിടിപെടുവാൻ ഇതുകുന്ന സാഹചര്യം സൃഷ്ടിക്കുന്നവർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുക.
- ഡി.പി.സി. യോഗങ്ങളിൽ പകർച്ചവ്യാധികളെ കുറിച്ചും വാർഡ് ഹെൽത്ത് സാനിറ്റേഷൻ പ്രവർത്തനങ്ങളെ കുറിച്ചും മാസംതോറും അവലോകനം ചെയ്യുക.
- സാംക്രമിക രോഗങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടുള്ള വാർഡുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് വാർത്താ ബോർഡുകളിൽ പ്രദർശിപ്പിക്കുകയും
- ആരോഗ്യസേന വാർഡ് തല ശുചിത്വ സമിതി വഴി ആയതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.
- ആഴ്ച്ചയിലൊരിക്കൽ ഉറവിട നശീകരണവും ഡ്രൈ ഡേ ആചരണവും വീടുകളിലും സ്ഥാപനങ്ങളിലും വാർഡ് തല ശുചിത്വ സമിതികളുടെ നേതൃത്വത്തിൽ ആശ അംഗൻവാടി പ്രവർത്തകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക. നടപടികൾ സ്വീകരിക്കുക.

o) ജലവിഭവവകുപ്പ്, കേരളാ വാട്ടർ അതോറിറ്റി

- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- പമ്പിംഗ് സ്റ്റേഷനുകളിലെ ഫിൽട്ടർ ബെഡ്ഡിൻറെ പ്രവർത്തനങ്ങളും ശരിയായ ക്ലോറിനേഷനും, ലോഗ് ബുക്ക് മെയിൻറനൻസും ഉറപ്പുവരുത്തുക.
- ആവശ്യമായ സന്ദർഭങ്ങളിൽ (ജലജന്യരോഗങ്ങൾ ഉണ്ടാകുമ്പോഴും മറ്റും) സൂപ്പർ ക്ലോറിനേഷൻ

നടത്തുക.

- പമ്പിംഗ് സ്റ്റേഷൻ പരിസരങ്ങളിലെ ജലസ്രോതസുകളുടെ മലിനീകരണം പൂർണ്ണമായും തടയുക. ആവശ്യമെങ്കിൽ നിയമനടപടികളെടുക്കുക.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും കുടിവെള്ളം ഓടകളുടെ സ്വീവേജ് പൈപ്പുകളുടെ വെള്ളവുമായി കലരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- ആരോഗ്യവകുപ്പ് നൽകുന്ന ജലസാമ്പിളുകൾ സൗജന്യമായി പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുക
- കുടിവെള്ളത്തിൻറെ (പൈപ്പ് വെള്ളം, കിണർവെള്ളം തുടങ്ങിയവ) ഗുണമേന്മ പരിശോധനകൾ നടത്തുക, തുടർ നടപടികളെടുക്കുക.
- വിതരണം ചെയ്യുന്ന ജലത്തിലെ ക്ലോറിൻ അളവ് വിവിധതലങ്ങളിൽ മോണിറ്റർ ചെയ്യുക.
- ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക. ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന ജലത്തിൻറെ ഗുണമേന്മ ഉറപ്പാക്കുക.
- വ്യാവസായികാടിസ്ഥാനത്തിലുള്ള ഐസ്, ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്നത് നിരോധിക്കുക.
- ജലസുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
- എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് നടപടി സ്വീകരിക്കണം.

p) ആരോഗ്യ വകുപ്പ് (അലോപ്പതി, ഹോമിയോ, ആയുർവേദമടക്കം)

- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണപദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും സാങ്കേതിക, ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ നേതൃത്വം നൽകുക.. പബ്ലിക് ഹെൽത്ത് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമെങ്കിൽ പ്രാബല്യത്തിൽ വരുത്തുക.
- രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന പ്രതിവാര റിപ്പോർട്ടുകൾ വിശലകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ
- അംഗീകൃത ചികിത്സ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗചികിത്സയും പരിചരണവും
- രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗനിയന്ത്രണം സാധ്യമാക്കൽ
- പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനി വാർഡ്, ഔട്ട് റീച്ച് ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സജ്ജീകരിക്കൽ
- ഹൈറിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മപരിപാടികൾ
- ആവശ്യാനുസരണം മരുന്ന്, മാനവശേഷി, ഫണ്ട് , പരിശോധനാ കിറ്റുകൾ, സ്വധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം പ്രതിവാര ഡ്രൈ ഡേ ഒബ്സർവേഷൻ തുടങ്ങിയവയ്ക്ക് ഇതരവകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കാമ്പയിനുകൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കാളിയാകുക.
- ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തൽ
- തോട്ടം മേഖലയിൽ ഉറവിട നശീകരണത്തിന് കർമ്മപരിപാടി
- ജലദൗർലഭ്യം ഉള്ളിടത്തും ഹൈറിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
- പ്രതിവാര ആരോഗ്യജാഗ്രത ഒബ്സർവേഷൻ
- വിദ്യാർത്ഥികൾക്ക് പ്രത്യേക പരിപാടികൾ, മത്സരങ്ങൾ
- മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ
- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ ഫീൽഡ്തല പ്രവർത്തനങ്ങൾ ഉറപ്പാക്കൽ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം, വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ, ശുചിത്വ പോഷണ സമിതികളുടേയും വിവിധ തലങ്ങളിൽ (സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗനിയന്ത്രണ അവലോകന സമിതികളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ.

- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം സഫലമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുക.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും മറ്റുള്ളവർക്കു ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക. അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യമാക്കുക. ഉദാ: കൈപുസ്തകം.
- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപന ങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ
- സർക്കാർ സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ എല്ലാ വീടുകളിലും കമ്പോസ്റ്റിംഗ് ഉറപ്പാക്കണമെന്നും, പ്ലാസ്റ്റിക്കും. മറ്റ് മാലിന്യങ്ങളും കത്തിക്കുമ്പോഴുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിക്കുന്ന സന്ദേശം പ്രിന്റ് ചെയ്യേണ്ടതാണ്.
- വകുപ്പ് ഡയറക്ടർമാരും, ജില്ലാ മെഡിക്കൽ ഓഫീസർമാരും അതാത് തലങ്ങളിൽ യോഗം ചേർന്ന് ആരോഗ്യ ജാഗ്രതാ പ്രവർത്തന പുരോഗതി അവലോകനം താണ്.

q) മെഡിക്കൽ വിദ്യാഭ്യാസം

- പീഡ് സെൽ വഴിയുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ
- സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഉള്ള ആർ.ആർ.ടി-യിൽ അംഗങ്ങളായി പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക
- ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ നടത്താനും ഗൈഡ് ലൈനുകളും പ്രോട്ടോകോളുകളും മറ്റും തയ്യാറാക്കാനും സഹായിക്കുക.
- ലബോറട്ടറി വഴിയുള്ള വിദഗ്ധ പരിശോധനകൾ (ലാബ് സർവൈലൻസ്) നടത്തുക. റഫറൽ ലാബ് നെറ്റ് വർക്കിംഗ് സിസ്റ്റത്തിലൂടെ ഔട്ട് ബ്രേക്ക് സാമ്പിളുകൾ സ്ഥിരീകരിക്കുക.
- കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക

r) പബ്ലിക് റിലേഷൻ വകുപ്പ്

- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉചിതമായ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക.

s) ആഭ്യന്തര വകുപ്പ്

- പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിട്ടുള്ള വാഹനങ്ങളിലും, മറ്റു യന്ത്രസാമഗ്രികളിലും മഴവെള്ളം വീണ് കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുകയും കഴിയുന്നതും വേഗം ആയവ നീക്കം ചെയ്യുന്നതിനുള്ള മേൽ നടപടികൾ ഉറപ്പു വരുത്തുകയും ചെയ്യുക.
- ഐ.പി.സി. 269 പ്രകാരമുള്ള സേവനം ലഭ്യമാക്കുക
- പോലീസ് ക്യാമ്പുകളിലും ക്വാർട്ടേഴ്സുകളിലും പകർച്ചവ്യാധികൾ പടരാനുള്ള സാഹചര്യം ഇല്ലാതാക്കുകയും രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ടാൽ ആയത് പ്രാദേശിക ആരോഗ്യവകുപ്പ് കേന്ദ്രങ്ങളിൽ അറിയിച്ചു എന്നും ഉറപ്പു വരുത്തുകയും ചെയ്യുക.

t) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

- ദുരന്തങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പ് യഥാസമയം അറിയിക്കുക,
- ആരോഗ്യവകുപ്പിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുക.
- നിവാരണത്തിന് വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയുള്ള സംയോജിത പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക
- ആവശ്യമായ ഫണ്ട് ലഭ്യമാക്കുക ദുരന്തനിവാരണത്തിനാവശ്യമായ പരിശീലനങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകുക

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2012-2013 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 3 ലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് നൂനതാ പരിഹാര പത്രിക

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	നഗരസഭ/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത്	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	3.3.6.1		ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക	
		ഓമല്ലൂർ	ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ കെട്ടിടം പ്രവർത്തിക്കുന്ന കെട്ടിടം നാശോന്മുഖമായ അവസ്ഥയിലാണ്.	ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയിൽ സൗകര്യപ്രദമായ കെട്ടിടവും ആവശ്യത്തിന് ഫർണ്ണിച്ചറും, കുടിവെള്ള ലഭ്യതയും ആശുപത്രി ഉപകരണങ്ങളും സ്വന്തമായി. വാഹനവും മരുന്ന് സൂക്ഷിക്കാനുള്ള സ്റ്റോറും ശൗചാലയത്തിൽ അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. കിടത്തി ചികിത്സ സൗകര്യം ഓമല്ലൂർ ആയുർവേദ ആശുപത്രിയിലുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രസൂതി സൗകര്യം ഇല്ല. ആയുർവേദ ആശുപത്രിയിലും പ്രാഥമികാരോഗ്യകേന്ദ്രത്തിലും ഡോക്ടർമാർക്ക് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഇല്ലായെന്ന് പഞ്ചായത്ത് ഡയറക്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

			അപേക്ഷിക്കുന്നു.
	പന്തന ഗ്രാമപഞ്ചായത്ത്	ഉപയോഗശൂന്യമായ പേവാർഡ് കെട്ടിടം	എംപി ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടുപയോഗിച്ച് അപാകതകൾ പരിഹരിച്ച് കൊണ്ട് 2015 ആഗസ്റ്റ് മാസം മുതൽ പേവാർഡ് കെട്ടിടം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തനം നടന്നു വരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	ചേർത്തല നഗരസഭ	പണി പൂർത്തീകരിക്കാത്ത ഐപി ബ്ലോക്ക്	നിലവിൽ ആലപ്പുഴ ജില്ലയിൽ തന്നെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ചേർത്തല ഗവ.ആയുർവേദ ആശുപത്രി. നിലവിൽ ആശുപത്രി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന 8 പേവാർഡ് റൂമുകളിൽ ഡോക്ടേഴ്സിന്റെ ഒരു ഡ്യൂട്ടി റൂം ഒഴിച്ച് 7 മുറികളും രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വേണ്ടി നിക്ഷിപ്തമാക്കുകയാണെന്നും അറ്റാച്ച്ഡ് ബാത്ത്റൂമോടു കൂടിയ ഏഴ് മുറികളിലും രോഗികൾക്കും പരിചാരകർക്കും വേണ്ടി രണ്ട് കട്ടിലുകളും ഉണ്ടെന്നും ഉപകരണങ്ങൾ ട്രീറ്റ്മെന്റ് റൂമുകൾ ഇൻഡിഗേറ്റർ, വാട്ടർ ഫിൽട്ടർ,ഹോട്ട് വാട്ടർ ഇടങ്ങിയ എല്ലാ വിധ സജ്ജീകരണങ്ങളും

				നടപ്പാക്കിയിട്ടുണ്ടെന്നും നിലവിൽ വളരെ മികച്ച രീതിയിലുള്ള സേവനങ്ങളാണ് ഇവിടെ നിന്നും നൽകി വരുന്നതെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കാഞ്ഞങ്ങാട് ബ്ലോക്ക്	2008-09 വർഷത്തിൽ പെരിയ സി.എച്ച്.സി. യിൽ പുതുതായി നിർമ്മിച്ച മാതൃ ശിശു വാർഡ് പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയെങ്കിലും ഉപയോഗിക്കാതെ കിടക്കുന്നു.	പ്രസ്തുത പരാമർശം തീർപ്പാക്കിയിട്ടുണ്ട്.
		കോഴിക്കോട് നഗരസഭ	പ്രവർത്തനം നിലച്ച രോഗ നിർണ്ണയ കേന്ദ്രം	1) കൊയപ്പത്തൊടി ഡിസ്പെൻസറി, കെട്ടിടം പുതുക്കി പണിത് അവശ്യമായ ഫർണ്ണിച്ചറുകളും മരുന്നുകളും ലഭ്യമാക്കുന്നുണ്ടെന്നും മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനായി സ്റ്റോർ റൂം, ഫ്രിഡ്ജ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ടിബി ക്ലിനിക്ക് കെട്ടിടം നിലവിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുവെന്നും തുടർന്ന് രോഗനിർണ്ണയം നടത്താനുള്ള കേന്ദ്രത്തിൽ (Early diseas detection centre) നിലവിൽ RCH കേന്ദ്രമായി പ്രവർത്തിക്കുന്നുവെന്നും Reproductive and child health center ൽ ആവശ്യമായ മരുന്നുകളും ഫർണ്ണിച്ചറുകളും

				ലഭ്യമാണെന്നും നഗരസഭയിലെ എല്ലാ അർബൻ ഹെൽത്ത് ഡിസ്പെൻസറികളിലേക്കും മരുന്ന് ഇഷ്യൂ ചെയ്യുന്ന സ്റ്റോർ വെസ്റ്റ്ഹിൽ അർബൻ ഹെൽത്ത് സെൻററിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചേർത്തല നഗരസഭ	ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല	ചേർത്തല താലൂക്കാശുപത്രിയുടെ കീഴിൽ ഉപകേന്ദ്രങ്ങളൊന്നും നിലവിലില്ല.
		ആലുവ നഗരസഭ	ആലുവ താലൂക്ക	ആലുവ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതും, ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ളതുമാണ്.
2	3.3.6.2	കോഴിക്കോട് നഗരസഭ	വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ	കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ എംപ്ലോയ്മെന്റ്/പി.എസ്.സി. മുഖേന നിയമനം നടക്കുന്നതുവരെ കൗൺസിൽ തീരുമാനപ്രകാരം താൽക്കാലികമായി ദിവസ വേതന വ്യവസ്ഥയിൽ 4 ഡോക്ടർമാരും എംപ്ലോയ്മെന്റ് മുഖേന 2 ഡോക്ടർമാരും 6 യു.എച്ച്.സികളിൽ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും കൂടാതെ റാവു ബഹദൂർ ഹോസ്പിറ്റലിൽ കൗൺസിൽ തീരുമാനപ്രകാരം സർക്കാർ അനുമതി

			പ്രതിക്ഷിച്ച് ദിവസവേതന വ്യവസ്ഥയിൽ താൽക്കാലികമായി 3 മാസ കാലയളവിലേയ്ക്ക് 10.11.22 മുതൽ ഒരു ആയുർവേദ ഡോക്ടർ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും ടി.ബി. സ്പെഷലിസ്റ്റ് -1, സ്റ്റാഫ് നെഴ്സ്-1, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ യഥാക്രമം 24.02.2007, 30.03.1983, 30.11.2007 എന്നീ തീയതി മുതൽ ഒഴിവ് വന്നിട്ടുള്ളതായാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	കാസർഗോഡ് നഗരസഭ	കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്ക് കീഴിലുള്ള ആയുർവേദ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പരാതികൾ ആസ്പദമാക്കി ചെയ്തിട്ടില്ല.	കാസറഗോഡ് നഗരസഭയ്ക്ക് കീഴിലുള്ള ആയുർവ്വേദ ആശുപത്രിയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2014 ൽ 30 കിടക്കകൾ ആയി ഉയർത്തിയതിനുശേഷം എല്ലാ ഫർണ്ണിച്ചറുകളും പൂർണ്ണമായി ഉപയോഗിക്കുന്നുണ്ട്. 2011-ൽ അറ്റകുറ്റപണി നടത്തിയ മുറികളെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	ചേർത്തല നഗരസഭ	ക്ലിനിക്കൽ ലബോറട്ടറിയുടെ ശോചനീയാവസ്ഥ	പ്രസ്തുത ലബോറട്ടറിയുടെ ശോചനീയാവസ്ഥയെല്ലാം 2012 ൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ

				നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വേങ്ങാട് ഗ്രാമപഞ്ചായത്ത്	ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.	മവങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വായനശാലാ കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. NRHM പദ്ധതിയിൽ താല്ക്കാലികമായാണ് ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. സൗകര്യപ്രദമായ രീതിയിൽ പൊതുജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കാൻ ആവശ്യമായ അനുബന്ധ സൗകര്യങ്ങളും ഒരുക്കി നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
3	3.3.6.3	വാഴക്കുളം ഗ്രാമപഞ്ചായത്ത്	അടിസ്ഥാന സൗകര്യങ്ങൾ യഥാവിധം പ്രയോജനപ്പെടുത്തുന്നില്ല	വാഴക്കുളം ഗ്രാമപഞ്ചായത്തിലെ പി.എച്ച്.എസ്.സി.യിൽ ഇൻപേഷ്യന്റ് വിഭാഗം നിലവിലില്ല. ഇവിടെ ഒ. പി. ടിക്കറ്റ് കൗണ്ടർ, പ്രാഥമിക ആരോഗ്യ നല്കുന്നതിനുള്ള മുറി എന്നിവ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ

				പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കൽപ്പറ്റ് ബ്ലോക്ക് പഞ്ചായത്ത്	മേപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഇന്ത്യ പോപ്പുലേഷൻ പ്രോജക്ട് പ്രകാരം 1991 ലെ നിർമ്മാണം പൂർത്തീകരിച്ചതും 200 ചതു.വിസ്തീർണ്ണമുള്ളതുമായ ലാബ് കെട്ടിടം ഉപയോഗിക്കാനായില്ല.	മേപ്പാടി സി.എച്ച്.സി. യിൽ നിലവിൽ താഴത്തെ നിലയിൽ വരാന്ത, ഇടനാഴി എന്നിവ നിർമ്മിച്ചിട്ടുണ്ട്. മുകളിലേക്ക് ഒരു നില കൂടി പണിതിട്ടുണ്ട്. ആശുപത്രിയിലെ ലാബ് സംവിധാനം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് പുതുതായി നിർമ്മിച്ച ബ്ലോക്കിൽ പ്രവർത്തിക്കുന്നതെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		എടവെണ്ണ ഗ്രാമപഞ്ചായത്ത്	ആശുപത്രി ശുചീകരണ വ്യക്തി കക്കൂസ്, ആസ്പി സംരക്ഷിക്കുന്നതിൽ വീഴ്ച	ആശുപത്രിയുടെ ചുമതലകൾ തിരിച്ച് ചുമതലയിൽ കെട്ടി ആസ്പി സൂക്ഷിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
4	3.3.6.4		പദ്ധതി നടത്തിപ്പിലെ അപാകതകൾ	
		ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്	അടിസ്ഥാന സൗകര്യവികസനത്തിനായി 2010-11 വർഷം പദ്ധതി ഫണ്ടിൽ	നിലവിൽ MLA Fund പൂർണ്ണമായും ചെലവഴിച്ച് അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും ഹെഡ്ഡ് ഗ്രാന്റ് ഉപയോഗിച്ച് പദ്ധതികൾ

		നിന്നോ മെയിന്റനൻസ് ഫണ്ടിൽ നിന്നോ തുക ചെലവഴിച്ചിട്ടില്ല. 2011-12 വർഷം ആകെ ചെലവ് 10,000/- രൂപ മാത്രമാണ്	എടുത്തിട്ടുണ്ടെന്നും പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
	പന്തന ഗ്രാമപഞ്ചായത്ത്	2010-11, 2011-12 വർഷങ്ങളിൽ അലോപ്പതി മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ആരോഗ്യം, ഇഷ്ടം, മാലിന്യനിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല.	2010-11 സാമ്പത്തിക വർഷത്തിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി 1,12,270/- രൂപ വകയിരുത്തിയെങ്കിലും ചിലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഇഷ്ടം മിഷനുമായി ചേർന്ന് കൊണ്ട് ഗ്രാമപഞ്ചായത്ത് വാർഡ്തല ഇഷ്ടം കമ്മിറ്റികൾ വിളിച്ചുചേർക്കുകയും 2010-11 വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, ഇഷ്ടം മിഷൻ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉൾപ്പെടെ ഒരു വർഷം ഏകദേശം 10 ലക്ഷം രൂപ വെച്ച് 12575075/- (ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എഴുപത്തി അഞ്ച് രൂപ) ആരോഗ്യ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു. നിയമസഭ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

	ഏറത്ത് ഗ്രാമപഞ്ചായത്ത്	അഗതികളുടെപുനരധിവാസത്തിനായി 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിച്ചതിലെ ഒരു പ്രധാന ഘടകം ചികിത്സയായിരുന്നു. എന്നാൽ പദ്ധതി കാലയളവ് അവസാനിച്ചപ്പോഴും ഈ ഇനത്തിൽ ഇകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ഇടർന്ന് 2011-12 വർഷം പുതുക്കിയ കർമ്മപദ്ധതി പ്രകാരം ചികിത്സയ്ക്ക് നൽകുന്നതിന് 364800/-രൂപ വകയിരുത്തിയെങ്കിലും ഇകയൊന്നുംചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി ഹിൽഡ് സർവേ നടത്തി കണ്ടെത്തിയ രോഗികൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കാതിരുന്നത് പദ്ധതി നടത്തിപ്പിലെ പാളിച്ചയാണ് കാണിക്കുന്നത്.	അഗതികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2011-12 വർഷം 364800/- രൂപ ഇവരുടെ ചികിത്സക്കായി വകയിരുത്തിയിരുന്നെങ്കിലും അന്നത്തെ പ്രത്യേക സാഹചര്യങ്ങൾ നിമിത്തം പ്രസ്തുത പദ്ധതി നിർവഹിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇടർ വർഷങ്ങളിൽ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി അഗതികളുടെ ചികിത്സക്കായി ഇക വകയിരുത്തുകയും വളരെ കാര്യക്ഷമമായി ഈ പദ്ധതി നാളിതുവരെ നടന്നുവരുകയും ചെയ്തുവരുന്നു. മെച്ചപ്പെട്ട രീതിയിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി അശരണരായ പാവപ്പെട്ട ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകിവരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു.
	ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വരുന്ന പദ്ധതി	പഞ്ചായത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു

		നിർദ്ദേശങ്ങൾ മിക്കപ്പോഴും പദ്ധതികളായി പരിണമിക്കുന്നില്ല. നാഗവനമേഖലയിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുകയിൽ നാമമാത്രമായ വിഹിതം മാത്രമാണ് ആരോഗ്യമേഖലയ്ക്ക് നീക്കിവെക്കുന്നത്.	വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് പദ്ധതികൾ തയ്യാറാക്കുന്നത്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും, ജില്ല ഡിപ്പാർട്ട്മെന്റൽ ഫണ്ട് ഉപയോഗിച്ചും ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. നാഗൻ കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലിനിക്ക്, എന്ന സ്പെഷ്യൽ ക്ലിനിക്ക്, ഗർഭിണികൾക്ക് വേണ്ടിയുള്ള പ്രസൂതി ക്ലിനിക്ക് എന്നിവ നിലവിൽ ആയുർവ്വേദ ആശുപത്രിയിൽ നടത്തി വരുന്നു എന്ന വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു.
	പെരുമ്പാവൂർ നഗരസഭ	ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വെച്ചുപ്പെടുത്താനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട വളരെ കുറച്ച് പദ്ധതികൾ മാത്രമേ പെരുമ്പാവൂർ നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളൂ.	കുന്നത്തുനാട് താലൂക്കിന്റെ ആസ്ഥാനമായ പെരുമ്പാവൂർ പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ആതുരാലയമാണ് പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ. പ്രതിദിനം ആയിരത്തോളം രോഗികൾ വിവിധ രോഗചികിത്സയ്ക്കായി വരികയും 200-ൽ പരം രോഗികളെ കിടത്തി ചികിത്സിക്കുകയും ചെയ്യാനുള്ള സൗകര്യമുള്ള ഫസ്റ്റ് റെഫറൽ ആശുപത്രിയാണ് ഗവ. താലൂക്ക് ആശുപത്രി. 1995 ഒക്ടോബർ 2-ാം തീയതി ഗവ. നിർദ്ദേശപ്രകാരം പെരുമ്പാവൂർ

			നഗരസഭയ്ക്ക് കൈമാറ്റം ചെയ്ത് ലഭിച്ചിട്ടുള്ളതാണ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്	നല്ലൂർനാട് സി.എച്ച്.സി. പദ്ധതികളുടെ ആസൂത്രണത്തിലെ അപാകം നിമിത്തം രോഗികൾക്ക് പ്രയോജനപ്പെടുന്നില്ല.	നല്ലൂർനാട് സി.എച്ച്.സി. ജില്ലാ ക്യാൻസർ സെന്റർ ആയി പ്രവർത്തിച്ചുവരുന്നുവെന്നും. കിടക്കകളുടെ വാർഡ് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും നല്ലൂർനാട് സി.എച്ച്.സി. യിലെ ഓപ്പറേഷൻ തീയേറ്റർ ജീവനക്കാരുടെ അഭാവം മൂലം പൂർണമായും പ്രവർത്തനക്ഷമമാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നും അടിസ്ഥാന സൗകര്യ വികസനത്തിന് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി നല്ലൂർനാട് സി.എച്ച്.സി. യിലെ കെട്ടിടം നിർമ്മിക്കുന്നതിന് പ്രവർത്തിക്കുന്നതിന് 9,96,30,000/- രൂപയുടെ പ്രൊപ്പോസലിന് സംസ്ഥാനതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ

				പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
5	3.3.6.5		ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ - നിർവ്വഹണത്തിന്റെ അഭാവം	
		എടവണ്ണ ഗ്രാമപഞ്ചായത്ത്	ആരോഗ്യ മേഖലയിൽ മാതൃകാപരമായ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.	എടവണ്ണ ഗ്രാമപഞ്ചായത്തിലെ വിവിധ പി.എച്ച്.എസി. കളിൽ ലാബ് ഇടങ്ങൾ നിർമ്മിക്കുന്നതിനായി ലാബ് റി ഏജൻറ്സ് വാങ്ങൽ, ലാബ് ടെക്നീഷ്യന് വേതനം നൽകൽ, ഉപകരണങ്ങൾ വാങ്ങൽ, എന്നിവയ്ക്ക് പദ്ധതി അവിഷ്കരിച്ചിട്ടുണ്ട്. ചാത്തല്ലൂർ പി.എച്ച്.സിയിൽ ഓപ്പൺ ജിം. സായാഹ്ന ഒപി ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകൽ, ഡയാലിസിസ് രോഗികൾക്ക് ധനസഹായം, ദേശീയ ആരോഗ്യ പരിചാരി, ആതുരപതികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാൻറ്, പെർഫോർമൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കിവരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചാത്തമംഗലം ഗ്രാമപഞ്ചായത്ത്	ചികിത്സയുടെ ഭാഗമല്ലാതെയുള്ള മരുന്ന് വിതരണം	ചാത്തമംഗലം പഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആതുരപതികൾ നിലവിൽ

പ്രവൃത്തിച്ചു വരുന്നുണ്ടെന്നും പരാമർശ വർഷങ്ങളിൽ 43,75,579/- രൂപ ഏതുർവ്വേദ മേഖലയിൽ ചെലവഴിച്ചിരുന്നുവെന്നും കുടുംബ, സ്വാസ്ഥ്യ ഉണർവ്വ് എന്നിങ്ങനെ 3 നൂതന പ്രോജക്ടുകളിലായാണ് മേൽ തുക ചെലവഴിച്ചതെന്നും മേൽ 3 പദ്ധതികളുടെയും ഗുണഭോക്താക്കൾ വൃദ്ധരും, വനിതകളും, അശരണരുമായ ഗുണഭോക്താക്കളായിരുന്നെന്നും ഒരു പ്രത്യേകവിഭാഗം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് കൊണ്ടാണ് അത്തരത്തിൽഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും അങ്ങനെയുള്ള വ്യക്തികൾക്ക് ആവശ്യമായമരുന്നുകൾ വാങ്ങി വിതരണം ചെയ്തതെന്നും വൃദ്ധരുടെയും സ്ത്രീകളുടെയും ക്ഷേമം ഉറപ്പു വരുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യമെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള വർഷങ്ങളിൽ മറ്റ്ആരോഗ്യ മേഖലകൾക്ക് കൂടി തുല്യമായ പ്രാധാന്യം നൽകുന്ന വിധത്തിലുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		തിരുവനന്തപുരം നഗരസഭ	ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ- തീർപ്പാക്കേണ്ടതിന്റെ അഭാവം സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി-കൈമാറിയത് ഒരു കോടി -നഗരസഭയ്ക്ക് അലംഭാവം	ഓഡിറ്റ് പരാമർശത്തിലുള്ളതുപോലെ തിരുവനന്തപുരം നഗരസഭ ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതിന് 4 വിവിധ പ്രോജക്ടുകളിലായി 1 കോടിയോളം രൂപ ആർ.സി.സി ക്ക് നൽകിയിട്ടുള്ളതാണ്. ടി തുക ഉപയോഗിച്ച് പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് 10000/- രൂപ വീതം ധനസഹായം നൽകി വരുന്നുണ്ട്. ഇപ്പോഴും ടി പദ്ധതി പ്രകാരം തുക വിനിയോഗം നടന്ന് വരുന്നുണ്ട്. ആയതിന്റെ മോണിറ്ററിംഗ് ചെയ്യുന്നതിന് 13/01/2023 ന് നഗരസഭാ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്ന് വിവരം റിപ്പോർട്ട് ചെയ്യുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
6	3.3.6.6		നടപ്പിലാക്കാത്ത പദ്ധതികൾ	
		മൂന്നാർ ഗ്രാമപഞ്ചായത്ത്	നടപ്പിലാക്കാത്ത പദ്ധതികൾ വാർഷികപദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയിലെ മൂന്നാർ	പരാമർശ വർഷങ്ങൾക്ക് ശേഷം വർഷങ്ങളിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള തുക ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി വകയിരുത്തുകയും പദ്ധതികൾ അസ്സൂത്രണം ചെയ്യുവരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന്

			ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.	ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കൊല്ലം നഗരസഭ	കൊല്ലം നഗരസഭ ആരോഗ്യമേഖലയിൽ ആസൂത്രണം ചെയ്തിട്ടും നടപ്പിലാക്കാത്ത പദ്ധതികൾ	കൊല്ലം കോർപ്പറേഷനിലെ 2010-11, 2011-12 വർഷ പദ്ധതിയിലുൾപ്പെട്ട ഫോഗിംഗ് മെഷീൻ, ഇൂചികരണ സാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി വന്നും വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുകയും ഇക ചെലവഴിച്ചിട്ടുള്ളതാണെന്നും 2012 – 13 വർഷത്തിൽ ഇൂചികരണത്തിനായി ബ്ലീച്ചിംഗ് പൗഡർ, ലോഷൻ എന്നിവ വാങ്ങുന്നതിനായി 14 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണെന്നും 2013 – 14 വർഷത്തിൽ ഫോഗിംഗ് മെഷീൻ വാങ്ങുന്നതിന് 4.50 ലക്ഷം രൂപ ചെലവഴിച്ചിരുന്നുവെന്നും സാനിട്ടേഷൻ ഉപകരണങ്ങൾ, സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് 10,71,050/- രൂപയും ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ സാമ്പത്തിക വർഷവും ഉപകരണങ്ങളുടെയും സാധനങ്ങളുടേയും ആവശ്യകത അനുസരിച്ച് പ്രോജക്ട് തയ്യാറാക്കുകയും സമയബന്ധിതമായി ചെലവഴിച്ചിട്ടുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
7	3.3.6.7	കൊച്ചി നഗരസഭ	തദ്ദേശസ്വാപനങ്ങളിലെ മാതൃകാപദ്ധതി – വയോമിത്രം	പ്രവർത്തന റിപ്പോർട്ട്-2022

				ആകെ രജിസ്ട്രേഷൻ 2011 മുതൽ : 10275 ആകെ ക്ലിനിക്കുകളുടെ എണ്ണം : 42 കഴിഞ്ഞ വർഷം സേവനം ലഭിച്ചവർ:-45182
8	3.3.6.9		ആരോഗ്യമേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.	
		കൊല്ലം നഗരസഭ	ആരോഗ്യമേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല.	ആരോഗ്യ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിലവിൽ സജീവമായി പ്രവർത്തിച്ചുവരുന്നെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	പതിനൊന്നാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയിൽ നിഷ്കർഷിക്കും വിധമുള്ള പ്രവർത്തനങ്ങൾ ആരോഗ്യമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല.	ഓമശ്ശേരിഗ്രാമപഞ്ചായത്തിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആരോഗ്യമേഖലയുടെ സമഗ്രമായ സ്റ്റാറ്റസ്റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും സ്റ്റാറ്റസ്റിപ്പോർട്ടിൽ പ്രശ്ന കരങ്ങളും പ്രശ്നപരിഹാര സാധ്യതകളും 13ാം.

			പഞ്ചവത്സരപദ്ധതിയിൽ കൈവരിക്കേണ്ട നിർവ്വഹണ ലക്ഷ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	എടവണ്ണ ഗ്രാമപഞ്ചായത്ത്	വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിൽ ആരോഗ്യമേഖല സംബന്ധിച്ച് മുന്നോട്ടുവച്ച 8 നിർദ്ദേശങ്ങളിൽ 6 ഉം ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മരുന്ന് ലഭ്യമാക്കുന്നതിനും ആയിരുന്നു. ഡൈബേർ കോളനികളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2009-10 വർഷത്തിൽ പ്രോജെക്ടുകൾക്ക് രൂപം നൽകാൻ വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല.	വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ കൂടി ആരോഗ്യ മേഖലയിലെയിൽ വരുന്ന നിർദ്ദേശങ്ങൾ പ്രകാരം ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ, മരുന്ന് വാങ്ങൽ, ആശുപത്രി വികസനത്തിനു വേണ്ടിയുള്ള പ്രൊജക്ടുകൾ എന്നിവ നിലവിൽ വാർഷിക പദ്ധതിയുടെ ഭാഗമാക്കിവരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	കൂടാളി ഗ്രാമപഞ്ചായത്ത്	ആരോഗ്യമേഖലയിൽ കർമ്മ	ആരോഗ്യമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ്

			സമിതികൾ രൂപീകരിച്ചിട്ടില്ല.	രൂപീകരിക്കുകയും നിലവിൽ ആരോഗ്യമേഖലയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതെന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത്	ആരോഗ്യമേഖലയിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.	നിലവിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
9	3.3.6.9		ഹോസ്പിറ്റൽ മാനേജിങ് കമ്മിറ്റികൾ	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	ഓമല്ലൂർ ഗവ.ആയുർവേദ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഒന്നു മാസത്തിലൊരിക്കൽ യോഗം കൂടണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നതിന് യാതൊരു	നിലവിൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ യോഗം കൂത്തുമായും കൂടുകയും, കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		ശ്രമവും ഉണ്ടായിട്ടില്ല.	
	മൂന്നാർ ഗ്രാമപഞ്ചായത്ത്	മൂന്നാർഗ്രാമപഞ്ചായത്തിൽ ആശുപത്രികളിലെ മാനേജിംഗ് കമ്മിറ്റികൾശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ആയുർവേദ ആശുപത്രിയിൽ 26.02.2003 ന് ശേഷം സമിതിയോഗം ചേർന്നിട്ടില്ല	പഞ്ചായത്തിന്റെ ഹോമിയോ ആശുപത്രിയിലും ആയുർവേദ ആശുപത്രിയിലും എച്ച്.എം.സി ഇപ്പോൾ നിലവിലുണ്ട്. മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിലവിൽ പി.എച്ച്.സി ഇല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	എടവണ്ണ ഗ്രാമപഞ്ചായത്ത്	ചാത്തല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പൊതുജനാരോഗ്യ കേന്ദ്രം മാനേജിംഗ് കമ്മിറ്റി രൂപവൽക്കരിച്ചിട്ടില്ല.	എടവണ്ണ ഗ്രാമപഞ്ചായത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി ഇടങ്ങിയ മൂന്ന് ആരോഗ്യ മേഖലയിലുള്ള സ്ഥാപനങ്ങളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	പുല്ലൂർപെരിയ	ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലയിലെ മാനേജിംഗ് കമ്മിറ്റികൾ നിലവിൽ പ്രവർത്തന രഹിതമാണ്.	പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിലെ രണ്ട് ആശുപത്രികളിലും മാനേജിംഗ് കമ്മിറ്റികൾ നിലവിൽ പ്രവർത്തിച്ച വരുന്നു എന്നവിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

			അപേക്ഷിക്കുന്നു.
	പെരുമ്പാവൂർ നഗരസഭ	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ	പെരുമ്പാവൂർ താലൂക്ക് ഹോസ്പിറ്റലിൽ പ്രതിദിനം ആയിരത്തോളം രോഗികൾ വിവിധ രോഗചികിത്സയ്ക്കായി വരികയും 200-ൽ പരം രോഗികളെ കിടത്തി ചികിത്സിച്ച് വരുന്നതും ടി ആശുപത്രിയിലെ ഹെൽത്ത് മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങൾ ചേർന്ന് ദൈനംദിന പ്രവർത്തനങ്ങളെ ക്രിയാത്മകമായി വിലയിരുത്തുന്നതെന്നും താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നതെന്നും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
	പന്തളം ഗ്രാമപഞ്ചായത്ത്	HMC പുനസംഘടിപ്പിച്ചിട്ടില്ല	ആയുർവേദ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ 2013-ൽ പുനസംഘടിപ്പിച്ചിട്ടുള്ളതും തുടർന്ന് നാളിതുവരെ കൃത്യമായി യോഗങ്ങൾ കൂടുകയും അവലോകനം നടത്തി വരുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		മയ്യനാട് ഗ്രാമപഞ്ചായത്ത്	ഗ്രാമപഞ്ചായത്തിൽ 08.02.11 ലാണ് നിലവിലുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചത്.	ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് വരുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓച്ചിറ ഗ്രാമപഞ്ചായത്ത്	മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നതിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ല.	നിലവിൽ സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ യോഗം കൃത്യമായും കൂട്ടുകയും, കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട് എന്ന വിവരവും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		തിരുവല്ല നഗരസഭ	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ	നഗരസഭയുടെ അധീനതയിലുള്ള തിരുവല്ല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രം, കറ്റുവഴ എന്നിവിടങ്ങളിൽ കൃത്യമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ കൂടുന്നുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചേർത്തല നഗരസഭ	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ - സർക്കാർ നിർദ്ദേശാനുസരണം യോഗം	നിലവിൽ മാനദണ്ഡ പ്രകാരം കൃത്യമായ ഇടവേളകളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി നഗരസഭാ ചെയർ പേഴ്സൻറെ അദ്ധ്യക്ഷതയിൽ കൂടി വരുന്നുണ്ടെന്ന് നഗരകാര്യ ഡയറക്ടർ

			ഉള്ളതായില്ല	റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്	18.12.11 ന് ശേഷം HMC യോഗം ചേർന്നിട്ടില്ല	08.01.2002 തീയതിയിൽ ആദ്യ യോഗം ചേർന്നു. തുടർന്ന് 22.01.2013 ൽ HMC പുനഃസംഘടിപ്പിച്ച 4 യോഗങ്ങൾ കൂടി പിന്നീട് 2018 ൽ പുനഃസംഘടിപ്പിച്ച് യോഗം തുടർന്നുപോരുന്നു. നിലവിൽ എച്ച്.എം.സി യോഗം കൃത്യമായി കൂടുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
10	3.3.6.10		ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	ആയുഷ് പ്രോജക്ട് ആശുപത്രിയുമായി ഏകോപിച്ച് പ്രവർത്തിക്കുന്നില്ല .	നിലവിൽ ആയുഷ് പദ്ധതിയ്ക്ക് ലഭിയ്ക്കുന്ന ഫണ്ട് വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന വിനിയോഗം നടത്തി വരുന്നു. ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ഗവ.ആയുർവ്വേദ ആശുപത്രിയിൽ 30.10.2014 ൽ ആയുഷ് ഫണ്ട് ഉപയോഗിച്ച് 10 ബെഡുള്ള ഐ.പി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് ടി ആശുപത്രിയിൽ മരുന്നുകൾ ലഭ്യമാകുന്നുണ്ട്. ആയുഷ് പദ്ധതിയുടെ ഫണ്ട് നിർവ്വഹണം ജില്ലാ മെഡിക്കൽ ഓഫീസർ ആണെന്ന വിവരം ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

				സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
11	3.3.6.11		സ്കൂൾ ആരോഗ്യപദ്ധതി	
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	സ്കൂൾ ആരോഗ്യ പദ്ധതി പൂർണ്ണ പരാജയം	സ്കൂൾ ആരോഗ്യ പദ്ധതി എന്ന പേരിൽ തുടർ വർഷങ്ങളിൽ ഈ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
12	3.3.6.12		പാലിയേറ്റീവ് പരിചരണം	
		പന്തന ഗ്രാമപഞ്ചായത്ത്	2011-12 വർഷം "സാന്ത്വന സ്പർശം" എന്ന പേരിലുള്ള പാലിയേറ്റീവ് പരിചരണ പദ്ധതിയായി 200000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കുകയുണ്ടായില്ല. 2012-13 ലും ഇക വകയിരുത്തിയെങ്കിലും ഇതുവരെ നടപ്പാക്കിയിട്ടില്ല.	2012-13 വർഷം സ്പിൽ ഓവർ പ്രോജക്ടായി വച്ചു കൊണ്ട് 13049/- രൂപയും 2013-14-ൽ 134974/- രൂപയും ചെലവഴിച്ചു കൊണ്ട് "സാന്ത്വന സ്പർശം" എന്ന പേരിലുള്ള പാലിയേറ്റീവ് പരിചരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മയ്യനാട് ഗ്രാമപഞ്ചായത്ത്	2011-12 ,2012-13 ലും ഇക വകയിരുത്തിയെങ്കിലും പദ്ധതി	മയ്യനാട് ഗ്രാമപഞ്ചായത്തിൽ 2011-12 ൽ പാലിയേറ്റീവ് പരിചരണത്തിനായി ഇക

			നടപ്പാക്കിയിട്ടില്ല.	വകയിരുത്തിയിരുന്നില്ല. 2012-13 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളിലായി പാലിയേറ്റീവ് പരിചരണ പദ്ധതികൾക്കായി ആകെ 76,19,786/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി 2011-12 വർഷം വകയിരുത്തിയ 500000/- രൂപയിൽ സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിന് 5000/- രൂപ ചെലവഴിക്കുകയും പദ്ധതിയ്ക്കായി കമ്മ്യൂണിറ്റി നഴ്സിംഗ് പരിശീലനം നൽകുന്നതിന് കുടുംബശ്രീ മിഷ്ണ നിയോഗിക്കുകയും ചെയ്തതൊഴികെ യാതൊരു തുടർ പ്രവർത്തനവും നടത്തിയിട്ടില്ല.	ഓഡിറ്റ് റിപ്പോർട്ടിന് ശേഷമുള്ള വർഷങ്ങളിൽ പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കുന്നുണ്ട്. 2012-2013 വർഷം സ്പീൽ ഓവർ പദ്ധതി പ്രകാരം 45000/- രൂപയും, പുതിയ പ്രൊക്യൂമെന്റ് 78900/- രൂപയും, ചെലവഴിച്ചിട്ടുണ്ട്. 2013-2014 വർഷം 224310/- രൂപയും, 2014-2015 വർഷം 331330/- രൂപയും, 2015-2016 വർഷം 348591/- രൂപയും, 2016-2017 വർഷം 650020/-രൂപയും, 2017-2018 വർഷം 778299/-രൂപയും, 2018-2019 വർഷം 878474/- രൂപയും, 2019-2020 വർഷം 631920/- രൂപയും, 2020-2021 വർഷം 726021/- രൂപയും, 2021-2022 വർഷം 863212/- രൂപയും, ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷം 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം

			ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു
	ചേർത്തല നഗരസഭ	പാലിയേറ്റീവ് പരിചരണം	താലൂക്ക് ഹൈഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2011-12 കാലയളവിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് വാങ്ങിയ 40000/- രൂപയുടെ മരുന്നുകൾ ആ വിഭാഗത്തിലുൾപ്പെട്ട രോഗികളുടെ പരിചരണത്തിനായി വിതരണം ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിന്റെ ഭാഗമായിട്ടാണ് മരുന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ ടി പരാമർശം ഒഴിവാക്കണമെന്നപേക്ഷിക്കുന്നു.
	ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	കാരുമാത്ര പ്രവർത്തനങ്ങളൊന്നും പെയിൻ & പാലിയേറ്റീവ് കെയർ സംവിധാനം നടത്തിയിട്ടില്ല.	ഓമശ്ശേരിഗ്രാമ പഞ്ചായത്തിൽ 2011-12 വർഷത്തിലാണ് പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനം ആരംഭിച്ചത്. ടി പ്രവർത്തനത്തിനായി 1,00,000/- രൂപ നീക്കിവെക്കുകയും പ്രസ്തുത പ്രവർത്തനത്തിന്റെ നടത്തിപ്പിനായി 86340/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. വീടുകൾതോറും കിടപ്പിലായിട്ടുള്ള രോഗികൾക്കുള്ള സേവനത്തിൽ യാതൊരു വിധത്തിലുള്ള തടസവും ഉണ്ടായിട്ടില്ല. അതോടൊപ്പം കിടപ്പിലായ രോഗികൾക്കുള്ള മരുന്ന് വിതരണവും നടത്തിവരുന്നുവെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ

				വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		പൂക്കോട്ടുപാടം ഗ്രാമപഞ്ചായത്ത്	2011-12 വർഷം ഹോം കെയർ സംവിധാനത്തിനായി 1 ലക്ഷം രൂപ അടങ്കലിലുള്ള പ്രോജക്ടിനെ അംഗീകാരം വാങ്ങിയെങ്കിലും ബോധവത്കരണ ക്ലാസ് മാത്രം നടത്തി 5000/-രൂപ ചെലവഴിച്ചതല്ലാതെ മറ്റൊരു പ്രവർത്തനവും നടത്തിയിട്ടില്ല	നിലവിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു. 2021-22 ൽ 10,00,000/-രൂപ അടങ്കലിൽ 9,98,800/-രൂപയും ചെലവഴിച്ചു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
3	3.3.6.13		പകർച്ചവ്യാധികളും രോഗപ്രതിരോധ നടപടികളും	
		മലയിനാട് ഗ്രാമപഞ്ചായത്ത്	മലയിനാട് സി.കേശവൻ സ്മാരക സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഐ.പി. വാർഡിലെ ടോയ്‌ലറ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നുള്ള മലിനജലം ആശുപത്രി വളപ്പിലെ ഓടകളിൽ കെട്ടി നിൽക്കുന്നതായി കണ്ടു. ചിക്കൻപോക്സും മഞ്ഞപ്പിത്തവും വ്യാപകമായി കണ്ടുവരുന്നു.	മലയിനാട് സി.കേശവൻ സ്മാരക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഓടകളിലെ മലിനജലം ഒഴുക്കിക്കളയുന്നതിനായി പുതുതായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുകയും ഓടകളിലെ മലിനജലം ടാങ്കിലേക്ക് ഒഴുക്കി ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. നിലവിൽ മലിന ജലം കെട്ടിനിൽക്കുന്ന അവസ്ഥ പരിഹരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.

		കൊല്ലം നഗരസഭ	പകർച്ച വ്യാധികളും രോഗ പ്രതിരോധ നടപടികളും	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും പൊതുആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾക്കുമായി കൊല്ലം കോർപ്പറേഷനിലെ എല്ലാ ഡിവിഷനിലും ഡിവിഷൻ കൗൺസിലർ ചെയർമാനായും ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറായും വാർഡ് കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ ഡിവിഷനും ഇചിതമായ വിഹിതം, തനതു ഫണ്ട് വിഹിതം, എൻ.ആർ.എച്ച്.എം വിഹിതം എന്നിങ്ങനെ 35000/- രൂപ വീതം അനുവദിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റിയുടെ യോഗം വിവിധ വാർഡിൽ ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഓരോ ഡിവിഷനിലും സ്വീകരിക്കേണ്ട പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ആയതിൻ പ്രകാരം കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംഗ്, ക്ലോറിനേഷൻ, ഓട വൃത്തിയാക്കൽ, കുടി വെള്ളം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നതുമാണ്. കൂടാതെ കോർപ്പറേഷൻ തലത്തിൽ പകർച്ചവ്യാധി പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഐ.ഇ.സി ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്നു. ആയതിൻറെ ഭാഗമായി മലേറിയ പോലുള്ള മാരകരോഗങ്ങൾ കൊല്ലം കോർപ്പറേഷൻ പരിധിയിൽ നിലവിൽ റിപ്പോർട്ട്

ചെയ്തിട്ടുള്ളതാണ്.

കൊല്ലം കോർപ്പറേഷനിൽ അജൈവ മാലിന്യ സംസ്കരണത്തിനായി 221 ഹരിതകർമ്മസേന സേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ജൈവ മാലിന്യ സംസ്കരണത്തിനായി 27 ഇന്റർമീഡിയേറ്റ് മോഡൽ യൂണിറ്റ്, 12 ബയോഗ്യാസ് പ്ലാന്റ് എന്നിവ കമ്മ്യൂണിറ്റി ലെവലിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്കരണത്തിനായി 21347 ബയോ കമ്പോസ്റ്റർ ബിന്നുകൾ 70 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, 2066 ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതാണ്.

നഗരസഭാ പരിധിയിലെ മലിനജലം സംസ്കരിക്കുന്നതിന് കരിപ്പുഴയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്ന 12 MLD മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം 75% പൂർത്തീകരിച്ചിട്ടുള്ളതാണ്. നിർദ്ദിഷ്ട പ്ലാന്റ് പൂർത്തീകരിക്കുന്നതോടുകൂടി നഗരസഭയിൽ മലിനജലം ഗുണമായി സംസ്കരിക്കാൻ കഴിയുന്നതാണ്. കൂടാതെ അഷ്ടമുടി കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന കരിപ്പുഴയിൽ നിക്ഷേപിച്ചിരുന്ന മാലിന്യം 100% നീക്കം ചെയ്തിട്ടുള്ളതാണ്. കൂടാതെ പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിന് നൈറ്റ് സ്കോഡും

				വ്യത്യസ്തമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ . പരിശോധിക്കുന്നതിന് മഹാട്ടൽ സ്കാഡും പ്രവർത്തിച്ചു വരുന്നു. ടി വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
14	3.3.6.14		അന്യസംസ്ഥാന തൊഴിലാളികളും ആരോഗ്യപ്രശ്നങ്ങളും	
		പന്മന ഗ്രാമപഞ്ചായത്ത്	പന്മന ഗ്രാമ പഞ്ചായത്തിൽ 2011-12-ൽ രണ്ടുപേർക്ക് മലേറിയ ബാധിച്ചതായി റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ഇത് രണ്ടും അന്യസംസ്ഥാന തൊഴിലാളികളായിരുന്നു.	പന്മന ഗ്രാമപഞ്ചായത്തിൽ മലേറിയ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചാത്തമംഗലം ഗ്രാമപഞ്ചായത്ത്	നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിരവധി മറുനാടൻ തൊഴിലാളികൾ താമസിക്കുന്നു.താത്കാലികമായി തയ്യാറാക്കിയ ടിൻ ഷീറ്റ് ടെന്റുകളിലാണ് ഇവർ കഴിയുന്നത്.	ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ അന്യ സംസ്ഥാന തൊഴിലാളികളെയാണ് കൂടുതലായും ആശ്രയിക്കുന്നത്. ഈ തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ തിക്കവാറും നിർമ്മാണ സ്ഥലത്തോട് ചേർന്നുള്ള കോമ്പൗണ്ടിനു അകത്ത് തന്നെയായിരിക്കും. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ എല്ലാസൗകര്യം ഒരുക്കേണ്ടത് കരാറുകാർ തന്നെയാണ്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ലേബർ

				ക്യാമ്പുകളിൽ ഗ്രാമപഞ്ചായത്ത് ആരോഗ്യ വിഭാഗം ആവശ്യമായ പരിശോധനകൾ നടത്തുകയും ഇവർക്ക് ആവശ്യമായ മരുന്ന്, പ്രതിരോധകുത്തിവെപ്പുകൾ ഉടക്കം സൗജന്യമായി നൽകുകയും ഇവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് കോവിഡ് കാലത്ത് കൃത്യമായ ഇടവേളകളിൽ മെഡിക്കൽക്യാമ്പുകളും ഭക്ഷണവും നൽകുകയും ലേബർ വകുപ്പിന്റെ ആഭിമുഖ്യത്തിൽഇതരം തൊഴിലാളികളുടെ എല്ലാ വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
15	3.3.6.15	മഴക്കാലപൂർവ്വ ശുചീകരണം		
		തിരുവനന്തപുരം നഗരസഭ		നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ കീഴിൽ എല്ലാ വർഷവും മഴക്കാലപൂർവ്വ ശുചീകരണവും പകർച്ച വ്യാധി നിയന്ത്രണവും വിജയകരമായി ആണ് നടപ്പിലാക്കുന്നത്. മഴവെള്ള നിർമ്മാർജ്ജനം ഉൾപ്പടെ പല ശുചീകരണ പ്രവർത്തനങ്ങളും സമയബന്ധിതമായി തീർപ്പാക്കുന്നതിലൂടെ നഗരസഭയ്ക്ക് കീഴിലുള്ള പ്രദേശങ്ങളിലെ പകർച്ച വ്യാധികളുടെ തോത് വളരെ കുറവാണ് എന്ന്

				നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സി.എ.ജി. നിയമസഭ സ്പീക്കറോട് അപേക്ഷിക്കുന്നു.
16	3.3.6.16		രോഗപ്രതിരോധ കുത്തിവെയ്പ്പ് - ശ്രദ്ധേയമായ നേട്ടം	
17	3.3.6.17		ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റികൾ	
		കൊല്ലം നഗരസഭ		നിലവിൽ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റികളിൽ വിവിധതരം ചർച്ചകൾ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടു വരുന്നു. 2011 - 12 കാലയളവിലുണ്ടായിരുന്ന കരിപ്പുഴ ചണ്ടി ഡിസ്പോസലിന്റെ പ്രശ്നം ബയോമൈനിംഗ് നടത്തി പരിഹരിച്ചിട്ടുള്ളതാണ്. പേവിഷ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നിലവിൽ അജണ്ടകൾ വരികയും ചർച്ചകൾ നടത്തുകയും, വാക്സിനേഷൻ, വന്ധ്യംകരണം എന്നീ പ്രവൃത്തികൾ കൗൺസിലിലേക്ക് ശിപാർശ നൽകി നടത്തി വരികയും ചെയ്യുന്നു. പ്ലാസ്റ്റിക് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഹരിത കർമ്മ സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനം വളരെ നല്ല രീതിയിൽ നടന്നു വരുന്നു. നഗരസഭയുടെ ആരോഗ്യ വിഭാഗം ബി ഡിവിഷൻ പരിധിയിലുള്ള റെയിൽവേ സ്റ്റേഷനു സമീപത്തുള്ള ഓടയുടെ പരാതി എറെക്കാലം

				തന്നെ പരിഹരിക്കപ്പെട്ടിട്ടുള്ള താണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത്	ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനവും മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങളും ഗൗരവത്തോടെയായി കാണാതിരുന്നത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്	ഓമശ്ശേരിഗ്രാമ പഞ്ചായത്തിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിലവിൽ ഓമശ്ശേരി പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ കാര്യക്ഷമമായി ഇടപെടുകയും പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുകയും ചെയ്ത് വരുന്നുണ്ട്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയുർവേദാശുപത്രിക്ക് പുതിയകെട്ടിടം നിർമ്മിക്കുകയും കൂടാതെ ഹോമിയോ ആശുപത്രി നിർമ്മിക്കാൻ 10 സെൻറ് സ്ഥലം വാങ്ങുകയും ചേർത്തിട്ടുണ്ട്. ടി കെട്ടിടംനിർമ്മിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രി ജൻവികാസ്കാര്യക്രമം (PMJVK) പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് പ്രൊപ്പോസൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ അജൈവ മാലിന്യസംസ്കരണത്തിന് വെല്ലുവിളിയായി നിന്നിരുന്ന എംസിഎഫ് ഇല്ലായിരുന്നു എന്നതും നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്

				ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വടകര നഗരസഭ	ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റികൾ	നഗരസഭാ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി സമയബന്ധിതമായി യോഗം ചേർന്ന് പൊതുജനാരോഗ്യപ്രശ്നങ്ങൾ ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളാറുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വിധത്തിൽ പൊതുശൗചാലയങ്ങൾ പരിപാലനം നടത്തി നടപടികൾ കൈക്കൊണ്ടുവരുന്നെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാനന്തവാടി നഗരസഭ	ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റികൾ	നഗരസഭയെ മൊത്തമായി വിലകലനം ചെയ്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്ന വിഷയം ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും ആയത് സംബന്ധിച്ച പദ്ധതികൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലൂടെ നടപ്പിലാക്കുകയും ചെയ്തു വരുന്നുവെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

				അപേക്ഷിക്കുന്നു.
16	3.3.6.16		ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	
		കൊല്ലം നഗരസഭ	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരെ/ അവരുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 2022 - 23 സാമ്പത്തിക വർഷം മുതൽ ഗ്രാമസഭ/ വാർഡ് കമ്മിറ്റി കൂടുകയും ഇത്തരത്തിൽ കൂടുന്ന കമ്മിറ്റിയിൽ നിന്നും നിർദ്ദേശിക്കുന്ന പദ്ധതികൾ പരിശോധിച്ച് നിർവ്വഹണ സാധ്യത ഉള്ള മുറക്ക് നടപ്പാക്കുന്നതിനുള്ള നടപടികളാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മുളങ്കുന്നുകാവ് ഗ്രാമപഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ	ഗ്രാമപഞ്ചായത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭായോഗങ്ങൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്. തൻവർഷം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 17,00,00/- രൂപയും ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ 1,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. 2021-22 ൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ 92,115/-

				രൂപയും, സ്കോളർഷിപ്പ് 928500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്തയും 81,9700/- രൂപയും വീൽ ചെയർ 1,48,500/- രൂപയും മോട്ടോറൈസ്ഡ് വീൽചെയർ 148500/- രൂപയും ഉപകരണങ്ങൾ 1,99,332/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.
		അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പെൻഷൻ	ഗ്രാമപഞ്ചായത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രത്യേക ഗ്രാമസഭായോഗങ്ങൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്. തൻവർഷം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് വകയിരുത്തിയ തുക 880550/-, പട്ടികജാതി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് വകയിരുത്തിയ തുക 13800/-. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സ്പീൽ ഓവർ 320000/- വകയിരുത്തി. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 845000/- രൂപയും പട്ടികജാതി ഭിന്നശേഷി വിദ്യാർത്ഥി സ്കോളർഷിപ്പ് 138000/ രൂപയും ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സ്പീൽ ഓവർ 223000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ഭിന്നശേഷിക്കാർക്ക് ഉപകരണം പ്രോ.നം 30 ൽ 400000/- രൂപയും

				പ്രോ. ന 27 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 900000/- രൂപയും വകയിരുത്തി. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 580000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
13	3.3.6.19		പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും	
		പന്മന ഗ്രാമപഞ്ചായത്ത്	കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് ശൗചാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. നിർമ്മൽ പുരസ്കാരമായി 2009-10 വർഷം 5,00,000/- രൂപ ലഭിച്ചെങ്കിലും ഇക ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.	നിർമ്മൽ പുരസ്കാര അവാർഡായി ലഭിച്ച 5,00,000/- രൂപ ഇൻസെന്റീവ് 2014-15 വർഷം വനിതകൾക്ക് 400000/- രൂപ അടങ്കൽ ഇകയായി ടോയ്‌ലറ്റ് നിർമ്മാണ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതാണ്. 2014-15 വർഷം വനിതാ ടോയ് ലറ്റ് നിർമ്മാണത്തിനായി 368448/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷമുള്ള വർഷം അവാർഡ് തുക ബാങ്കിൽ പൂർണ്ണമായും നിക്ഷേപിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.
		കൊല്ലം നഗരസഭ	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും -	കൊല്ലം കോർപ്പറേഷൻറെ 2011 - 12 വർഷത്തെ വാർഷിക പദ്ധതിയിൽ വികസന ഫണ്ട് ഉപയോഗിച്ച് ഇ-ടോയ്‌ലറ്റ് നിർമ്മിക്കാനായി കേരള സംസ്ഥാനത്തെ പ്രമുഖ സ്ഥാപനമായ

			ഇ-ടോയ്‌ലെറ്റ് -ആസൂത്രണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല	കെൽടോണുമായി കരാർ ഉടമ്പടി വയ്ക്കുകയും ആയതിന്റെ ഭാഗമായി ചിന്നക്കട ബസ്സ്റ്റാന്റ് സമീപം തണ്ണീരും കളക്ടറേറ്റ് ഒന്ന്, ശക്തികുളങ്ങര ഒന്ന് എന്നിങ്ങനെ 4 എണ്ണം സ്ഥാപിക്കുന്നതിന് 2095820/- രൂപയ്ക്ക് കരാർ വയ്ക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ 50% ഇകയായ 1047910/- രൂപ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചിന്നക്കട 2 , കളക്ടറേറ്റ് 1, നീണ്ടകര 1 എന്നിങ്ങനെ 4 ഇ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുള്ളതും വെള്ളത്തിന്റെ ലഭ്യതയില്ലാത്തതിനാൽ നീണ്ടകരയിലെ ഇ-ടോയ്ലറ്റ് തുറന്ന് കൊടുത്തിട്ടില്ലാത്തതും ബാക്കി 3 എണ്ണം പ്രവർത്തിച്ച് വന്നിരുന്നതും കരാറുടമ്പടി പ്രകാരം ഓരോ യൂണിറ്റിനും മെയിന്റനൻസ് ചാർജിനത്തിൽ 7100/- രൂപ നിരക്കിൽ ഓരോ മാസവും നൽകണമെന്നുമാണ്. 2012 ൽ തന്നെ 3 ടോയ്ലറ്റുകളുടെ പ്രവർത്തനം ആരംഭിക്കുകയും പൊതു ജനങ്ങൾ ഉപയോഗിച്ച് വന്നിട്ടുള്ളതുമാണ്. ഇതിനിടയിൽ 2013 ൽ സാമൂഹ്യവിരുദ്ധർ ഇ-ടോയ്ലറ്റിൻറെ യു.പി.എസ് ബാറ്ററി മോഷ്ടിക്കുകയും ആയത് വീണ്ടും കെൽടോൺ തന്നെ നന്നാക്കിയിട്ടുള്ളതും 04.06.2013 ൽ കോർപ്പറേഷൻ അധികൃതരും കെൽടോണുമായി സംയുക്ത പരിശോധന നടത്തി 3 എണ്ണം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ്

				വരത്തിയിട്ടുള്ളതുമാണ്. 2014 ആദ്യം പരിശോധന നടത്തിയപ്പോൾ സ്ഥാപിച്ച 3 ടോയ്‌ലറ്റുകളിൽ കോയിൽ ഉപയോഗിച്ച് ഡോർ ഇറക്കുന്ന സംവിധാനം തകരാറിലായിട്ടുള്ളതായിരുന്നു. ആയത് സംബന്ധിച്ച് കെൽട്രോണിന് നിരവധി അറിയിപ്പ് നൽകിയിട്ടുള്ളതും എന്നാൽ പ്രവർത്തന ക്ഷമമാക്കിയ ടോയ്‌ലെറ്റുകളുടെ മുഴുവൻ ഇകയും മെയിന്റനൻസ് ചാർജ്ജിനത്തിൽ മാസംതോറും നൽകാനുള്ള ഇകയും നൽകണമെന്ന് ആവശ്യപ്പെട്ടുകയും എന്നാൽ നിലവിൽ പ്രവർത്തന ക്ഷമമാകാതെ ഇക കോർപ്പറേഷൻ നൽകുകയില്ലായെന്നുള്ള നിലപാടിൽ നിന്നതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നിട്ടുള്ളതും കെൽട്രോൺ ഇത് നന്നാക്കാത്ത സാഹചര്യത്തിൽ 2017 ൽ നിയമപരമായ നോട്ടീസ് നൽകിയിട്ടുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ഓമല്ലൂർ ഗ്രാമപഞ്ചായത്ത്	-ഇ ടോയ്‌ലറ്റ്- ആസൂത്രണം ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനു ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഒരു പൊതുശൗചാലയം	ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർക്കറ്റിനുള്ളിൽ ഓഡിറ്റ് പരിശോധനാസമയത്ത് ശോചനീയാവസ്ഥയിൽ നിലകൊണ്ടിരുന്ന ശൗചാലയം നിലവിലില്ലാത്തതും, ആയത്

			മാത്രമാണുള്ളത്. പഞ്ചായത്ത് മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന ശൗചാലയത്തിന്റെ സ്ഥിതി ശോചനീയമാണ്. വേണ്ട രീതിയിലുള്ള സംരക്ഷണവും ഇല്ലാതെ ഈ ശൗചാലയം അടഞ്ഞുകിടക്കുകയും വൃത്തിഹീനവും നാശോന്മുഖമായ നിലയിലാണ്. ഇവിടെ പ്രാഥമിക ആവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ഈ ശൗചാലയം ഉപയോഗിക്കാൻ നിർബന്ധിതരാകുകയാണ്. വൃത്തിഹീനമായ ഇത്തരം ശൗചാലയങ്ങൾ രോഗവാഹികളായ അണുക്കളുടെ കേന്ദ്രമായി മാറുകയും രോഗങ്ങൾ പടരുന്നതിന് കാരണമായി തീരുകയും ചെയ്യും.	നിന്നിരുന്ന സ്ഥലത്ത് കുറച്ച് കൂടി വിസ്തൃതിയിൽ 6 മുറിയോടെ ഉൾപ്പെടുന്ന ശൗചാലയം ടേക്ക് എ ബ്രേക്കിന്റെ ഭാഗമായി നിർമ്മിച്ച് ഉപയോഗസജ്ജമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു.നിയമസഭാ മേശക്കു് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിച്ചു കൊള്ളുന്നു
		ചങ്ങനാശ്ശേരി നഗരസഭ		ചങ്ങനാശ്ശേരി നഗരസഭാ പരിധിയിലുള്ള വാഴൂർ ബസ്സ്റ്റാന്റ്, മോഴയ്ക്കാട് ബസ്സ്റ്റാന്റ്, ഫാത്തിമാപുരം അംബേദ്കർ കോളനി എന്നിവിടങ്ങളിലെ ടോയ്‌ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നതും വൃത്തിയായും വെടിപ്പായും

				സൂക്ഷിച്ചുവരുന്നുമാണ്. പെരുന്ന ബസ്സ്റ്റാന്റിലുള്ള പബ്ലിക് ടോയ്‌ലെറ്റ് മാറ്റി പകരം ടേക്ക് എ ബ്രേക്ക് പദ്ധതിയിലുള്ള ടോയ്‌ലെറ്റ് സമുച്ചയത്തിന്റെ പണി പുരോഗമിച്ച് വരുന്നു. ചങ്ങനാശ്ശേരി നഗരസഭയിൽ നിലവിൽ ഇ-ടോയ്‌ലെറ്റ് സംവിധാനം ഇല്ലാത്തതാണ്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വെള്ളാട് ഗ്രാമപഞ്ചായത്ത്	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും	അഞ്ചരക്കണ്ടി ബസ്സ്റ്റാന്റിലും മമ്പറം ടൗണിലും സ്ഥിതിചെയ്യുന്ന ശൗചാലയങ്ങളും പരിസരങ്ങളും ദിവസ വേതനത്തിൽ ജീവനക്കാരെ നിയോഗിച്ച് വൃത്തിയാക്കി സൂക്ഷിച്ച് വരുന്നുണ്ടെന്നും പൊതുജനങ്ങൾ അത് ഉപയോഗപ്പെടുത്തുന്നുണ്ട്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തത് വിലയിരുത്തൽ നടത്താറുണ്ട്. അഞ്ചരക്കണ്ടിയിലെയും മമ്പറത്തെയും ശൗചാലയങ്ങൾ ഒരോ ദിവസവും ടൗണിൽ എത്തുന്ന ആറുകണക്കിന് ആളുകളാണ് ഉപയോഗപ്പെടുത്തുന്നത്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും	കൊളപ്പയിലെ പൊതു ശൗചാലയത്തിന് ബോർഡ് വെക്കുകയും ഉപയോഗക്രമമാക്കി പൊതുജനത്തിന്

				ഇറന്ന് കൊടുക്കുകയും നിലവിൽ ഉപയോഗിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാളിയിലെ പൊതു ശൗചാലയവും പരിസരവും പരാമർശത്തെ ഇടർന്ന് വൃത്തിയാക്കുകയും ഇപ്പോൾ ഉപയോഗിച്ചു വരികയും ചെയ്യുന്നുണ്ട്. പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.
		കണ്ണൂർ നഗരസഭ	പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും ഇ-ടോയ്‌ലെറ്റ് -ആസൂത്രണം ചെയ്യപ്പെട്ടിയിലെത്തിയില്ല	കണ്ണൂർ നഗരസഭയിൽ ഓഫീസിനു പുറത്തും ജില്ലാ ബാങ്കിനു സമീപത്തും ഒരോ ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വന്നിരുന്നു. ആയത് വർഷങ്ങളോളം പ്രവർത്തിക്കുകയും എന്നാൽ മെയിന്റനൻസിന് ഭീമമായ തുക മുടക്കിയാൽ തന്നെ 7 വർഷം മാത്രം വാലിഡിറ്റി ഉള്ള സാഹചര്യത്തിലും 27-05-2020 ലെ 35-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടി ഇ-ടോയ്‌ലറ്റുകൾ ഉപേക്ഷിച്ച് നീക്കം ചെയ്തിട്ടുള്ളതാണ്. ഓഫീസ് കോമ്പൗണ്ടിൽ 6 സീറ്റുകളോടു കൂടി പ്രത്യേകം ടോയ്‌ലറ്റ് ബ്ലോക്ക് സ്ഥാപിച്ച് പൊതു ശൗചാലയമായി പ്രവർത്തിക്കുകയും ചെയ്തു വന്നിട്ടുള്ളതും ടോയ്‌ലെറ്റിന്റെ അപര്യാപ്തത പരിഹരിച്ചിട്ടുള്ളതുമാണ്. കാൽടെക്സിൽ മതിയായ സൗകര്യ അളോടെ 10 കംഫർട്ട് സ്റ്റേഷനുകളുടെ (Gents & Ladies) നിർമ്മാണം പൂർത്തിയായിട്ടുള്ളതാണെങ്കിലും നിലവിൽ ഇടർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന

				മുറയ്ക്ക് പ്രവർത്തനയോഗ്യമാവുന്നതാണ്. പഴയ ബസ് സ്റ്റാന്റ്, സ്റ്റേഡിയം, പവലിയൻ, സ്റ്റേഡിയത്തിനു പുറത്തുള്ള Pay and use comfort station , Newbusstand എന്നിവിടങ്ങളിൽ നിലവിൽ ടോയ്‌ലെറ്റുകളെല്ലാം പ്രവർത്തനക്ഷമമാണ്. പൊതുജനാരോഗ്യത്തിന് പ്രധാന്യം നൽകി യഥാസമയം അറ്റകുറ്റ പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി വരുന്നുണ്ട്. പരിപാലനത്തിനായി എല്ലാ വർഷവും പൊതുലേലം മുഖേന കരാറുകാരെ ഏൽപ്പിക്കുകയും ആയത് തൃപ്തികരമായി നടപ്പാക്കുകയും ചെയ്ത് വരുന്നുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
		പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത്	കാസറഗോഡ് ജില്ലയിലെ പുല്ലൂർപെരിയ ഉദയനഗർ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട് കോളനി, കമ്മ്യൂണിറ്റി ഹാൾ, പെരിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ 2010- 11 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 640000/-രൂപയും .. പെരിയ കമ്മ്യൂണിറ്റി ഹാൾ, ഉദയനഗർ കമ്മ്യൂണിറ്റി ഹാൾ	കാസറഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പെരിയ കമ്മ്യൂണിറ്റി ഹാളിൽ വെള്ളത്തിന് സൗകര്യമുണ്ട്. ക്രമീകൃത സംവിധാനങ്ങൾ നിലവിലുണ്ട്. ഉദയനഗർ കമ്മ്യൂണിറ്റി ഹാളിന് റീവയറിംഗ്, ചുറ്റുമതിൽ, വൈദ്യുതി കണക്ഷൻ എന്നിവ സജ്ജമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ഇടർനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട്

			എന്നിവിടങ്ങളിലെ ശൌചാലയങ്ങൾ വെള്ളം ലഭ്യമാകാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്.	അപേക്ഷിക്കുന്നു.
20	3.3.6.20		നിർമ്മൽ പുരസ്കാര ഇനത്തിലുള്ള വിനിയോഗം	
		ഒമല്ലൂർ ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര ഇനത്തിലെ വിനിയോഗം	ഒമല്ലൂർ ഗ്രാമ പഞ്ചായത്തിന് 01.02.2010 ന് അനുവദിച്ച് ലഭിച്ച നിർമ്മൽ പുരസ്കാര ഫണ്ട് 500000/- രൂപയിൽ 2014-2015 വർഷം 308307/- രൂപ ഒമല്ലൂർ മാർക്കറ്റിൽ വനിത ശിശു സൗഹാർദ്ദ കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിനും, 2019-2020 വർഷം 63950/- രൂപ മാർക്കറ്റിൽ സി.സി.റ്റി.വി ക്യാമറ ഇൻസ്റ്റലേഷനു വേണ്ടിയും ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക 2022-2023 വർഷം ഒമല്ലൂർ മാർക്കറ്റിൽ സിസിടിവി ക്യാമറ & ലൈറ്റ് എന്നിവ സ്ഥാപിക്കൽ എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി ഓഡിറ്റ് പരാമർശം ജീവാക്കി - നൽകണമെന്ന് ബഹു.നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.
		മുനാർ ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര ഇനത്തിലുള്ള വിനിയോഗം	ഇക്കാ പിന്നീട് പ്രൊജക്ട് ഏറ്റെടുത്ത് പരിഹരിച്ചിട്ടുണ്ട്.

		ചാത്തമംഗലം ഗ്രാമപഞ്ചായത്ത്	നിർമൽ പുരസ്കാര തുകയുടെ വിനിയോഗം	കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിർമൽ പുരസ്കാര തുകയായി ലഭിച്ച തുക ഉപയോഗിച്ചുകൊണ്ട് കട്ടാങ്ങൽ ചാത്തമംഗലം അങ്ങാടികളിൽ ശുചിത്വസമുച്ചയങ്ങൾ നിർമ്മിച്ചിരുന്നു. കട്ടാങ്ങൽ അങ്ങാടിയിലെ ശുചിത്വ സമുച്ചയങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസ്സിനോടനുബന്ധിച്ച് ബസ്സ്റ്റാന്റുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. മേൽ സമുച്ചയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിരുന്നു. ചാത്തമംഗലം അങ്ങാടിയിലുള്ള ശുചിത്വ സമുച്ചയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിരുന്നു വെങ്കിലും ആയത് ശുചീകരിക്കുന്നതിന് കൃത്യമായ സംവിധാനം ഇല്ലാത്തതിനാൽ വൃത്തിയായി സൂക്ഷിക്കാൻ കഴിയാതെ വരുകയും പൊതുജനങ്ങൾ മേൽ സമുച്ചയം ഉപയോഗിക്കുന്നതിൽ നിന്ന് ക്രമേണ പിന്നീ മാറുകയാണ് ഉണ്ടായത്. ആളുകൾ മേൽ സമുച്ചയം ഉപയോഗിക്കാത്തതിനാൽ ആയത് വാടകക്ക് നല്കാൻ കഴിഞ്ഞിട്ടില്ല. മേൽ പ്രശ്നം പരിഹരിക്കുന്നതിന് ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പഞ്ചായത്ത് കമ്യൂണിറ്റിഹാൾ, കുടുംബശ്രീ എന്നിവയുടെ ടോയ്‌ലറ്റ് ആക്കി മാറ്റുന്നതിനും, ഇവിടെ വരുന്ന പൊതുജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കുന്നതിനുള്ള സൗകര്യം

				ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുട്ടാണൽ അങ്ങാടിയിലെ ഇ-ചിത്ര സമുച്ചയം 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഇ-ചിത്രപതിപ്പിന്റെ ഹണ്ടപയോഗിച്ച് ടേക്ക് എ ബ്രേക്ക് പ്രോജക്ട് നടപ്പിലാക്കുകയും യാത്രക്കാർക്കും, മുലയൂട്ടുന്ന അമ്മമാർക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുന്ന വിധത്തിൽ കുടുംബശ്രീ മുഖേന വിശ്രമ മുറി, കുടിവെള്ള സൗകര്യത്തോടുകൂടി വിജയകരമായി ഇവിടെ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്	നിർമ്മൽ പുരസ്കാര ഇനത്തിലെ വിനിയോഗം - നിർമ്മൽ പുരസ്കാര ഇക്കൊ ചെലവഴിച്ചു നിർമ്മിച്ച നിഷ്ക്രിയ ആസ്തി	ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ കടാങ്കോട്, ഗ്രാമപഞ്ചായത്തിന്റെ 2008-09 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച പ്ലാസ്റ്റിക് ഷെഡ്ഡിംഗ് യൂണിറ്റിനുള്ള കെട്ടിടം പൂർണ്ണ അർത്ഥത്തിൽ മേൽ ആവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് അന്വേഷണത്തിൽ വിലയിരുത്തി. എന്നാൽ പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന വീടുകളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള പ്ലാസ്റ്റിക്

				താൽക്കാലികമായി സൂക്ഷിക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപിക്കേണ്ട എം.സി.എഫ് ആയി ഇത് ഉപയോഗപ്പെടുത്തുന്നതാണ് വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് നീലേശ്വരം ബ്ലോക്ക് തലത്തിൽ സ്ഥാപിച്ച ആർ.ആർ.എഫിലേക്ക് പ്ലാസ്റ്റിക്ക് കൊണ്ടു പോകുന്നത് ഇവിടെ നിന്നുമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഹരിത കർമ്മസേനക്ക് ഏറെ പ്രയോജനകരമാണ് ഈ കെട്ടിടം എന്ന് കണക്കിനാൽ സ്ഥിരം എം.സി.എഫിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തി പൊതുജനങ്ങളിൽ നിന്നും എതിർപ്പ് ഇല്ലാതാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രൊജക്ട് എം.സി.എഫ് നിർമ്മാണം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതിയാണ്. പ്രൊജക്ട് നിർവ്വഹണ ത്തിനായി ഇ-ടെണ്ടർ വിളിച്ച് ഇടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ്പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
21	3.3.8.21		വട്ടിക്കവർഗ്ഗ വിഭാഗങ്ങൾക്കുള്ള	

			പ്രത്യേക പദ്ധതികൾ	
22	3.3.6.22		സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	
		ആനാട് ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	2011-2012 പദ്ധതിയില് ഉൾപ്പെടുത്തി മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ കീഴിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ബാക്കി ലഭിയ്ക്കാനുണ്ടായിരുന്ന 37670/- രൂപയുടെ മെഡിസിന് ലഭിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	2011-12 വാർഷിക പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും മാഞ്ഞൂർ ഗവ. ആയുർവേദ ആശുപത്രിക്ക് ലഭിക്കുവാൻ അവശേഷിച്ചിരുന്ന 35163/- രൂപയുടെ മരുന്നുകൾ പൂർണ്ണമായും ഔഷധി ലഭ്യമാക്കിയതായി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		തൃശ്ശൂർ നഗരസഭ		ആരോഗ്യ വകുപ്പിനോട് ടി വിഷയത്തിലുള്ള റിപ്പോർട്ട് സമിതിയ്ക്ക് നേരിട്ട് ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
		എടവണ്ണ ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ	നിലവിൽ മരുന്നുകൾ നിന്നി സ്റ്റോറിൽ നിന്നാണ്

			നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	വാങ്ങുന്നത്, KMSCL ൽ നൽകിയ ഇനങ്ങളല്ല മരുന്നുകൾ യഥാസമയം ലഭിക്കുന്നുണ്ട്. ലഭ്യമാക്കാൻ ബാക്കി ഉണ്ടായിരുന്ന 167072/- രൂപയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
		വടകര നഗരസഭ		ആരോഗ്യ വകുപ്പിനോട് ടി വിഷയത്തിലുള്ള റിപ്പോർട്ട് സമിതിയ്ക്ക് മുമ്പിട്ട് ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
		ഒമശ്ശേരി ഗ്രാമപഞ്ചായത്ത്	സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം	ആയുർവേദ/ അലോപ്പതി ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ട്. ഗുണനിലവാരമുള്ള മരുന്നുകൾലഭ്യമാക്കുന്നതിനു വേണ്ടിയാണ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മരുന്ന വാങ്ങുന്നത്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
23	3.3.6.23		കെ.എം.എം.എൽ. മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ	
		പന്തന ഗ്രാമപഞ്ചായത്ത്	കെ.എം.എം.എൽ മുഖേനയുള്ള ആരോഗ്യ പ്രശ്നങ്ങൾ	രാസ മലിനീകരണ സാധ്യതയുള്ളതും കെ.എം.എം.എൽ-ന് സമീപമുള്ള 6 വാർഡുകളിൽ കെ.എം.എം.എൽ. സി.എസ്.ആർ.

				ഫണ്ട് കൂടി ഉപയോഗിച്ച് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക ശുദ്ധജല പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭ സമിതിയോട് അപേക്ഷിക്കുന്നു.
24	3.3.7		നിഗമനങ്ങൾ	
			ആരോഗ്യമേഖല സംബന്ധിച്ച കൃത്യമായ സ്ഥിതി വിവരകണക്കുകൾ അദ്ദേഹ സ്വയം ഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.	ആരോഗ്യമേഖലയെ സംബന്ധിച്ച് സ്ഥിതി വിവര കണക്കുകൾ സൂക്ഷിച്ചുവരുന്നു.
			ആരോഗ്യ മേഖലയിലെ സമഗ്ര പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ അദ്ദേഹ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല	നിലവിൽ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ആയുഷ്പരിധികൾ/ ഡിസ്പെൻസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു.
			സേവന മേഖലയിലെ ആകെ ചെലവിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആരോഗ്യ മേഖലയിൽ ചെലവഴിച്ചിരിക്കുന്നത്.	നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമായ ഗ്രാന്റുകൾ, വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് പരമാവധി പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുള്ളതാണ്.

			പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. ഭൂരിഭാഗം ആശുപത്രികളിലും കുടിവെള്ളം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.	പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കുടിവെള്ളം ഉൾപ്പെടെ യുള്ള സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി ഭൗതിക സാഹചര്യം ഒരുക്കപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചു വരുന്നുണ്ട്.
			സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.	ആരോഗ്യ സ്ഥിരം സമിതിയുടെ മേൽനോട്ടത്തിൽ സബ് സെന്ററുകളുടെ പ്രവർത്തനം പരിശോധിച്ച് തുടർ വർഷങ്ങളിൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
			ആശുപത്രി മാനേജിംഗ് കമ്മറ്റികൾ നിർജ്ജീവമാണ്. ആശുപത്രികളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകുന്നില്ല. വാർഷിക വരവ് - ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.	ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തി കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

			എൻ.ആർ.എച്ച്.എം, ആയുഷ് പ്രോജക്ടുകളുടെ പ്രവർത്തനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ഏകോപനമില്ലാതെയാണ് പ്രവർത്തിക്കുന്നത്.	ആരോഗ്യ സമിതം സമിതികൾ ചേരുകയും മാഷിനു സംസ്കരണത്തിനു വേണ്ടിയുള്ള സമഗ്ര NRHM പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.
	3.3.8		ശുപാർശകൾ	
			1. ആരോഗ്യ മേഖലയെ സംബന്ധിച്ച് സമിതിവിവര കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	1)ആരോഗ്യ മേഖലയെ സംബന്ധിച്ച് സമിതിവിവര കണക്കുകൾ നിലവിൽ സൂക്ഷിച്ചുപോരുന്നുണ്ട്. 2)ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന

			സൂക്ഷിക്കേണ്ടതാണ്. 2. ആശുപത്രികൾ / ഡിസ്പെൻസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. 3. പദ്ധതികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കണം. 4. പകർച്ചവ്യാധികളും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്. 5. ജീവിത ശൈലീരോഗങ്ങൾക്കെതിരായ	സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിൽ വിശദമായ ചർച്ചകൾ നടത്തിയാണ് വാർഷിക പദ്ധതി രൂപീകരിച്ച് ലഭ്യമായ വിഭവ സമാഹരണത്തിലൂടെ സമഗ്ര പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. 3) പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേകയിലും മോണിറ്ററിംഗ് നടത്തുന്നുണ്ട്. 4) പരിസര ശുചിത്വവും പകർച്ചവ്യാധി പ്രതിരോധവും സർക്കാർ ഉത്തരവിലൂടെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ഇതൊരു ഇടർ പ്രക്രിയയായി ചെയ്തുവരുന്നതുമാണ്. കൂടാതെ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേനകൾ രൂപീകരിച്ച് ഗണ്യമായ തോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുള്ളതാണ്. 5) ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ജീവിതശൈലീ ക്ലിനിക്കുകളും മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ വാർഷിക പദ്ധതിയുടെ ഭാഗമായിതന്നെ

			മബോധവൽക്കരണം ആരോഗ്യ നയത്തിന്റെ ഭാഗമാക്കണം. 6. പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം. 7. അനുദേശക്കാരായ തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്. 8. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. 9. ആദിവാസി മേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.	ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 6) പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനായി ആരോഗ്യ വകുപ്പിനൊപ്പം മറ്റ് വകുപ്പുകളെ കൂടി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കിണറുകളുടെ നിർമ്മാർജ്ജന പ്രവൃത്തികളും മാലിന്യ സംസ്കരണം, തൊഴിലിടങ്ങൾ-പൊതുസ്ഥലത്ത് പ്രവർത്തികൾ, കുടുംബശ്രീകൾ തുടങ്ങിയ സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 7) അനുദേശക്കാരായ തൊഴിലാളികളുടെ വിവര ശേഖരണം സംസ്ഥാന തൊഴിൽ വകുപ്പിന്റെ കൂടി സഹകരണത്തോടെ നടത്തിയിട്ടുള്ളതാണ്. 8) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 9) ആദിവാസി വിഭാഗങ്ങൾ താമസിച്ചുവരുന്ന പ്രദേശങ്ങളിൽ എസ്.ടി പ്രമോട്ടർമാർ മുഖേന

		10. ഇചിത്ര സംവിധാനങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് നിർമ്മൽ പുരസ്കാര തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തണം.	അവശ്യക്കാവശ്യമായ സേവനങ്ങളും, പ്രവർത്തനവും നടത്തിവരുന്നു. ആദിവാസി വിഭാഗങ്ങൾക്ക് പ്രത്യേകം ഊന്നലുകൊടുത്തുകയും, അവരുടെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങളും, വിവരശേഖരണവും നടത്തി അടിസ്ഥാന സൗകര്യങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനാവശ്യമായ വാർഷിക പദ്ധതികൾ ആ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. 10) നിലവിൽ ഇചിത്ര മേഖലയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും നിർമ്മൽ പുരസ്കാര തുകയും ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുകയും കാര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കാനുമുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PIN. 101230